1. മേഴ്സി ഗോപി
2. മല്ലിക മോഹൻ
3. സാന്ത്വനമേകി
4. വിധിഹിതം മാറ്റിയെഴുതിയവൾ
5. '' യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം.''
6. സാന്ത്വനം
7. ഭാഗ്യലക്ഷ്മി
8. ഷാജിമോൾ ബാലൻ
9. സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും ലോകത്തേക്ക്
10. ഓർമ്മയിലൂടെ
11. ജീവിതനൗക
12. ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ
13. അനശ്വര സത്യങ്ങൾ
14. റുക്കിയ മുഹമ്മദ്.
15. സധൈര്യം
16. അനുഗ്രഹവർഷം
17. പ്രതിസന്ധിയിൽ തളരാതെ...
18. വെയിലിൽ ഒരു തണൽ വൃക്ഷം
19. തണലേകിയ കുടുംബശ്രീ
20. പിന്നിട്ട വഴികൾ
21. ''കുടുംബശ്രീ'' എന്റെ ഹൃദയത്തിന്റെ വികാരം

22. കുടുംബശ്രീ മൈക്രോ സംരംഭത്തിലൂടെ ജീവിത വിജയത്തിലേക്ക്

23. റംലത്ത്

24. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്

25. കുഞ്ഞിപ്പെണ്ണ്

26. ഗംഗ

27. വട്ടിപലിശയിൽ നിന്ന് മോചനം

28. അറിവിന്റെ  വെളിച്ചം

29. നിത്യഹരിതം

30. സന്ധ്യ ടി.എം

31. പുതുജീവൻ നൽകിയ കുടുംബശ്രീ

32. പ്രീജ ദേവദാസ്

33. ഒളിമങ്ങാത്ത കുടുംബശ്രീ സ്മരണകൾ

34. ഭാഗ്യലക്ഷ്മി

35. കുടുംബത്തിൽ നിന്ന് സമൂഹത്തിലേക്ക്

36. പാറുക്കുട്ടി.

37. അനുഭവങ്ങളുടെ പുതുവെളിച്ചം

# 1.മേഴ്സി ഗോപി

21–03–1999 ൽ ആണ് ഞാൻ കുടുംബശ്രീ അംഗമായി ചേർന്നത്. കുടുംബശ്രീ അംഗം എന്ന നിലയിൽ എന്റെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ ഉണ്ടായി. കുടുംബശ്രീയിൽ വരുന്നതിന് മുൻപ് – എന്റെ ജീവിതം  ദുരിതങ്ങൾ മാത്രം നിറഞ്ഞതായിരുന്നു. ഒരു നേരത്തെ വയറ് നിറയെ ഭക്ഷണം കഴിക്കുന്നതിന്, വസ്ത്രം ധരിക്കുന്നതിനും, മരുന്നിനും എല്ലാം ഒരുപാട് ബുദ്ധിമുട്ടിയിട്ടുണ്ട്. ഒരിക്കൽ ബസ്സ് ചാർജ്ജിന് 2 രൂപയില്ലാതെ മൂന്നര മണിക്കൂർ നേരം രോഗിയായ ഭർത്താവിനെയും കൊണ്ട് വിശന്ന് തളർന്ന് തൃശൂർ നഗരത്തിൽ നിന്നിട്ടുണ്ട്. ഒരിക്കൽ എന്റെ ഭർത്താവ് സുഖമില്ലാതെ തൃശൂർ ജില്ലാ ആശുപത്രിയിൽ കിടക്കുമ്പോൾ ഭക്ഷണം വാങ്ങാൻ കാശില്ലാതെ പള്ളിക്കാരുടെ സൗജന്യ ഭക്ഷണം വരുന്നത് കാത്ത് 2 മണിവരെ വിശന്ന് ഇരുന്നതും – എന്റെ കുഞ്ഞിന് മരുന്ന് വാങ്ങാൻ കാശില്ലാതെ ബുദ്ധിമുട്ടിയതും ഒന്നും ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമാണ്. എന്റെ കഷ്ടപ്പാടിനും ദുരിതത്തിനും പരിഹാരമായത് കുടുംബശ്രീയാണ്.

ആദ്യമായി കുടുംബശ്രീയിൽ നിന്ന് ഞാൻ എടുത്ത വായ്പ 200/– രൂപയാണ്. ഇന്ന് ഞാൻ എടുക്കുന്ന വായ്പ 50,000/– രൂപയാണ്. ഒരുപാട് പേരുടെ സാഹയം കൈനീട്ടി വാങ്ങിയ എനിക്ക് ഇന്ന് മറ്റ് പലരേയും ചെറിയ രീതിയിലാണെങ്കിലും സഹായിക്കാൻ സാധിച്ചതിൽ അതിയായ സന്തോഷം ഉണ്ട്. കുടുംബശ്രീയിൽ വന്ന് അയൽക്കൂട്ടം ഭാരവാഹി എ.ഡി.എസ്. ഭാരവാഹി, സി.ഡി.എസ്. ഭാരവാഹി എന്ന നിലയിൽ 8 വർഷമായി പ്രവർത്തിച്ചുവരുന്നു.

സി.ഡി.എസ്. ചെയർപേഴ്സൻ എന്ന നിലയിൽ ഏറ്റവും താഴെക്കിടയിലുള്ള ഒരുപാട് കുടുംബങ്ങൾക്ക് സഹായം ചെയ്ത് കൊടുക്കുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. ഏറ്റവും നിർദ്ധനരായ 7 മാരകരോഗികൾക്ക് അമേരിക്കൻ മലയാളി സംഘടനയുടെ ചാരിറ്റി ട്രസ്റ്റിൽ നിന്ന് ധനസഹായം വാങ്ങി നൽകാൻ സാധിച്ചു. ഏറ്റവും ദരിദ്രരായ 40 കുടുംബങ്ങൾക്ക് ഭവനശ്രീ വായ്പ ശരിയാക്കി കൊടുക്കാൻ സാധിച്ചത് വലിയ അനുഭവമാണ്. അതിൽതന്നെ സിസിലി കുഞ്ഞിലി

ക്കാട്ടിൽ എന്ന ചേച്ചിയുടെ വീട്ടിൽ ചെന്നപ്പോൾ എന്നെ തൊഴുതുകൊണ്ട് അവർ കരഞ്ഞു പറഞ്ഞു. മോളില്ലായിരുന്നെങ്കിൽ എനിക്ക് ഒരിക്കലും സ്വന്തമായി വീട് ലഭിക്കില്ല. രണ്ടരസെന്റ് ഭൂമി പണയം എടുക്കില്ല മോളെ എന്നു പറഞ്ഞാണ് അവർ കരഞ്ഞത്. അതുപോലെ തന്നെ ആശ്രയ കുടുംബാംഗങ്ങളുടെ പ്രാർത്ഥനയിൽ എന്നും നീ ഉണ്ടാകും എന്ന് പറഞ്ഞു. വർഷങ്ങളായി ആസ്മരോഗം മൂലം ബുദ്ധിമുട്ടിയിരുന്ന എനിക്ക് എന്റെ രോഗത്തിന് ദിവ്യ ഔഷധം ആയത് കുടുംബശ്രീ ആണ്. മിശ്രവിവാഹംമൂലം എന്റെ വീട്ടിൽ നിന്നും അകന്ന് കഴിഞ്ഞ എനിക്ക് എന്റെ കുടുംബക്കാരേക്കാൾ വലിയ സഹായമാണ് ഞങ്ങളുടെ സി.ഡി.എസ്. അംഗങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ളത്. നടത്തറ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞിരുന്ന ഞാൻ ഇന്ന് കേരളത്തിലെ പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, തിരുവനന്തപുരം എന്നീ ജില്ലകളിൽ പോകാൻ സാധിച്ചു. ഇതിനൊക്കെ പുറമെ ബാംഗ്ലൂർ എന്ന് കേട്ടറിവുമാത്രം ഉള്ള എനിക്ക് ബാംഗ്ലൂരിൽ പോകാനും 2 ദിവസം താമസിക്കുവാനും സാധിച്ചത് കുടുംബശ്രീ അംഗമായതിനാലാണെന്ന കാര്യം അഭിമാനത്തോടെയും നന്ദിയോടെയും അറിയിക്കുന്നു.

മേഴ്സി ഗോപി

## 2.മല്ലിക മോഹൻ

2000 ക്രിസ്മസ് മാസക്കാലം എന്റെ ചുറ്റുപാടി ലെ 18 പേരോടൊപ്പം ഞാൻ കൂടിയിരുന്നപ്പോൾ കുടുംബശ്രീയെക്കുറിച്ചുള്ള എന്റെ അറിവ് വെറും വട്ടപൂജ്യം. കൂട്ടായി ആലോചിച്ച് ഞങ്ങളൊരു പേര് കണ്ടെത്തി. " കരുണ" യാതൊരു " കരുണ" യുമില്ലാതെ എന്റെ കൂട്ടുകാർ എന്നെ പ്രസിഡന്റായി തെരഞ്ഞെടു ത്തു. എന്തുകാര്യവും ഏറ്റെടുത്ത് ചെയ്യാനുള്ള ഒരു മനക്കരുത്ത് മാത്രമായിരുന്നു കൈമുതൽ. അയൽകൂട്ടാം ഗങ്ങളുമായുള്ള ഇളക്കപിണക്കങ്ങളിലൂടെയും ഞാൻ കുറെ കാര്യങ്ങൾ പഠിച്ചു. എന്തിനും എന്റെ കൈയിൽ മറുപടി ഉണ്ടായിരുന്നു. വർഷങ്ങൾ കടന്നുപോയി ആനയ്ക്ക് ആനയുടെ വലിപ്പം അറിയില്ല എന്നതു പോലെ ഞാൻ എന്നെക്കുറിച്ച് ബോധവതി ആയിരുന്നില്ല. എന്നാൽ മറ്റുള്ളവർ അത് മന സ്സിലാക്കി ഉയർന്ന നിലവാരത്തിലേക്ക് എന്നെ കൊണ്ടുപോവുക യായിരുന്നു. പൊതുവേദികളെ അഭിമുഖീകരിക്കാൻ പേടിയായിരുന്ന എനിക്ക്, കാൽമുട്ട് കൂട്ടിയിടിച്ചിരുന്ന ഞാൻ, പറയാമെന്ന് കരുതുന്ന കാര്യങ്ങൾ ഒന്നും തന്നെ പറയാൻ പറ്റാതെ തൊണ്ട വരണ്ടുനിന്നിരുന്ന ഞാൻ , എന്തിനും മറുപടി ഉള്ള ഒരാളായി മാറാൻ ഇടയാക്കിയത് കുടുംബശ്രീയുടെ വിവിധ പരിശീലന പരിപാടികളാണ്.

എ.ഡി.എസ് പ്രസിഡന്റായി വാർഡിലെ വിവിധ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് പങ്കാളിയായികൊണ്ട്, മേൽനോട്ടം വഹിച്ചുകൊണ്ട് വാർഡിലെ വിവിധ അയൽകൂട്ടാംഗങ്ങൾക്ക് അവരുടെ ജീവിത നിലവാരം ഉയർത്താൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ചെയ്തു കൊടുക്കാൻ സാധിച്ചതിൽ എനിക്ക് വളരെയേറെ ചാരിധാർത്യമുണ്ട്. അതിലൊന്ന് ഞാനും എന്റെ നാട്ടുകാരും ഇപ്പോളും ഓർക്കുന്നതും പലരും പലവേദികളിലും പറഞ്ഞിട്ടുള്ളതുമായ ഒന്നാണ്. ഒരു ആശ്രയവുമില്ലാത്ത അമ്മയും മകളും ഞങ്ങളുടെ ഗ്രാമവാസിയായിരുന്നു. വർഷങ്ങൾക്കുമുമ്പ് ബ്ലോക്കു പഞ്ചായത്തിൽ നിന്ന് അനുവദിച്ചുകിട്ടിയ വീടിന്റെ പണി ആദ്യഘട്ടം മാത്രമെ ആ അമ്മയ്ക്ക് ചെയ്യുവാൻ സാധിച്ചിരുന്നുള്ളു. തറപണി കഴിഞ്ഞ ഭാഗത്ത് ഓലയും പനമ്പും ഉപയോഗിച്ച് കുത്തിമറച്ച ഓലവീട്ടിൽ ഒരു സുരക്ഷിതത്ത്വമില്ലാതെ ആ അമ്മയും മകളും

പാടത്തിനരികിലാണ് താമസിച്ചിരുന്നത്. തറയുടെ പണികഴിഞ്ഞ് കിട്ടിയ ആദ്യ ഗഡു തറപണിയാൻ വാങ്ങിയ കടം വീട്ടിയതിനുശേഷം മുകളിലേയ്ക്ക് പണിയാൻ ഉള്ള തുക ഇല്ലാത്തതിനാൽ വീടുപണി തറയിൽ മാത്രം ഒതുങ്ങി. കൂനിൻമേൽ കുരു എന്ന പോലെ ആ അമ്മയുടെ മകളെ പാമ്പുകടിച്ചു. ഞങ്ങളെല്ലാവരും കൂടി ആശുപത്രിയിൽ എത്തിച്ചു. കുട്ടിയെ രക്ഷിച്ചു. വീടിന്റെ അവസ്ഥ മനസിലാക്കിയ ഞാൻ അടുത്ത ഗ്രാമസഭയിൽ ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഗ്രാമസഭാതലവൻ യാതൊരുവിധ ത്തിലും അവരെ സഹായിക്കാൻ പറ്റില്ല എന്ന മറുപടിയാണ് കിട്ടിയത്. എന്റെ മനസ്സ് ആ അമ്മയെയും മകളെയും ഓർത്ത് വേവലാതിപ്പെട്ടുകൊണ്ടെയിരുന്നു. ഞാനൊരു ദൃഢപ്രതിജ്ഞയെടുത്തു. ഏത് വിധേനയും അവർക്കൊരു വീട് അനുവദിപ്പിച്ചുകൊടുക്കണം. ഓഫീസുകൾ കയറിയിറങ്ങി, പലരോടും അഭിപ്രായ ങ്ങൾ ചോദിച്ചു. ബ്ലോക്കിൽ നിന്ന് കിട്ടിയ ഗഡു തിരിച്ചടച്ചാൽ പുതിയ ലോണിന് അപേക്ഷിക്കാം എന്ന പിടിവള്ളിയിൽ പിടിച്ച് കയറാൻ ഞാൻ തീരുമാനിച്ചു. ഞാൻ നടത്തിയിരുന്ന ഓണ ക്കുറിയിൽ നിന്ന് ഇതിനാവശ്യമായ തുക ലോണെടുത്തുകൊണ്ട് ഞങ്ങളുടെ ബ്ലോക്കി ന്റെ ചരിത്രത്തിൽ ആദ്യമായി ഒരു പട്ടിക ജാതി കുടുംബത്തിന് കിട്ടിയ ലോൺതുക തിരിച്ചടച്ചു. ഈ തുക ഏതു വിഭാഗത്തിൽ പെടുത്തണ മെന്ന് അറിയാതെ ഉദ്യോഗസ്ഥൻ വേവലാതിപ്പെട്ടു. അവസാനം കൈപ്പറ്റി രസീതി നിർബന്ധിച്ച് എഴുതി വാങ്ങി. തുടർന്ന് വാർഡിലെ എല്ലാ അയൽക്കൂട്ടാംഗ ങ്ങളുടേയും കൈയൊപ്പോടുകൂടി ഗ്രാമസഭ യിൽ അവർക്കനുകൂലമായി വീടിന് അപേക്ഷ വച്ച് പാസാ ക്കിച്ചു. തറപണി കഴിഞ്ഞിരുന്ന തിനാൽ ആദ്യഗഡു ഉടനെതന്നെ അനുവദിപ്പിച്ചു. ഞാൻ പഴയ വീടുകൾ പൊളിച്ചുവിൽക്കുന്ന സ്ഥലത്ത് നേരിട്ടുചെന്ന് ഈ വിവരം പറഞ്ഞ് വീടിന് ആവശ്യമായ ഉറപ്പുള്ള കട്ടിളയും, ജനലും കുറഞ്ഞ വിലയ്ക്ക് വാങ്ങി. ദ്രുതഗതിയിൽ വീടുപണി നടത്തി. നാട്ടിലെ പലരു ടേയും വായ്പയും സഹായവും ഇതിനായി ഞാൻ നേടിയെടുത്തു. അവസാനം സുരക്ഷിതത്ത്വമുള്ള ഒരു ചെറിയ വാർക്ക വീട് ആ അമ്മയ്ക്കും മകൾക്കും പണിതുകൊടുക്കാനും എല്ലാ ചിലവും കഴിച്ച് 6000 രൂപ അവരുടെ പേരിൽ നിക്ഷേപിച്ചുകൊടുക്കാനും എനിക്ക് സാധിച്ചത് വാർഡ്തല

പ്രവർത്തനങ്ങളിൽ കുടുംബശ്രീ എനിക്ക് തന്ന മനോധൈര്യം തന്നെയാണ്. ഈ പ്രവർത്തനം എന്റെ മനോധൈര്യം ഏറെ വർദ്ധിപ്പിച്ചു. എന്തും കൂട്ടായ പ്രവർത്തനത്തിലൂടെ നേടിയെടുക്കാൻ പറ്റുമെന്ന് ഇതിലൂടെ കുടുംബശ്രീ എന്നെ പഠിപ്പിച്ചു. തൊട്ടടുത്ത വർഷം ഞാൻ സി.ഡി.എസ് അംഗമായി. കുടുംബശ്രീയുടെ വിവിധ ക്ലാസ്സുകളിലൂടെ സംരംഭപ്രവർത്തനങ്ങൾ സംഘകൃഷി, ആടുവളർത്തൽ, കോഴിവളർത്തൽ, ക്യാറ്ററിംഗ് തുടങ്ങിയവയിലൂടെ സംഘാംഗങ്ങൾക്ക് പ്രവർത്തിക്കാം എന്നും, കൃഷി പ്രവർത്തനങ്ങളിൽ ധാരാളം സഹായങ്ങളും കുടുംബശ്രീ നൽകുന്നുണ്ടെന്നും ഞാൻ മനസ്സിലാക്കി. ഞങ്ങൾ എന്റെ മേൽനോട്ടത്തിൽ നെൽകൃഷിയാണ് ആദ്യം തുടങ്ങിയത്. ഈ അലസരങ്ങളിൽ പഞ്ചായ ത്തിലെ വിവിധ വാർഡുകളിലെ മീറ്റിംഗുകളിലും പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ സാധിച്ചു എന്നതും, അതിൽ നിന്നുള്ള അനുഭവങ്ങളും എന്റെ പ്രവർത്തന മേഖല കേവലം വാർഡിൽ മാത്രം ഒതുങ്ങേണ്ട തല്ലെന്നുമുള്ള രണ്ടാമത്തെ പ്രതിജ്ഞയിലേയ്ക്കുള്ള വഴിതിരിവായി അത്. ഏറെ വൈകാതെ ഞാൻ വേളൂക്കര ഗ്രാമപഞ്ചായത്തിന്റെ സി.ഡി.എസ് ചെയർപേഴ്സണായി. പരമാവധി അയൽക്കൂട്ടങ്ങളെ പ്രവർത്തന സജ്ജമാക്കാൻ എനിക്ക് കഴിഞ്ഞു. അവർക്ക് കുടുംബശ്രീയിൽ നിന്ന് വിവിധ ഇനങ്ങളിൽ കിട്ടാവുന്ന എല്ലാ സഹായങ്ങളും വാങ്ങികൊടുക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. നെൽകൃഷി, വാഴകൃഷി, ഈ മേഖലയിലാണ് പലർക്കും താൽപര്യം എന്ന് ഞാൻ മനസ്സിലാക്കി. അവരെ ആ മേഖലയിലേക്ക് കൈപിടിച്ചുയർത്തി. അങ്ങിനെ വേളൂക്കര ഗ്രാമപഞ്ചായത്ത് സി.ഡി.എസ്സിനെ കൃഷി മേഖയിലൂടെയും മറ്റും സംസ്ഥാനത്ത് അറിയപ്പെടുത്താനും മികച്ച സി.ഡി.എസ്സിനുള്ള അവാർഡ് നേടാനും സാധിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കെല്ലാം കരുത്തും മനസ്സും ഉറച്ച വിശ്വാസവും നൽകിട്ടുള്ളത് ഈ കുടുംബശ്രീ പ്രസ്ഥാനമാണ്. ഇതിനെല്ലാം പുറമെ എന്റെ ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്നായി രുന്നു ഒരു മന്ത്രിയിൽനിന്നും വലിയൊരു ജനകൂട്ടത്തിന് മുമ്പിൽവെച്ച് സമ്മാനം വാങ്ങിയത്. അതെ ''നല്ല സി.ഡി.എസ്സിനുള്ള അവാർഡ്.'' എന്റെ ജീവിതത്തിൽ ഒരിക്കലും ഇങ്ങനെ പറ്റു മെന്ന് ഞാൻ കരുതിയിരുന്നേയില്ല. അതെ ഇത് കുടുംബശ്രീ എനിക്ക് നൽകിയ ഒരിക്കലും മറ

ക്കാനാവാത്ത ഒരു വലിയ വരദാനമാണ്. എന്റെ അനുഭവങ്ങൾ എനിക്ക് നേടാൻ പറ്റിയിട്ടുള്ള എന്റെ കുടുംബം ഇന്ന് അനുഭവിക്കുന്ന എല്ലാ ഗുണമേന്മയ്ക്കും താങ്ങും തണലുമായി ഈ പ്രസ്ഥാനം നിലനിൽക്കുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. എന്റെ ജീവിതനിലവാരം ഉയർത്താൻ കുടുംബശ്രീയുടെ വിവിധ പദ്ധതികൾ എന്നെ സഹായിച്ചിട്ടുണ്ട്. ഇവ കേവല അനുഭവങ്ങൾ മാത്രം....... ഈ യാത്ര നമുക്ക് തുടരാം.

**സി.ഡി.എസ് ചെയർപേഴ്സൺ**

**വേളൂക്കര ഗ്രാമപഞ്ചായത്ത്**

## 3 സാന്ത്വനമേകി.....

എടത്തിരുത്തി ഗ്രാമ പഞ്ചായത്തിൽ 10–ാം വാർഡിൽ പ്രവർത്തിക്കുന്ന വർണ്ണന കുടുംബശ്രീ ഗ്രൂപ്പ് സെക്രട്ടറി ഐഷാബി മുഹമ്മദിന്റെ മറക്കാനാവാത്ത ഒരു അനുഭവകുറിപ്പ് കുടുംബശ്രീ 14–ാം വാർഷിക യോഗത്തിലേക്ക് സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു,

എന്റെ വീടിന്റെ തൊട്ടടുത്ത് താമസിക്കുന്ന ഒരു കുടുംബം അവിടെ അച്ഛനും അമ്മയും മൂന്ന് മക്കളും ഒരാണും മൂന്ന് പ്പെണ്ണും മക്കളെ എസ്. എസ് . എൽ. സി വരെ പഠിപ്പിച്ചു. അച്ഛന് നാളികേര ബിസ്നസും അമ്മ കെട്ടിട തൊഴിലാളിയുമായിരുന്നു. മക്കളിൽ മൂത്തത് മകൻ ആയിരുന്നു. 25–ാമത്തെ വയസ്സിൽ മകൻ ഗൾഫിൽ പോകുന്നതിനു വേണ്ടി ബോംബെയ്ക്ക് പോയി. എന്ത് കൊണ്ടോ ഗൾഫിൽ പോകാൻ കഴിഞ്ഞില്ല. കുറേ നാൾ ബോംബെയിൽ നിന്ന ശേഷം വീട്ടിലെക്ക് തിരിച്ചെത്തി. നാട്ടിൽ കെട്ടിട പണിക്ക് പോയി തുടങ്ങി. മൂന്ന് പെൺമക്കളേയും വിവാഹം ചെയ്തയച്ചു. അതിന് ശേഷം മകൻ വിവാഹം കഴിച്ചു. പ്രേമ വിവാഹമായിരുന്നു അവരുടേത്. മകന്റെ വിവാഹം കഴിഞ്ഞ് 8 വർഷം പിന്നിട്ടു.അവർക്ക് മൂന്ന് ആൺമക്കൾ ജനിച്ചു. ഒന്നും ഒന്നരയും വയസ് പ്രായ വ്യത്യാസമേ കുട്ടികൾ തമ്മിൽ ഉണ്ടായിരുന്നുള്ളു. ആയിടക്കാണ് മകന്റെ ഭാര്യയ്ക്ക് പനി പിടിപ്പെട്ടത് തൊണ്ടയും വായും പഴുപ്പായതിനാൽ ഒരു തുള്ളി വെള്ളം പോലും ഇറക്കാൻ പറ്റാതെ രണ്ട് മാസം തൃശൂർ മെഡിക്കൽ കോളേജിൽ കിടന്നു. ടെസ്റ്റുകൾ നടത്തി ഭർത്താവിനെ വിളിച്ച് ഡോക്ടർമാർ പറഞ്ഞ സത്യം വീട്ടുകാർക്കോ നാട്ടികാർക്കോ അറിവില്ലായിരുന്നു. 8 മാസം കഴിഞ്ഞപ്പോൾ ഈ പെൺകുട്ടി ഈ ലോകത്തോട് വിട പറഞ്ഞു. മരിക്കുമ്പോൾ പെൺകുട്ടിക്ക് 28 വയസ്സ് പ്രായം ഉണ്ടായിരുന്നുള്ളു. ബോംബെയിൽ നിന്നും

തിരിച്ചെത്തിയ മകൻ ഒരു രോഗത്തിന് അടിമയാണ് എന്ന് വീട്ടുകാരോ മറ്റുള്ളവരോ അറിഞ്ഞിരുന്നില്ല. മകനെ കൊണ്ട് രണ്ടാമതൊരു വിവാഹം കഴിപ്പിച്ചു. പാവപ്പെട്ട വീട്ടിലെ സാധുപെൺകുട്ടിയായിരുന്നു വധു. മൂത്ത കുട്ടികളെ നല്ല സ്നേഹ ത്തോടെയായിരുന്നു നോക്കിയിരുന്നത്. ആയിടക്കാണ് വീണ്ടും ആ കുടുംബത്തി ലേക്ക് ദുരന്തങ്ങൾ ഓരോന്നായി കടന്ന് വന്നത്. ഈ വീട്ടിലെ അച്ഛൻ ആക്സി ഡന്റിൽപെടുകയും മൂന്ന് മാസം കഴിഞ്ഞപ്പോൾ അദ്ദേഹം മരണപ്പെട്ടു. അച്ഛൻ മരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ ആരോഗ്യവാനായ ഇവരുടെ മകന് പെട്ടെന്നാണ് അസുഖം പിടിപെട്ടത്. ഒന്നര മാസം കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ ചികിത്സ യിലായിരുന്നു. രണ്ടാം ഭാര്യയിലും രണ്ട് കുട്ടികൾ ജനിച്ചു. ഒരാണും ഒരു പെണ്ണും. പറക്കമറ്റാത്ത അഞ്ച് മക്കൾ. ഈ മകനും ഈ ലോകത്തോട് വിടപറഞ്ഞു. ഇതോടെ ഇവരുടെ അമ്മയും അവശനിലയിലായി. ആദ്യ ഭാര്യയുടെ അമ്മയും സഹോദരനും മൂത്ത കുട്ടികളെ അവരുടെ വീട്ടിലേക്ക് കൊണ്ടുപോയി. നാട്ടുകാരുടെ സഹായം കൊണ്ട് മാത്രം പട്ടിണിയില്ലാതെ രണ്ട് വർഷം കഴിഞ്ഞു. കിടപ്പിലായിരുന്ന ഇവരുടെ അമ്മയും മരിച്ചു. വീട്ടിൽ ബാക്കി ശേഷിച്ചത് രണ്ടാം ഭാര്യയും രണ്ട് ചെറിയ കുട്ടി കളും മാത്രമായിരുന്നു. പെട്ടന്നാണ് ഈ പെൺകുട്ടിക്ക് തലചുറ്റൽ അനുഭവപ്പെട്ടത്. ഡോക്ടറെ കാണിച്ച് മെഡിക്കൽ കോളേജിലേക്ക് കൊണ്ട് പോയി. എല്ലാ ടെസ്റ്റുകളും നടത്തി അപ്പോഴാണ് ആ സത്യം അറിയുന്നത് എച്ച്. ഐ. വി. ബാധിതയാണെന്ന് തിരിച്ചറിഞ്ഞു. ആ കുട്ടി താങ്ങാനാവാത്ത വിധം തളർന്ന് പോയി. കുട്ടികൾക്ക് ടെസ്റ്റ് നടത്തിയപ്പോൾ കുട്ടികൾക്ക് ബാധിച്ചിട്ടില്ല എന്ന് തിരിച്ചറിഞ്ഞു. ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്ത അവരെ തൃശ്ശൂർ ക്രിസ്ത്യൻ മഠത്തിൽ താമസിപ്പിച്ചു. കുട്ടികളേയും അമ്മയേയും മാറ്റിയാണ് താമസിപ്പിച്ചിരുന്നത്. ഒരുവർഷം കഴിഞ്ഞു. ഇവർ താമസിപ്പിച്ചിരുന്ന ഓലക്കുടിലിൽ നിലം പൊത്തിയ നിലയിലായി. ഈയിട

ക്കാണ് അവിടത്തെ കന്യാസ്ത്രി എന്റെ ഫോണിലേക്ക് വിളിച്ചത് ഈ അമ്മക്കും കുട്ടികൾക്കും വീട്ടിലേക്ക് വരണമെന്ന് പറയുന്നു. വീടിന്റെ അവസ്ഥ എന്താണെന്നും എന്നോട് അന്വേഷിച്ചു. ചുറ്റുപാടുള്ളവർക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമെങ്കിൽ എന്ന് ഞാൻ ആലോചിച്ചു. അപ്പോഴാണ് കൊതുക് നിവാരത്തിന്റെ സാനിറ്റേഷൻ സർവ്വേക്ക് സ്ക്വാഡ് ആയി പോകാൻ തീരുമാനിച്ചിരുന്നത്. ആദ്യത്തെ പ്രവർത്തനം ഇവരുടെ വീട് വൃത്തിയാക്കൽ ആയിരുന്നു. നല്ല മരങ്ങൾ മാറ്റി വെച്ച് ഓലയും മറ്റും കത്തിച്ച് കളയുകയും കുഴികുത്തി മൂടി ക്ലീൻ ചെയ്തു. അതിന് ശേഷം ഈ വാർഡിലെ എല്ലാ കുടുംബശ്രീ വിളിച്ചു വരുത്തി ഇവരുടെ അവസ്ഥ പറഞ്ഞ് ബോധ്യപ്പെടുത്തി. ഓരോ ഗ്രൂപ്പിൽ നിന്നും പിരിവ് എടുക്കാനും സാമ്പത്തികം ഉള്ളവരോട് ഇവരുടെ വിവരങ്ങൾ പറയാനും തീരുമാനിച്ചു. അടുത്തുള്ള ക്ലബ് പ്രവർത്തകർ ഞങ്ങളെ സഹായിച്ചു. എല്ലാവരുടെയും സഹായത്താൽ ഈ വീട് കെട്ടി മേയുന്നതിനുള്ള സഹായം ലഭിക്കുകയും വീട് കെട്ടി വൃത്തിയാക്കുകയും ചെയ്തു. അതിന്റെ തൊട്ടടുത്ത് തന്നെ ഈ അമ്മയും രണ്ട് കുട്ടികളും താമസിക്കാനായി തിരിച്ചെത്തി. ഞാൻ തന്നെ മുൻകൈ എടുത്ത് പഞ്ചായത്തിലേക്ക് വിധവ പെൻഷന് അപേക്ഷിച്ചു. ഉടനെ തന്നെ അവർക്ക് പാസ്സായി കിട്ടി. കൂടാതെ എടമുട്ടത്ത് പ്രവർത്തിക്കുന്ന ആൽഫ പെയിൻ ട്രസ്റ്റ് സ്ഥാപനത്തിലേക്ക് അപേക്ഷ കൊടുപ്പിക്കുകയും അവിടെ നിന്നും എല്ലാ മാസവും 400 രൂപ പെൻഷൻ മുടങ്ങാതെ കിട്ടിക്കൊണ്ടിരിക്കുന്നു. പിന്നെ ചാമക്കാലയിൽ ഐ. ആ. എസ് എന്ന മുസ്ലീം യുവ സംഘടനയിൽ നിന്നും മാസം 10 കിലോ അരിയും മറ്റു സാധനങ്ങളും കിട്ടിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ ആശ്രയ പദ്ധതിയിൽ ഇവരുടെ പേര് ഉൾപ്പെടുത്തി അംഗീകരിച്ചിരുന്നു. ഞങ്ങളുടെ പഞ്ചായത്തിൽ ആശ്രയ പദ്ധതി നടപ്പാക്കിയത് ഈ വർഷമാണ്. ഇവർക്ക് വീട്, ഭക്ഷണം, വിദ്യാഭ്യാസം, വസ്ത്രം എന്നിവയാണ് ആശ്രയയിൽ ഉൾക്കൊള്ളിച്ചിരിക്കു

ന്നത്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുകയും ഈ പെൺകുട്ടിയെ പണിക്ക് കൊണ്ടുപോകുകയും ചെയ്തു. പണിയിൽഎല്ലാവരും തന്നെ സഹായിക്കാറുണ്ട്. അങ്ങനെ ഒരു വിധം ബുദ്ധിമുട്ടില്ലാതെ കഴിയുന്നതിനിടക്കാണ് വീണ്ടും പ്രശ്നങ്ങൾ നേരിടുന്നത്. ആദ്യ ഭാര്യയുടെ അമ്മയുടെ മരണശേഷം മൂന്ന് മക്കൾ സഹോദരന് ബാധ്യതയായി മാറി. സഹോദരന് ഗൾഫിൽ പോകേണ്ട കാര്യം ശരിയായപ്പോൾ മൂന്ന് കുട്ടികളേയും മൂന്ന് ഓർഫനേജുകളിലായി ചേർത്തി. ഒരു സ്ഥാപനത്തിൽ ചേർത്തിയാൽ മൂന്ന് പേരും ഒത്ത് കൂടി പോരും എന്ന പേടിയാണ് മൂന്ന് സ്ഥലങ്ങളിൽ ആക്കാൻ ഇടയായത്. രണ്ട് വർഷത്തിന് ശേഷം ഗൾഫിൽ നിന്ന് വന്ന സഹോദരൻ വിവാഹം കഴിച്ചു. വെക്കേഷൻ സമയത്ത് കുട്ടികളെ സഹോദരൻ വീട്ടിൽ കൊണ്ടുവരാറുണ്ട്. ഈ സമയം രണ്ടാം ഭാര്യയിലുള്ള മക്കളെ കാണാൻ മൂന്ന് പേരും ഇവിടേക്ക് വരാറുണ്ട്. സഹോദരൻ ഗൾഫ് ഉപേക്ഷിച്ച് നാട്ടിൽ സ്ഥിരമായി. അതിനിടയിൽ മൂന്ന് മക്കളിൽ രണ്ടാമത്തെ കുട്ടിക്ക് ഓർഫനേജിൽ നിൽക്കാൻ താൽപര്യക്കുറവ് പ്രകടിപ്പിക്കുകയും അമ്മാവനെ വിവരം അറിയിക്കുകയുംചെയ്തു. അമ്മാവൻ വീട്ടിലേക്ക് കുട്ടിയെ കൊണ്ടു വന്നും. ഇവിടെ സ്ക്കൂളിൽ ചേർത്തി. കുറച്ച് നാളുകൾക്ക് ശേഷം അമ്മാവന്റെ ഭാര്യയുടെ സ്വഭാവത്തിൽ മാറ്റം കണ്ടു തുടങ്ങി. ആരേടും പരാതി പറയാൻ കഴിയാതെ അവിടെ തന്നെ സഹിച്ച് നിന്നും. അതിനിടയ്ക്കാണ് മൂന്നാമത്തെ കുട്ടി തിരുവില്ലാമല എന്ന സ്ഥലത്ത് നിന്നാണ് പഠിച്ചിരുന്നത്. വലിയ കുറമ്പനായിരുന്നു ഈ കുട്ടി. കുട്ടിയുടെ കുറുമ്പ് സഹിക്കാനാവാതെ ആയിരിക്കണം കുട്ടിയെ സ്ഥാപനത്തിൽ നിന്നും കൊണ്ട് പോകണമെന്ന് അമ്മാവനെ അറിയിച്ചു. അമ്മാവൻ അന്ന് തന്നെ കുട്ടിയെ കൂട്ടികൊണ്ട് വന്നു. പ്രശ്നം വീണ്ടും അവിടെ നിന്ന് ആരംഭിച്ചു. ഈ വീട്ടിൽ നിർത്താൻ പറ്റില്ല എന്ന് അമ്മായി തീർത്തു പറഞ്ഞു. വീട്ടിൽ കയറ്റാതെ കുട്ടി മണിക്കൂറുകളോളം പുറത്ത് നിന്നു. അയൽക്കാർ

അമ്മായിയോട് പറഞ്ഞുവെങ്കിലും സഹോദരിയുടെ മക്കൾക്കു വേണ്ടി എന്റെ ജീവിതം പാഴാക്കാൻ പറ്റില്ല എന്നാണ് ആ സ്ത്രീയുടെ മറുപടി. ഭാര്യയുടെ മുന്നിൽ നിസ്സഹായനായി നിൽക്കാനേ അമ്മാവന് കഴിഞ്ഞുള്ളൂ. രാത്രി 8 മണിയായപ്പോൾ രണ്ടാമത്തെ കുട്ടിയും അടുത്തുള്ള രണ്ട് കുട്ടികളും കൂടി ഇളയെ കുട്ടിയെ അച്ഛന്റെ രണ്ടാം ഭാര്യയുടെ അടുത്തേക്ക് കൊണ്ടു വന്നു. കൊണ്ടു വന്നാക്കിയ ശേഷം തിരിച്ച് പോകാൻ നേരം രണ്ടാമത്തെ മകൻ പറഞ്ഞു. ''ഞാൻ പത്രം ഇടാൻ പോകുന്നുണ്ട്, പൈസ കിട്ടുമ്പോൾ അമ്മയ്ക്ക് തരാം'' എന്ന് പറഞ്ഞ് യാത്ര പറഞ്ഞപ്പോൾ അവിടെ നിന്നവരുടെ കണ്ണുകൾ ഈറനണിഞ്ഞു. ഈ കുട്ടിയെ സ്ക്കൂളിൽ 8-ാം ക്ലാസ്സിൽ ചേർത്തി. അങ്ങനെയിരിക്കെ ഒരു മാസം കഴിഞ്ഞപ്പോൾ രണ്ടാമത്തെ കുട്ടിയെ അവിടെ നിന്നും ഇറക്കി വിട്ടു. ഈ കുട്ടിയേയും ആ അമ്മയ്ക്ക് സ്വീകരിക്കേണ്ടി വന്നും. മൂത്ത കുട്ടി എറണാകുളത്ത് പ്ലസ് ടുവിന് പഠിക്കുകയായിരുന്നു. അനുജന്മാർ രണ്ട് പേരും രണ്ടാനമ്മയുടെ അടുത്ത് താമസിക്കുന്നു എന്നറിഞ്ഞ നിമിഷം മുതൽ പഠിത്തത്തിൽ ആ കുട്ടിക്ക് ശ്രദ്ധിക്കാനായില്ല. രണ്ടാമതൊന്ന് ആലോചിക്കാതെ സ്ഥാപനത്തിൽ നിന്നും സൗജന്യമായി നൽകിയ പഠനോപകരണങ്ങൾ പ്രിൻസിപ്പാ ളിനെ ഏൽപ്പിച്ചു. സുഖമില്ലാത്ത എന്റെ അമ്മയേയും നാല് സഹോദരങ്ങളെയും സംരക്ഷിക്കാൻ ആരും ഇല്ല എന്നും എന്തെങ്കിലും പണിക്ക് പോയി അവരെ സംരക്ഷി ക്കണം എന്നായിരുന്നു ആ കുട്ടിയുടെ മറുപടി. അന്ന് തന്നെ വീട്ടിലെത്തിയ കുട്ടി പിറ്റേ ദിവസം മുതൽ കെട്ടിടം പണിക്ക് ഹെൽപ്പർ ആയി. പോയി തിരിച്ചു വരുമ്പോൾ ഉത്തരവാദിത്വമുള്ള ഒരു കുടുംബനാഥൻ വീട്ടിൽ വരുന്നത് പോലെ എനിക്ക് തോന്നി. കയ്യിൽ സഹോദരങ്ങൾക്ക് കഴിക്കാനുള്ള സാധനങ്ങളും പച്ചക്കറി, മത്സ്യം എന്നിവ വാങ്ങിയിട്ടാണ് വീട്ടിൽ എത്തിയത്.

ഈ കുടുംബത്തിലെ മേൽപറഞ്ഞ കഥകളെല്ലാം ഞങ്ങളുടെ വാർഡ് മെമ്പ റോട് പറഞ്ഞു. മെമ്പർ ഒരു സ്ത്രീ ആയതു കൊണ്ടോ മനുഷ്യത്വം ഉള്ളത് കൊണ്ടോ എന്നറിയില്ല മെമ്പർ കരഞ്ഞ് കൊണ്ടാണ് എന്റെ വീട്ടിൽ നിന്ന് ഇറങ്ങിയത്. മൂത്ത കുട്ടി പണിക്ക് പോയ രണ്ടാം ദിവസം ഞങ്ങളുടെ പഞ്ചായത്തിലെ വി. ഇ. ഒ. കുടും ബശ്രീയുടെ ചാർജ്ജ് ഓഫീസറും കൂടിയാണ്. വാർദ്ധക്യ പെൻഷന്റെ സർവേക്ക് വേണ്ടി ഞങ്ങളുടെ വാർഡിൽ വന്നു. ഇവരുടെ വീടിന്റെ അടുത്ത് വന്നപ്പോൾ ഇളയ കുട്ടിയെ പരിചയപ്പെടുത്തിക്കൊണ്ട് മെമ്പർ ഇവരുടെ കഥ സാറിനോട് പറ ഞ്ഞു. കഥകൾ കേട്ട സാറിനും വളരെയധികം വിഷമം തോന്നി. മൂത്ത കുട്ടിയെ വാർക്കപണിയിൽ നിന്നും മോചിതനാക്കണം എന്നായി മെമ്പറുടെയും സാറിന്റെയും ലക്ഷ്യം. സാർ അന്ന് തന്നെ സാറിന് പരിചയമുള്ള കാറ്ററിങ് സർവ്വീസ് ഉടമയെ ഫോൺ ചെയ്ത് ഈ കുട്ടിക്ക് ഒരു ജോലി ശരിയാക്കി കൊടുക്കാൻ ആവശ്യപ്പെട്ടു. അന്ന് രാത്രി തന്നെ സാറിന് തിരിച്ച് വിളിച്ച് ജോലി കൊടുക്കാം എന്ന് പറഞ്ഞു. സാർ മെമ്പർക്ക് വിളിക്കുകയും സാർ കൊടുത്ത നമ്പർ മെമ്പർ എനിക്ക് കൈമാറി. രാത്രി തന്നെ ഞാൻ അവരുടെ വീട്ടിലേക്ക് പോയി മൂത്ത കുട്ടിയെ കൊണ്ട് ഓണറെ വിളി പ്പിച്ച് സംസാരിപ്പിച്ചു. പിറ്റേദിവസം തന്നെ കുട്ടി ചാലക്കുടിയിലുള്ള സ്ഥാപനത്തി ലേക്ക് പോയി. ജോലി കിട്ടിയിട്ട് നാല് മാസമായി 10000 രൂപ ശമ്പളം കൊടുക്കുന്നു. മാസത്തിൽ രണ്ട് ദിവസം ലീവിന് വീട്ടിൽ വന്ന് പോകാം. വളരെ സുഖമുള്ള ജോലി യാണെന്നും വളരെ സ്നേഹമുള്ള കൂട്ടുകാരാണെന്നൊക്കെ കേട്ടപ്പോൾ വളരെ സന്തോഷം തോന്നി. ആശ്രയ പദ്ധതിയിൽ ഇളയ രണ്ട് കുട്ടികളെ മാത്രമാണ് വിദ്യാ ഭ്യാസത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നത്. ഈ കുട്ടികൾ വന്നതിന് ശേഷം വില യിരുത്തൽ കമ്മറ്റിയിൽ മറ്റേ രണ്ട് കുട്ടികളെ കൂടി വിദ്യാഭ്യാസത്തിൽ ഉൾപ്പെടു ത്താൻ ഞാനും മെമ്പറും ആവശ്യപ്പെട്ടു. ചർച്ചക്ക് ശേഷം കമ്മറ്റി അംഗീകരിച്ചു.

ജൂൺ മാസ 3–ാം തിയ്യതിയാണ് പഞ്ചായത്തിൽ നിന്നും ആശ്രയ കുടുംബത്തിലെ കുട്ടികൾക്ക ഒരു കുട്ടിക്ക് 1000 രൂപയുടെ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ആ കൂട്ടത്തിൽ ഈ കുടുംബത്തിലെ നാല് കുട്ടികൾക്കും ബാഗ്, കുട, പുസ്തകം, യൂണിഫോം, ബോക്സ് എന്നിവയെല്ലാം നാലു കുട്ടികളും ഏറ്റുവാങ്ങിയപ്പോൾ വളരെ സന്തോഷം തോന്നി. ഇവരുടെ വീട് പണിയുന്നതിന് വേണ്ടി 2 ലക്ഷം ആശ്രയ യിൽ പാസാക്കുകയും മൂന്ന് ഗഡു കൊടുത്ത് കൊണ്ട് വീടിന്റെ വാർക്ക വരെ എത്തി നിൽക്കുന്നു. ഇപ്പോഴും മാസത്തിലൊരിക്കൽ മെഡിക്കൽ കോളേജിൽ ഈ പെൺകുട്ടി പോയി മുടങ്ങാതെ മരുന്ന് കഴിക്കുന്നുണ്ട്. മാനസിക പ്രശ്നങ്ങൾ ഒന്നും തന്നെയില്ലാതെ ഈ അമ്മയും അഞ്ച് മക്കളും പഴയ അവസ്ഥയിൽ നിന്നും ഒരുപാട് മാറ്റങ്ങൾ അവരുടെ ജീവിതത്തിൽ വരുത്താൻ സാധിച്ചതിൽ വാർഡ് മെമ്പറോടും ഞങ്ങൾ പറഞ്ഞതനുസരിച്ച് ഇവരെ സഹായച്ചവരോടും ഈ അവസരത്തിൽ നന്ദി പറയാതിരിക്കാനാവില്ല.

ഈ കഥ വായിച്ച് അറിയുന്നവരുടെ ചുറ്റുപാടിൽ എച്ച്. ഐ.വി ബാധിതരു ണ്ടെങ്കിൽ അവരെ സമൂഹത്തിൽ നിന്നും ഒറ്റപ്പെടുത്താതെ നമ്മോടൊപ്പെ ചേർത്തു പിടിച്ച് അവരെ ജീവിക്കാനായി അനുവദിക്കുക. നമ്മുടെ ശരീരത്തിൽ ഏതെല്ലാം രോഗാണുക്കൾ പ്രവേശിച്ചിട്ടുണ്ടാകും എന്ന് നമുക്കറിയില്ലല്ലോ. നമുക്കും മക്കളിലും സമൂഹത്തിലും ഇത്തരം മാരക രോഗങ്ങൾപിടിപെടാതിരിക്കട്ടെ എന്ന് നമുക്ക് ഒത്തൊ രുമിച്ച് പ്രാർത്ഥിക്കാം. ഈ അനുഭവ കഥ ഇവിടെ അവസാനിപ്പിക്കുന്നു.

**എന്ന്**

**ഐഷാബിമുഹമ്മദ് , 9562949858**

**എടത്തിരുത്തി പഞ്ചായത്ത് X–ാം വാർഡ്**

**വർണ്ണന കുടുംബശ്രീ CDS മെമ്പർ**

## 4.താങ്ങായ് തണലായ് കുടുംബശ്രീ

ശ്രീദുർഗ കുടുംബശ്രീയുടെ സെക്രട്ടറിയാണ് ഞാൻ. 4 വർഷമായി കുടുംബശ്രീ തുടങ്ങിയിട്ട്. എന്റെ ദയനീയമായ ഒരു അനുഭവം താഴെ എഴുതുന്നു.

എന്റെ മകൻ തമിഴ്നാട് തേനി എന്ന സ്ഥലത്ത് റബ്ബറിന്റെ ബിസ്സിനസ്സ് നടത്തുകയാണ്. റബ്ബർ കൊടുത്തതിന്റെ പൈസ വാങ്ങാൻ ബൈക്കിൽ പോയി തിരിച്ചു വരികയായിരുന്നു. താമസ സ്ഥലത്ത് എത്തുന്നതിനു കുറച്ചു ദൂരെ വച്ച് ബൈക്കിനു പിന്നിൽ ഒരു കാർ വന്ന് ഇടിക്കുകയും കാറ് നിർത്താതെ പോകുകയും ചെയ്തു. എന്റെ മകൻ ബൈക്കിൽ നിന്ന് വീണ് രക്തം വാർന്ന് ഒന്നര മണിക്കൂർ റോഡിൽ കിടന്നു. റോഡിൽ കൂടി പോകുന്നവർ അയാൾ മരിച്ചു എന്ന് പറഞ്ഞ് പിൻതിരിഞ്ഞു പോയി. ഏതോ ഒരാൾക്ക് അലിവു തോന്നി പോലീസ് സ്റ്റേഷനിലേക്കു വിളിച്ചു പറയുകയും അവർ വന്ന് തേനി ആശുപത്രിയിലേക്ക് കൊണ്ടു ചെന്നപ്പോൾ അവിടെ പറ്റില്ല മധുര മീനാക്ഷി മിഷൻ അശുപത്രിയിൽ കൊണ്ടു പോകുവാൻ പറഞ്ഞു. അവിടെ ചെന്നപ്പോൾ ഡോക്ടർ വന്ന് നോക്കുകയും തൊണ്ണൂറുശതമാനവും മരിച്ചു കഴിഞ്ഞെന്നും പത്ത് ശതമാനം മാത്രമാണ് ജീവനുള്ളതെന്നും പറഞ്ഞു. ഡോക്ടർ വീട്ടിൽ അറിയിക്കാൻ പറഞ്ഞ് രോഗിയെ തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റാൻ പറഞ്ഞു.

ഞങ്ങൾ വിവരം അിറഞ്ഞ് ആശുപത്രിയിലേക്ക് പുറപ്പെടുമ്പോൾ ഞങ്ങളുടെ (ഞാനും ഭർത്താവും) കയ്യിൽ 11000 രൂപ മാത്രമാണ് ഉണ്ടായിരുന്നത്. എന്റെ കുടുംബശ്രീയിൽ ഈ വിവരം അറിയുകയും അവർ ഉടനെ യോഗം ചേർന്ന് എന്തെങ്കിലും ധനസഹായം നൽകണമെന്നും പറഞ്ഞു. എല്ലാ അംഗങ്ങളും കൂടി 15000 രൂപ സ്വരൂപിച്ച് ഞങ്ങൾക്ക് തന്നു. ആ 15000 ഒന്നരലക്ഷം രൂപ കിട്ടിയ സന്തോഷമാണ് എനിക്ക് ഉണ്ടായത്. അത് എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമാണ്.

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വന്നത് പോലെയാണ് ഞാൻ കുടുംബശ്രീയിൽ വന്നത്. ഞങ്ങളുടെ കുടുംബശ്രീയിലെ അംഗങ്ങൾ കൂടുതലും തമിഴന്മാരുടെ കയ്യിൽ നിന്നും പണം കടം വാങ്ങുന്നവരാണ്. കണ്ടമാനം പലിശയാണ് തമിഴന്മാർ വാങ്ങുന്നത്. കുടുംബശ്രീ യിൽ വന്നതിനുശേഷം സമ്പാദ്യം അടക്കുന്ന തുകയിൽ നിന്നും ഒരുശതമാനം പലിശയ്ക്കാണ് ബാങ്ക് ലോൺ കൊടുക്കുന്നത്. അത് വലിയ ഒരു ആശ്വാസമായിട്ടാണ് അംഗങ്ങൾ കരുതുന്നത്. എല്ലാ അംഗങ്ങളും ബാങ്കിൽ പോകാനും പൈസ അടയ്ക്കാനും യാതൊരു മടിയും കൂടാതെ സാധിച്ചു.

കാർത്ത്യായനി,ശ്രീദുർഗ്ഗ കുടുംബശ്രീ, വാർഡ് 6, അടാട്ട്

5. .‘‘ യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം.’’

എന്നെ ഞാനാക്കിയത്,ഞാൻ ഞാനായത് കുടുംബശ്രീയിൽ വന്നതിനുശേഷമാണ്. എല്ലാവരുടെയും ഉയർച്ചയ്ക്ക് പിന്നിൽ ആരുടെയെങ്കിലും കൈകൾ ഉണ്ടാകും എന്ന് പറയുന്നത് എത്രശരിയാണ്. കുടുംബശ്രീ അത്രയധികം എന്റെ ജീവിതത്തെ സ്വാധീമിച്ചിട്ടുണ്ട്. എന്റെ മോഹങ്ങൾ, സ്വപ്നങ്ങൾ എല്ലാം യാഥാർത്ഥ്യമായത് കുടുംബശ്രീയിലൂടെയാണ്. ഇപ്പോൾ എനിക്ക് ആത്മസംതൃപ്തിയുണ്ട്. സാമൂഹികമായ, അടിസ്ഥാനപരമായ, സാമ്പത്തികപരമായ, വിദ്യാഭ്യാസപരമായ മുന്നേറ്റം എന്നിലും എന്റെ ചുറ്റുപാടും ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചു. ഇതിൽ എനിക്ക് ആത്മസംതൃപ്തിയുണ്ടാക്കി തന്നത്.

കർക്കിടകത്തിലെ കോരിചൊരിയുന്ന മഴയത്ത് അലിഞ്ഞുപോയിരുന്ന എന്റെ ശബ്ദത്തെ തിരിച്ചറിഞ്ഞത് കുടുംബശ്രീയാണ്. എന്റെ ചെറുപ്പത്തിൽ ഞങ്ങളുടെ വീടിന്റെ തൊട്ടുമുന്നിലായിരുന്ന ‘‘ പ്രദീപം ഫൈൻ ആർട്ട്സ് ക്ലബ്ബ്’’ അതിന്റെ ഭാരവാഹികളിൽ

ഒരാളായിരുന്നു പൊറത്തുശ്ശേരി പഞ്ചായത്തിന്റെ മുൻപ്രസിഡണ്ട് രാജുട്ടേൻ എന്ന് ഞങ്ങൾ ബഹുമാനത്തോടെ വിളിക്കുന്ന രാജുമാസ്റ്റർ. ക്ലബ്ബിൽ സൗജന്യമായി കുട്ടികൾക്ക് ട്യൂഷൻ എടുത്ത് കൊടുത്തിരുന്നു. അന്ന് ഞാൻ ഒന്നിലും പങ്കെടുത്തിരുന്നില്ല. (മറ്റുള്ളവരോട് സംസാരിക്കാനും മറ്റും ഒരു ആത്മവിശ്വാസം ഉണ്ടായിരുന്നില്ല. അതിന്റെ കുറവ് പിന്നീട് എന്റെ ജീവിതത്തിലും ഉണ്ടായിരുന്നു.

ക്ലബ്ബിന്റെ വാർഷികത്തിന് ചുറ്റുവട്ടത്തുള്ളവരുടെ കലാപരിപാടികൾ ഉണ്ടായിരിക്കും. ആ സ്റ്റേജിൽ കയറിനിന്ന് രണ്ടുവരി കവിത ചൊല്ലാൻ ഞാൻ വളരെ ആഗ്രഹിച്ചിട്ടുണ്ട്. ഈ ആഗ്രഹം എനിക്ക് സാധിച്ചത് കുടുംബശ്രീയിൽ വന്നതിനുശേഷമാണ്.

വൈകുന്നേരങ്ങളിൽ ഞാനും എന്റെ അച്ഛനും, അനിയനും, അനിയത്തിയും കൂടി ഒരുമിച്ചിരുന്ന് പാട്ടുപ്പാടും അച്ഛൻ തുടങ്ങിവയ്ക്കും ഞങ്ങൾ ഏറ്റുപാടും അപ്പോൾ അമ്മപറയും ‘‘ ബിന്ദു, പെൺകുട്ടികളുടെ ശബ്ദം ഉത്തരത്തിൽ മുട്ടരുത്, മാറ്റാന്റെ വീട്ടിൽ പോകേണ്ടതാണ് നീ ‘‘ ആടിയ കൈയും പാടിയനാവും ഒരു കാലത്തും നിൽക്കില്ല. അതെ എന്റെ അമ്മയുടെ വാക്കുകൾ ശരിയായിരുന്നു.

കുടുംബശ്രീയിൽ വന്നതിനുശേഷം ഓരോ വേദികൾ എനിക്ക് കിട്ടി. കവിത ചൊല്ലിയും പാട്ടുപാടിയും, ഡാൻസ് കളിച്ചും എന്റെ മോഹങ്ങൽ അങ്ങനെ യാഥാർത്ഥ്യമാവുകയായിരുന്നു. തീരെ പ്രതീക്ഷിക്കാതെ ഓട്ടൻതുള്ളലും കളിച്ചു ഇതിൽപ്പരം എന്നെ പോലെയുള്ള ഒരാൾക്ക് ഇനി എന്താണ് വേണ്ടത്.

എനിക്ക് മലയാളം ലിറ്റേച്ചറെടുത്ത് ടീച്ചറാകാനായിരുന്നു ഇഷ്ടം. കുട്ടികളെ പഠിപ്പിക്കുക എന്നത് എന്റെ വല്ല്യ ഒരു ആഗ്രഹമായിരുന്നു. അതിന് എനിക്ക് സാധിച്ചില്ല. അതിനുപകരമായി ദൈവം എനിക്ക് ഒരു അവസരം തന്നു. (കുടുംബശ്രീ) ബൈലോ ക്ലാസ്സെടുക്കുന്നതിന്

ഇരിങ്ങാലക്കുട ബ്ലോക്കിലും, ചേർപ്പ് ബ്ലോക്കിലും പോയിരുന്നു. ക്ലാസ്സെടുത്തപ്പോൾ എനിക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ സാധിച്ചില്ല. അങ്ങനെ കുടുംബശ്രീയിലൂടെ ആ ആഗ്രഹവും സാധിച്ചു. ഇപ്പോൾ എന്നെ കുറിച്ച് എനിക്ക് തോന്നുന്നത്

‘‘ യൗവ്വനം വന്നുദിച്ചിട്ടും

ചെറുതായില്ല ചെറുപ്പം.’’

**ബിന്ദുരവി**

## 6.വിധിഹിതം മാറ്റിയെഴുതിയവൾ

എളവള്ളി പഞ്ചായത്തിൽ ചിറ്റാട്ടുകര ദേശത്ത് കൂളിയാട്ട് കുമാരന്റേയും കുന്നത്തുള്ളി വിലാസിനിയുടേയും മകളായിട്ടായിരുന്നു എന്റെ ജനനം. ബന്ധങ്ങളുടെ ദൃഢതയിൽ സമ്പന്നമായ ഒരു ഇടത്തരം കുടുംബത്തിലാണ് ഞാൻ ജനിച്ചത്. കളിയും ചിരിയുംനിറഞ്ഞ ബാല്യവും കൗമാരവും പിന്നിട്ട എന്റെ വിവാഹം 1985 സെപ്തംബർ 13–ാം തിയ്യതിയായിരുന്നു. ഭർത്താവ് ബോംബെയിൽ മെക്കാനിക് ആയിരുന്നു.

ജീവിതം ഒരു നേർത്ത താളത്തിൽ ഒഴുകിക്കൊണ്ടിരിക്കെ ഞാൻ രണ്ട് പെൺകുട്ടികളുടെ അമ്മയുമായി. സാമ്പത്തിക ഭദ്രതയില്ലായ്മ മെല്ലെ ഞങ്ങളെ വേട്ടയാടാൻ തുടങ്ങി. കൂട്ടുകുടുംബമായതിനാലാകാം ഭർത്തൃവീട്ടിലും അസ്വസ്ഥതകളുണ്ടായിരുന്നു. വിഷമതകൾ ഒരുപാട് ഉണ്ടായിട്ടും ഞാൻ ഒന്നുംതന്നെ എന്റെ വീട്ടുകാരെ അറിയിച്ചില്ല. എല്ലാം സഹിക്കുക എന്നത് എന്റെ ശീലമായിരുന്നു. പക്ഷേ ഞാൻ വിധിയുടെ വേട്ടമൃഗമായിമാറി. നിനച്ചിരിക്കാത്ത നേരത്ത് വിധി എനിക്ക് നേരെ ഒരു അഗ്നിപാതം തൊടുത്തുവിട്ടു. മഞ്ഞപ്പിത്ത രോഗത്താൽ എന്റെ ഭർത്താവ് എന്നേയും മക്കളേയും തനിച്ചാക്കി പരലോകം പൂകി. ഞാൻ തളർന്നുപോയി. പറക്കമുറ്റാത്ത രണ്ട് പെൺകുട്ടികളേയും കൊണ്ട് എങ്ങനെ ജീവിക്കും എന്ന ഭീതി എന്നെ വല്ലാതെ വേട്ടയാടി. എന്തിന് മറ്റുള്ളവർക്ക് ഒരു ശല്യമാകണമെന്ന വികല ചിന്ത എന്റെ മനസ്സിനെ മുറിവേൽപ്പിക്കാൻ തുടങ്ങി. ആത്മഹത്യ എന്ന വികലചിന്തയിൽ ജീവിതഭാരം ഇറക്കിവെക്കാൻ ഞാൻ തീരുമാനിച്ചു. പക്ഷേ എന്നും എന്റെ രക്ഷകരായി നിന്ന എന്റെ സഹോദരിമാർ

എനിക്കൊപ്പം നിന്നു. മരണത്തിൽ നിന്ന് വീണ്ടും ജീവിതപാതയിലേക്ക് എന്നെ കൈപിടിച്ചുയർത്തിയ എന്റെ രണ്ടാമത്തെ സഹോദരി എന്റെ ദൈവമായി. ചേച്ചിയുടെ സഹായത്താൽ ഞാൻ ജീവിത യാഥാർത്ഥ്യത്തിലേക്ക് തിരിച്ചുവന്നു.

മറ്റുള്ളവർക്ക് ബാധ്യതയാകാതെ സ്വന്തം കാലിൽ നിൽക്കണമെന്നും, മക്കൾക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകണമെന്നും ഞാൻ ആഗ്രഹിച്ചു. തുടർന്ന് മൃഗപരിപാലനം ഒരു സാമ്പത്തിക മാധ്യമമാക്കിയെടുക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെയിരിക്കേ അവിചാരിതമായാണ് ഞാൻ അയൽകൂട്ടത്തെ കുറിച്ച് കേൾക്കാൻ ഇടയായത്. ജീവിതത്തിൽ തനിച്ചായ എനിക്ക് വലിയൊരു സൗഹൃദകൂട്ടായ്മയാണ് അയൽക്കൂട്ടം ഒരുക്കിയത്. എളവള്ളി പഞ്ചായത്തിൽ 2-ാം വാർഡ് കീർത്തി കുടുംബശ്രീക്ക് രൂപം കൊടുത്തു. അതിൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അവിടെനിന്നും എ.ഡി.എസ്സിലേക്ക് വരികയും ചെയ്തു. അയൽക്കൂട്ട സംബന്ധമായ ആവശ്യങ്ങൾക്കായി അതുവരെ പഞ്ചായത്ത് കണ്ടിട്ടില്ലാത്ത ഞാൻ പഞ്ചായത്തിലേക്ക് വന്നു തുടങ്ങി. ഏറ്റവും രസകരമായ കാര്യം പഞ്ചായത്തിൽ നടന്നിരുന്ന പല ആഘോഷങ്ങളുടേയും ഭക്ഷണത്തിന്റേയും ചായയുടേയും ഒക്കെ ഓർഡറുകൾ ഞാൻ ശേഖരിച്ചു തുടങ്ങി എന്നതാണ്. ഈ യാത്ര സി.ഡി.എസ് പ്രവർത്തകരുമായി എന്നെ കൂടുതൽ അടുപ്പിച്ചു. ഞാൻ കുടുംബശ്രീ പ്രവർത്തനങ്ങളെ പറ്റി അറിയുകയും ആ മുന്നേറ്റപ്രവർത്തനങ്ങളിൽ ആകൃഷ്ടയാവുകയും ചെയ്തു. തുടർന്ന് കുടുംബശ്രീ മിഷന്റെ കീഴിൽ അയൽകൂട്ടങ്ങൾക്കായി നടത്തുന്ന പല പരിപാടികളിലും ഞാൻ പങ്കാളിയായി. സ്ത്രീകളുമായി അടുത്തിടപെഴുകാനും അവരുടെ പ്രശ്നങ്ങൾ കേൾക്കാനും അവർക്ക് പരിഹാരം നൽകാനും എനിക്ക് കഴിഞ്ഞിരുന്നു.

അയൽകൂട്ട പ്രവർത്തനത്തോടൊപ്പം മക്കളുടെ വിദ്യാഭ്യാസചെലവുകളുടെ കാര്യത്തിലും സാമ്പത്തിക ഉന്നമനത്തിലും കഠിനപരിശ്രമം കൊണ്ട് ഞാൻ മുന്നേറി. അങ്ങനെയിരിക്കെ തികച്ചും അവിചാരിതമായി നാട്ടിലെ രാഷ്ട്രീയ പ്രതിനിധികൾ എന്നെവന്നു കാണുകയും അവരുടെ നിർദ്ദേശാനുസരണം ഞാൻ സി.പി.ഐഎം ജനപ്രതിനിധിയായി പഞ്ചായത്ത്

ഇലക്ഷനിൽ മത്സരിച്ച് ജനപ്രതിനിധിയാവുകയും ചെയ്തു. ഒരു പരിഭ്രമവും ഇല്ലാതെ എനിക്കെന്റെ ഉത്തരവാദിത്വങ്ങൾ ചെയ്ത് തീർക്കാൻ കഴിഞ്ഞത് കുടുംബശ്രീ പ്രവർത്തനങ്ങൾ നൽകിയ കരുത്താണ്. ഇപ്പോൾ പഞ്ചായത്ത് ഭരണതലത്തിൽ എന്റെ രണ്ടാമൂഴമാണിപ്പോൾ. രണ്ടാം തവണയും ഞാൻ മത്സരിച്ച് വിജയിച്ചിരിക്കുന്നു. കൂടാതെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡണ്ട് കൂടിയാണ് ഞാനിന്ന്. പ്രശ്നങ്ങളെ നീതിയുക്തമാക്കി തീർപ്പാക്കാനുള്ള ആർജ്ജവം എനിക്ക് പകർന്നു നൽകിയത് കുടുംബശ്രീ പ്രവർത്തനങ്ങളാണ് എന്നതിൽ ഒരു തർക്കവുമില്ല.

ഇന്ന് ഞാൻ ഏറെ തൃപ്തയാണ് കടമകൾ ഏറെക്കുറെ നിർവ്വഹിച്ചിരിക്കുന്നു. മക്കൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകി. മൂത്തമകളെ ഭദ്രമായ കൈകളിൽ ഏൽപ്പിച്ചുകഴിഞ്ഞു. ഇളയമകൾ ഡിപ്ലോമ കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചിരിക്കുന്നു. വീട് പേരകുട്ടികളുടം കളിയിലും ചിരിയിലും ആനന്ദമയമായിരിക്കുന്നു. ദൈവമേ നിനക്കു നന്ദി. കൈവിട്ടുപോയി എന്ന് കരുതിയ എന്റെ ജീവിതം ഏറ്റവും ഭദ്രമായി തിരിച്ചുതന്ന കുടുംബശ്രീ പ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് എന്റെ നേട്ടങ്ങളിലൊന്നായി കരുതുന്നു.

പിന്നിട്ട ജീവിതത്തെ ചിലപ്പോഴൊക്കെ ഞാൻ ഓർക്കാറുണ്ട്. അനുഭവിച്ചയാതനകൾ, ഒറ്റപ്പെടലുകൾ ജീവിത്തിൽ നിന്ന് മരണത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ ശ്രമിച്ച രാത്രികൾ പണ്ട് ഇതെല്ലാമായിരുന്നു എന്റെ ജീവിതം വേദനയുടെ നെരിപ്പാടിൽ നീറിനീറി.... വയ്യ ആ ദിനങ്ങളെ ഓർമ്മയിൽ തിരിച്ചുകൊണ്ടുവരാൻ പോലും ഞാനിപ്പോൾ തയ്യാറല്ല. ആത്മഹത്യ ചെയ്യാൻ ശ്രമിച്ച ആ ദിനങ്ങളെ വിഡ്ഢിത്തം നിറഞ്ഞ ദിനങ്ങളായാണ് ഞാൻ കാണുന്നത്. തളർന്നു പോകേണ്ടി വന്ന പല സന്ദർഭങ്ങളിലും തളരാതെ പോരാടിയപ്പോൾ എന്റെ ജീവിതം ഞാൻ തിരിച്ചു പിടിച്ചിരിക്കുന്നു. ഈ തിരിച്ചു വരവിനെ കാരണമായ കൂട്ടുകാർക്കും കുടുംബശ്രീ മിഷനും എന്റെ പ്രണാമം.

ഒന്നുമല്ലാതിരുന്ന എന്നെ പൊതുരംഗത്ത് പ്രശസ്തയാക്കിയത് കുടുംബശ്രീയാണ്. ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ ഞാൻ ഈ നിലയിൽ എത്തുമായിരുന്നില്ല.

പ്രതിസന്ധികളിൽ തളരാത്ത നിശ്ചയദാർഢ്യവും മറ്റുള്ളവർക്ക് നന്മചെയ്യാനുള്ള നല്ല മനസ്സ് നമുക്കുണ്ടെങ്കിൽ നമ്മളെ ആർക്കും തോൽപ്പിക്കാൻ കഴിയില്ല എന്ന ആത്മവിശ്വാസത്തോടെ എല്ലാ കുടുംബശ്രീ പ്രവർത്തകർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

ഉഷ വിജയൻ

വൈസ് പ്രസിഡണ്ട് എളവള്ളി ഗ്രാമപഞ്ചായത്ത്.

## 7.സാന്ത്വനം

എന്റെ പേര് പത്മിനി ഉണ്ണികൃഷ്ണൻ

2002 നവംബർ 28ന് ആണ് 24 കുടുംബശ്രീയിൽ അംഗമാകുന്നത് .സ്വന്തം വീടുകളിൻ മാത്രം ഒതുങ്ങിയിരുന്ന ഇരുപത്തിയഞ്ചു് വീട്ടമ്മമാരുടെ ഒരു കൂട്ടായ്മ .അത് ഹരിശ്രീ സ്വയം സഹായ സംഘം എന്ന പേരോടുകുടി പുറത്തറിയാൻ തുടങ്ങി ഒരുപാട് നാട്ടുകാര്യങ്ങൾക്ക് സാക്ഷിയാവാൻ കഴിഞ്ഞു. ഈ കുടുംബശ്രീ പ്രവർത്തനത്തിലൂടെ. 2002ന് മുമ്പുള്ള കാലഘട്ടത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ വീട്ടുനികുതി അടയ്ക്കാൻ ഒരു പഞ്ചായത്ത് ഓഫീസിൽ പോകാൻ പേടിയായിരുന്ന ഞാനിപ്പോൾ എവിടെയെല്ലാം ഒററക്ക് ധൈര്യമായി പോയിവരുന്നു. പന്ത്രണ്ട് വർഷത്തെ കുടുംബശ്രീ പ്രവർത്തനത്തിലൂടെ എനിക്ക് നേടാൻ കഴിഞ്ഞ കാര്യങ്ങൾ നിരവധിയാണ്. അതിൽ രണ്ടു കാര്യങ്ങൾ എന്നെ വല്ലാതെ സ്വാധീനിച്ചു അതു രണ്ടും ഞാനിവിടെ വിവരിക്കുന്നു.

എന്റെ പ്രിയപ്പെട്ട സുഹൃത്തിന്റെ കഥ ഞാൻ പറയുന്നു. വളരെ കുറച്ചു കാലത്തെ പരിചയമുള്ളൂ ഏങ്കിലും സഹോദരിയെപോലെയായിരുന്നു എനിക്കവർ. പുതിയ വീട്ടിലേക്ക് താമസം മാറി വന്ന ഒരു കുടുംബം ഭാര്യയും ഭർത്താവും മൂന്ന് മക്കളും. അച്ഛൻ പുറത്ത് എവിടെയോ ആണെന്നാണ് ഞങ്ങൾ കരുതിയത് അയാൾ വന്നതിനുശേഷം ഒരു മൂന്ന് മാസത്തേക്ക് വലിയ കുഴപ്പം ഉണ്ടായില്ല. അതിനു ശേഷം അയാളുടെ തനി സ്വഭാവം പുറത്തുവരാൻ തുടങ്ങി. എന്നും വഴക്കും അടീം ഇടീം കരച്ചിലും ബഹളം തന്നെ. 20 വീടുകളുള്ള ഞങ്ങളുടെ കോളനിയിൽ ഒരു മുട്ടുസൂചി താഴെ വീണാൽ അറിയുമായിരുന്നു. എന്നാൽ ഇവരുടെ വരവോടുകുടി അന്തരീക്ഷം ആകെ മാറി. കൊലവീളിം അടീം ബഹളോം തിക്കും തിരക്കും തന്നെ. പതുക്കെ പതുക്കെ അവരുടെ വിശേഷങ്ങൾ പുറത്തറിയാൻ തുടങ്ങി. ഭയങ്കര കള്ളുകുടിയനാണ്. അതുകഴിഞ്ഞാൽ വീട്ടിൽ വന്നാൽ സംഹാരതാണ്ഡവം തന്നെ.ആ ചേച്ചിയോട് കൂടുതൽ അടുക്കാൻ തുടങ്ങി.

കൂടുതൽ പരിചയപ്പെട്ടപ്പോൾ അവരുടെ കഥയെല്ലാം എന്നോട് പറഞ്ഞു. താലികെട്ടിയ അന്നുമുതലുള്ള എല്ലാ ദുരിതങ്ങളും വിഷമങ്ങളും അവരെ രക്ഷിക്കാൻ പണമൊഴികെ എല്ലാ സഹായവും  അവർക്ക് ഞാൻ വാഗ്ദാനം ചെയ്തു. ഒരുപാട് പൈസക്കും ആൾ മററുള്ളവർക്ക് ബാദ്ധ്യതയായിരുന്നു. ഇരുപത്തിനാലു മണിക്കൂറും കൊലവിളി തന്നെ അന്നത്തെ ദിവസം രാത്രി ഭയങ്കര ബഹളം ആയിരുന്നു. അവിടുത്തെ ബഹളം കോട്ടാൽ നമ്മൾവരെ കുഴഞ്ഞുവീഴും പാത്രങ്ങൾ എറിയലും വാതിലുകൾ ബഹളത്തോടെ അടക്കുകയും ചെയ്യും. പിറെറ ദിവസം രാവിലെ ഏകദേശം 5.30ന് തൊട്ടടുത്തുള്ള അമ്പലത്തിൽ ഞാൻ പോയ നേരം ആ ചേച്ചി എന്നെ കാണാൻ വന്നിരുന്നു. എനിക്കവരെ കാണാൻ പററില്ല . കാരണം അവർ അവസാനമായി എന്നോട് യാത്ര പറയാൻ  വന്നതായിരുന്നു.അവർ നേരെ പോയത് ഗൂരുവായൂർക്കായിരുന്നെന്ന് ഞാൻ പീന്നിടറീഞ്ഞു.ഗൂരുവായൂരപ്പനെ തൊഴുത് ഉച്ചയ്ക്കു കിട്ടിയ പാൽപ്പായസ പ്രസാദത്തിൽ വിഷം ചേർത്ത് കഴിക്കുകയായിരുന്നു. ഹോസ്പിററലിൽ നിന്ന് പോലീസാണ് പിന്നെ എന്നെ വിളിക്കുന്നത്. അവർ എപ്പോഴും എന്റെ ഫോൺ നമ്പർ വെയ്ക്കുമായിരുന്നു. പേഴ്സിൽ നിന്നും കിട്ടിയ ഫോൺ നമ്പറിൽ വിളിച്ചത് പോലീസുക്കാരാണ്. അവർ പോയ്സൺ കഴിച്ച് ആശൂപത്രിയിലാണ് എന്നുപറഞ്ഞു പിറെറ ദിവസം അവരുടെ ബന്ധുക്കളെ എല്ലാം കണ്ടശേഷം അവർ മരിച്ചു. ഈ സംഭവം എന്നെ വല്ലാതെ വേദനിപ്പിച്ചു അവരെ രക്ഷിക്കാൻ പററിയില്ലാലോ എന്ന കുററബോധം എന്നെ വല്ലാതെ വേദനിപ്പിച്ചു.

കുറച്ചു നാളുകൾക്കു ശേഷം വീണ്ടും പഴയതുപോലെ തുടർന്നു. ഇത്തവണ കുട്ടികളോടാണ് ബഹളം .ഇനി ഇയാളെ വെറുതെ വിട്ടാൽ പററില്ല എന്നു വിചാരിച്ച് പത്തൊൻപതു വീട്ടമ്മമാരുടെ ഒപ്പോടുകുടിയ പരാതി ഞങ്ങൾ പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും നൽകി ഞങ്ങളുടെ പരാതി കണ്ട സെക്രട്ടറി അത്ര കാര്യമായി എടുത്തില്ല. എന്നാൽ ഭരണസമിതിയുടെ പ്രത്യേകപരിഗണന കിട്ടി. ജനങ്ങൾ എന്നും കാണുന്നതും. കേൾക്കുന്നതുമായി തെമ്മാടിത്തരങ്ങളാണ് അയാളുടേത്. സർക്കിൾ ഇൻസ്പെക്ടർക്കും പരാതി നൽകി. രണ്ടാഴ്ച കഴിഞ്ഞപ്പോൾ പ്രതിയോടും

പരാതിക്കാരായ 4 സ്ത്രീകളോടും സ്റേറഷനിൽ ഹാജരാകാൻ പറഞ്ഞു. അയാൾക്ക് ഒരു കൂസലും ഇല്ല. എന്നാൽ പരാതിയിൽ ഒപ്പിട്ട എല്ലാവർക്കും ഒരു പേടി. ഞാൻ (ഒരു കുടും ബസ്ത്രീ പ്രവർത്തകമാത്രം) ഒരു ബാങ്ക് ഉദ്യോസ്ഥയും കൂടി ഹാജരായി .ഞങ്ങൾക്ക് ഇരിക്കാൻ കസേര തന്നു. അയാളെ നിർത്തി. പരാതിക്കേട്ട ഇ .കമുഷ്ടി ചുരുട്ടി എണീററപ്പോൾ വിറച്ചുപോ യി. പക്ഷേ പ്രതി കൂളായി നിൽക്കുകയായിരുന്നു. പക്ഷേ ഇ .ക ചാടി എണീററപ്പോൾ അയാൾ കരഞ്ഞു. ദൈവമേ ഇയാൾക്ക് ഇങ്ങിനെ ഒരു മുഖം കൂടി ഉണ്ടെന്ന് മനസിലായി ഇനി ആരേം ഉപ ദ്രവിക്കില്ലെന്ന് കരഞ്ഞുകൊണ്ട് അയാൾ പറഞ്ഞപ്പോൾ ഇനി ഉപദ്രവം ഉണ്ടായാൽ ഫോണിൽ വിളിച്ചാൽ മതിയെന്ന്.  ഞങ്ങൾ എത്തിയിരിക്കാമെന്ന്. ഇവനെ അന്ന് ശരിയാക്കമെന്നും പറഞ്ഞ് വിട്ടു. ഇതുവരെ അയാളെ പേടിക്കേണ്ടി വന്നിട്ടില്ല. എന്നെ കാണുമ്പോൾ തൊഴുതു പോകുന്നു. എന്തൊരത്ഭുതം അല്ലേ.

എന്നെ ഒരുപാട് ദു:ഖിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്ത ഒരു സംഭവം കൂടി എനിക്ക് ഒരിക്കലും മറക്കാനാവാത്ത സംഭവം എന്റെ ഏററവും പ്രിയപ്പെട്ട ഒരു വ്യക്തി കല്ല്യാണം കഴിഞ്ഞ് ഒരു കുഞ്ഞായതോടെ ഭാര്യയ്ക്ക് സൗന്ദര്യം ഇല്ലെന്ന് തോന്നിയ ഒരു ഭർത്താവ് സൗന്ദര്യം കണ്ടെത്തിയത് സ്വന്തം ചേട്ടന്റെ ഭാര്യയുടെ സൗന്ദര്യം ആസ്വാദിച്ച് തുടങ്ങിയത്. താൻ ജന്മം നൽകിയ കുഞ്ഞിനേയും ഭാര്യയേയും ഉപേക്ഷിച്ച് സ്വന്തം ജേഷ്ഠന്റെ  ഭാര്യയുടെ സൗന്ദര്യം ആസ്വദിക്കുന്ന കാലം.  കഥയിലെ അത്ഭുതമെന്ന് പറയേണ്ട കാര്യം  എന്താണെന്നോ ഓരോ അമ്പലങ്ങളിലും ജോത്സ്യന്റെ അടുത്തും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പോകു ന്നത് കാമുകിയും ഭാര്യയും കൂടിയാണ്. ഭാര്യയ്ക്ക് അറിയില്ല കൂട്ടുക്കാരിയാണ് ചതിക്കുന്ന തെന്ന്. കുറെ പണവും ജോത്സ്യനും, നേർച്ചയ്ക്കും വഴിപാടിനും ആയി കൈയ്യിലെ  പൈസ, ഗൽഫുക്കാരന്റെ ഭാര്യയെന്ന ലേബലേ അവർക്കുള്ളു. കുട്ടിയുടെ ആവശ്യങ്ങൾക്കും സ്വന്തം ആവശ്യത്തിനും തയ്യൽ പണി ചെയ്താണ് ഉണ്ടാക്കുന്നത് എന്നെ  കണ്ടപ്പോൾ എല്ലാ സങ്കടവും

പറഞ്ഞ കുട്ടത്തിൽ ചെറുതിലെ പഠിച്ച തയ്യലും വീട്ടിൽ നിന്നും കിട്ടിയ മെഷീനുമാണ് എന്നെ ജീവിക്കാൻ സഹായിക്കുന്നതെന്നും പറഞ്ഞു.

അധികമൊന്നും ആലോചിച്ചില്ല അവളെ കൂട്ടി അവൾപോകുന്ന  ജോത്സ്യനെ ഞാൻ പോയി കണ്ടു. അയാൾ പറഞ്ഞതനുസരിച്ച് അവളുടെ കൂട്ടുക്കാരിയായ ജേഷ്ഠത്തി തന്നെയാണ് കഥനായിക എന്നറിയാൻ കഴിഞ്ഞു. ഏങ്കിലും വളരെ രഹസ്യമായി അന്വേഷിച്ചു. സംഗതി ഒ. കെ. പിന്നെ ഒന്നും ആലോചിച്ചില്ല. നേരെ ആ സ്ത്രീയുടെ അമ്മാവന്മാരെ പോയി കണ്ട് കാര്യ ങ്ങൾ എല്ലാം പറഞ്ഞു. പററുമെങ്കിൽ ശരിയാക്കുക അല്ലെങ്കിൽ അടുത്ത ലീവിന് വരുമ്പോൾ ഞങ്ങൾ ഡൈവോഴ്സ് നോട്ടീസ് നൽകുമെന്ന് അറിയിച്ചു അതോടൊപ്പം അഭിമാനത്തോടെ പറഞ്ഞു എന്റെ കക്ഷിക്ക് മാന്യമായ കൈതൊഴിലുണ്ട് അവൾ ജീവിക്കും ആനാട്ടിൽ തന്നെ എന്നും പറഞ്ഞു. കാര്യങ്ങൾ വളരെ പെട്ടന്ന് നീങ്ങി എതിർപാർട്ടിക്ക് ഒരു ജോലിയും കൂലിയും ഒന്നുമില്ല. ഭർത്താവ് വീട്ടാൽ ജീവിതം നരകം തന്നെ. പിന്നെ അവൾ വിളിച്ച ദൈവങ്ങൾ വിളികേ ട്ടു. രണ്ടുപേരും(ഭർത്താക്കാന്മക്കന്മാർ) ഒരേ സമയം ലീവിൽ വന്നു. പിന്നെ ഒരു കളിയും നടക്കാ തെയായി. ഈഅടുത്തകാലത്ത് ഈ രണ്ടു ഫാമിലിയേയും ഞാൻ ഒരിടത്ത് കണ്ടുമുട്ടി വില്ലത്തി കഥനായിക ഒഴികെ ബാക്കി 3 പേരും അവരുടെ മക്കളും എന്റെ അരികിലെത്തി  എനിക്ക് വളരെ യധികം അഭിമാനം തോന്നിയ ഒരു നിമിഷമായിരുന്നു.അത്.

**പന്മിനി ഉണ്ണികൃഷ്ണൻ,**

**അരിമ്പൂർ**

## 8. ഭാഗ്യലക്ഷ്മി

ഞാൻ ഭാഗ്യലക്ഷ്മി. ഉഷസ് കുടുംബശ്രീ അംഗമാണ്. കുടുംബശ്രീ അംഗമായി. കുടുംബശ്രീ എന്ന മഹത്പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം. ഞാനും പിച്ചവച്ചു. കുടുംബശ്രീ രൂപീകരണ കാലഘട്ടം മുതൽ കുടുംബശ്രീ അംഗമാണ്.

അടുക്കളകളിൽ തളച്ചിട്ട സ്ത്രീത്വം, കുടുംബശ്രീയുടെ ആവിർഭാവത്തോടെ വ്യത്യസ്തമാനങ്ങൾ ഉൾക്കൊണ്ടു സുന്ദരമായ ഒരു അടുക്കളയിലൂടെ സുന്ദരമായകുടുംബം വാർത്തെടുക്കുക. എന്നതുപോലെ തന്നെ പ്രാധാന്യമേറിയതാണ്, സ്വയം പര്യാപ്തരായ സ്ത്രീകളിലൂടെ, സുന്ദരമായ സമൂഹം കെട്ടിപ്പടുക്കുകയെന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞകാലം, അന്ന് കുടുംബശ്രീയുടെ യഥാർത്ഥ അർത്ഥ തലങ്ങൾ മനസ്സിലാക്കുകയായിരുന്നു.

ഈ പൊതുലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ത്രീകൂട്ടായ്മയായിരുന്നു കുടുംബശ്രീ. പുരുഷകേന്ദ്രീകൃത സമൂഹത്തിന് ഒരു നല്ല ബദലായി. കുടുംബശ്രീ വളർന്നു. മഹാഭൂരിഭാഗം സ്ത്രീകളെപോലെ ഞാനും എന്റെ ചുരുങ്ങിയ കർത്തവ്യങ്ങളിലേക്ക് ഒതുങ്ങുന്ന ഒരു സമയമുണ്ടായിരുന്നു. പക്ഷെ കുടുംബശ്രീയുടെ യഥാർത്ഥ അർത്ഥ തലങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞതോടെ. കുടുംബശ്രീ ഒരു കൈതാങ്ങാക്കി ഞാനും സ്വയം പര്യപ്തതയിലെക്ക് നീങ്ങുകയായിരുന്നു.

കുടുംബശ്രീ വഴി ലഭിച്ച സ്വയം തൊഴിലിനുള്ള ലോൺ വഴി ഞാൻ നേടിയ, ചെറിയതെങ്കിലും മഹത്വമെന്ന് ഞാൻ കരുതുന്ന സ്വയം തൊഴിൽ വഴിയുള്ള ലാഭം എന്റെ കുടുംബത്തിനു തന്നെ അത്താണിയായി മാറുന്ന സ്ഥിതി വിശേഷത്തിന് വഴിവെച്ചു.

പൊതുരംഗത്തിന്റെ താളവും സ്പന്ദനവും എന്തെന്ന് തിരിച്ചറിയാനും സന്ദർഭോചിതവും, യുക്തിസഹജവുമായി പ്രതികരിക്കാൻ ഞാൻ പഠിച്ചതും ഈ മഹാസംരംഭത്തിന്റെ ഭാഗമായി കൊണ്ട് തന്നെ.

വിഷമങ്ങൾ പങ്കിടുക വഴി, എന്റെയും മറ്റുള്ളവരുടെയും മനസ്സുകൾ ഒന്നായിത്തിരുന്ന ഒരു പ്രക്രിയകൂടിയാണ് ഈ കൂട്ടായ്മയെന്ന്. ഞാൻ തിരിച്ചറിഞ്ഞിരിക്കുന്ന പോംവഴിയില്ലാതെ പ്രശ്നങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടിട്ടില്ലെന്ന് ഞാനും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. എല്ലാ പ്രശ്ന ങ്ങളും ജന്മമെടുക്കുന്നതും അതിനുള്ള ഒരു പരിഹാരവും. അതിന്റെ ഗർഭപാത്രത്തിൽ തന്നെയാ ണത് സത്യം. സ്ത്രീ സമൂഹത്തിന് ഒരിക്കൽ കൂടി മനസ്സിൽ ഉറപ്പിക്കാൻ ഈ കൂട്ടായ്മയിലെ ചർച്ചകൾ വഴി വെയ്ക്കുന്നുമുണ്ടെന്ന്. എനിക്ക് സാക്ഷ്യപ്പെടുത്താൻ കഴിയുന്നു.

ഇത് ഞാൻ എന്ന വ്യക്തിത്വത്തിന്റെ മാത്രം കാര്യമല്ല. സമൂഹത്തിലെ മഹാഭൂരിപക്ഷം സ്ത്രീകളുടെ കാര്യമാണ്, എന്റെ കുടുംബശ്രീ യൂണിറ്റിലെ ഓരോ അംഗവും സത്യമെന്ന് സാക്ഷ്യപ്പെടുത്തുന്ന യാഥാർത്ഥ്യം.ഇതൊരിക്കലും അനുഭവങ്ങളുടെ കേവലം കുറിപ്പല്ല. അനുഭവ ങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ അനശ്വര സത്യങ്ങൾ.

**ഭാഗ്യലക്ഷ്മി**

ഉഷസ്സ് കുടുംബശ്രീ

15-ാംവാർഡ്, കടവല്ലൂർ

## 9. ഷാജിമോൾ ബാലൻ.

**എ**ന്റെ പേര് ഷാജിമോൾ ബാലൻ. ഞാൻ താമസിക്കുന്നത് മറ്റത്തൂർ പഞ്ചായത്തിലെ ചുങ്കാൽ എന്ന സ്ഥലത്ത്. എന്റെ ഓർമ്മയിൽ 12 കൊല്ലം മുമ്പ് അന്നത്തെ വാർഡ് മെമ്പറുടെ അദ്ധ്യക്ഷത യിലാണ് കുടുംബശ്രീ വാർഷികം കെങ്കേമമായി നടത്തുവാൻ തീരുമാനിച്ചത്. കലാ മത്സര

ങ്ങൾക്കൊപ്പം അതിൽ ഒരു പ്രധാന അജണ്ടയും കൂടിയുണ്ടായിരുന്നു. എല്ലാ സംഘങ്ങളിലേയും ഒരു കൊല്ലത്തെ പ്രവർത്തന റിപ്പോർട്ട് സ്റ്റേജിൽ മൈക്കിനുമുമ്പിൽ നിന്ന് അവതരിപ്പിക്കുക എന്നത്. സെക്രട്ടറിയാണ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടതെങ്കിലും ആ വാർഷികത്തിൽ സംഘത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കേണ്ട ചുമതല പ്രസിഡന്റായ എന്നിൽ നിക്ഷിപ്തമായി. അധികമൊന്നും പുറത്തിറങ്ങുകയോ, മറ്റുള്ളവരുമായി അധികം സംസാരിക്കാത്ത ഞാൻ എങ്ങനെയാണ് ഇത്രയും ആളുകളുടെ മുന്നിൽ റിപ്പോർട്ട് അവതരിപ്പിക്കുക. പരിപാടി തുടങ്ങി, ഓരോരുത്തരും റിപ്പോർട്ട് അവതരിപ്പിച്ചു തുടങ്ങി. റിപ്പോർട്ട് വായനയല്ല ഞാൻ ശ്രദ്ധിച്ചത് കാണികളെയാണ്. അവരുടെ പ്രതികരണമാണ് ഞാൻ ശ്രദ്ധിച്ചത്. അങ്ങനെ എന്റെ സംഘത്തിന്റെ പേരും വിളിച്ചു. എല്ലാ ദൈവങ്ങളേയും വിളിച്ച് ഞാൻ സ്റ്റേജിൽ കയറി. സത്യം പറയാമല്ലോ, ഇപ്പോഴും എനിക്ക് അന്നത്തെ റിപ്പോർട്ട് വായനയെപ്പറ്റി ഓർക്കുമ്പോൾ നെഞ്ചിടിപ്പ് കൂടും. കാരണം ഞാൻ എങ്ങനെയാണ് റിപ്പോർട്ട് വായിച്ച് തീർത്തതെന്ന് എനിക്കിന്ന് ഓർക്കുവാൻ കഴിയുന്നില്ല. എങ്ങനെയൊക്കെയോ വായിച്ചുതീർത്തു പുറത്തിറങ്ങുമ്പോൾ ഞാൻ വിയർപ്പിൽ മുങ്ങിക്കുളിച്ചിരുന്നു. ഇത് എന്റെ ആദ്യാനുഭവം. തുടർന്നുള്ള വാർഡ് തല മീറ്റിങ്ങുകളിൽ സ്വാഗതം പറയുക എന്ന കർത്തവ്യം ഞാൻ സ്വമേധയാ ഏറ്റെടുക്കുവാൻ തയ്യാറായി. അങ്ങനെയാണ് എനിക്ക് മറ്റുള്ളവരെ അഭിമുഖീകരിച്ച് സംസാരിക്കുവാനുള്ള മടി മാറിയത്. ഇപ്പോൾ വിയർക്കാതെ, നെഞ്ചിടിക്കാതെ ചിരിച്ചുകൊണ്ട് ആളുകളെ അഭിമുഖീകരിക്കാനും, മൈക്ക് പിടിച്ച് സംസാരിക്കുവാനും എനിക്ക് കഴിയുന്നു. ഞാൻ ഇപ്പോൾ 17-ാം വാർഡിലെ മെമ്പറുംകൂടിയാണ്.

മെമ്പറാവുന്നതിനുമുൻപും സാമൂഹ്യപരമായി ഒത്തിരി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. 9 മാസം അംഗൻവാടി വർക്കറായി ഞാൻ ജോലി ചെയ്തിട്ടുണ്ട്. മെമ്പറായതിനു ശേഷമുള്ള ഒരനുഭവം വിവരിക്കാം. എന്റെ വീടിന്റെ പരിസരത്തെ 4 വീടുകളിൽ മദ്യവില്പന ഉണ്ടായിരുന്നു. എന്നും കുടിയും, നാട്ടിലും, വീട്ടിലും പ്രശ്നങ്ങൾ ഉണ്ടാക്കുക അവരുടെ ഒരു ഹോബിയായിരുന്നു. ഞാൻ മെമ്പറായി വരുന്നതിനുമുമ്പും ഇതൊരു സ്ഥിരം പരിപാടിയായിരുന്നു. വൈകുന്നേരമാകുമ്പാൾ കുടിയന്മാരുടെ ബഹളവും കൂടിതുടങ്ങി.

അതുകൊണ്ട്തന്നെ എനിക്ക് ഈ പ്രശ്നം ഭയങ്കരകീറാമുട്ടിയായി. പോലീസിൽ കംപ്ലെയ്ന്റ് ചെയ്താൽ, ഇത്രയും നാളും അവരോട് പിണക്കമൊന്നുമില്ലാതെ മുന്നോട്ടുപോയ ഞാൻ, പെട്ടന്നൊരുദിവസം അവർക്കെതിരെ കേസുകൊടുത്താലുള്ള ഭവിഷ്യത്താണ് ഞാൻ ആദ്യം ആലോചിച്ചത്. ഒരു പരീക്ഷണം എന്ന നിലയിൽ ഞാൻ ആദ്യം ആ വീട്ടുകാരുമായി നേരിൽ കണ്ട് സംസാരിച്ചു. എന്റെ പ്രശ്നങ്ങളെപ്പറ്റിയാണ് ഞാൻ അവരോട് സംസാരിച്ചത്. ഞാൻ ആ ഭാഗത്ത് മെമ്പറായി ഇരിക്കുമ്പോൾ ഇതിലൂടെ എനിക്കുണ്ടാവുന്ന പ്രശ്നങ്ങളെപ്പറ്റിയെല്ലാം ഞാൻ സംസാരിച്ചു. എന്റെ ഭാഗ്യം എന്താണെന്നറിയില്ല കുറച്ചുനാളുകൾക്കുള്ളിൽ തന്നെ അവർ മദ്യവിൽപ്പന നിർത്തി. ഇപ്പോൾ ആ പ്രദേശം കൂടുതൽ ശാന്തമാണ്. തുടക്കത്തിലെ എനിക്ക് കുടിയന്മാരുടെ കുറേ ചീത്തയൊക്കെ കേൾക്കേണ്ടി വന്നു. ഞാൻ അതൊന്നും ഗൗനിക്കാനേ പോയില്ല. ഇപ്പോൾ എനിക്ക് വല്ലാത്ത സന്തോഷം തോന്നുന്നു. അവരുടെ ചീത്തകേട്ട് ഞാൻ പിന്മാറിയിരുന്നെങ്കിൽ ആ പ്രദേശം കൂടുതൽ നശിച്ചേനേ.

കുടുംബശ്രീയിലൂടെ എനിക്ക് സാമ്പത്തികമായി നേട്ടംകൊയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഫൈവ്സ്റ്റാർ കുടുംബശ്രീയിലെ ഒരംഗംകൂടിയാണ് ഞാൻ. മെമ്പറായതിനുശേഷവും ഞാൻ ആ ജോലിക്ക് പോകുന്നുണ്ട്. എന്റെ സാമൂഹ്യപ്രവർത്തനങ്ങൾക്കും, അതോടൊപ്പം യൂണിറ്റിലെ ജോലി ചെയ്യുന്നതിനും എന്റെ സഹപ്രവർത്തകർ എനിക്ക് സമയം അഡ്ജസ്റ്റ് ചെയ്ത് തരാറുണ്ട്. അവർക്ക് എന്റെ നന്ദി ഞാൻ ഈ കുറിപ്പിലൂടെ അറിയിക്കുന്നു. 2006 ഏപ്രിൽ 1 നാണ് ഞങ്ങൾ ഫൈവ്സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് തുടങ്ങുന്നത്. മാർച്ചിലായിരുന്നു ഞങ്ങൾക്ക് ഇതിനുള്ള ട്രെയിനിങ് കിട്ടിയത്. കൊല്ലത്തായിരുന്നു ട്രെയിനിങ്.

ആ സമയം മക്കളുടെ പരീക്ഷാകാലഘട്ടമായിരുന്നു. എന്നിരുന്നാലും വീട്ടുകാരുടെ സഹകരണമാണ് ഞങ്ങളെ ആ ട്രെയിനിങിൽ പങ്കെടുക്കുവാൻ പ്രേരിപ്പിച്ചത്. അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് തുടങ്ങിയതിനുശേഷം ഒത്തിരി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഞങ്ങളുടെ ഈ

പ്പ്രീറൗരം വിറ്റുപോവുകയെന്നത്

വളരെയേറെ ബുദ്ധിമുട്ടുള്ളകാര്യമായിരുന്നു. കേരള ഗവൺമെന്റ് ആരോഗ്യമുള്ള അടുത്ത തലമു

റയെ വാർത്തെടുക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്തമാണ് ഞങ്ങളെ ഏല്പിച്ചിരിക്കുന്നത് എന്ന വ്യക്തമായ തിരച്ചറിവ് ഞങ്ങൾക്കുണ്ടായിരുന്നു. പരസ്യങ്ങളിൽ ആകൃഷ്ടരായ ജനങ്ങളെ അമൃതം എന്ന ന്യൂീറൗരേ നെപ്പറ്റി ബോധവൽക്കരിച്ചെടുക്കുവാൻ കഠിനപ്രയത്നം തന്നെവേണ്ടിവന്നു. ഇതിൽ ഞങ്ങളെ ഏറ്റവും കൂടുതൽ സഹായിച്ചത് അന്നത്തെ കുടുംബശ്രീ ചെയർപേഴ്സണായ രത്നച്ചേച്ചിയും ഡ.ഋ.ഛ. ആയ ഗോപീകൃഷ്ണൻ സാറും ആണ്. ഓരോ കുടുംബശ്രീ യൂണിറ്റിലും, വാർഡ്തലത്തിലും നടന്ന് വിറ്റുകിട്ടുന്ന പൈസകൊണ്ട് ഞങ്ങൾ ലോൺ മുടങ്ങാതെ അടച്ചു. ഈ കാലയളവിൽ ഒരു രൂപപോലും ശമ്പളം ഇനത്തിൽ എടുക്കുവാൻ ഞങ്ങൾക്ക് സാധിച്ചില്ല. ഒരു വർഷത്തോളം ശമ്പളമില്ലാതെ ജോലി ചെയ്ത ഞങ്ങൾക്ക് ആദ്യമായി കിട്ടിയ ശമ്പളം 200 രൂപയായിരുന്നു. ഓണം മേളയിൽ ന്യൂട്രിമിക്സ് വില്പന നടത്താൻ പോയ ഞങ്ങൾ ആ ദിവസങ്ങളിൽ വില്പന ലാഭമല്ലയെന്നു തോന്നിയപ്പോൾ പിറ്റേ ദിവസം മുതൽ ചായ കച്ചവടം തുടങ്ങി. അങ്ങനെയൊക്കെ ചെയ്ത് ഈ സംരംഭത്തെ പരമാവധി മുന്നോട്ടുനയിക്കുകയും, ഇപ്പോൾ ഞങ്ങൾക്ക് ഞങ്ങൾ ഓരോരുത്തരും ആഗ്രഹിച്ചപോലെ ഞങ്ങളുടെ വീടുകളിൽ സാമ്പത്തികമായി സഹായം എത്തിക്കുവാൻ സാധിക്കുന്നു. എന്റെ ജീവിതത്തിൽ എന്റെ പ്രിയപ്പെട്ടവർ ഈ 2011–2012 കാലഘട്ടത്തിൽ എന്നെവിട്ടുപിരിഞ്ഞു. ജീവിതത്തിൽ വലിയൊരു തിരിച്ചടിയായിരുന്നു എനിക്കിത്. പക്ഷേ എനിക്ക് സങ്കടപ്പെട്ടിരിക്കുവാൻ നേരമില്ല. എന്നും ഞാനവരെ ഓർക്കും. എന്റെ വ്യക്തിപരമായും, സാമൂഹ്യപരമായും, സാമ്പത്തികപരവുമായുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനും കുടുംബശ്രീയിൽ വന്നതിലൂടെ എനിക്ക് കഴിയുന്നു. ഇതിന് എന്നെ സഹായിക്കുന്ന എല്ലാവരേയും ഓർത്ത്, പ്രത്യേകിച്ച് ദൈവത്തോട് നന്ദിപറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി.

എന്ന്,

**ഷാജിമോൾ ബാലൻ**

**മറ്റത്തൂർ**

# 10.സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും ലോകത്തേക്ക്

ഒരു അനുഭവക്കുറിപ്പ് എഴുതണം എന്ന് ജില്ലാമിഷൻ പറഞ്ഞപ്പോൾ ആദ്യം ഓർമ്മ വന്നത് എനിക്ക് എന്റെ കുട്ടികാലമായിരുന്നു. അന്ന് സ്വന്തമെന്നു പറയാൻ അച്ഛനും അമ്മയും അഞ്ച് ആങ്ങളമ്മാരും രണ്ട് അനിയത്തിമാരുമാണ് എനിക്കുണ്ടായിരുന്നത്. അങ്ങനെയുള്ള ഞങ്ങളുടെ ആ വലിയ കുടുംബത്തിൽ കൂടപ്പിറപ്പുകളായി ഒരു പാട് കഷ്ടപ്പാടുകളും ഉണ്ടായിരുന്നു. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന എന്റെ വീട്ടുകാർ 17ാം വയസ്സിൽ എന്റെ വിവാഹം ഉറപ്പിച്ചു. പിന്നീട് 18 തികഞ്ഞപ്പോൾ ഒരു സുന്ദരമായ ഫെബ്രുവരി 10-ന് എന്റെ വിവാഹം കഴിഞ്ഞു. എന്റെ ഭർത്താവിന്റെ വീട്ടുകാർ ഞങ്ങളെപ്പോലെ തന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായിരുന്നു. അങ്ങനെ ഞാനും ഭർത്താവും, അച്ഛനും അമ്മയും, രണ്ട് അനുജൻമാരും. ഉള്ളത് ഓണം പോലെ കഴിയാം എന്ന് ചിന്തിച്ച് ഞങ്ങൾ ജീവിച്ച് പോന്നു. അങ്ങനെ ഇരിക്കുമ്പോൾ മകൻ പ്രണവ് രാജ് പ്രണോഷ് രാജ് എന്നീ രണ്ട് ആൺമക്കൾക്ക് ഞാൻ ജന്മം നൽകി. കുട്ടികളേയും നോക്കി ഉള്ള പണിയെടുത്ത് ഉള്ള ഭക്ഷണം കഴിച്ച് ഭർത്താവിനോടൊപ്പം കുടുംബത്തോടൊപ്പം ഞാൻ അടുക്കളയിൽ മാത്രം ഒതുങ്ങി ജീവിച്ച് പോന്ന് തുടങ്ങിയപ്പോൾ 1999 ജനുവരി 4-ന് ഞങ്ങളുടെ അംഗൻവാടി ടീച്ചറുടെ നേതൃത്വത്തിൽ ഒരു യോഗം വിളിച്ച് കൂട്ടി. അന്നാണ് കുടുംബശ്രീ എന്നു പറയുന്ന മഹത്തായ സംഘടനാ സംവിധാനത്തെ കുറിച്ച് അറിയാൻ ഇടയായത്. അന്നാണ് ഞങ്ങൾ അക്ഷര എന്ന പേരിൽ അയൽകൂട്ടം രൂപീകരിച്ചത്. പിന്നീട് ആ അയൽകൂട്ടത്തിന്റെ ഭാരവാഹികളെ തീരുമാനിച്ചപ്പോൾ ഞനൊന്ന് നടുങ്ങിപ്പോയി. കാരണം ആ അയൽകൂട്ടത്തിന്റെ പ്രസിഡണ്ടായി എന്റെ പേരാണ് നിർദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ അടുക്കളയിൽ മാത്രം ഒതുങ്ങി ജീവിച്ച ഞാൻ ഉത്തരവാദിത്തപ്പെട്ട ചുമതലകളുള്ള ഒരാളായി മാറി. ആ മാറ്റം പറഞ്ഞറിയിക്കാനാവാത്ത ഒരു മാറ്റം തന്നെയായിരുന്നു. പിന്നീട് പിന്നീട് ഞാനും എന്റെ അനുജത്തി ശ്രീജയും ഷീബയുമായി ആലോചിച്ചു, എങ്ങനെ ഈ അയൽകൂട്ടത്തിന്റെ തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കാമെന്ന്.

അന്ന് സെക്രട്ടറിയായ അനിതയും കൂട്ടുകാരി ഷീബയും ഇവർ എന്റെ ഒപ്പം ഉണ്ടല്ലോ. ആ ധൈര്യമാണ് പിന്നീട് എന്നെ കർമ്മനിരതയാക്കാൻ പ്രേരിപ്പിച്ചത്. ഏതെങ്കിലും ഒരു സംരഭ

ത്തിന്റെ ഉടമയായി നമുക്ക് മാറണമെന്ന് പറഞ്ഞപ്പോൾ ആവേശം ഇരട്ടിച്ചു. ആദ്യമൊക്കെ ചിന്തിച്ചത് 3സെന്റ് സ്ഥലം വാങ്ങി ഒരു കെട്ടിടമൊക്കെ നിർമ്മിച്ച് സംരംഭം തുടങ്ങണമെന്നായിരുന്നു. എന്നാൽ ആഗ്രഹം പല കാരണങ്ങൾകൊണ്ടും സാധിച്ചില്ല. എങ്കിലും എന്റെ മനസ്സിലെ ആ ആഗ്രഹങ്ങൾക്ക് ഞാൻ നിറം കൊടുത്തുകൊണ്ടിരുന്നു. അന്നത്തെ കുടുംബശ്രീ ഭാരവാഹികളുടെ നിർദ്ദേശപ്രകാരം മിനിറ്റ്സ് ബുക്കും സാമ്പത്തിക രജിസ്റ്ററും കൊണ്ടുപോയി അയൽകൂട്ടം ഗ്രേഡ് ചെയ്ത് ബാങ്കുമായി ലിങ്കുചെയ്തും 1,50,000 രൂപയാണ് അന്ന് ഞങ്ങൾ ലോണെടുത്തത്. അതിന് 50,000 ബ്ലോക്കിൽ നിന്ന് സബ്സിഡി കിട്ടി. സ്വന്തമായി കൃഷിഭൂമി വാങ്ങണമെന്ന ഞങ്ങളുടെ ആഗ്രഹം നടന്നു. 28 3/4 പറ നിലം പടിഞ്ഞാറെ കരിമ്പാടത്ത് അക്ഷരസംഘത്തിന്റെ പേരിൽ വാങ്ങി. ഞാനും ഷീബയും ശ്രീജയും രമണിയും കൂടി വ്യക്തി എന്ന നിലയിലും കൂട്ടായി നിലം പാട്ടത്തിന് പണി തുടങ്ങി. എല്ലാപണികളും ഞങ്ങൾതന്നെ ചെയതു. വരമ്പുവെയ്ക്കും വളം ഇടും. വീണ്ടിവലിയ്ക്കും. ഇതെല്ലാം ഞങ്ങൾ ചെയ്ത് കൊയ്ത്ത് കഴിഞ്ഞാൽ പാട്ടം കൊടുത്ത് പിന്നീടങ്ങോട്ട് സന്തോഷത്തിന്റേയും സമാധാനത്തിന്റേയും സമ്പദ്സമൃദ്ധിയുടേയും ദിനങ്ങളായിരുന്നു. അങ്ങനെ അരി മാത്രം കണ്ട് ശീലമുള്ള ഞങ്ങൾ മതിവരാത്ത നെല്ലിന്റെ ഉടമകളായി മാറി. സംഘകൃഷിയുടെ പേര് ഗ്രാമശ്രീ എന്ന് ഇട്ടു. പിന്നീട് അക്ഷര അയൽകൂട്ടത്തിലെ ഞാനടക്കമുള്ള 3 പേർ ചേർന്ന് 10 പറക്ക് നിലം വാങ്ങി. അന്ന് ഒരുപറ നിലത്തിന് 4,500 രൂപയുണ്ടായിരുന്നുള്ളൂ. ഇന്ന് ഒരുപറ നിലത്തിന് 45,000 രൂപയായി വർദ്ധിച്ചു. അങ്ങനെ നിലം വാങ്ങാനുള്ള ജ്വരം വീണ്ടും കൂടി വന്നു. നെൽകൃഷിയും പച്ചക്കറികളും മാറിമാറി കൃഷിചെയ്ത് ഉണ്ടാക്കിയ വരുമാനം ഉപയോഗപ്പെടുത്തി 14 1/2 പറക്ക് നിലം വാങ്ങി. ഒരു പറനിലത്തിന് 9,000 രൂപയായിരുന്നു. അത് ഞങ്ങൾ 4പേർ കൂടി വീണ്ടും നിലം വാങ്ങി. ഇപ്പോൾ അതിന് മതിപ്പ് വില 40,000 രൂപ ആണെന്ന് പറയാൻ വളരെയധികം അഭിമാനം ഉണ്ട്. ഈ പ്രവർത്തനങ്ങൾക്കുള്ളിൽ 2004-ൽ അമ്മയ്ക്ക് ക്യാൻസർ പിടിച്ചു. 1998-ൽ അച്ഛന് ക്യാൻസർ ആയി. 2 പേരും 2005-2006 കാലഘട്ടത്തിൽ മരിച്ചു. വല്ലാതെ എന്നെ വിഷമിപ്പിച്ചു. പിന്നീട് 2006-ൽ സഹോദരൻ പെട്ടെന്ന് മരിച്ചു. 2007-ൽ ചേച്ചി വെള്ളത്തിൽ വീണ് മരിച്ചു. ഇങ്ങനെയുള്ള സാഹ

ചര്യത്തിൽ ഞാൻ ഒരു നിമിഷം ചിന്തിച്ചപ്പോൾ ഇനി കുടുംബശ്രീ പ്രവർത്തനം നിർത്താം എന്ന് തോന്നി. പക്ഷേ എന്റെ ഭർത്താവ് പറഞ്ഞത് നീ തളരണ്ട. നീ തളർന്നാൽ നിന്റെ മക്കളെ നോക്കാൻ ആരും തന്നെ ഉണ്ടാകില്ല. എന്ന് എന്നോട് പറഞ്ഞു. നീ കുടുംബശ്രീ മീറ്റിംങ്ങിന് പോയിവായോ, വീട്ടിൽ ഇരിക്കണ്ട എന്ന് എന്ന് പറഞ്ഞ് വിടും. അങ്ങനെ എനിക്ക് വീണ്ടും കുടുംബശ്രീ പ്രസ്ഥാനത്തെകുറിച്ച് ഓർമ്മ വന്നു. ഈ കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ വ്യക്തി എന്ന നിലക്ക് 4,00,000 രൂപയുടെ കൃഷിസ്ഥലം കൂട്ടായ്മയോട് കൂടി സ്വന്തം വരുമാനം കൊണ്ട് വാങ്ങിക്കാൻ സാധിച്ചു.  എന്ന് കുടുംബശ്രീ പ്രസ്ഥാനത്തെ ഒറ്റ വാക്കിൽ അറിയിക്കയാണ്. കുടുംബശ്രീ മീറ്റിംങ്ങ് ആഴ്ചയിൽ കൂടുമ്പോൾ മീറ്റിംങ്ങിൽ പോകട്ടെ എന്ന് പേടിച്ച് വിറച്ചാണ് ചോദിക്കാറ്. ഇപ്പോൾ നാളെ കുടുംബശ്രീ മീറ്റിംങ്ങ് ഉണ്ട് പോയിവരാം എന്ന് പറയാൻ ധൈര്യം വന്നു. രണ്ട് തവണ അ.ഉ.ട ചെയർ പേഴ്സൺ, ഒരു പ്രാവശ്യം ഇ.ഉ.ട മെമ്പർ, ഒരു പ്രാവശ്യം ക്ഷണിതാവ്, അയൽകൂട്ടത്തിന്റെ സെക്രട്ടറി, ഖജാൻജി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഞാൻ ഇപ്പോൾ ഇ.ഉ.ട ചെയർപേഴ്സണുമായി. ഞാൻ ഇ.ഉ.ട ചെയർപേഴ്സൺ ആകുമെന്ന റിഞ്ഞ് ഒരുപാടു ശത്രുക്കൾ കടലിലെ തിരമാലകൾ കണക്കെ ആർത്തലച്ചപ്പോഴും ഞാൻ തളർന്നില്ല. അപ്പോഴും എന്റെ മനസ്സിൽ ഈ മഹത്തായ പ്രസ്ഥാനത്തിന്റെ ചിന്തകളായിരുന്നു. അങ്ങനെ 26/01/12 ന് ഇ.ഉ.ട ചെയർപേഴ്സൺ ആയി തിരഞ്ഞെടുക്കപ്പെട്ട എനിക്ക് ആദ്യം തോന്നിയത് അഗതി-ആശ്രയ കുടുംബങ്ങളെ പുതിയതായി കണ്ടെത്തി ആനുകൂല്യം കൊടുക്കണം, സംഘകൃഷി ശക്തിപ്പെടുത്തണം എന്നൊക്കെയാണ്. ജില്ലാമിഷൻ പറയുന്ന മുഴുവൻ കാര്യങ്ങളും നടപ്പിലാക്കുന്നതിൽ വളരെയധികം ശ്രദ്ധിക്കാറുണ്ട്. ഉ.ങ.ഇ മിനി രവിന്ദ്രനാഥ്, അ.ഉ.ങ.ഇ ബിന്ദുമേഡം, രാജിമേഡം, മായമേഡം എന്നിവരോട് എന്ത് സംശയം ചോദിച്ചാലും വളരെ സൗമ്യമായിതന്നെ അവ പരിഹരിച്ച് തരാറുണ്ട്. 33 പഞ്ചായത്തുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട സംഘകൃഷി അനുഭവസമാഹരണത്തിൽ നിന്ന് 1ാം സ്ഥാനം കിട്ടിയപ്പോൾ ഞാൻ ആദ്യം ഓർത്തത് എന്റെ കുടുംബശ്രീ പ്രസ്ഥാനത്തേയും എന്റെ കുടുംബത്തേയും സമൂഹത്തേയും ആണ്. 2 തവണ അന്നകര സർവ്വീസ് സഹകരണ ബാങ്കിന്റെ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ടി

ട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലൂടെ മേറ്റ് പരിശീലനം നേടി. മേറ്റായി പ്രവർത്തിച്ചിട്ടുണ്ട്. ഒരു മേറ്റ് ആവുന്നതിനേക്കാൾ സന്തോഷമായത് കുറെ തൊഴിലാളികളുമായി സൗഹൃദം പങ്ക് വെക്കാൻ കഴിഞ്ഞതിലാണ്. ഇതിനുള്ള അറിവ് നേടിത്തന്നത് നമ്മുടെ കുടുംബശ്രീ പ്രസ്ഥാനമാണ് എന്നത് അഭിമാനത്തോടെ പറയാൻ കഴിയും. ഞങ്ങളുടെ ഇ.ഉ.ട വാർഷികം ജൂലായ് 14 ാം തിയതി ശനി യാഴ്ചയാണ്. ഉൽഘാടനം മന്ത്രി മുനീർ ആണ് എന്ന് അഭിമാനത്തോടെ അറിയിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിലൂടെ 4,5 വർഷത്തെ അനുഭവം തെളിയിച്ചു കഴിഞ്ഞു.എനിക്ക് 2 വർഷം 100 ദിവസത്തെ തൊഴിൽ കിട്ടി 3–ാം വർഷം 89 ദിവസമാണ് തൊഴിൽ ചെയ്യാൻ കഴിഞ്ഞു ള്ളൂ.കാരണം അപ്പോഴേക്കും ഞാൻ സിയഡി.എസ് ചെയർപേഴ്സൻ ആയി.ഞാൻ 8–ാം വാർഡ് മേറ്റായി പ്രവർത്തിക്കുന്നു.തൊഴിലാളികളെ സംഘടിപ്പിച്ച് നിശ്ചിത വരുമാനം,തൊഴിൽ ചെയ്യാു ള്ളസന്നദ്ധത,ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായം ചെന്നവരേയും ഉൾക്കൊ ള്ളിച്ച് സാമൂഹ്യമായ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സന്നദ്ധത വ്യക്തി തലത്തിലും കുടുംബ തലത്തിലും സാമൂഹ്യതലത്തിലും തൊഴിലുറപ്പ് പദ്ധതിയിലൂടെ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. പുരുഷൻമാർ എടുക്കുന്ന പണികൾ സ്ത്രീകൾ ഏറ്റെടുത്ത് പണി തുടങ്ങി പുരുഷൻമാർക്ക് പണിയില്ല എന്ന് പറഞ്ഞ് എന്നെ ജനങ്ങൾ കുറെ കളിയാക്കുമായിരുന്നു.പക്ഷേ ഇന്ന് സ്തീകൾ കുളം വൃത്തിയാക്കൽ,തടം എടുക്കൽ,മഴക്കുഴി നിർമിക്കൽ,പുല്ല് വെട്ടൽ,കാന വൃത്തിയാക്കൽ,എ ന്നിങ്ങനെ ചെയ്ത് തുടങ്ങിയപ്പോൾ പുഷൻമാർക്ക് തോന്നി തുടങ്ങി ഈ സ്ത്രീകളെ പുരു ഷൻമാർ തോൽപ്പിച്ചാൽ തോൽക്കില്ല എന്ന്.ഇപ്പോൾ പുരുഷൻമാരും തൊഴിൽ കാർഡ് എടുത്ത് തുടങ്ങി.ഈ സാമൂഹ്യമായ പ്രവർത്തനത്തിൽ പങ്കാളിയാകാൻ എനിക്ക് കഴിഞ്ഞത് ഈ കുടും ബശ്രീ പ്രസ്താനത്തിലൂടെയാണ്.കുടുംബശ്രീയിൽ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ എനിക്ക് ഒരു പാട് കഴിവുണ്ടായി.അറിവുണ്ടായി.സംഘടന ശേഷിയുണ്ടായി.മറ്റുള്ളവരുമായി സംസാരിക്കാ നുള്ള അറിവുണ്ടായി.ഡ്രൈവിങ്ങ് ചെയ്യാൻ കഴിവുണ്ടായി.ആത്മവിശ്വാസം ഉണ്ടാക്കാൻ കഴി ഞ്ഞു.ബാലപാർലെന്റ് മീനകമ്മ്യൂണിക്കേഷൻ നടത്താൻ കഴിവുണ്ടായി.സംഘകൃഷിക്ക് പണിയെ ടുക്കാൻ കഴിവുണ്ടായി.കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്തം കൂട്ടാൻ കഴിമുണ്ടായി.

**ബിന്ദു സത്യൻ.**

**ഇ.ഉ.ട ചെയർപേഴ്സൺ,**

**മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്**

## 11.ഓർമ്മയിലൂടെ

കുടുംബശ്രീ 14–ാം വാർഷികത്തോടനുബന്ധിച്ചുള്ള അനുഭവ സമാഹരണ പുസ്തകയാത്ര

ഞാൻ പൂമംഗലം ഗ്രാമപഞ്ചായത്തിൽ 12–ാം വാർഡിൽ ധനലക്ഷ്മി അയൽക്കൂട്ടം അംഗ മാണ്. പേര് കവിത. ഭർത്താവും രണ്ട് കുട്ടികളും അടങ്ങുന്നതാണ് എന്റെ കുടുംബം.

6 വർഷങ്ങൾക്ക് മുമ്പ് ഞാൻ കുടുംബശ്രീ അംഗമായി. ചെറുപ്പം മുതലേ അൽപം ഉൾവ ലിഞ്ഞ സ്വഭാവമുള്ള ആളായിരുന്നു ഞാൻ. ആരുമായും അധികം സംസാരിക്കുവാനും സൗഹൃദ ങ്ങൾ സ്ഥാപിക്കുവാനും എനിക്ക് കഴിവില്ലായിരുന്നു. അയൽകൂട്ടത്തിൽ അംഗമായ എന്നെ സെക്രട്ടറിയായി തെരഞ്ഞെടുക്കുകയും, അതിലൂടെ സി.ഡി.എസ്. മെമ്പർ ആവുകയും ചെയ്തു. യോഗങ്ങളിലും മറ്റു ചർച്ചാവേളകളിൽ എന്റെ ഊഴം വരുമ്പോൾ തൊണ്ടവരളുകയും മുട്ടു വിറ യ്ക്കുകയും, കണ്ണിൽ ഇരുട്ട് കയറുകയും ചെയ്യുന്ന പ്രതീതിയാണ് ഉണ്ടാവാറ്. പലപ്പോഴും 'ഇതൊന്നും വേണ്ടായിരുന്നില്ല' എന്നു തോന്നിയിട്ടുണ്ട്. പക്ഷെ സമൂഹത്തിന്റെ പല തലങ്ങളിലു മുള്ള ആളുകളുമായി ഇടപഴകുകമൂലം എനിക്ക് അത്യാവശ്യം ധൈര്യമൊക്കെ വന്നു.

പലരുടെയും പല ദുഃഖങ്ങളിലും സന്തോഷങ്ങളിലും വിജയങ്ങളിലും അവരിലൊരാളായി പങ്കുചേരുവാൻ കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഒരുപാട് മുഖങ്ങൾ പരിചിതമായി.

ആയൽകൂട്ടത്തിലെ ഒരംഗത്തിന് ക്യാൻസർ രോഗം ബാധിച്ചപ്പോൾ മുൻകൈ എടുത്ത് മറ്റുള്ള അംഗങ്ങളെയും ചേർത്ത് ആ ചേച്ചിക്കു വേണ്ടി ചികിത്സ സഹായത്തിനുവേണ്ടി പല

രെയും സമീപിച്ചു. എന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സംതൃപ്തി തോന്നിയ നിമിഷങ്ങളായിരുന്നു അത്. ഞങ്ങൾ പണം പിരിച്ച് ആ ചേച്ചിയെ ഏൽപ്പിക്കുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ''ഈ കാശുകൊണ്ട് പോയി അടുത്ത ഇഞ്ചക്ഷൻ ചെയ്യും അതോടെ എന്റെ അസുഖം മാറോ കവിതേ'' എന്ന് ആ ചേച്ചി പറഞ്ഞു. തീർച്ചയായും അസുഖം മാറും – ഞാൻ ആശ്വസി പ്പിച്ചു.

പക്ഷെ ഞങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടില്ല. ആ ചേച്ചി ഇന്ന് ഞങ്ങൾക്കൊപ്പമില്ല. അവരുടെ കുടുംബശ്രീ സംബന്ധമായ ബാദ്ധ്യതകൾ എല്ലാ ഞാൻ എഴുതിതള്ളി. എനിക്ക് ആ സംഭവത്തോടെ ഒരു കാര്യം മനസ്സിലായി ആഘോഷങ്ങളിൽ ആയിരം ആളുകളോടൊപ്പം ആടിപ്പാടുന്നതിനേക്കാൾ നല്ലത് ഒരാളുടെ കണ്ണുനീർ തുടക്കുന്നതാണെന്ന്.

കുടുംബശ്രീ പ്രവർത്തനത്തിലൂടെ എനിക്ക് ജെന്റർ ആർ.പി. യായി സ്ത്രീ പദവി സ്വയം പഠനം പാഠപുസ്തകങ്ങൾ രചിക്കുന്ന ജില്ലാതല ടീമിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞു. ഇതിലൂടെ ''സ്ത്രീ പദവി''യെക്കുറിച്ച് ഉയർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിഞ്ഞു. സ്വയം ഒരു മതിപ്പ് തോന്നുവാൻ ഈ പ്രവർത്തനം കൊണ്ട് കഴിയുകയും അപകർഷതാ ബോധം വിട്ടകലുകയും ചെയ്തു.

മൈക്രോ ഫിനാൻസ്, സംഘകൃഷി, ബേലോ പരിശീലനം എന്നിവ സംബന്ധിച്ച പല പഞ്ചായത്തുകളിലും ക്ലാസ്സുകൾ എടുക്കുവാൻ പോകുവാൻ സാധിച്ചു. പഠിപ്പിക്കുക എന്നതിലുപരിയായി പലതും എനിക്ക് കൂടുതലായി പഠിക്കുവാൻ ഈ പ്രവർത്തനം കൊണ്ട് സാധിച്ചു.

കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഒരുപാട് നല്ല വ്യക്തികൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിങ്ങനെ പലതലങ്ങളിലുള്ളവരുമായി അടുത്തിടപഴകുവാൻ സാധിച്ചു.

കുടുംബശ്രീ ജില്ലാതല വാർഷികം, വിജയാനുഭവ സംഗമങ്ങൾ, എം. കെ. എസ്. പി. ഉദ്ഘാടനം എന്നിങ്ങനെ വളരെയധികം വലിയ ചടങ്ങുകളിൽ കേന്ദ്ര-ഗ്രാമ വികസന വകുപ്പു മായി ജയ്റാം രമേഷ് ഉൾപ്പെടെയുള്ള ഉന്നതരായ പലരുടെയും പ്രസംഗങ്ങൾ ജില്ലാമിഷനു വേണ്ടി ഡോക്യുമെന്റ് ചെയ്തുകൊടുക്കാൻ സാധിച്ചു. ഇതെല്ലാം എനിക്ക് കുടുംബശ്രീയിൽ വന്നതുകൊണ്ട് മാത്രമാണ് സാധ്യമായത്.

മനസ്സിലുള്ള കാര്യങ്ങൾ മറ്റുള്ളവരോട് മുഖത്തുനോക്കി തുറന്നുപറയുവാനും, ചോദിച്ചറിയു വാനും, മുട്ടുവിറക്കാതെ ഒരു സദസ്സിനെ അഭിമുഖീകരിച്ച് സംസാരിക്കുവാനും ചെറിയ രീതിയി ലെങ്കിലും ഇന്നെനിക്ക് കഴിയുന്നുണ്ട്.

കവിത

ധനലക്ഷ്മി അയൽക്കൂട്ടം

12-ാം വാർഡ

**.പൂമംഗലം**

## 12.ജീവിതനൗക

കുടുംബശ്രീയിൽ അംഗമാകുന്നതിന് മുമ്പും കുടുംബശ്രീയിൽ അംഗമാകുന്നതിന് ശേഷവും ഉള്ള ജീവിതകഥയ്ക്ക് **ജീവിതനൗക**_നാമ നിർദ്ദേശം നൽകുന്നു

' ഈശ്വരാ സമയം ഏഴ്മണി ആയെന്നാതോന്നണേ '. പെര ഇത്തവണ മേയാത്തതിനാൽ ചിതൽ പിടിച്ച് ദ്രവിച്ചുപോയ കരിമ്പനപട്ട. കരിമ്പനപട്ടയുടെ ഉള്ളിലൂടെ വെളിച്ചം മുഖത്തേയ്ക്ക് അടിച്ചപ്പോഴാണ് കണ്ണ് ഉണർന്നത്. തലേ ദിവസം ഭക്ഷണം കഴിക്കാനില്ലാത്തതിനാൽ ആ ക്ഷീണത്തിൽ ഉറങ്ങിപോയതാണ്.

അപ്പുറത്തുനിന്നും കുട്ടികൾ കരയുന്നുണ്ട്. അമ്മയോട് കാപ്പി ചോദിച്ചിട്ടാകും. കാപ്പി ഉണ്ടാക്കണമെങ്കിൽ കാപ്പിപ്പൊടിയും, ശർക്കയും ഇല്ല. ആറുമണിക്ക് അടുത്തുള്ള തമ്പുരാക്കൻമാരുടെ വീട്ടിലേക്ക് മുറ്റമടിക്കാൻ പോയിട്ടുവരുമ്പോൾ എനിക്ക് തരുന്ന ചായയുടെ പലഹാരവുമായി ഏഴുമണിയാവുമ്പോഴേക്കും വിട്ടിലെത്താറുണ്ട്.ഇന്ന് ഒരുപാട് വൈകി. എന്റെ അച്ഛന്റെയും, അമ്മയുടേയും ആറു മക്കളിൽ രണ്ടാമത്തെ കുട്ടിയാണ് ഞാൻ.രോഗിയായ അമ്മയ്ക്ക് എന്റെ താഴെയുള്ള കുട്ടികളെ ശുശ്രൂഷിക്കാനും വീട്ടുജോലികൾ ചെയ്യുവാനും കഴിയുമായിരുന്നില്ല.കുടുംബത്തിലെ മൂത്തപെൺകുട്ടി എന്നതിനാൽ വീട്ടുജോലികളും മറ്റും എന്റെ ചുമതലയിലായി. അതുകൊണ്ട് തന്നെ എനിക്ക് പഠിച്ച് നല്ല നിലയിൽ എത്തിചേരാൻ കഴിയാതെയായി..ഞാൻ പഠിക്കുന്ന

സമയത്ത് ഉച്ചഭക്ഷണമായി കഴിക്കുന്നത് ഒരുപിടി ഗോതമ്പ് ഉപ്പുമാവും പച്ചവെള്ളവുമാണ്.ഒരു ദിവസം ഞാൻ ഉപ്പുമാവ് കിട്ടാതെ വിശന്നിരിക്കുന്നത് എന്റെ ടീച്ചർ കണ്ടിട്ട് എന്നെ ക്ലാസ്സിൽ വിളിച്ചുകൊണ്ടുപോയി എന്നോടുപറഞ്ഞു ‘മോളെ ഞാൻ ചോറുകൊണ്ടുവന്നിട്ടുണ്ട്.അത് മോളു കഴിച്ചോളു’.എന്നാൽ എന്നെ അമ്മ പറഞ്ഞു പഠിപ്പിച്ചിട്ടുണ്ട് ആര് എന്ത് തന്നാലും വാങ്ങി കഴിക്ക രുത് എന്ന്.ഞാൻ ചോറ് വേണ്ടെന്ന് പറഞ്ഞു. എന്നാൽ ആ നല്ല മനസ്സുള്ള എന്റെ ടീച്ചർ എനിക്ക് ഒരു ന്യൂസ് പേപ്പർ എടുത്ത് ക്ലാസ്സ് റൂമിന്റെ ഒരു മൂലയിൽ വിരിച്ച് ചോറ് വിളമ്പി തന്നു.ആ ചോറിന്റെ രുചി, അച്ചാറും കൂർക ഉപ്പേരിയും ഓർക്കുമ്പോൾ ഇപ്പോഴും വായിൽ വെള്ളം വരും അത്രക്കും സ്വാദായിരുന്നു ആ ചോറിന്.

ഞാൻ പത്താംക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് എന്റെ അനിയന് ഹാർട്ടിന് അസുഖമായത്.അവന്റെ ചികിത്സക്കുവേണ്ടി ആശുപത്രിയിൽകൊണ്ടു പോകാനും മറ്റും ഞാൻ തന്നെയാണ് ഉണ്ടായിരുന്നത്.അവൻ അമ്മയുടെ അടുത്തേക്ക് പോകില്ലായിരുന്നു. അവന് എപ്പോഴും വല്യേച്ചി മതി. ഒരു ദിവസം അവൻ എന്റെ മടിയിലിരുന്നു. ഞാൻ അവൻ ഉറങ്ങാൻ വേണ്ടി പാട്ടുപാടി കൊടുക്കുമായിരുന്നു.അവൻ എന്റെ പാട്ടു കേട്ട് മടിയിലിരുന്ന് സുഖമായി ഉറ ങ്ങി. ഉച്ചയ്ക്ക് കഞ്ഞിവെന്തപ്പോൾ അമ്മ കുട്ടിക്ക് കുടിക്കാൻ കൊണ്ടു വന്നു. അമ്മ എന്റെ കൈയ്യിൽ നിന്ന് കുട്ടിയെ എടുക്കുകയും പെട്ടെന്ന് ഉച്ചത്തിൽ നിലവിളിക്കുകയും ചെയ്തു.അപ്പോഴാണ് ആ സത്യം എനിക്കുമനസ്സിലായത്. എന്റെ കുഞ്ഞനുജൻ ഒരിക്കലും ഉണ രാത്ത ഉറക്കമായിരുന്നു അതെന്ന്.അതിനുശേഷം എന്റെ അമ്മ പൂർണ്ണമായും മാനസികരോഗി യായി മാറി. അതോടെ എന്റെ പഠിത്തം പൂർണ്ണമായും അസ്തമിച്ചു കഴിഞ്ഞു..

പിന്നീട് രണ്ട് വർഷത്തിന് ശേഷം എന്റെ വിവാഹം കഴിഞ്ഞു. വേണ്ടത്ര വിദ്യാഭ്യാസമോ, വിവരമോ, മററുള്ളവരുമായുള്ള സമ്പർക്കമോ ഇല്ലാതിരുന്ന എനിക്ക് തൊട്ടടുത്തുള്ള വീട്ടി ലേക്ക് പോകാൻ പോലും കഴിയില്ലായിരുന്നു.എന്നാൽ ഒരു ദിവസം ബസിൽ വെച്ച് എന്റെ തൊട്ട ടുത്തുള്ള വീട്ടിലെ മഹിളാ അസോസിയേഷന്റെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന കെ.

വി. നഫീസ, അവരുമായി പരിചയപ്പെട്ടു.അന്ന് ആ ചേച്ചി എന്നോട് പറഞ്ഞു 'കുട്ടീ , നിങ്ങളുടെ കോളനിയിൽ ഒരു കുടുംബശ്രീ രൂപീകരിക്കണം.അതിന്റെ സെക്രട്ടറി നീ തന്നെ ആകണം'. എന്നാൽ കുടുംബശ്രീ എന്താണെന്നോ സെക്രട്ടറി എന്താണെന്നോ അിറിയില്ലായിരുന്നു.എന്നാൽ അടുത്ത വർഷം തന്നെ രൂപീകരിക്കുകയും അഞ്ചംഗവളണ്ടിയർമാരിൽ ഒരംഗമാവുകയും ചെയ്തു.അടുത്ത വർഷം തന്നെ സെക്രട്ടറി ആവുകയും ചെയ്തു.ഒരു ലോകപരിചയും ഇല്ലാത്ത ഞാൻ എ.ഡി.എസ്സായി ഇപ്പോൾ ഞാൻ സി.ഡി.എസ്സായി പ്രവർത്തിക്കുന്നു. ഇപ്പോൾ എനിക്ക് നല്ല മാറ്റം സംഭവിച്ചിട്ടുണ്ട്.പതിനാല് വർഷം മുമ്പ് ഉണ്ടായിരുന്ന ആളല്ല ഞാൻ. എന്നെ എ.ഡി.എസ്സ്. ആയി തെരഞ്ഞെടുത്തനു ശേഷം എനിക്ക് മാറ്റ് ആയി ജോലി ചെയ്യാൻ കഴിഞ്ഞു.തൽഫലമായി ഞങ്ങളുടെ വാർഡിലെ മുഴുവൻ തൊഴിലാളികളുടെ സ്നേഹം പിടിച്ചുപറ്റാൻ കഴിഞ്ഞു. എനിക്ക് കിട്ടുന്ന സ്നേഹം തിരിച്ചുകൊടുക്കാനും കഴിയുന്നുണ്ട്. ഒരു പാട് സ്നേഹനിധികളായ സുഹൃത്തുക്കളെ കിട്ടി.

ഞങ്ങളുടെ അമൃത കുടുംബശ്രീയിൽ പതിനാറ് അംഗങ്ങളുണ്ട്. ഇതിൽ മുഴുവൻ പേർക്കും എൻ.ആർ.ഇ.ജി.എസ്സിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്ത് കൊടുക്കാൻ സാധിച്ചു. ഇതിന്റെ ഫലമായി ഇവർക്ക് ഇന്ന് ഒരോ ദിവസവും 164 രൂപ വരുമാനമാർഗ്ഗം ഉണ്ടായിട്ടുണ്ട്. സ്വന്തമായി ഒരു മൊട്ടുസൂചിപോലും വാങ്ങാൻ കഴിഞ്ഞിട്ടില്ലാത്ത ഇവർക്ക് ഇന്ന് സ്വന്തം വരുമാനം കൊണ്ട് ഡ്രസ്സ് വാങ്ങിക്കാനും, വീട് മോടിപിടിപ്പിക്കാനും, വീടുപകരണങ്ങൾ വാങ്ങിക്കാനും കഴിയുന്നുണ്ട്.

ബാങ്ക് എക്കൗണ്ട് എന്താണെന്ന് അിറയാത്ത ഞങ്ങൾക്ക് ഇന്ന് കുടുംബശ്രീയുടെ ഓരോരുത്തർക്കും 3200 രൂപ വീതം എക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയുന്നുണ്ട്. കുടുംബശ്രീയിൽ നിന്ന് വായ്പ എടുത്ത് ഓരോരുത്തരുടെ വീടുകളിലെ വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നുണ്ട്.

പഠിക്കുന്ന കാലത്ത് പോലും ഒരു സ്റ്റേജിൽ കയറാൻ അവസരം ലഭിക്കാത്ത ഞങ്ങൾ ഇത്ത വണ കുടുംബശ്രീയുടെ പഞ്ചായത്ത് വാർഷികത്തിന് ഞങ്ങൾക്ക് സ്റ്റേജിൽ കയറാനും ഒരു നാട ൻ കലാരൂപം അവതരിപ്പിക്കാനും, നല്ല കൈയ്യടി കിട്ടാനും സാധിച്ചു. ഈ കുടുംബശ്രീ സംവി ധാനം ഞങ്ങൾക്കൊരു അനുഗ്രഹമായി കാണുന്നു.

ഞാൻ മാനസികമായി നേരിട്ട ഒരു വിഷമം ഇതിനാൽ വിവരിക്കുന്നു. ചെറിയ മൂന്നു കുട്ടി കളും ഭാര്യയും ഉള്ള ഒരു യുവാവ് തൊട്ടടുത്തുള്ള ഒരു സ്ത്രീയെയും കൂട്ടി നാടുവിട്ടുപോയി. മൂത്തത് പെൺകുട്ടി 10 വയസ്സ് പ്രായം. അതിന് താഴെ രണ്ട് പെണ്ടകുട്ടികൾ. ഈ മൂന്ന് കുട്ടി കൾക്ക് ഭക്ഷണം കൊടുക്കാനും അവരെ വളർത്തിയെടുക്കാനും പക്വതയും പ്രാപ്തിയും ഇല്ലാത്ത ആ യുവതി മരണത്തിന്റെ വക്കോളമെത്തി. അച്ഛനോ, അമ്മയോ ഇല്ലാത്ത ആ യുവതി യെയും, മക്കളെയും ആരു സംരക്ഷിക്കും.

എന്നാൽ സമുദായത്തിന്റെ നിയമമനുസരിച്ച് ഉപേക്ഷിച്ചുപോയ ഭർത്താവിനെ അന്വേഷിച്ചു കൊണ്ടുവന്ന് അതിനുശേഷം സമുദായചടങ്ങു പ്രകാരം സഭകുടി അയാളുടെ തീരുമാനം എന്താ ണെ ന്ന് ചോദിച്ചു. സ്വന്തമായി വരുമാനം ഇല്ലാത്ത ഇയാൾ പറയുകയാണ് ഞാൻ രണ്ട് ഭാര്യമാ രെയും നോക്കികൊള്ളാമെന്ന്. ഈ സഭയിൽ നിന്നും രക്ഷപെടാനുള്ള തന്ത്രമാണ് ഇതെന്ന് മനസ്സിലാക്കിയ എനിക്ക് അവിടെ പ്രതികരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഞാൻ ഉടനെ തന്നെ ചോദിച്ചു. 'ഇയാൾ എങ്ങനെ നോക്കുമെന്നാണ് പറയുന്നത്. രണ്ട് കണ്ണുകൾ കൊണ്ടോ?' ഈ ചോദ്യം അവിടെ വളരെയധികം കോലാഹലം സൃഷ്ടിച്ചു. കാരണം എന്തെന്നാൽ അവിടെ ഒരു പുരുഷൻമാരുടെ സഭയാണ് കൂടിയിരിക്കുന്നത്. ഈ സഭയിൽ ഒരു പെണ്ണിന് സംസാരിക്കാ നുള്ള യോഗ്യത ഇല്ലല്ലോ? എനിക്കു വേണ്ടി അല്ലെങ്കിൽ മരണത്തിന്റെ വക്കോളമെത്തി നിൽക്കുന്ന നാല് ജീവനുവേണ്ടി ഒരൊറ്റ സ്ത്രീകൾ പോലും ശബ്ദം ഉയർത്തിയില്ല. അവിടെ ഞാൻ ഒറ്റപെട്ടുപോയി. ഈ ഒരു സാഹചര്യം എന്നെ വല്ലാതെ വേദനിപ്പിച്ചു. ഈ കുടുംബശ്രീ

പ്രസ്ഥാനത്തിലൂടെ നമ്മൾ വളർന്നുവന്നു എന്നു പറയുന്നുണ്ടെങ്കിലും ഇപ്പോഴും നമുക്ക് അഭിപ്രായ സ്വാതന്ത്യം ലഭിക്കുന്നില്ലല്ലോ?

എന്നാൽ കുടുംബശ്രീ സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളത് ഇങ്ങനെ ഒരു സാഹചര്യം നമുക്കാണ് ഉണ്ടായതെങ്കിൽ നമ്മൾ ഒറ്റകെട്ടായി നിന്ന് പ്രതികരിക്കേണ്ടത് നമ്മുടെ ആവശ്യമല്ലേ?

ഈ കുടുംബശ്രീ പ്രസ്ഥാനം എക്കാലവും നിലനിൽ ക്കട്ടെ എന്നും ഇതുവഴി സ്ത്രീകൾ ഉന്നതങ്ങളിൽ എത്തിചേരാനും, ആവശ്യമുള്ള സാഹചര്യങ്ങളിൽ പ്രതികരണശേഷിയും ഉണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് എന്റെ ***ജീവിതനൗക*** എന്ന കഥ ഇവിടെ സമാഹരിക്കുന്നു.

ശ്രീവള്ളി,

അമൃത കുടുംബശ്രീ

എളവള്ളി,

************************************************************************************************
**

## 13.ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ

ഋതുഭേദങ്ങൾക്ക് നിറം കൊടുത്ത ഭൂതകാലത്തേക്കൊരു തിരിഞ്ഞുനോട്ടത്തിലാണ് ഇത് തുടങ്ങുന്നത്. എന്റെ കളിപ്രായങ്ങൾ എവിടെയോ മറഞ്ഞ് നിന്ന് എന്നെ ശ്രദ്ധിക്കുന്നു. ഒപ്പം എന്റെ അമ്മയും. കുട്ടിക്കാലത്തും, കൗമാരപ്രായത്തിലും യൗവ്വനകാലഘട്ടങ്ങളിലും എന്നെ ആകർഷിച്ചിരുന്ന ചില കാഴ്ചകളുടെ ചാരുത എനിക്കു മറക്കാനാകുന്നില്ല. മറ്റുള്ളവരുടെ ആവ ശ്യങ്ങൾ അർപ്പണബോധത്തോടെ ചെയ്യുന്ന എനിക്കു മുന്നേ നടന്നു പോയവരുടെ സഹനത്തി

ന്റേയും ലക്ഷ്യബോധത്തിന്റേയും വഴി എനിക്ക് മാതൃകയായി. മണ്ണുത്തി അഗ്രികൾചറൽ ആഫീസിൽ പ്യൂണായി ജോലി ചെയ്തിരുന്ന അച്ഛൻ. അച്ഛൻ ജീവിതത്തിൽ നിന്നും മടങ്ങുമ്പോൾ എനിക്ക് 6 മാസം പ്രായം. 4 മക്കളെ വളർത്തിയെടുക്കാൻ അമ്മ കഷ്ടപ്പെട്ടു. ജീവിത വേദനകൾക്കിടയിലും, സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും ഞങ്ങൾ എങ്ങനെയോ ജീവിച്ചു. ഫാമിലി പെൻഷൻ മാത്രം വരുമാനമുള്ള അമ്മ ഞങ്ങളെ പഠിപ്പിച്ചു.

കുട്ടിക്കാലത്ത് സ്കൂളിൽ പോകുമ്പോൾ ഒരു സ്ലേറ്റ് പെൻസിൽ പോലും എനിക്ക് കിട്ടിയിട്ടില്ല. അച്ഛൻ തന്നതാണ് ഈ ഉടുപ്പ് എന്ന് കുഞ്ഞുന്നാളിൽ കൂട്ടുകാരോട് പത്രാസോടെ പറയാൻ ഞാൻ കൊതിച്ചിട്ടുണ്ട്. വൈകീട്ട് സ്കൂൾ വിടുന്ന നേരത്ത് കുട്ടികളെ കൊണ്ടുപോകാൻ അവരുടെ അച്ഛനമ്മമാർ വരും. സ്വന്തം അച്ഛന്റെ കൈയ്യിൽ തൂങ്ങി കൂട്ടുകാരികൾ 'ടാറ്റാ' പറയുമ്പോൾ ഇലാസ്റ്റിക് ഇട്ട് അടക്കി വച്ച പുസ്തകകെട്ട് നെഞ്ചോട് ചേർത്ത് ഞാൻ സ്കൂൾ വരാന്തയിലെ തൂണിൽ ചാരി നിറകണ്ണുകളോടെ നോക്കി നിൽക്കും. എന്റെ അച്ഛന്റെ കൈവിരൽതുമ്പു പിടിച്ച് ഞാൻ പിറന്ന മണ്ണിൽ ഒരു ചുവട് ചെക്കാനോ, അച്ഛൻ പറയുന്ന ഒരു കഥ കേൾക്കാനോ, ഭാഗ്യമുണ്ടായിട്ടില്ല. എനിക്ക് എല്ലാം അമ്മയായിരുന്നു. സ്നേഹനിധിയായ അമ്മ, കൂട്ടുകാരിയായ അമ്മ, എന്റെ കർമ്മപഥത്തിന്റെ വഴിവിളക്കായിരുന്ന അമ്മ. ഒരുപാട് ഉപദേശങ്ങൾ തരികയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. എന്നിൽ നിന്നും അമ്മ പിരിഞ്ഞിട്ട് രണ്ട് വർഷം കഴിഞ്ഞു.

ഒല്ലൂക്കര ബ്ലോക്കിൽ നടത്തറ പഞ്ചായത്തിലെ പൂച്ചട്ടി ഹരിജൻ കോളനിയിലാണ് ഞാൻ ജനിച്ച വീട്. സമൂഹത്തിലെ അരക്ഷിതാവസ്ഥകളിൽ കുരുങ്ങിയ നിരാശ്രയർക്കായി പ്രത്യേകിച്ച് എന്റെ നാട്ടിൽ പാവപ്പെട്ട സ്ത്രീകൾക്കുവേണ്ടി ഒരു മഹിളാസമാജ കെട്ടിടം ഒപ്പം ബാലവാടി അന്നത്തെ 'സമഗ്രമാതൃശിശുസംരക്ഷണ കേന്ദ്രം' പണിതുയർത്തുന്നതിന് മഹിളകളുടെ ഒരു കൂട്ടായ്മയുടെ പ്രവർത്തനം തുടങ്ങി വെക്കുന്നതിനും കൂടി എന്റെ അമ്മയും നാട്ടിലെ അമ്മമാരും ഏറ്റെടുത്ത പ്രയത്നം എന്റെ മനസ്സിനെ വളരെ സ്വാധീനിച്ചു.

നാട്ടിൽ നിന്നും പിരിച്ചെടുക്കുന്ന തേങ്ങ, പച്ചക്കറികൾ, എന്നിവ വൈകുന്നേരങ്ങളിൽ ലേലം ചെയ്ത് പണം സ്വരൂപിക്കും. കൂടാതെ സംഭാവന കിട്ടിയ പണവും കെട്ടിടം പണിയാൻ തികയാതെ വന്നു. 'നായരു പിടിച്ച പുലിവാല്' എന്ന സിനിമ ധനശേഖരണാർത്ഥം നടത്തി. അമ്മമാരുടെ കൂടെ അന്ന് ഞാനും എന്നോടൊപ്പമുള്ള കൂട്ടുകാരികളും നാട്ടിൽ പിരിവിനിറങ്ങി. അക്കാലത്ത് നല്ലൊരു ബാലവാടി കെട്ടിടം പണിതു തീർത്തു. നടത്തറ പഞ്ചായത്തിൽ അന്ന് ഞങ്ങളുടെ 'മഹിളാസമാജം' പ്രവർത്തനം – ഹരിജൻ കോളനിയിൽ സ്ത്രീകളുടെ കൂട്ടായ്മയിൽ ഞാനും സജീവമായി. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ സമൂഹത്തിലിറങ്ങാനും, പൊതു രംഗത്ത് പ്രവർത്തിക്കാനും എനിക്ക് ധൈര്യവും ആവേശവും തന്നത് അന്നത്തെ പ്രവർത്തനങ്ങളാണ്. വ്യക്തിപരമായ എന്റെ മാറ്റങ്ങളുടെ ഉറവിടമാണത്. എന്നെ സംബന്ധിച്ചിടത്തോളം ഇത്രയും ഇവിടെ പറയാതിരിക്കാൻ കഴിയില്ല.

സ്കൂൾ കാലഘട്ടങ്ങളിൽ പാഠ്യേതര വിഷയങ്ങൾ ഞാൻ സാധാരണയായി പങ്കെടുക്കാറുണ്ട്. സ്കൂൾ യുവജനോത്സവങ്ങളിൽ എല്ലാ വർഷവും (നൃത്തം, കഥ, കവിത) എന്നീ ഇനങ്ങൾക്ക് സമ്മാനങ്ങൾ കിട്ടാറുണ്ട്. അമ്മയും 3 ഏട്ടൻമാരും എനിക്ക് വളരെ പ്രോത്സാഹനം തന്നിരുന്നു. കോളേജ് തലത്തിൽ പ്രി.ഡി.ഗ്രി ഗവ. കോളേജിൽ പഠിക്കുമ്പോൾ കഥയെഴുതി. 'അക്കിത്തം' എഴുതിയ ഒരു പുസ്തകം അന്ന് സമ്മാനമായി ലഭിച്ചു. 2 വർഷക്കാലം ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ്–മലയാളം ഗ്രേഡ് നേടി. കേരളവർമ്മ കോളേജിൽ ബിരുദത്തിന് സാമ്പത്തിക ശാസ്ത്രമാണ് തിരഞ്ഞെടുത്തത്. അക്കാലത്ത് സാമൂഹിക–രാഷ്ട്രീയ രംഗങ്ങളിൽ കൂടുതൽ സജീവമാകാൻ എനിക്ക് കഴിഞ്ഞു. വിവാഹാനന്തരം ചൂണ്ടൽ പഞ്ചായത്തിലെ മത്തനങ്ങാടിയിൽ താമസമാക്കി. കൂട്ടുകുടുംബത്തിലേയ്ക്കായിരുന്ന വിവാഹം കഴിഞ്ഞ് വന്നത്.

അന്ന്, ചൂണ്ടൽ പഞ്ചായത്തിൽ സംസ്ഥാനതലത്തിൽ നടന്നിരുന്ന 'സാക്ഷര കേരളം അക്ഷരകേരളം' എന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി എന്റെ വാർഡിലും (ഇന്നത്തെ തക–ാം വാർഡ്) മത്തനങ്ങാടി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ സാക്ഷരതാ ഇൻസ്ട്രക്ടറായി ഞാൻ. രാത്രിയിൽ ഞാൻ വൃദ്ധരെ അക്ഷരം പഠിപ്പിക്കാൻ പോകുമായിരുന്നു. കാരണം, പ്രായമാ

യവർ ഏറെയും കൂലിപണിക്കു പോകുന്ന നിർധനരായിരുന്നു. അന്ന് ഭർതൃഗൃഹത്തിൽ നിന്നും എനിക്കെതിരെ കുറച്ച് അഭിപ്രായങ്ങൾ ഉയർന്നു വന്നു. സ്ത്രീ എന്നും അച്ചാറിനിട്ട ഉപ്പുമാങ്ങ യാണ് എന്ന വിശ്വാസം പ്രബലമാണ്. രാത്രിയിൽ യാത്ര ചെയ്യരുത്, തന്നിഷ്ടം ചെയ്യരുത്, അട ക്കവും ഒതുക്കവും വേണം. ഞാൻ ആശയക്കുഴപ്പത്തിലായി. എന്റെ ഭർത്താവിന്റെ ആശ്വാസവാ ക്കുകളും, പൂർണ്ണ പിന്തുണയും ലഭിച്ചു. എങ്കിലും ചോദ്യചിഹ്നങ്ങൾ ഉയർന്നു.

അന്നൊന്നും എല്ലാ വീട്ടിലും വൈദ്യുതി ഇല്ല. ഭർത്താവ് 'എ ജീസ്' ആഫീസിലെ ഉദ്യോഗ സ്ഥനാണ്. തൃശൂർ ആഫീസിലേക്ക് മാറ്റം കിട്ടി വന്നപ്പോൾ, എല്ലാ ദിവസവും രാത്രി എന്നേയും കൂട്ടി സാക്ഷരതാ സെന്ററുകളിൽ എത്തുമായിരുന്നു. പട്ടികജാതി മേഖലകളിൽ നിന്നും, ലക്ഷം വീട് കോളനികളിൽ നിന്നും കൂലിപ്പണി കഴിഞ്ഞു വന്നാൽ കുളി കഴിഞ്ഞ് തൊഴിലാളികൾ 'സാക്ഷരത' പഠിക്കാൻ വരും. ചിലർ ചൂട്ടുവെളിച്ചവുമായി കുടുംബസമേതം വരും. മണ്ണെണ്ണ വിള ക്കിന്റെ വെളിച്ചത്തിലും അക്ഷരം പഠിക്കാൻ വരുന്നവരുടെ ഉത്ഹാസം ആവേശമുണർത്തും. സ്ത്രീ പുരുഷ ഭേദമെന്യേയുള്ള ആ ഉണർവ്വ് മാറ്റത്തിന്റെ ഭാഗമാണെന്നു തോന്നി. അവർക്ക് സ്വന്തമായി പേരെഴുതാനും ഒപ്പിടുവിക്കാനും എനിക്ക് സാധിച്ചു. ആദ്യമൊക്കെ പഠനം അവർക്ക് തമാശയായിരുന്നു. മണ്ണെണ്ണ വിളക്കിലെ വെളിച്ചത്തിൽ 'റ' വരച്ച ചിത്രങ്ങളിലൂടെ വൃദ്ധർ ചിരിച്ചു കളിച്ചിരുന്നു.

ദിവസങ്ങൾക്കുശേഷം അവർ അച്ചടക്കത്തോടെ, ചിട്ടയോടെ, പഠനത്തിലേക്ക് നീങ്ങി. മണിച്ചേച്ചിയുടെ ഉമ്മറത്ത് അക്ഷരക്കളരിയുടെ പ്രകാശത്തോടൊപ്പം ഞങ്ങൾ ഒത്തുകൂടി. ലോഹ്യം പറച്ചിലും, വിശേഷങ്ങളും പഠനവും രാത്രി വളരെ വൈകുന്നതുവരെ ക്ലാസ്സെടുക്കും. ക്ലാസ്സ് കഴിഞ്ഞ് മഴുവഞ്ചേരിയിൽ നിന്ന് മത്തനങ്ങാടിയിലേക്ക് എന്നെ തിരിച്ചുകൊണ്ടു പോകുന്ന തിന് ഭർത്താവ് വരും. ഗർഭിണിയായപ്പോൾ രാത്രി സഞ്ചാരത്തിന് വിലക്കായി. പരിഹാസവും എതിർപ്പും കലർന്ന വാക്കുകൾ എനിക്ക് പതിവായി കേൾക്കേണ്ടി വന്നു. വീട്ടുകാരെ വെറുപ്പി ക്കാതിരിക്കാൻ ഭർത്താവ് ശ്രമിച്ചു. എന്നിട്ടും എന്റെ അഭിപ്രായം അനുസരിച്ച് ഞാൻ തുടങ്ങി

വെച്ചത് പൂർത്തീകരിക്കാൻ ചേട്ടൻ എനിക്ക് സമ്മതം തന്നു. മഴുവഞ്ചേരിയിലെ എന്റെ പ്രവർത്ത നങ്ങളുടെ നേട്ടം സാക്ഷരതാ രംഗത്താണ്.

പഞ്ചായത്തിൽ സാക്ഷരതാ പ്രഖ്യാപനത്തിന്റെ ഭാഗമായി എല്ലാ സാക്ഷരതാ പ്രവർത്ത കരും സാക്ഷരതാ ഗാനങ്ങൾ പാടി പഠിച്ചു. എല്ലാ വാർഡുകളിലും ഇതിന്റെ പ്രചരണാർത്ഥം പോകുവാനും പങ്കെടുക്കുവാനും എനിക്ക് കഴിഞ്ഞു. കേച്ചേരി സവിത തിയ്യറ്ററിൽ വച്ച് ചൂണ്ടൽ പഞ്ചായത്ത് സാക്ഷരതാ പ്രഖ്യാപനം നടത്തി. ഞങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിച്ചു. ഏഴു വർഷക്കാ ലങ്ങൾക്കിടയിൽ സ്വന്തമായി ചെറിയ ജോലികൾ ഞാൻ ചെയ്തു. കുട്ടികൾക്ക് ട്യൂഷനെടുത്തു. മക്കളെ പുറനാട്ടുകര കേന്ദ്രീയ വിദ്യാലയത്തിൽ ചേർത്തു പഠിപ്പിച്ചിരുന്ന കാലത്താണ് ചൊവ്വ ന്നൂർ ബ്ലോക്കിന്റെ കീഴിൽ ഒരു സ്ത്രീ കൂട്ടായ്മ ഉടലെടുക്കുന്നതിന്റെ ഭാഗമായി സ്ത്രീ ശാക്തീക രണ രൂപീകരണത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. കുട്ടികൾ സ്കൂളിൽ പോയിക്കഴിഞ്ഞാൽ വീട്ടിലെ പണികൾ കഴിഞ്ഞ് തയ്യൽ പഠിക്കാൻ പോയി. ശേഷിക്കുന്ന സമയം എന്തെങ്കിലുമാകാ നും, പ്രവർത്തിക്കാനും ഞാൻ ആഗ്രഹിച്ചു. അന്നത്തെ വാർഡുമെമ്പറുടെ നിർദ്ദേശ പ്രകാരം 20 വീടുകളിൽ ഞാൻ കയറിയിറങ്ങി. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചും, സാമ്പത്തിക ഭദ്രത ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാനവരോട് സംസാരിച്ചു. വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ ഞങ്ങൾ യോഗം ചേർന്നു. യോഗത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് സാമ്പ ത്തിക ഭദ്രത അടിത്തറയാകേണ്ടതിനെക്കുറിച്ചും, കൂട്ടുത്തരവാദപ്പെട്ട സ്ത്രീ കൂട്ടായ്മ വാർത്തെടു ക്കുന്നതിനും അവരെ ബോധ്യപ്പെടുത്തി കൊടുത്തു. പതിനൊന്നാം വാർഡിൽ ആദ്യമായി 20 പേരടങ്ങുന്ന സ്ത്രീകളുടെ കൂട്ടായ്മ ''ഐശ്വര്യ'' എന്ന പേരിൽ പിറവിയെടുത്തു. 21–01–2002–ൽ ഐശ്വര്യ സ്വയം സഹായ സംഘത്തിന്റെ സെക്രട്ടറിയായി ചുമതലയെടുത്തു. അക്കാലത്ത് ഞങ്ങളുടെ വാർഡിൽ 'ജനനി' എന്ന സംഘവും മാത്രമേ ഉണ്ടായിരുന്നുള്ളു. ശേഷം പുതിയ 7 സംഘങ്ങൾ കൂടി രൂപീകരിച്ചുകൊടുക്കുന്നതിന് എനിക്ക് സാധിച്ചു.

എന്റെ സംഘത്തിന്റെ ഒന്നാം വാർഷികം വളരെ ആഘോഷത്തോടെ ഞങ്ങൾ കൊണ്ടാടി. എല്ലാവർക്കും ഒരേ യൂണിഫോം സാരി എടുത്തു. ഗംഭീരമായി നാടൻപാട്ട് ടീമിനെ സംഘടിപ്പി

ച്ചു. അംഗങ്ങളുടെ കുട്ടികൾക്ക് കലാപരിപാടികൾ നടത്തുന്നതിന് വേദിയൊരുക്കി. എല്ലാ കുടുംബാംഗങ്ങളും പങ്കെടുത്തു. പഞ്ചായത്ത് അധികൃതർ, ബാങ്ക് മാനേജർ, വി.ഇ.ഒ., ബ്ലോക്ക്തല ഉദ്യോഗസ്ഥർ എന്നിവരെ യോഗത്തിൽ പങ്കെടുപ്പിച്ചു. അതേവർഷം തന്നെ ഞങ്ങളുടെ വാർഡിൽ (പ്രദേശത്ത്) ഒരു കൂടിച്ചേരലിന്റേയും ഒത്തുകൂടലിന്റേയും സന്തോഷങ്ങൾക്ക് അവസരമായി നാനാജാതി മതസ്ഥർ ഉള്ള ഈ പ്രദേശവാസികളിൽ സുഹൃദ് വലയങ്ങൾ സൃഷ്ടിക്കുന്ന ഐക്യത്തിനും വഴിയൊരുക്കി. സ്ത്രീശക്തി കൂട്ടായ്മയിൽ നിന്നും എല്ലാ വീടുകളിലെ അംഗങ്ങളും പ്രത്യേക പരസ്പരം സ്നേഹവും ബഹുമാനങ്ങളും നൽകി വന്നു. സ്ത്രീകൾക്ക് സംഘബോധത്തോടൊപ്പം സമ്പാദ്യശീലവും, സ്വന്തം കാലിൽ നിൽക്കാനുള്ള സാമൂഹ്യമാറ്റത്തിനുള്ള ബോധമുണ്ടാക്കാനും ഈ കുടുംബശ്രീ കൂട്ടായ്മ വളർത്തുന്ന അവസരം വഴിയൊരുക്കി.

സ്ത്രീകൾക്ക് ഏത് പ്രശ്നങ്ങളും തുറന്നു പറയാനും, ചിരിക്കാനും, കരായും, അറിവുകൾ ലഭിക്കുന്നതിനുള്ള ചർച്ച ചെയ്യാനും പുതിയ വേദിയായി പല വീടുകളും മുറ്റങ്ങളും ഉയർന്നു വന്നു.

പിന്നീട് വാർഡിനകത്ത് പല സംഘങ്ങൾ രൂപീകരിക്കുന്നതോടൊപ്പം, മറ്റു പല വാർഡുകളിലും കുടുംബശ്രീ രൂപീകരിക്കുന്നതിന് നേതൃത്വം കൊടുക്കാനും എനിക്ക് സാധിച്ചു. ഇതിൽ നിന്നും വിട്ടുനിന്ന ഒരുപാട് സ്ത്രീകൾ, പ്രത്യേകിച്ച് മുസ്ലീം വനിതകൾ പൊതുരംഗത്തേക്ക് കടന്നുവരാനും, അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും സാമൂഹ്യമാറ്റത്തിന്റെ അതിരില്ലാത്ത ഉന്നതങ്ങളിലേക്ക് സ്ത്രീകളുടെ കുതിപ്പ് കുടുംബശ്രീ കൂട്ടായ്മയിലൂടെ ഉണ്ടായി. ശ്രമകരമായ ഇടപെടലിന്റെ ശ്രമഫലമായാണ് ഇത് സംഭവിച്ചത്. നിരന്തരമായി അവരുടെ പ്രശ്നങ്ങളിൽ ഇടപ്പെട്ടു. സംശയങ്ങൾ ക്രമീകരിച്ചു. ഇപ്പോൾ വാർഡിനകത്ത് 9 കുടുംബശ്രീ ഉണ്ട്. ഞങ്ങൾ എല്ലാ കുടുംബശ്രീകളും ഒത്തുചേർന്ന് വാർഡിനകത്ത് സംയുക്ത വാർഷികം നടത്തി. അതിനു ഞാൻ തന്നെ മുൻകൈ എടുത്തു. യാതൊരു എതിർപ്പുകളും ഇല്ലാതെ എല്ലാ അംഗങ്ങളും സഹകരിച്ചു. വാർഡ് മെമ്പറുടെ മുഴുവൻ സഹായത്തോടെ ബാങ്ക്, ബ്ലോക്ക്, പഞ്ചായത്ത് തല ഉദ്യോ

ഗസ്ഥർ പങ്കെടുത്തു. ഉദ്ഘാടനവും, സമാപനപൊതു യോഗത്തിനുശേഷം കുടുംബശ്രീ അംഗങ്ങളുടേയും അവരുടെ കുട്ടികളുടേയും കലാപരിപാടികളും നടത്തി.

കലാ-സാംസ്കാരികരംഗത്ത് ചെറുപ്പത്തിലേ ശോഭിച്ചിരുന്നതുകൊണ്ട്, പത്ത് സ്ത്രീകളെ വാർഷിക പരിപാടിയുടെ 'രംഗപൂജ' അവതരണത്തിന് ഞാൻ നൃത്തം പഠിപ്പിച്ചു. ഞങ്ങൾ പത്ത് പേർ, അമ്മമാർ സമൂഹത്തിന്റെ മുന്നിലേക്ക് നാണം മറന്ന്, ഒത്തുകൂടി സ്റ്റേജിൽ കയറി നൃത്തം ചെയ്തു. ഇതു വരെ സ്റ്റേജിൽ, ഒരു വാക്കു പറയാൻ പോലും പറ്റാത്ത പലർക്കും ജീവിതത്തിൽ ഏറ്റവും മറക്കാനാകാത്ത പ്രധാന സംഭവമായിരുന്നു ഇത്. ഞങ്ങളുടെ നാടിനെ ആഹ്ലാദിപ്പിച്ച ആദ്യത്തെ സ്ത്രീകളുടെ ഒരു പരിപാടിയായിരുന്നു ഇത്. നാട്ടുകാർ ഞങ്ങളെ അഭിനന്ദിച്ചു. കുടുംബശ്രീ ഉണ്ടായതിനുശേഷം ലഭിക്കുന്ന വേറിട്ട ഒരനുഭവവും അംഗീകാരവുമായിരുന്നു അത്.

ഈ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടത്തിൽ, എല്ലാവരേയും ഒന്നിച്ചു നിർത്തുന്നതിനും, പ്രവർത്തനം നല്ല രീതിയിൽ ഇന്നും കൊണ്ടുപോകുന്നതിനും ഒരുപാട് ഞങ്ങൾ ബുദ്ധിമുട്ടി. നമ്മുടെ പഞ്ചായത്തിലും, നാട്ടിലും നടക്കുന്ന വിവിധ്ദ്ദേശ്യ യോഗങ്ങൾ, സെമിനാറുകൾ, ഗ്രാമ സഭകൾ, ക്ലാസ്സുകൾ എന്നിവയിലെല്ലാം ഒരുപാട് സ്ത്രീകളെ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. മുമ്പെ, ഇത്തരം ഇടപെടലുകളുടെ ഭാഗമായിട്ടായിരിക്കണം പഞ്ചായത്തിന്റെ കാലങ്ങളായുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ എനിക്കും ഒരു ക്ഷണക്കത്ത് പതിവായിരുന്നു. ഗ്രാമസഭകളിൽ സജീവമായി ഇടപെടാൻ തുടങ്ങി. ഹെൽത്തിന്റെ ആരോഗ്യ സെമിനാറുകളിൽ പങ്കെടുത്തു. പഞ്ചായത്തു തലത്തിൽ കുടുംബശ്രീ അംഗീകരിച്ചതോടെ വാർഡടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളിൽ നിന്നും എ.ഡി.എസ്. സെക്രട്ടറിയായി തിരഞ്ഞെടുത്തു. അതിലൂടെ പഞ്ചായത്ത്തല ബി.ഡി.എസ്. തെരഞ്ഞെടുപ്പിലും പങ്കെടുത്തു. കുടുംബശ്രീയുടെ കൂട്ടായ ഈ സംരഭത്തിന്റെ വളർച്ച കൂടുതൽ ശക്തമാകാനും, പഞ്ചായത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ സംഘബോധം കൂടുതൽ സ്ത്രീകളെ കുടുംബശ്രീ രംഗത്തേക്കും പൊതുപ്രവർത്തനവേദിയിലേക്കും ആകർഷിച്ചു. കുടുംബശ്രീകൾ പെരുകിതുടങ്ങി.

ഞാൻ 2 തവണ സി.ഡി.എസ്. മെമ്പറായി. ഇത് എനിക്ക് സമൂഹത്തിൽ കൂടുതൽ ഇടപെടുന്നതിനും എന്നെ തിരിച്ചറിയാനും സഹായമായി. എന്റെ പ്രവർത്തനങ്ങൾ പ്രാദേശികതലത്തിൽ കൂടുതൽ വളർത്തിയെടുക്കാൻ, ജനങ്ങൾ അവസരം തന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഞാൻ മത്സരാർത്ഥിയായി. 22 വോട്ടിന്റെ കുറവിൽ തോറ്റു. മനസ്സിന് വളരെ വേദന തോന്നി. ഇത്രയും വർഷം പൊതുരംഗത്ത് സജീവമായിട്ടും, മുഴുവൻ പേർക്കും എന്നെ തിരിച്ചറിയാൻ കഴിഞ്ഞില്ലല്ലോ. എന്റെ കുറവുകളെ ഞാൻ പഠിക്കാൻ ശ്രമിച്ചു. സ്വയം വിമർശിച്ചു. ഇനി ഈ പണിക്കില്ലെന്ന് തോന്നിയ അവസരങ്ങൾ. എന്നെ വേണ്ടാത്തിടത്ത് ഞാൻ എന്തിന്? എന്നുപോലും ചിന്തിച്ചു. പക്ഷേ, എനിക്ക് സമൂഹത്തോടുള്ള പ്രതിബന്ധതയാകാം, എന്റെ മനസ്സിനെ പ്രവർത്തന മണ്ഡലങ്ങളിലേക്ക് വലിച്ചിഴച്ചു. ഒരു ഉപതെരഞ്ഞെടുപ്പിലൂടെ 250 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ഞാൻ ജനപ്രതിനിധിയായി. വളരെ പേടിയുണ്ടായിരുന്നു. കാരണം, 2 വർഷം പിന്നിട്ടതിനുശേഷമുള്ള തെരഞ്ഞെടുപ്പാണ്. പകുതിയിൽ നിന്ന് തുടങ്ങണം. ജനങ്ങൾക്ക് എന്നാലാവുംവിധം ഗവണ്മെന്റ് ആനുകൂല്യങ്ങളും അവകാശങ്ങളും എത്തിയ്ക്കാനാവുമോ? എന്ന ആശങ്ക.

രണ്ടര വർഷക്കാലം ജനപ്രതിനിധിയായി. എന്റേതായ ഒരഡ്രസ്സ് ഈ സമൂഹത്തിൽ ഉണ്ടാകാൻ ഒരു വനിത ജനപ്രതിനിധി എന്ന നിലയിൽ ജനങ്ങൾക്ക് ഉപകാരം ചെയ്യാൻ കഴിയണം എന്ന പ്രത്യാശയാൽ, ഭരണ പക്ഷത്തുനിൽക്കാനും കഴിഞ്ഞു. പദ്ധതി ആസൂത്രണങ്ങളുടെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഭൂമി, വീട്, മരുന്ന്, കുടിവെള്ള പദ്ധതികൾ എന്നിങ്ങനെയുള്ള വികസനപദ്ധതികൾ നേടിയെടുത്തു. അർഹരെ തെരഞ്ഞെടുത്തതിൽ ചിലർക്ക് വേദനയും ഉണ്ടായി. അലലാഹ്യം പറച്ചിലും നേരിട്ടും. എന്നാലും, എന്റെ വാർഡിനുവേണ്ടി (പെരുമല ഹരിജൻ കോളനിയിലെ) ജില്ലാപഞ്ചായത്തിന്റെ ബ്ലോക്ക്തല മീറ്റിംഗിൽ പങ്കെടുത്ത്, ഒരു പഞ്ചായത്തിനു മാത്രം നൽകുന്ന ഒരു പ്രൊജക്ട് (കോളനി ദത്തെടുക്കൽ) വാർഡ് പതിനൊന്നിന് നേടിയെടുക്കാനായി.

3 കുടിവെള്ള പദ്ധതികൾ, പുതിയ ആധുനിക സൗകര്യങ്ങളോടു കൂടിയ ഇരുനില അംഗനവാടി കെട്ടിടം, സ്വയം തൊഴിൽ സാമ്പത്തിക വായ്പകൾ, സ്വയം തൊഴിൽ ഉപകരണങ്ങൾ,

വാദ്യോപകരണങ്ങൾ എന്നിങ്ങനെ ജനപ്രതിനിധി എന്ന നിലയിൽ വ്യക്തിപരമായ മാറ്റങ്ങളിൽ ഞാൻ അഭിമാനിക്കുന്നു. ഇപ്പോൾ കുടുംബശ്രീ സെക്രട്ടറി മുതൽ സി.ഡി.എസ്. വൈസ് ചെയർപേഴ്സൺ എന്ന നിലയിലേക്ക് എത്താനായി. അറിവിന്റെ ലോകത്തേക്ക് കടന്നു ചെല്ലാൻ കിട്ടുന്ന എല്ലാ അവസരങ്ങളും ഞാൻ മാറ്റി നിർത്തിയിരുന്നില്ല. സി.ഡി.എസ്. ആയതിനുശേഷം, ജില്ലാ മിഷൻ തന്നിട്ടുള്ള പരിശീലനങ്ങൾ (തിരുവനന്തപുരം, തൃശൂർ (റസിഡൻഷ്യൽ) തുടങ്ങിയ വയിലെല്ലാം പങ്കെടുത്തു. അറിവിന്റെ ലോകത്തേക്ക് അറിയാതെ നീങ്ങി തുടങ്ങി.

12-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ സംസ്ഥാന കുടുംബശ്രീ മിഷൻ തുടങ്ങിവെച്ച സ്ത്രീപദവി സ്വയം പഠന പ്രക്രിയയിൽ പങ്കാളിയായി. എന്റേതായ ഒരിടം എവിടേയും ഉണ്ടാക്കി യെടുക്കാൻ മുൻകാലങ്ങളിലും ശ്രമിച്ചിരുന്നു. സ്കൂൾ എം.പി.ടി.എ. പ്രസിഡന്റ്, അംഗനവാടി താൽക്കാലിക വർക്കർ സ്ത്രീപക്ഷകാഴ്ചപ്പാടുള്ള മഹിള സംഘടനയിലെ പഞ്ചായത്ത്തല സെക്രട്ടറി മുതൽ ഏരിയ വൈസ് പ്രസിഡന്റ്, രാഷ്ട്രീയ രംഗത്ത് ലോക്കൽ കമ്മറ്റി അംഗം, തൊഴിലുറപ്പ് തൊഴിലാളി, ജാഗ്രതാ സമിതി അംഗം, എന്നീ അവസരങ്ങളിലൂടെ കടന്നു വരാനായി ട്ടുണ്ട്. നിർഭയ ബാല പാർലമെന്റിനോടനുബന്ധിച്ച് എന്റെ വാർഡിൽ 4 ബാലസഭകൾ രൂപീകരി ച്ചു. ബാലപാർലമെന്റ്, മീന കമ്മ്യൂണിക്കേഷൻസ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നതിന് സജീവമായി ഇടപ്പെട്ടു. 'ജെന്റർ' കുന്നംകുളം മുനിസിപ്പാലിറ്റിയിൽ 2 സി.ഡി.എസ്.ന് ക്ലാസ്സെടു ക്കാൻ സാധിച്ചു. അവർ തന്ന പ്രോത്സാഹനവും, സഹകരണവും ഈ രംഗത്ത് എനിക്ക് ശോഭി ക്കാനാവുമെന്ന് ആത്മവിശ്വാസം ഉണ്ടായി.

സ്ത്രീ കാഴ്ചപ്പാടിന്റെ നേർക്കു നേരെയുള്ള അഭിപ്രായങ്ങളുടേയും സ്ത്രീ ആർജ്ജിച്ചെടു ക്കുന്ന ധൈര്യത്തിന്റേയും, ചെറുക്കലിന്റേയും, പ്രതികരിക്കലിന്റേയും ഉന്നതങ്ങളിലേക്കുള്ള ഒരു വിലയിരുത്തലാണ് ഈ പുസ്തകയാത്രയിലുടനീളം കാണുന്നത്. സ്ത്രീക്ക് ലഭിക്കുന്ന സാമ്പ ത്തിക ഭദ്രതയുടെ തുടക്കം ഒരു കെട്ടുറപ്പിന്റെ ഊർജ്ജം പകരുന്ന ഒന്നാണ്.

സംസ്ഥാന കുടുംബശ്രീ മിഷന്റെ അനുഭവക്കുറിപ്പ് പുസ്തകയാത്രയുടെ ഭാഗമായി എഴു താൻ കിട്ടിയത്, മനസ്സിനകത്ത് ഞാൻ അടച്ചുവെച്ചിരുന്ന നമ്മുടെ ഒരുപാട് പ്രശ്നങ്ങൾ മറ്റുള്ള

വർക്ക് മുന്നിൽ തുറന്ന് പറയാൻ കിട്ടിയ അവസരമാണ്. നമ്മളെ ചെറിയ ഒരു എഴുത്തുകാരാക്കുക എന്ന സന്ദേശം കൂടി ഇതിൽ ഉൾക്കൊള്ളുന്നു. ഇതിലൂടെ സ്വയം ശക്തി ആർജ്ജിക്കുന്നതിനും, സമൂഹത്തിൽ പ്രവർത്തിക്കാനുള്ള പ്രചോദനവും ധൈര്യവും കുടുംബശ്രീ പ്രസ്ഥാനം വഴിയൊരുക്കുന്നു.

ജില്ലാമിഷന്റെ നേതൃത്വത്തിൽ തൃശൂർ ബിഷപ്പ് ഹൗസിൽ നടന്ന ഫോർച്ചൂണ ഗ്രൂപ്പിന്റെ കീഴിൽ നടന്ന റസിഡൻഷ്യൽ പരിശീലന പരിപാടിയിൽ (മഞ്ഞുരുക്കൽ) രാത്രിയിൽ ഞങ്ങളുടെ അനുഭവങ്ങളിലൂടെ മനസ്സ് തുറക്കാൻ കിട്ടിയ അവസരം മറക്കാൻ കഴിയില്ല. അനുഭവങ്ങൾ പങ്കിടുന്നതിനിടെ സ്വയം മറന്ന് ഞാൻ പൊട്ടിക്കരഞ്ഞു. പലരും അനുഭവങ്ങൾ പങ്കുവച്ചു. നമ്മളാൽ മറ്റുള്ളവർക്ക് ലഭിച്ച സഹായങ്ങൾ പറയാൻ പറഞ്ഞു.

എടുത്തു പറയത്തക്ക ഒരു കാര്യം ഓർമ്മ വന്നു. തമിഴ് നാട്ടിൽ നിന്നും മത്തനങ്ങാടിയിൽ വന്ന് താമസിച്ച ഒരു തമിഴ് കുടുംബം. നിത്യ മദ്യപാനിയായിരുന്ന ഭർത്താവ്. ഭാര്യയെ എന്നും ദേഹോപദ്രവം ചെയ്യുമായിരുന്നു. ഉപദ്രവം സഹിക്കാനാവാതെ ആ സ്ത്രീ വാർഡ് മെമ്പർ എന്ന നിലക്ക് എന്നോട് പരാതി പറഞ്ഞു. ഞാൻ അവരേയും കൂട്ടി തൃശൂർ വനിതസെല്ലിൽ പോകുകയും വനിത എസ്. ഐ.യെ കണ്ട് ആ സ്ത്രീയുടെ പരാതി ബോധിപ്പിച്ചു. ദിവസങ്ങളോളം വീട്ടിൽ വരാതിരുന്ന അയാളെ, അപ്പോൾ തന്നെ ഫോണിൽ വിളിച്ച് എസ്.ഐ. സംസാരിക്കുകയും, പിറ്റേ ദിവസം രാവിലെ സ്റ്റേഷനിൽ ഹാജരാകാൻ പറയുകയും ചെയ്തു. പിന്നീട് അവരുടെ ജീവിതത്തിൽ ആ സ്ത്രീക്ക് ദേഹോപദ്രവം ഉണ്ടായില്ല എന്നാണറിഞ്ഞത്.

ഇനി, മറക്കാനാകാത്ത അനുഭവങ്ങൾ പറയാൻ പറഞ്ഞപ്പോൾ, നേരത്തേ സൂചിപ്പിച്ചപോലെ എന്റെ കുട്ടിക്കാലമാണ് ഓർമ്മ വന്നത്. ഓർമ്മ വച്ച നാൾ മുതൽ ഇന്നും മനസ്സിൽ തികട്ടി വരുന്ന വേദന നിറഞ്ഞ നഷ്ടബോധം. ജീവിതത്തിൽ ഒരിക്കൽ പോലും അനുഭവിക്കാൻ കഴിയാത്ത പിതൃസ്നേഹം. അച്ഛാ എന്നു വിളിച്ച് – പറയാനോ, കരയാനോ ഞാൻ ശീലിച്ചില്ല. ഓർക്കുമ്പോഴെല്ലാം ഞാൻ കരഞ്ഞുപോകും. എല്ലാ കുട്ടികൽക്കും കിട്ടുന്നതുപോലെ ലാളന, വാത്സല്യത്തോടെ ഒരു തലോടൽ, സ്നേഹ വാക്കുകൾ, ശാസന, ഇവയൊന്നും അച്ഛ

നിൽ നിന്നും അനുഭവിക്കാത്തവളാണ് ഞാൻ. എല്ലാവർക്കും എല്ലാവരും ഉണ്ടായിട്ടും എത്തിപ്പെടാൻ കഴിയാത്ത പല സാഹചര്യങ്ങളിലേക്കും എല്ലാം വഴിതെളിച്ചത് എന്റെ അമ്മ മാത്രമാണ്.

തിരിഞ്ഞ് നോക്കുമ്പോൾ ജീവിതത്തിൽ അവിടെവിടെയായി കണ്ട കാഴ്ചകൾക്ക് പലതരം വർണ്ണാഭമായ നിറങ്ങളുണ്ട്. വ്യക്തിപരമായി ഇന്ന് ഞാൻ വളരെ സന്തോഷവതിയാണ്. ഈ കാലഘട്ടത്തിൽ 'പുസ്തകയാത്രയിൽ' ഭാഗമാകാൻ കഴിഞ്ഞത് കാലത്തിന്റെ അനുകൂല സാഹചര്യങ്ങളായിരുന്നു. ഇവിടെ ജീവിക്കാനും, സംസ്കാരസമ്പന്നമായ ഈ കാലഘട്ടത്തിൽ പ്രവർത്തിക്കുന്നതിനും നിറഞ്ഞ ആത്മസംതൃപ്തിയോടെയും, ആത്മവിശ്വാസത്തോടെയും എന്റെയും ഒരു സംഭാവന ഉണ്ടായിരുന്നുവെന്നതിൽ എനിക്കഭിമാനമാണ്. വീട്ടിൽ നിന്നും, നാട്ടിൽ നിന്നും, സുഹൃത്തുക്കളിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്ന സ്നേഹവും, സഹകരണവും, പ്രോത്സാഹനങ്ങളും, പ്രചോദനങ്ങളും അന്നും, ഇന്നും എന്നെ ഇതിൽ കുരുക്കി ഒരുക്കി നിർത്തുന്നു.

പിന്നൊരു കാര്യം, എന്റേയും നല്ലൊരു കുടുംബമാണ്. സ്നേഹമുള്ള ഭർത്താവ്. മൂന്ന് മക്കൾ – അച്ഛനമ്മമാർ. മകൾ തൃശൂർ ശ്രീ കേരളവർമ്മ കോളേജിൽ ഡിഗ്രി കഴിഞ്ഞ് ഇപ്പോൾ ബാംഗ്ലൂരിൽ ഢകജഞഛ കമ്പനിയിൽ വർക്ക് ചെയ്യുന്നു. രണ്ടാമത്തെ മകൻ തിരുവനന്തപുരം കങഒ ഹോട്ടൽ മാനേജ്മെന്റ് വിദ്യാർത്ഥിയാണ്. മൂന്നാമത്തെ മകൻ, പേരാമംഗലം സ്കൂളിലെ 9–ാം ക്ലാസ് വിദ്യാർത്ഥി.

അല്ലറ ചില്ലറ ജീവിത ജയ–പരാജയങ്ങളിലൂടെയും, പൊരുത്തക്കേടുകളുടെ പൊരുത്തങ്ങളിലൂടെയും ഒരേ അഭിപ്രായത്തോടെ ഞങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നു ലക്ഷ്യം വിടാതെ.

അനുഭവങ്ങളിലൂടെ മനസ്സ് തുറന്നപ്പോൾ തട്ടിതടഞ്ഞ ചിലത് മാത്രമാണ് ഞാൻ നിങ്ങളോട് പറഞ്ഞത്. ഇനിയും ആശയങ്ങൾ പങ്കുവെയ്ക്കുവാനും, ചർച്ചകൾക്ക് വിധേയമാക്കാനും കൂട്ടായ്മയിലൂടെ അറിവ് പകരാനും അവസരങ്ങൾ സ്ത്രീകൾക്ക് ലഭ്യമാകട്ടെ എന്നാശംസിച്ചുകൊണ്ട്, കുടുംബശ്രീ 14–ാം വാർഷികം നടക്കുന്ന ഈ അവസരത്തിൽ എന്റെ ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ. ഇനിയും കൂടുതൽ കർമ്മപദ്ധതികളിലൂടെ സ്ത്രീകൾക്ക് കാര്യക്ഷമമായ തിരിച്ചറിവുകൾ ഉണ്ടാകട്ടെ എന്നാശംസിച്ചുകൊണ്ടും സ്നേഹത്തോടെ നിർത്തട്ടെ.

സ്നേഹപൂർവ്വം

കോമളം കൃഷ്ണൻ

സി.ഡി.എസ്. വൈസ് ചെയർ പേഴ്സൺ

ചൂണ്ടൽ ഗ്രാമപഞ്ചായത്ത്.

## 14.അനശ്വര സത്യങ്ങൾ

ഞാൻ ഭാഗ്യലക്ഷ്മി, ഉഷസ്സ് കുടുംബശ്രീ അംഗമായതോടെ കുടുംബശ്രീ എന്ന മഹത് പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം, ഞാനും പിച്ചവച്ചു കുടുംബശ്രീ രൂപീകരണകാലഘട്ടം മുതൽ ഞാൻ കുടുംബശ്രീ അംഗമാണ്.

അടുക്കളയിൽ തളച്ചിട്ട സ്ത്രീത്വം, കുടുംബശ്രീയുടെ ആവിർഭാവത്തോടെ വ്യത്യസ്തമാന ങ്ങൾ ഉൾക്കൊണ്ടു. സുന്ദരമായ ഒരു അടുക്കളയിലൂടെ സുന്ദരമായ കുടുംബം വാർത്തെടുക്കുക എന്നതുപോലെത്തന്നെ പ്രാധാന്യമേറിയതാണ് സ്വയംപര്യാപ്തത കെട്ടിപ്പടുക്കുകയെന്നതെന്ന് ഞാൻ തിരിച്ചറിഞ്ഞ കാലും. അന്ന് കുടുംബശ്രീയുടെ യഥാർത്ഥ തലങ്ങൾ മനസ്സിലാക്കുകയായി രുന്നു ഞാൻ.

ഈ പൊതു ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ത്രീ കൂട്ടായ്മയായിരുന്നു കുടുംബശ്രീ. പുരുഷ കേന്ദ്രീകൃത സമൂഹത്തിന് ഒരു നല്ല ബദലായി കുടുംബശ്രീ വളർന്നു. മഹാ ഭൂരിഭാഗം സ്ത്രീകളെപോലെ ഞാനും എന്റെ ചുരുങ്ങിയ കർത്തവ്യങ്ങളിലേക്ക് ഒതുങ്ങുന്ന ഒരു സമയമു ണ്ടായിരുന്നു. പക്ഷെ കുടുംബശ്രീയുടെ യഥാർത്ഥ അർത്ഥ തലങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞതോടെ കുടുംബശ്രീ ഒരു കൈതാങ്ങാക്കി ഞാനും സ്വയം പര്യാപതതയിലേക്ക് നീങ്ങുക യായിരുന്നു.

കുടുംബശ്രീ വഴി ലഭിച്ച സ്വയം തൊഴിലിനുള്ള ലോൺ വഴി ഞാൻ നേടിയ, ചെറിയതെ ങ്കിലും മഹത്വമെന്ന് ഞാൻ കരുതുന്ന സ്വയംതൊഴിൽ വഴിയുള്ള ലാഭം എന്റെ കുടുംബത്തിനു തന്നെ അത്താണിയായി മാറുന്ന സ്ഥിതി വിശേഷത്തിന് വഴിവെച്ചു.

സമൂഹം ചുരുങ്ങിച്ചുരുങ്ങി പുരുഷൻ എന്ന കേന്ദ്രബിന്ദുവിൽ ലയിച്ചു ചേരുന്ന സ്ഥിതവി ശേഷത്തിന് മാറ്റം അനിവാര്യമായിരുന്നു. പരസ്പര ബഹുമാനത്തോടെ സ്ത്രീയും പുരുഷനും അവനവന്റേതായ മേഖലകളിൽ വ്യാപരിക്കേണ്ടതിന്റെ ആവശ്യകത എന്നെ ബോധ്യപ്പെടുത്തി യതും ഈ കൂട്ടായ്മയുടെ നേട്ടമായി ഞാൻ കരുതുന്നു.

സാമ്പത്തിക, സാമൂഹിക, മാനസിക പ്രശ്നങ്ങളുടെ ഒരു പരിഹാരവേദിയായി ഓരോ പ്രതിവാര യോഗങ്ങളും മാറുന്ന അനുഭവമാണ് എനിക്കുള്ളത്. ഇത്തരത്തിൽ സാമൂഹിക, സാമ്പ ത്തിക, മാനസിക പ്രശ്നങ്ങളുടെ ദൂരീകരണത്തിനുള്ള ഒരുപകരണമായി ഈ കൂട്ടായ്മ മാറി കഴി ഞ്ഞിരിക്കുന്നു. ഒരു ഉത്തമ സമൂഹ രൂപീകരണത്തിന് അവലംബിക്കാവുന്ന ഒരു മാതൃക കൂടിയാ വുകയാണ് ഈ സ്ത്രീ കൂട്ടായ്മ.

കുടുംബശ്രീയുടെ ലഘുസമ്പാദ്യപദ്ധതിയിലൂടെ കുടുംബത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഓരോ കുടുംബത്തിന്റേയും സാമ്പത്തിക അടിത്തറ ഭദ്രമാ കുന്നതിലൂടെ ഗ്രാമത്തിന്റേയും അതുവഴി രാജ്യത്തിന്റേയും സാമ്പത്തിക അടിത്തറ ഭദ്രമാകുന്ന തിൽ കുടുംബശ്രീയുടെ പങ്ക് എടുത്തുപറയത്തക്കതാണ്.

അംഗങ്ങളുടെ ക്ഷേമം എന്നതിലുപരി സമൂഹത്തിലെ അവശവിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹിക ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാൻ ഈ സ്ത്രീ കൂട്ടായ്മ എല്ലായ്പ്പോഴും ശ്രമിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ എനിക്കും ഞാൻ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റിനും മറ്റ് അംഗങ്ങൾക്കും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമാകാനും സാധിച്ചിട്ടുണ്ട്.

വിഷമങ്ങൾ പങ്കിടുക വഴി എന്റെയും മറ്റുള്ളവരുടേയും മനസ്സുകൾ ഒന്നായി ത്തീരുന്ന ഒരു പ്രക്രിയ കൂടിയാണ് ഈ കൂട്ടായ്മയെന്ന് ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു. പോംവഴിയില്ലാതെ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന് ഞാനും മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. എല്ലാ പ്രശ്നങ്ങളും ജന്മമെടുക്കുന്നത് അതിനുള്ള ഒരു പരിഹാരവും അതിന്റെ ഗർഭപാത്രത്തിൽതന്നെ പേറിയാണെന്ന സത്യം സ്ത്രീ സമൂഹത്തിന് ഒരിക്കൽ കൂടി മനസ്സിൽ ഉറപ്പിക്കാൻ ഈ കൂട്ടായ്മയിലെ ചർച്ചകൾ വഴിവെയ്ക്കുന്നുമുണ്ടെന്ന് എനിക്ക് സാക്ഷ്യപ്പെടുത്താൻ കഴിയുന്നു.

ഇത് ഞാൻ എന്ന വ്യക്തിത്വത്തിന്റെ മാത്രം കാര്യമല്ല, സമൂഹത്തിലെ മഹാഭൂരിപക്ഷം സ്ത്രീകളുടെ കാര്യമാണ്. എന്റെ കുടുംബശ്രീ യൂണിറ്റിലെ ഓരോ അംഗവും സത്യമെന്ന് സാക്ഷ്യപ്പെടുത്തുന്ന യാഥാർത്ഥ്യവും.

ഇതൊ രിക്കലും അനുഭവങ്ങളുടെ കേവലം ഒരു കുറിപ്പല്ല. അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ അനശ്വര സത്യങ്ങൾ.

**ഭാഗ്യലക്ഷ്മി**

**ഉഷസ്സ് കുടുംബശ്രീ**

**15-ാം വാർഡ്**

**കടവല്ലൂർ**

## 15. റുക്കിയ മുഹമ്മദ്

വരവൂർ ഗ്രാമപഞ്ചായത്തിൽ പലകച്ചിറ എന്ന പ്രദേശത്ത് ഒരു ചെറുകർഷക കുടുംബത്തിൽ ജനിച്ചു. ഉപ്പ പി.ഡി.സി. വരെ പഠിപ്പിച്ചു. അപ്പോഴേക്കും കല്ല്യാണപ്രായമായി എന്ന് പറഞ്ഞ് വിവാഹം ചെയ്ത് അയച്ചു. തൃശൂർ ഭാഗത്ത് മുല്ലക്കര എന്ന സ്ഥലത്തേയ്ക്കായിരുന്നു എന്നെ വിവാഹം ചെയ്ത് അയച്ചത്. ഭർത്താവിന്റെ വീട്ടുകാരെ കുറിച്ചോ ഭർത്താവിന്റെ തൊഴിലിനെക്കുറിച്ചോ വ്യക്തമായ ധാരണയില്ലാതെയാണ് വിവാഹം ചെയ്ത് അയച്ചത്. ആ കുടുംബത്തിൽ 10 മക്കൾ ഉണ്ടായിരുന്നു. 6 പെൺമക്കളും, 4 ആൺമക്കളും. അതിൽ അഞ്ച് പെൺമക്കളും വീട്ടിൽ തന്നെയായിരുന്നു. അവർ എപ്പോഴും എന്നെ വഴക്ക് പറയുമായിരുന്നു. എന്റെ ഭർത്താവിന് യാതൊരു സാമർത്ഥ്യവും ഇല്ലാത്ത ആളായിരുന്നു. അങ്ങിനെ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കടന്നുപോയി. എനിക്ക് 1 ആൺകുട്ടിയും, 2 പെൺകുട്ടികളും ജനിച്ചു. എന്റെ കഷ്ടപ്പാട് കണ്ട് എന്റെ ഉപ്പ വരൂര് നാട്ടിലേക്ക് തന്നെ കൊണ്ട് വന്നു. എന്റെ വീട്ടിൽ തന്നെ മൂന്ന് മക്കളുമായി ജീവിച്ചുകൊണ്ടിരിക്കുന്ന സമയത്ത് എന്റെ ഒരു ആങ്ങളയ്ക്ക് കിഡ്നിക്ക് അസുഖം വന്ന് ചികിത്സയിലായി. അവസാനം ആകെ സഹായിക്കും എന്ന് കരുതിയ സഹോദരൻ മരണപ്പെട്ടു. ആത്മഹത്യമാത്രമേ എന്റെ മുന്നിൽ അപ്പോൾ ഉണ്ടായിരുന്നുള്ളു. മാനസികവും ശാരീരികവുമായും തകർന്നസമയം എന്റെ ദുഖം സഹിയ്ക്കവയ്യാതെ ഒരു വീട് വെയ്ക്കാൻ വേണ്ടി പല രാഷ്ട്രീയക്കാരുടെ മുമ്പിലും ഒരു ലോണിന് വേണ്ടി കൈ നീട്ടി. ആരും സഹായിച്ചില്ല. അവസാനം എന്റെ കയ്യിലുള്ള സ്വർണ്ണം വിറ്റ് ഒരു സ്ഥലം വാങ്ങി ചെറിയ ഒരു വീട് വച്ചുതന്നു. എന്റെ

ഭർത്താവ് കഴിവും പ്രാപ്തിയും കുറഞ്ഞവൻ എങ്കിലും സ്നേഹമുള്ളവനായിരുന്നു. കിട്ടുന്ന തുഛവരുമാനംകൊണ്ട് ആ കൊച്ചുവീട്ടിൽ സുഖമായി ജീവിച്ചുപോന്നു.

അതിനിടയിൽ ഭർത്താവിന് ചെറിയ ഒരു അപകടം പറ്റി. പണിയ്ക്ക് പോകാൻ പറ്റാതായി. ഞാനും ഭർത്താവും മക്കളും ഒരു നേരത്തെ ഭക്ഷണത്തിന് പോലും വകയില്ലാതെ സങ്കടപ്പെട്ടു കൊണ്ടിരിക്കുന്ന സമയം. അപ്പോഴാണ് ഒരു പുതിയ കുടുംബശ്രീ രൂപീകരിക്കുന്നതായി അറിഞ്ഞ ത്. അവരുടെ അടുത്ത് പോയി ഒരു അംഗമായി ഞാനും ഉണ്ട് എന്ന് അറിയിച്ചു. അവർ അംഗമാ ക്കുക മാത്രമല്ല, എന്നെ കുടുംബശ്രീ സെക്രട്ടറി ആയീ തീരുമാനിയ്ക്കുകയാണ് ചെയ്തത്. ആദ്യം 10 രൂപ സമ്പാദ്യം കൊടുക്കാനുള്ള ബുദ്ധിമുട്ട് ഇന്നും എനിക്ക് ഓർക്കാൻ കഴിയുന്നില്ല. അങ്ങിനെ ഭർത്താവിന്റെ കൈയ്യിൽ കിട്ടുന്ന തുഛമായ വരുമാനത്തിൽ നിന്ന് സ്വരൂപിച്ച് കൊടു ക്കുന്ന കുടുംബശ്രീയുടെ സമ്പാദ്യത്തിൽ നിന്ന് 1000 രൂപ വായ്പ എടുത്ത് ഒരു ആടിനെ വാങ്ങി. അതിൽ ചെറിയ ഒരു വരുമാനം കൂടി തുടങ്ങി. അങ്ങിനെ കുടുംബശ്രീ എ.ഡി.എസ്. തിരഞ്ഞെ ടുപ്പ് വന്നു. എ.ഡി.എസ്. സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. അപ്പോൾ പഞ്ചായത്തുമായി കൂടുതൽ അടുപ്പം ഉണ്ടാക്കാൻ സാധിച്ചു. എന്റെ കൂട്ടുകാരി രാധ, ജമീല എന്നിവർ എന്റെ സഹാ യത്തിനായി വരികയും ഉപദേശം തരികയും ചെയ്തു. അതുപോലെ തന്നെ ചെയർപേഴ്സൺ ഗിരിജേച്ചി പല സംരഭങ്ങളെയും കുറിച്ച് പറഞ്ഞ് തരികയും ഏഛഏക ക്ലാസ്സിന് പറഞ്ഞയ യ്ക്കുയും ചെയ്തു. ആദ്യം വായ്പ എടുത്ത് അരികച്ചവടം തുടങ്ങി. 30,000 രൂപ വായ്പ എടു ത്തു. ഇപ്പോൾ എനിക്ക് 3 പശുക്കൾ ഉണ്ട്. അത് കൂടാതെ ഖഘഏ യിൽ ചേർന്നു. വാഴ, കൂർക്ക, നെല്ല് എന്നീ കൃഷികൾ പാട്ടത്തിന് ഭൂമി എടുത്ത് ഞങ്ങൾ അഞ്ച് പേർ ചേർന്ന് കൃഷി ചെയ്ത് വരുന്നു. ഇതൊന്നും കൂടാതെ തൊഴിലുറപ്പ് പദ്ധതി പ്രകാരം മേറ്റായും വർക്ക് ചെയ്ത് വരുന്നു. ഇപ്പോൾ എനിയ്ക്ക് ധന്യ കുടുംബശ്രീ അയൽക്കൂട്ടസമ്പാദ്യത്തിലേക്ക് ഒരു രൂപ പോലും എന്റെ ഭർത്താവിന്റെ കൈയ്യിൽ നിന്നും വാങ്ങേണ്ടി വരുന്നില്ല. എന്റെ ഉപ്പ എനിയ്ക്ക് വിദ്യഭ്യാസം തന്നത് കൊണ്ടാണ് എനിക്ക് ഇതുവരെ എത്താൻ കഴിഞ്ഞത്. എന്റെ മൂന്ന് മക്കൾക്കും നല്ല വിദ്യ

ഭ്യാസം കൊടുത്ത് ഒരു തൊഴിലിന് പ്രാപ്തയാക്കിയശേഷം മാത്രമേ അവരെ വിവാഹം കഴിച്ചയയ്ക്കുകയുള്ളു. അതിന് എനിയ്ക്ക് ദൈവം തുണയാകട്ടെ. ഒരു ഗ്രാം സ്വർണ്ണം പോലും ഇല്ലാതായ എനിയ്ക്ക് കുടുംബശ്രീ അയൽക്കൂട്ടം വഴി സംരംഭം നടത്തിയും പാട്ടകൃഷി ചെയ്തും ഞാൻ സ്വന്തം അദ്ധ്വാനിച്ച് 6 പവൻ സ്വർണ്ണവും 50000 രൂപ എന്റെ പേരിൽ ബാങ്ക് ബാലൻസും ഉണ്ടാക്കിയിട്ടുണ്ട്. ഞാൻ കുടുംബശ്രീയിൽ ചേർന്നില്ല എങ്കിൽ ഇന്ന് ജീവിച്ചിരിക്കുമായിരുന്നില്ല. അത്രയും കടപ്പാട് കുടുംബശ്രീയോട് എനിയ്ക്കുണ്ട്. കുടുംബശ്രീ വഴി കൂടുതൽ കൂട്ടുകാരികളെ കിട്ടി. ഏത് ഉദ്യോഗസ്ഥൻമാരെ പരിചയപ്പെടാനും ഞങ്ങൾക്കുള്ള അവകാശങ്ങൾ നേടിയെടുക്കാനും കഴിയുന്നുണ്ട്.

എന്റെ കഥ അവസാനിക്കുന്നില്ല എങ്കിലും ധന്യ കുടുംബശ്രീയിലെ റുക്കിയ എന്ന പനനീർപുഷ്പം പാറിപറന്ന് നിങ്ങളുടെ ചുറ്റിലും സൗരഭ്യം പരത്തികൊണ്ട് നിർത്തട്ടെ.

എന്ന്

റുക്കിയ മുഹമ്മദ്.

**വാർഡ് 10**

വരവൂർ

## 16.സധൈര്യം

## കുടുംബശ്രീയിൽ വന്നതിനുശേഷം ഉണ്ടായ നേട്ടങ്ങളും, അനുഭവങ്ങളും.

എന്റെ സ്വന്തം വീട് തൃശൂർ ജില്ലയിൽ പെട്ട അവണൂർ ദേശത്താണ്. 35 വർഷമായി ഞാൻ വടക്കാഞ്ചേരിയിൽ വന്നിട്ട്. ഞാനും, ഭർത്താവും, ഒരു മകളുമാണ് എന്റെ കുടുംബത്തിൽ. 27 കൊല്ലവും, പശുവിനെ വളർത്തിയും, കൃഷികാര്യങ്ങളിലും ഏർപ്പെട്ടും കുടുംബജീവിതം മുന്നോട്ട് നയിച്ചു. അങ്ങിനെയുള്ള ഒരു അവസരത്തിലാണ് എന്റെ വാർഡിൽ കുടുംബശ്രീ രൂപീ കരിച്ചത്. 8 വർഷമായി ഞാൻ കുടുംബശ്രീ അംഗമായി ചേർന്നിട്ട്. കുടുംബശ്രീ എന്താണ് എന്നും,അതിന്റെ ലക്ഷ്യം എന്താണ് എന്നും, ഇതിൽ ചേർന്നാൽ എനിയ്ക്ക് എന്ത് നേട്ടമാണ് ഉള്ളത് എന്നും, സമൂഹത്തിലായാലും, സാമ്പത്തികമായാലും ഉണ്ടാകുന്ന അനുഭവങ്ങൾ കുടും ബശ്രീയിൽ വന്നപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. കുടുംബശ്രീയിൽ വന്നപ്പോൾ എനിയ്ക്ക് നല്ല ധൈര്യം കിട്ടി. എവിടേയ്ക്കെങ്കിലും പോകണമെങ്കിൽ ഒരാളുടെ സഹായം കൂടാതെ പോകാൻ പറ്റാത്ത ഞാൻ ഇപ്പോൾ ഓരോ കാര്യത്തിനും ഇറങ്ങുമ്പോൾ ആരുടേയും സഹായം കൂടാതെ തനിയെ പോകാനുള്ള ഒരു ധൈര്യം കുടുംബശ്രീയിലൂടെ എനിക്ക് നേടാൻ സാധിച്ചു.

സമ്പാദ്യത്തിലൂടെ ചെറിയ വായ്പ എടുത്ത് കുടുംബത്തിന്റെ ചെറിയ സാമ്പത്തിക പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുന്നതിന് കുടുംബശ്രീ എന്നെ അത്യധികം സഹായിച്ചു. എന്റെ മകളുടെ കല്യാണ ആവശ്യത്തിന് വേറെ പണം കുടുംബശ്രീ വായ്പയിലൂടെ ലഭിച്ചു. എന്റെ ജീവിതത്തിൽ നല്ല ഒരു പങ്ക് കുടുംബശ്രീയാണ് എന്നെ സഹായിച്ചത്.

സമൂഹത്തിൽ ആയാലും വേദിയിൽ ആയാലും ഭയം കൂടാതെ സംസാരിക്കാൻ കുടും ബശ്രീ സംവിധാനത്തിലൂടെ എനിക്ക് സാധിച്ചു. സാമ്പത്തികപരമായി പണമിടപാടുകൾ നടത്താ നുള്ള അറിവ് എനിയ്ക്ക് ലഭിച്ചു. ഉന്നതസ്ഥാനം വഹിക്കുന്നവർ ആരായാലും അവരോട് സംസാ

രിക്കാനുള്ള കഴിവും, ധൈര്യവും ഈ കുടുംബശ്രീയിലൂടെ എനിക്ക് നേടാൻ സാധിച്ചു. കുട്ടിക്കാലം മുതൽക്കേ പോലീസുകാരെ കണ്ടാൽ ഓടി ഒളിച്ചിരുന്ന കാലം ഉണ്ടായിരുന്നു. കുടുംബശ്രീയിൽ വരുന്നതിനു മുമ്പും അവരെ കണ്ടാൽ ഭയം എനിയ്ക്ക് ഉണ്ടായിരുന്നു. ആ ഭയം കുടുംബശ്രീ സംവിധാനത്തിലൂടെ മീറ്റിംഗിൽ പങ്കെടുക്കുമ്പോൾ അവരുമായുള്ള ചർച്ചകളിൽ ഭയം ഇല്ലാതെ സംസാരിക്കാൻ കഴിവ് നൽകി. ഇതും കുടുംബശ്രീയിൽ വന്നതിനുശേഷമാണ്.

ഏതൊരു ഓഫീസിൽ പോയാലും, അവരോട് എന്ത് സംശയങ്ങളും ചോദിച്ച് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞു. കുടുംബശ്രീയിൽ വന്നതിനുശേഷം പല അംഗങ്ങളായി ചർച്ച ചെയ്യുമ്പോൾ എനിക്ക് അറിവ് ലഭിക്കുന്നു. ആ അറിവ് വെച്ച് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുവാൻ കുടുംബശ്രീയിലൂടെ എനിക്ക് നേടാൻ സാധിച്ചു.

ഓരോ കുടുംബശ്രീയിൽ ചെന്ന് അവരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കുന്ന സുഖമില്ലാതെ കിടക്കുന്ന രോഗിക്കും, വീടില്ലാത്തവരെ മറ്റ് പല തരത്തിലുള്ള പ്രശ്നങ്ങൾ ആരാണ് അവർക്ക് പരിഹാരം കാണുന്നതിന് എനിക്ക് സാധിച്ചു. ഈ കുടുംബശ്രീ സംവിധാനം ഉടലെടുത്തപ്പോഴാണ് എന്ന് നല്ല വിശ്വാസം ഉണ്ട്. ഇതെല്ലാം കുടുംബശ്രീ സംവിധാനം നിലവിൽ വന്നതിന് ശേഷമാണ്.

സമൂഹത്തിൽ എനിക്ക് നല്ല സ്ഥാനം ഉണ്ട്. വീട്ടിൽ നിന്ന് എന്തെങ്കിലും ചെറിയ കാര്യങ്ങൾക്ക് ഇറങ്ങണമെങ്കിൽ 10 പ്രാവശ്യം ആവർത്തിച്ചാലും, മറുപടി ലഭിക്കാത്ത എനിക്ക് ഇപ്പോൾ അതിന്റെ പകുതി പ്രാവശ്യം ചോദിച്ചാൽ ഉടൻ മറുപടി ലഭിക്കുന്നു. ഇതും കുടുംബശ്രീയിൽ വന്നതിനുശേഷമുള്ള വ്യത്യാസമാണ്.

ബിസിനസ് എന്താണ് എന്നും അതിന്റെ ക്രമരീതികൾ എന്താണ് എന്നും എങ്ങിനെയാണ് അളവ് എന്നും മനസ്സിലാക്കാൻ പറ്റാത്ത എനിക്ക് ഓണക്കാലത്ത് പഞ്ചായത്തിന്റെ അഭാവത്തിൽ സി.ഡി.എസ്. മുഖേന നടത്തുന്ന ചന്തയിൽ പോയി കച്ചവടത്തിൽ ഇരുന്ന് അതിന്റെ കാര്യങ്ങൾ മനസ്സിലാക്കാനും കുടുംബസ്രീയിൽ വന്നതിന് ശേഷമാണ് എന്ന് കേവലം എനിക്ക് നല്ല ഉറപ്പാണ്.

ഗ്രാമസഭയിൽ പോകാത്ത ഞാൻ കുടുംബശ്രീയിൽ ചേർന്നതിനുശേഷം, കുടുംഭബശ്രീ അംഗങ്ങൾ ഗ്രാമസഭയിൽ പോകണമെന്നും, അവിടുത്തെ കാര്യങ്ങൾ അറിഞ്ഞ് മറ്റുള്ളവർക്ക് അതിനോടൊപ്പം, പറഞ്ഞ് മനസ്സിലാക്കി കൊടുക്കുവാനും, അതിനോടൊപ്പം എനിക്കും കാര്യം ഉണ്ടാകും എന്നും എനിക്ക് മനസ്സിലാക്കാൻ ഈ കുടുംബശ്രീ എന്നെ സഹായിച്ചു. ചുരുക്കം പറ ഞ്ഞാൽ സമൂഹത്തിലായാലും, സാമ്പത്തികമായാലും, മാനസിക വെല്ലുവിളികൾക്ക് അതീതമായി കഴിയുന്ന കുടുബങ്ങളേയും കരം പിടിച്ച് ഉയർത്തുവാനും അവരുടെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനും നല്ലൊരു പങ്ക് കുടുംബശ്രീ നമ്മെ നയിച്ചുകൊണ്ടിരിക്കുന്നു എന്നും എനിക്ക് നല്ല ആത്മവിശ്വാസം ഉണ്ട്.

കുടുംബശ്രീയിൽ വന്നതിനുശേഷം സമൂഹത്തിൽ നമുക്ക് ഒരു സ്ഥാനവും, ജനങ്ങളു മായി ഇടപെടാനും എവിടെ ചെന്നാലും ജനങ്ങളുടെ പ്രീതിയായി കാണുവാനും കുടുംബശ്രീ എന്നെ സഹായിച്ചു. കുടുംബശ്രീയിൽ വന്നതിനുശേഷം ഞാൻ സംഘത്തിന്റെ പ്രസിഡന്റായി. അതിനുശേഷം എ.ഡി.എസ്. അംഗമായും, എ.ഡി.എസി.ന്റെ ചെയർപേഴ്സനും ഇപ്പോൾ സി.ഡി. എസ്.ന്റെ മെമ്പറുമാണ്. രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ സി.ഡി.എസ്.ന്റെ മെമ്പറായി സേവനം അനുഷ്ഠിക്കുന്നത്.

കുടുംബശ്രീ നല്ല ഒരു പങ്ക് സമൂഹത്തിൽ ജനങ്ങൾക്കുവേണ്ടി നല്ല സേവനം ഉണ്ട് എന്നാണ് എന്റെ അനുഭവത്തിൽ കാണാൻ കഴിയുന്നത്. ഇത്രയും കാര്യങ്ങൾ കുടുംബശ്രീയിൽ വന്നതിനുശേഷമുള്ള നേട്ടങ്ങളും അനുഭവങ്ങളുമാണ്. ഇത് ഞാൻ നിങ്ങളുടെ മുമ്പാകെ സമർപ്പി ക്കുന്നു.

സിസിലി തോമസ്

സി.ഡി.എസ്. മെമ്പർ

വാർഡ് – 12

വടക്കാഞ്ചേരി പഞ്ചായത്ത്.

## 17.അനുഗ്രഹവർഷം

എന്റെ പേര് ഷീജ ഷാജി. 2002 നവംബർ 16–ാം തിയ്യതി അടങ്ങളം ദേശത്ത് ആരംഭിച്ച അനുഗ്രഹ സ്വയം സഹായ സംഘത്തിലാണ് ഞാൻ പ്രവർത്തിക്കുന്നത്. വിവാഹശേഷം, ഭർതൃ വീട്ടിൽ വന്ന് നല്ല ഒരു കുടുംബിനിയായി കുടുംബ കാര്യങ്ങൾ നോക്കി മാതാപിതാക്കളെയും ഭർത്താവിന്റെയും കാര്യങ്ങൾ ശ്രദ്ധിച്ച് പോന്ന സാധാരണ കുടുംബത്തിലെ ഒരംഗമായിരുന്നു ഞാൻ. ഈയവസരത്തിലാണ് നന്മയുള്ള നല്ല അയൽക്കാർ ഉള്ള എന്റെ നാട്ടിലെ വനിതാ സുഹൃത്തുക്കൾ ചേർന്ന് ഒരു സ്വയം സഹായസംഘം രൂപീകരിക്കുന്നതിനെക്കുറിച്ച് പറഞ്ഞതും അതിൽ അംഗമാകാൻ ക്ഷണിച്ചതും ആദ്യമൊക്കെ ഭർത്താവിനും വീട്ടുകാർക്കും വളരെ എതിർപ്പായിരുന്നു. എന്താണ് സംഘമെന്നോ, കുടുംബശ്രീയെന്നോ ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഇപ്പോൾ ഞാൻ അറിയുന്നു കുടുംബശ്രീയെന്ന മഹാപ്രസ്ഥാനത്തിന്റെ മേന്മയും മഹത്വവും.

സംഘത്തിൽ പ്രവർത്തിച്ചു തുടങ്ങിയതിനുശേഷമാണ് മറ്റുള്ളവരെ ആശ്രയിച്ച് ചെയ്തിരുന്ന കാര്യങ്ങൾ സ്വയം ചെയ്യാനുള്ള ആത്മവിശ്വാസം ലഭിച്ചത്. ബാങ്ക്, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും നമ്മുടെ അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുന്നതിനും കൂടുതൽ ആളുകളെ അറിയുവാനും സമൂഹത്തിലെ നന്മതിന്മകളെ വേർതിരിച്ചറിയുന്നതിനും സമൂഹത്തിൽ മനുഷ്യൻ അനുഭവിക്കുന്ന വേദനകളും ദുരിതങ്ങളും കഷ്ടപ്പാടുകളും നേരിൽ മനസ്സിലാക്കുന്നതിനും അവരെ ആവുംവിധം സഹായിക്കാനും സാധിച്ചത് ഈ കൂട്ടായ്മയിൽ വന്നതിനാലാണ് ഇതിനെല്ലാം ഉപരിയായി സാമ്പത്തികമായി ബുദ്ധിമുട്ടിയിരുന്ന എന്റെ കുടുംബത്തിന് സാഘത്തിന്റെ സഹായങ്ങൾ എന്നും ഒരു താങ്ങായിരുന്നു.

ഞങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ട് സംഘം വളരുകയും പ്രവർത്തന മണ്ഡലങ്ങൾ വിപുലപ്പെടുത്തുകയും ചെയ്തു. ഞാനും സംഘത്തിലെ അഞ്ചുപേരും ചേർന്ന് മണ്ണുത്തി കാർഷിക സർവ്വകലാശാലയിൽനിന്ന് ''തീറ്റപ്പുല്ല്'' കൃഷിയിൽ പരിശീലനം നേടുകയും അതുവഴി അഞ്ച് ഏക്കർ ഭൂമി പാട്ടത്തിനെടുത്ത് തീറ്റപുൽകൃഷി ആരംഭിക്കുകയും മോശമല്ലാത്ത വരുമാനം ലഭിക്കുകയും ചെയ്തു. ഇതിനായി സർക്കാരിന്റെ എല്ലാവിധ ആനുകൂല്യങ്ങളും ഉദ്യോഗസ്ഥന്മാരുടെ സഹകരണവും ലഭിച്ചു. ഞങ്ങളുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് മണ്ണുത്തി

കാർഷിക സർവ്വകലാശാലയിലെ ഉദ്യോഗസ്ഥസംഘം ഞങ്ങളുടെ കൃഷിനിലം സന്ദർശിക്കുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്ത് കൃഷിക്ക് ആവശ്യമായ സാധനങ്ങൾ സൗജന്യമായി നൽകുകയും ചെയ്തു. റേഡിയോ, ടെലിവിഷൻ തുടങ്ങിയ ശ്രവ്യ ദൃശ്യ മാധ്യമങ്ങളിൽ ഞങ്ങളുടെ കൃഷിയെകുറിച്ച് വളരെ വിശദമായ റിപ്പോർട്ടുകളും ഞങ്ങളുടെ ഓരോരുത്തരുടെ അഭിപ്രായങ്ങളും, പ്രക്ഷേപണം ചെയ്യുകയുണ്ടായി. അതുകൂടാതെ പച്ചക്കറിയും നെൽകൃഷിയും വളരെ വിപുലവും ശാസ്ത്രീയവുമായ രീതികൾ അവലംബിച്ചുകൊണ്ട് 3 ഏക്കർ പാടത്ത് കൃഷിയിറക്കുകയും ചെയ്തു. പ്രതീക്ഷയ്ക്കും അപ്പുറത്തായി നല്ല വിളവ് ലഭിക്കുകയും ചെയ്തു. ഞങ്ങൾ ചെയ്ത എല്ലാ കൃഷികളെയും ദൈവം ഇരുകരങ്ങളും നീട്ടി അനുഗ്രഹിച്ചു. ഇതിൽനിന്ന് ലഭിച്ച വരുമാനംകൊണ്ട് എന്റെ വീടിന്റെ പണി പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഗ്രഹോപകരണങ്ങൾ വാങ്ങുന്നതിനും കുട്ടികളുടെ വിദ്യഭ്യാസത്തിനും ഉപകരിച്ചു.

എന്ന്,

ഷീജ ഷാജി

തെക്കുംകര ഗ്രാമപഞ്ചായത്ത്.

## 18.പ്രതിസന്ധിയിൽ തളരാതെ...

തിരുവനന്തപുരത്തെ വിരസമായ മദ്ധ്യാഹ്നത്തിലെ ഉച്ചമയക്കത്തിലാണ് ഞാനത് കേട്ടത്. ഒരു സ്ത്രീയുടെ പ്രാണവേദനയോടെയുള്ള അലറിക്കരച്ചിൽ. പിന്നെ കുറച്ചാളുകളുടെ ആരവ വും. പെട്ടെന്ന് ചാടിയെണീറ്റ് ഞാൻ ജനലിലൂടെ നോക്കി. ഒരു സ്ത്രീ തന്റെ കുട്ടിയെ നെഞ്ചത്ത ടുക്കിപ്പിടിച്ചുകൊണ്ട് ഓടി വരുന്നു. പിന്നാലെ സ്ത്രീകളും പുരുഷന്മാരുമായി കുറച്ചാളുകളും. അവരുടെ പലരുടേയും കയ്യിൽ വടികളുണ്ട്. ''കാപ്പാത്തുങ്കോ.... കാപ്പാത്തുങ്കോ...'' എന്ന് പറഞ്ഞ് അവർ റോഡിലൂടെ ഓടുകയാണ്. ഞാൻ പെട്ടെന്ന് ഗേറ്റ് തുറന്ന് റോഡിലേക്കിറങ്ങി. എന്നെ കണ്ടതും ആ സ്ത്രീ ഞങ്ങളുടെ കോമ്പൗ ണ്ടിനുള്ളിലേക്ക് ഓടിക്കയറി. കാര്യം തിരക്കിയ

പ്പോൾ ആരുടേയോ വീട്ടിൽ മോഷ്ടിക്കാൻ കയറിയതായി സംശയം തോന്നി എന്നാണ് പറഞ്ഞത്. അവർ ആണയിട്ടു പറയുന്നു കുട്ടിക്ക് അല്പം ഭക്ഷണം ചോദിക്കാൻ കയറിയതാണെന്ന്. എല്ലാവരും കൂടി എന്റെ കോമ്പൗണ്ടിലേക്ക് കടക്കാൻ ശ്രമിച്ചപ്പോൾ ഞാൻ തടഞ്ഞു... ആ പിഞ്ചു കുഞ്ഞിന്റെ രോദനമാണ് എന്നെ പിടിച്ചുലച്ചത്. ഞാൻ പറഞ്ഞു. എല്ലാവരും കൂടി ആ സ്ത്രീയെ ഇങ്ങനെ അക്രമിക്കാൻ നിന്നാൽ ശരിയാവില്ല. നിങ്ങൾക്ക് സംശയുമുണ്ടെങ്കിൽ അവളെ പോലീസിൽ ഏൽപ്പിക്കണം. അവർ തീരുമാനിക്കട്ടെ. ഒടുവിൽ വനിതാ പോലീസടക്കമുള്ള ഒരു സംഘം വന്ന് ആ സ്ത്രീയെ കൈമാറുകയും ചെയ്തു. ഇവിടെ നിയമം നടപ്പിലാക്കാൻ പോലീസുണ്ടല്ലോ. ജനങ്ങൾ അതു നടപ്പിലാക്കാൻ നിന്നാൽ പിന്നെ പോലീസിനെന്തുപണി?

ഇറങ്ങാൻ നേരം എസ്. ഐ. എന്നോട് പൊതുരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തിയാണോ എന്നു ചോദിച്ചു. ഒരു ദശാബ്ദക്കാലം ഞാൻ എന്റെ പഞ്ചായത്തിലെ ജനപ്രതിനിധിയായും വിശിഷ്യാ ഞാനിപ്പോൾ കുടുംബശ്രീ അംഗവുമാണെന്ന് പറയുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു. ‘‘വെറുതെയല്ല ഇത്രയും ധൈര്യം കാണിച്ചത്. അതൊരു അഭിനന്ദനമായി ഞാൻ കണക്കാക്കി. ആത്മസംതൃപ്തിയോടെ വീണ്ടും ഞാൻ കിടന്നപ്പോൾ ഞാനെന്റെ കഴിഞ്ഞകാല ജീവിതത്തിലേക്ക് ഒരു തിരിച്ചുപോക്കു നടത്തി.

ഒരു സാധാരണ കൂട്ടുകുടുംബത്തിൽ ജനിച്ച എനിക്ക് എങ്ങിനെയാണ് ഇങ്ങനെയൊക്കെ ആകാൻ കഴിഞ്ഞത്? ചെറുപ്പം മുതലേ അല്പം കഠിനാദ്ധ്വാനം കൈമുതലായുണ്ടായിരുന്നു. മനസ്സിൽ മായാതെ കിടക്കുന്ന വിദ്യഭ്യാസകാലം. ഒന്നാമനാകാൻ എന്നും മനസ്സിൽ വാശി സൂക്ഷിച്ചു വെക്കാറുണ്ടായിരുന്നു. അച്ഛൻ ആവശ്യത്തിന് സ്വാതന്ത്ര്യം തന്നിരുന്നത്കൊണ്ട് അത് ദുരുപയോഗപ്പെടുത്താൻ തോന്നിയിട്ടില്ല. ഡിഗ്രി കഴിഞ്ഞയുടനെ വിവാഹം – ഭർത്താവും 2 മക്കളുമൊത്ത് സന്തോഷത്തോടെ ബാംഗ്ലൂരിലെ ജീവിതം എവിടെപ്പോയാലും ആ സാഹചര്യത്തോട് ഇണങ്ങി ജീവിക്കാൻ എനിക്ക് വല്ലാത്ത താൽപര്യമായിരുന്നു. അതുകൊണ്ട്തന്നെ ബാംഗ്ലൂരിലെ ജീവിതം കോണ്ട് തമിഴ്, കന്നഡ, ഭാഷകൾ പഠിക്കാൻ കഴിഞ്ഞു. ഭാര്യ ജോലിക്ക് പോകുന്നതിൽ വിയോജിപ്പുണ്ടായിരുന്നു എന്റെ ഭർത്താവിന്. അന്നൊക്കെ ഭർത്താവിന്റേയും മക്കളുടേയും കാര്യങ്ങൾ

നോക്കുന്നതിൽ ഞാൻ സംതൃപ്തി കണ്ടെത്തി. മക്കളെ കന്നഡ ഭാഷ പഠിപ്പിക്കുവാൻ കന്നഡ സ്വയം പഠിച്ച് അവരെ പഠിപ്പിച്ചെടുത്തു. പക്ഷേ ഞങ്ങളുടെ ജീവിതം കണ്ടിട്ട് ദൈവത്തിനു പോലും അസൂയ തോന്നിയിട്ടുണ്ടാകുമോ? എന്റെ ഭർത്താവിന് ഒരു സ്ട്രോക്ക് (പക്ഷവാതം) വന്ന് ഒരു ഭാഗം തളർന്ന് കിടപ്പിലായി. കുടുംബത്തിന്റെ നെടുംതൂൺ തകർന്ന അവസ്ഥ രണ്ട് പിഞ്ചുകുഞ്ഞുങ്ങളെയും രോഗിയായ ഭർത്താവിനെയും കൊണ്ട് നാട്ടിലേക്ക് മടങ്ങി.

പിന്നെ ദുരിതങ്ങളുടെ കാലമായിരുന്നു. കുട്ടികളുടെ വിദ്യഭ്യാസം, ഭർത്താവിന്റെ ചികിത്സ. എല്ലാത്തിനും പണം കണ്ടെത്തണം. വിധിയെ പഴിച്ചിരുന്നിട്ടു കാര്യമില്ലല്ലോ. ഡിഗ്രി കൈമുതലായുള്ള ഞാൻ ട്യൂഷൻ എടുക്കാൻ തുടങ്ങി. അത്യാവശ്യം വരുമാനം കണ്ടെത്താൻ കഴിഞ്ഞു. ഒരു പാരലൽ കോളേജിൽ അദ്ധ്യാപികയായി ജോലിക്കു പോകുകയും പിന്നീട് ആ സ്ഥാപനം സ്വന്തമായി നടത്തികൊണ്ടുപോകുകയും ചെയ്യുമ്പോഴാണ് 1995–ൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള തെരഞ്ഞെടുപ്പു വരികയും ഞാൻ എന്റെ വാർഡിൽ നിന്നും ജയിക്കുകയും ചെയ്തത്. അതോടെ എല്ലാ തലത്തിലുള്ള ജനങ്ങളോട് ഇടപെടാൻ അവസരമുണ്ടാക്കുകയും ചെയ്തു.

ഇതിനിടയിൽ ഭർത്താവിന്റെ ചികിത്സയ്ക്കു വേണ്ടി പണം ആവശ്യമായി വന്നു. 50 സെന്റ് സ്ഥലത്തിന്റെ ആധാരവുമായി സഹകരണ സംഘം ബാങ്ക് പ്രസിഡന്റിനെ സമീപിച്ചപ്പോൾ നിങ്ങളുടെ ഭർത്താവ് തളർന്ന് കിടക്കുകയല്ലേ – ലോൺ തന്നാൽ അയാളെങ്ങനെ വീട്ടും? എന്ന ചോദ്യവുമായി എന്നെ തിരിച്ചയച്ചു. നിറകണ്ണുകളോടെ മനസ്സു വിങ്ങി ഞാൻ അടുത്ത ബാങ്കായ അന്നത്തെ ലോർഡ് കൃഷ്ണ ബാങ്ക് മാനേജരെ സന്ദർശിച്ചു. പക്ഷേ അദ്ദേഹം കരുണ കാണിച്ചു. ജ.ങ.ഞ.ഥ. ലോൺ അനുവദിച്ചു. സ്വന്തമായുണ്ടായിരുന്ന റൈസ് മിൽ വിപുലീകരിച്ച് ഫ്ളോർ മിൽ ആക്കുകയും അതിൽകൂടി വരുമാനം മെച്ചപ്പെടുത്തുവാനും കഴിഞ്ഞു. അന്നൊക്കെ ഒരു വാശിയായിരുന്നു.

മിടുക്കിയായി പഠിക്കുന്ന മകൾക്കുവേണ്ടി ഒരു വിദ്യഭ്യാസ ലോണിന് എത്ര സർക്കാർ ഉദ്യോഗസ്ഥരുടെ അടുത്ത് പോയി. പക്ഷേ അവിടെയും ദൈവം എന്നെ കൈവിട്ടില്ല. തൃശൂർക്കാരനായ ഒരു പഞ്ചായത്ത് എൽ. ഡി. ക്ലർക്ക് ശ്രീ മുരളീധരൻ (അന്ന് തിരുവില്വാമലയിലെ പഞ്ചാ

യത്ത് ആഫീസർ) കാര്യം പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് ഒരു കുട്ടിയുടെ വിദ്യഭ്യാസകാര്യത്തിനല്ലേ ഞാൻ ജാമ്യം നിൽക്കാം എന്നു പറഞ്ഞു. ലോൺ അനുവദിച്ചു കിട്ടി. മകൾ ഇപ്പോൾ സോഫ്റ്റ് വെയർ എഞ്ചിനിയർ ആണ്. ജാമ്യം നിന്ന ശ്രീ. മുരളീധരനെ ഞാനിന്ന് വേദനയോടെ സ്മരിക്കുന്നു. കാരണം അദ്ദേഹം ജീവിച്ചിരിപ്പില്ല. അദ്ദേഹത്തിന് നന്ദിയോടെ ആദരാഞ്ജലികൾ നേരാൻ ഈ സന്ദർഭം വിനിയോഗിക്കട്ടെ.

1998–ൽ കുടുംബശ്രീ രൂപീകരണമുണ്ടായപ്പോൾ അന്നുമുതൽ കുടുംബശ്രീയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അഭിമാനമുണ്ട്. പഞ്ചായത്ത് തലത്തിൽ നിരവധി കുടുംബശ്രീകൾ രൂപീകരിക്കാൻ നേതൃത്വം നൽകുകയും ഒരു കുടുംബശ്രീയിലെ അംഗമാകാൻ കഴിയുകയും ചെയ്തു.

സ്ത്രീകൾ സ്വയംപര്യാപ്തത നേടേണ്ടത് സ്വയംതൊഴിൽ ചെയ്തിട്ടാകണമെന്ന് അനുഭവം കൊണ്ട് അറിയാൻ കഴിഞ്ഞു. സ്വന്തമായി ഒരു മില്ലുണ്ടായതുകൊണ്ട് ആദ്യപടി എന്ന നിലയ്ക്ക് ചെറിയ തോതിൽ അരിപ്പൊടി, മസാലപ്പൊടികളുടെ വിപണനം ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങൾ തന്നെ അത് വിറ്റഴിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. ബാങ്ക് ലോൺ ലഭിക്കുകയും സംരംഭം വിപുലമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ഇതിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് കുട്ടികളുടെ വിദ്യഭ്യാസച്ചെലവും ചേട്ടന്റെ ചികിത്സാചെലവും നടത്തി വരവെയാണ് ചേട്ടന്റെ ആകസ്മികമായുള്ള മരണം. വിദ്യഭ്യാസം പൂർത്തിയാക്കി മകൾക്ക് എഞ്ചിനിയറായി ജോലി ലഭിച്ചു. പ്രതിസന്ധികളിൽ തളരാതെ കഠിനാദ്ധ്വാനം കൈമുതലായുള്ള മനസ്സാണ് എനിക്കെന്നും തുണയായുണ്ടായത്. ഇന്നിവിടെ എന്റെ ഈ അനുഭവങ്ങളല്ലേ ഇന്നത്തെ സംഭവത്തിന് പ്രേരണയായത്.

കുറച്ചു കാലത്തെ ഇടവേളക്കുശേഷം ഞാൻ ഞാൻ വീണ്ടും നാട്ടിലെത്തി കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായിരിക്കുകയാണ്. ഇപ്പോൾ എ.ഡി.എസ്.സെക്രട്ടറിയായ ഞാൻ ഞങ്ങളുടെ കാദംബരി യൂണിറ്റിന്റെ സംരംഭമായ അരി പൗഡർ, മസാല പ ടികൾ മുതലായവ വാർഡിൽ മാത്രമല്ല, തിരുവില്വാമല പഞ്ചായത്തിലും വിപണനം ആരംഭിച്ചിട്ടുണ്ട്. ഒരു സംരംഭം

ചെയ്തു വിജയിപ്പിച്ചുകൊണ്ട് മാതൃകയാവാനും നേതൃത്വനിരയിൽ നിന്നുകൊണ്ട് അതിനെ മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞിട്ടുണ്ട്. മക്കൾ രണ്ടുപേരും ഉദ്യോഗസ്ഥരായി. സ്വന്തമായി ഒരു വീടുണ്ടാക്കാനും കഴിഞ്ഞു.

പുതിയതായി കുടുംബശ്രീകൾ രൂപീകരിച്ചുകൊണ്ട് പുതിയ സംരംഭങ്ങൾ ചെയ്യാൻ അവരെ സഹായിക്കുക എന്നതാണ് ഇനിയുള്ള എന്റെ ജീവിതലക്ഷ്യം.

ഐവർമഠം ശ്മശാനത്തിലെ അനധികൃത ശവസംസ്കാരത്തിനെതിരെ ജനകീയ പ്രക്ഷോഭണം ആരംഭിച്ചപ്പോൾ അവരോടൊപ്പം നിന്ന് അതിനെ ചെറുക്കുവാനും അതിലൂടെ ഇപ്പോൾ ഒരു പരിധിവരെ ശവസംസ്കാര നിയന്ത്രണം കൊണ്ടുവരാൻ കഴിഞ്ഞിട്ടുമുണ്ട്. അതിൽ ഒരു ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. പാമ്പാടി പ്രദേശത്ത് ഏകദേശം 10 ദിവസത്തോളം കുടിവെള്ളം മുടങ്ങിയപ്പോൾ പ്രാദേശികമായ 4 കുടുംബശ്രീ യൂണിറ്റുകളെയും നാട്ടുകാരെയും സംഘടിപ്പിച്ചുകൊണ്ട് പഞ്ചായത്തധികൃതരെ കാണുകയും 24 മണിക്കൂറിനുള്ളിൽ പൈപ്പ് ലൈനിന്റെ സാങ്കേതികത്തകരാറു മാറ്റി കുടിവെള്ളം കിട്ടുകയും ചെയ്തത് ജീവിതത്തിലെ മറക്കാനാകാത്ത അനുഭവങ്ങളാണ്.

ടി.വി.യുടെ മുന്നിലിരുന്ന് സമയം കളയാതെ ഒഴിവുസമയത്ത് ബാലസഭ കുട്ടികൾക്ക് ട്യൂഷനെടുത്തും ഞാനെന്റെ ഒഴിവു സമയം പ്രയോജനപ്പെടുത്തുന്നുണ്ട്. കുട്ടുകൾക്ക് അറിവ് പകർന്നു നൽകുന്നതോടൊപ്പം തന്നെ എന്റെ അറിവ് വർദ്ധിപ്പിക്കുകയും അവരുടെ കൂടെ കഴിയുന്ന നിമിഷങ്ങളിൽ ദുഃഖങ്ങൾ മറന്ന് ആശ്വാസം ലഭിക്കുകയും ചെയ്യുന്നു എന്നുള്ളതും ഒരു സത്യമാണ്.

അറിവിന്റെ ചെടി ചെറുപ്പത്തിൽ തന്നെ നാം മുളപ്പിക്കുന്നില്ലെങ്കിൽ വയസ്സാകുമ്പോൾ നമുക്കതിന്റെ തണലും കിട്ടില്ലല്ലോ. ആത്മവിശ്വാസത്തോടെയുള്ള മുന്നേറ്റമാണ് വിജയത്തിന്റെ തുടക്കം എന്നത് അനുഭവത്തിലൂടെ തിരിച്ചറിഞ്ഞവളാണു ഞാൻ.

ഈ അവസരത്തിൽ ഹെലൻ കെല്ലറുടെ വാക്കുകൾ ഓർക്കുകയാണ്.

''അഗാധമായി നാം സ്നേഹിക്കുന്നതെന്തും നമ്മുടെ ഭാഗമായി മാറും... അതെ... ഞാൻ കുടുംബശ്രീയെ അഗാധമായി സ്നേഹിച്ചുതുടങ്ങിയിരിക്കുന്നു... എന്റെ ജീവിതത്തിന്റെ ഭാഗമാകാൻ .....!

ഷീല പണിക്കർ

സെക്രട്ടറി

കാദംബരി കുടുംബശ്രീ യൂണിറ്റ്

പാമ്പാടി, തിരിവില്വാമല, തൃശൂർ

## 19..വെയിലിൽ ഒരു തണൽ വൃക്ഷം

25 വർഷങ്ങൾക്ക് മുമ്പ് കഷ്ടപ്പാടു നിറഞ്ഞ ഒരു കൂട്ടുകുടുംബത്തിൽ നിന്ന് വിവാഹം കഴിഞ്ഞ് മുള്ളൂർക്കരയിൽ ചേക്കേറിയതാണ് ഞാൻ. സ്വന്തം വീടിനേക്കാൾ കഷ്ടപ്പാടും ദാരിദ്ര്യവും നിറഞ്ഞതായിരുന്നു ഭർതൃഗൃഹം.  പുറത്തേക്കിറങ്ങാനോ, ആരോടെങ്കിലും സംസാരിക്കാനോ അന്ന് ആരും സമ്മതിച്ചിരുന്നില്ല. വീട്ടിലെ ജോലി ചെയ്യുക, കുട്ടികളെ നോക്കുക, വീട്ടിൽ ആടിനെ വളർത്തിയിരുന്നു. അവയെ സംരക്ഷിക്കുക എന്നിവ ആയിരുന്നു പ്രധാന ജോലി.

1998–ൽ കേരള ഗവണ്മെന്റ് കുടുംബശ്രീ എന്ന ആശയത്തിന് രൂപം കൊടുത്തപ്പോൾ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ ആദ്യമായി രൂപീകരിച്ച വനിത സ്വയം സഹായ സംഘത്തിൽ കൂട്ടുകുടുംബത്തിന്റെ അതിർ വരമ്പുകൾ താണ്ടി കടന്ന് അന്നത്തെ മാനദണ്ഡങ്ങളെല്ലാം അനുസരിച്ച് ഒരു അംഗമായി ചേർന്ന് ആഴ്ചയിൽ 5 രൂപ സമ്പാദ്യം തുടങ്ങി. സമ്പാദ്യം വർദ്ധിക്കുന്നതു പോലെ എനിക്കും ആത്മാഭിമാനവും വർദ്ധിക്കുവാൻ തുടങ്ങി.

എന്തിനും ഏതിനും ഭർത്താവിന്റെ മുന്നിൽ കയ്യ് നീട്ടി നിന്ന് ഞാൻ കുടുംബശ്രീയിൽ വായ്പയെടുത്ത് കാര്യങ്ങൾ ചെയ്യാൻ തുടങ്ങി. കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഭർത്താവിന് താങ്ങും തണലുമായി എനിക്ക് കഴിഞ്ഞപ്പോൾ വളരെ അഭിമാനം തോന്നി. ഒരു വിധത്തിൽ കുടുംബജീവിതം മുന്നോട്ട് നീങ്ങുന്ന സമയം.

എന്റെ മകൻ 8–ാം ക്ലാസ്സിൽ പഠിക്കുന്നു. ഒരു ദിവസം എന്റെ ഭർത്താവിന് പെട്ടെന്ന് നെഞ്ചുവേദന അനുഭവപ്പെട്ടു. പെട്ടന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയി. പക്ഷെ വിധിയെ തടുക്കാൻ മനുഷ്യന് കഴിയുകയില്ലല്ലോ. വലിയ ഒരു കുടുംബത്തിന്റെ ചുമതലകൾ എന്റെ മുന്നിൽ നിർത്തികൊണ്ട് എന്റെ ഭർത്താവ് ഈ ലോകത്തോട് വിടവാങ്ങി.

മാനസികമായും ശാരീരികമായും സാമ്പത്തികമായും ഞാൻ വളരെ തളർന്നിരുന്നു. മകനെ പഠിപ്പിക്കുവാനും വീട്ടുചിലവുകൾ നടത്താനും എനിക്ക് തനിയെ സാധിക്കുകയില്ല. അതു കൊണ്ട് എന്റെ ഭർത്താവ് പോയ സ്ഥലത്തിലേക്ക് ഞാനും പോകാം എന്ന് തീരുമാനിച്ച് തളർന്നി രിക്കുമ്പോഴാണ് എന്റെ കുടുംബശ്രീ അംഗങ്ങൾ എനിക്ക് താങ്ങും തണലുമായി വരുകയും മകനെ പഠിപ്പിക്കാനും അതുപൊലെ വീട്ടിലെ കാര്യങ്ങൾക്ക് വായ്പ തന്നും എനിക്ക് ആവശ്യ മായ നല്ല നല്ല ഉപദേശങ്ങൾ തന്ന് എന്റെ മനസ്സിനും ശരീരത്തിനും ശക്തിയേകി. അങ്ങനെ ഞാൻ ജീവിതത്തിലേക്ക് തിരിച്ചു വരുവാൻ തുടങ്ങി.

ഈ സമയത്ത് ബ്ലോക്ക് തലത്തിലുള്ള ട്രെയിനിംഗുകൾക്ക് പങ്കെടുത്ത് പശു വളർത്തലിന്, സോപ്പുപോടി, സോപ്പ് എന്നിവയുടെ പരിശീലനം നേടി ഇതിലൂടെ ഒരു സ്ഥിര വരുമാനം ഉണ്ടാ ക്കണം എന്ന് ഞാൻ തീരുമാനിച്ചു. സബ്സിഡിയോടുകൂടി 20000/– രൂപ ലോൺ എടുത്ത് പശു വളർത്തൽ ആരംഭിച്ചു. 5 വർഷത്തോളം എന്റെ കുടുംബത്തിന്റെ ഉപജീവനത്തിനുള്ള ഏക മാർഗ്ഗം പശുവളർത്തൽ ആയിരുന്നു. പിന്നീട് പശുവിനോ നോക്കാൻ കഴിയാതെ വന്നപ്പോൾ ആ മേഖല ഉപേക്ഷിക്കേണ്ടി വന്നു എനിക്ക്.

അഞ്ചാംക്ലാസ്സ് വിദ്യഭ്യാസം മാത്രമുള്ള എനിക്ക് ഇന്ന് എവിടെ പോകാനും, എല്ലാവരു മായി ഇടപെടാനും, സംസാരിക്കാനും എന്നെ പ്രാപ്തയാക്കിയത് കുടുംബശ്രീ സംവിധാനമാണ്.

എല്ലാ മേഖലയിലും എന്നെ വളർത്താൻ സഹായിച്ച് ഒരുപാട് വ്യക്തികൾ ഉണ്ട്. വാർഡ് മെമ്പർ ശ്രീ. ഇക്ബാൽ ഉണ്ണി – ആ വലിയ മനുഷ്യന്റെ അദ്ധ്യക്ഷതയിൽ ആണ് മുള്ളൂർക്കര യിലെ ആദ്യത്തെ കുടുംബശ്ീ യൂണിറ്റായ വനിതയിൽ എനിക്ക് അംഗമാകാൻ കഴിഞ്ഞത്. ഇന്ന് അയൽക്കൂട്ടത്തിന്റെ പ്രസിഡന്റ് സ്ഥാനം അലങ്കരിക്കുന്നു. പുറത്തിറങ്ങാനും മറ്റുള്ളവരോട് സംസാരിക്കാനും, ഇടപെടാനും ധൈര്യമില്ലാതിരുന്ന ഞാൻ ഇന്ന് വലിയ വലിയ വ്യക്തികളുമായ് സംസാരിക്കുവാനും നമ്മുടെ ആവശ്യങ്ങൾക്ക് വേണ്ടി പടപൊരുതാനും എനിക്ക് കഴിഞ്ഞു. ഏതൊരാളുടെ പ്രശ്നങ്ങളും ചോദിച്ചറിഞ്ഞ് അവർക്ക് വേണ്ടവിധത്തിൽ കാര്യങ്ങൾ നടത്തികൊ ടുക്കുവാനും എനിക്ക് കഴിയുന്നുണ്ട്. ഇതിന് എന്നെ പ്രാപ്തയാക്കിയ കുടുംബശ്രീ സംവിധാന ത്തിനും എന്റെ കുടുംബശ്രീ അംഗങ്ങൾക്കും എ.ഡി.എസ്. അംഗങ്ങൾക്കും, സി.ഡി.എസ്. അംഗ ങ്ങൾക്കും ഗ്രാമപഞ്ചായത്തിനും എന്നും ആയിരമായിരം നന്ദിയുടെ കടപ്പാടുകൾ അർപ്പിച്ചു കൊണ്ട് അനേകം സ്ത്രീകൾക്ക് പ്രചോദനം നൽകട്ടെ എന്നും ആശംസിച്ചുകൊണ്ട് നിർത്തുന്നു.

എന്ന്,

പുഷ്പവല്ലി

വനിത കുടുംബശ്രീ,

മുള്ളൂർക്കര.

## 20.തണലേകിയ കുടുംബശ്രീ

ഈ പുസ്തകയാത്രയിൽ ഞാനും നിങ്ങളോടൊപ്പം ചേരാം. കുടുംബശ്രീ കൊണ്ട് എനി യ്ക്കുണ്ടായ ജീവിതവിജയം വിവരണാതീതമാണ്. കാരണം മുങ്ങിത്താഴാൻ തുടങ്ങുമ്പോൾ

എനിയ്ക്കു ലഭിച്ച കച്ചിത്തുരുമ്പാണ് കുടുംബശ്രീ. അതുകൊണ്ടുതന്നെ എനിയ്ക്കൊരിക്കലും ഒരു നേരമ്പോക്കായിരുന്നില്ല കുടുംബശ്രീ. പകരം ഇതെന്റെ ജീവനും ജീവിതവുമായി.

ഞാനും എന്റെ ഭർത്താവും മൂന്നുമക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. ഒരു കൊച്ചു കാര്യത്തിന് പോലും ഞാൻ തനിയെ പുറത്തു പോകുമായിരുന്നില്ല. ഭർത്താവിന്റെയും കുട്ടികളുടേയും കാര്യങ്ങൾ മാത്രം നോക്കി വീട്ടുജോലികൾ ചെയ്ത് ഒരു ലക്ഷ്യബോധവുമില്ലാതെ തികച്ചും യാന്ത്രികമായി ജീവിച്ചിരുന്ന കാലം.

വൻകിട ബിസിനസ്സുകാരനായിരുന്ന എന്റെ ഭർത്താവിന്റെ ബിസിനസ്സ് തകർന്നതും ലക്ഷങ്ങൾ കടബാദ്ധ്യതയായതും എല്ലാം വളരെ പെട്ടെന്നായിരുന്നു.

പിന്നീട് എന്റെ ഭർത്താവ് ഒരു ഡ്രൈവറായി. അതിൽ നിന്നു കിട്ടുന്ന വരുമാനം നിത്യജീവിതത്തിനു മാത്രമേ തികയുമായിരുന്നുള്ളു. മക്കളുടെ വിദ്യഭ്യാസവും വീടിന്റെ ലോണും മറ്റു കടങ്ങളും എല്ലാം കൂടി വലിയൊരു ബാദ്ധ്യതയായി. ആകെ ദുരിതം നിറഞ്ഞ ജീവിതം. മാനസികമായും സാമ്പത്തികമായും തകർന്നുപോയ കാലം.

ഒരു യാഥാസ്ഥിതിക മുസ്ലീം കുടുംബത്തിലെ സാധാരണ പെൺകുട്ടിയായി ജീവിച്ചിരുന്ന ഞാൻ ജീവിതത്തിനു മുന്നിൽ പകച്ചു നിന്നു. ഒരു ജോലി എന്ന സ്വപ്നം അതിമോഹമാണെന്നറിയാമായിരുന്നു. കാരണം വിദ്യഭ്യാസത്തിനുശേഷം പുറത്തിറങ്ങിയിട്ടില്ല. എങ്കിലും ഒരു ജോലി കിട്ടിയിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്ന കാലം.

കുഞ്ഞിന് പൾസ് പോളിയോ കൊടുക്കാൻ വേണ്ടി അംഗൻവാടിയിൽ പോയതാണ്. അന്ന് ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണും ഇന്നത്തെ സി.ഡി.എസ്. ചെയർ പേഴ്സണും ആയ കുടുംബശ്രീയുടെ വിളനിലമായ തങ്കമ്മചേച്ചിയുണ്ടായിരുന്നു അവിടെ. അയൽകൂട്ട രൂപീകരണമാണ്. നീ വരുന്നോ? അവർ ചോദിച്ചു. സത്യം പറഞ്ഞാൽ അപ്പോൾ തോന്നിയത് ആനക്കാര്യത്തിനിടയിലാണോ ചേനക്കാര്യം എന്നാണ്. എങ്കിലും ഞാൻ അയൽക്കൂട്ടത്തിൽ ചേർന്നു.

അങ്ങനെയാണ് 7 വർഷങ്ങൾക്കുമുമ്പ് അന്തസ്സും ആഭിജാത്യവും സേവനമഹിമയും ഏറെയുള്ള കുടുംബശ്രീ തറവാട്ടിലേക്ക് ''കാരുണ്യം'' അയൽക്കൂട്ട അംഗമായി ഞാൻ വന്നു ചേർന്നത്. എങ്കിലും ഇതിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് എനിയ്ക്കറിയില്ലായിരുന്നു. അപ്പോഴും ഞാൻ ചിന്തിച്ചത് 10 രൂപകൊണ്ട് എന്ത് നേട്ടം എന്നതായിരുന്നു.

തനിയെ പുറത്തിറങ്ങി പരിചയമില്ലാതിരുന്ന ഞാൻ അയൽക്കൂട്ടം സെക്രട്ടറിയായി. കൂടെ യുള്ള പതിനേഴുപേരിൽ എട്ടുപേരെ മാത്രമേ എനിയ്ക്കറിയുമായിരുന്നുള്ളു. കണക്കെഴുത്തും, എ.ഡി.എസും, സി.ഡി.എസും, പഞ്ചായത്തും, ബാങ്കും എല്ലാം കൂടി ഞാൻ പുതിയൊരു ലോകത്ത് എത്തിച്ചേർന്നതുപോലെ തെന്നി.

ഞാൻ ആദ്യമായി 16 പേരെ അഭിമുഖീകരിച്ചുത് അയൽക്കൂട്ടയോഗത്തിലൂടെയാണ്. ആദ്യ മായി എന്റെ കുടുംബശ്രീ എനിക്കുതന്ന ശമ്പളമില്ലാത്ത ജോലിയാണ് സംഘത്തിന്റെ കണക്കെഴു ത്ത്. അവിടെനിന്നിങ്ങോട്ട് തളരാതെയും കാലിടറാതെയും പിച്ചവെക്കാൻ പഠിപ്പിച്ച എന്റെ കുടും ബശ്രീ എന്നെ ഉയരങ്ങളിലേക്കെത്തിച്ചു.

അധികം വൈകാതെ എ.ഡി.എസ്. പ്രസിഡന്റായും, സി.ഡി.എസ്. മെമ്പറായും ഞാൻ വളർന്നു. എ.ഡി.എസ്. യോഗങ്ങളിലൂടെ ഞാൻ കൂടുതൽ ആളുകളെ അറിയുകയും അവരെ അഭിമുഖീകരിച്ച് സംസാരിച്ചതിലൂടെ എന്റെ സഭാകമ്പം മാറുകയും ചെയ്തു.

സംരംഭം ചെയ്യാനുള്ള താൽപര്യംകൊണ്ട് എന്റെ സി.ഡി.എസും ചാർജ്ജ് ഓഫീസറും എന്നെ പരിശീലനങ്ങളിൽ പങ്കെടുപ്പിച്ചു. ഞാൻ തനിയെ ദുരസ്ഥലങ്ങളിൽ പരിശീലനത്തിനു പോയി വരുന്നത് വീട്ടുകാർക്കും ബന്ധുക്കൾക്കും അതിശയമായി.

തേനീച്ചവളർത്തൽ, കാടവളർത്തൽ, ആഭരണ നിർമ്മാണം എന്നിവയിലൂടെ നല്ല വരുമാന മുണ്ടാക്കാൻ എനിക്ക് കഴിഞ്ഞു. സംരംഭകത്വ പരിശീലനം നൽകാനും എനിയ്ക്കവസരം ലഭി ച്ചു. വരുമാനം ലഭിക്കാൻ തുടങ്ങിയപ്പോൾ വീട്ടിലെ സാമ്പത്തിക കാര്യങ്ങളിൽ ഇടപ്പെട്ട് ഭർത്താ വിന്റെ കടങ്ങൾ വീട്ടാനും, മക്കളെ പഠിപ്പിക്കാനും എനിയ്ക്കു കഴിഞ്ഞു. അപ്പോൾ വീട്ടിൽ നിന്ന്

ഞാനെന്ന വ്യക്തിക്ക് കൂടുതൽ അംഗീകാരം ലഭിച്ചു. എന്റെ അഭിപ്രായങ്ങൾ തീരുമാനങ്ങളായി മാറി.

പിന്നീട് ഞാൻ തൊഴിലുറപ്പിൽ മേറ്റായി. 3 വർഷം 100 തൊഴിൽ തികയ്ക്കാൻ എനിക്ക് കഴിഞ്ഞു. അതെനിക്ക് അധികവരുമാനമായി. ഒരു കുഞ്ഞു വെയിലോ ചാറ്റൽ മഴയോ കൊണ്ടാൽ പോലും അസുഖം വന്നിരുന്ന എനിയ്ക്ക് ഇതിലൂടെ രോഗപ്രതിരോധശേഷിയാർജ്ജിക്കാൻ കഴിഞ്ഞു. ഇതിനേക്കാൾ കൂടുതൽ എനിക്ക് സംതൃപ്തി ലഭിച്ചത് ഒരു വരുമാനവുമില്ലാതെ ദുർവിധിയെ പഴിച്ചും വിലപിച്ചും വെറുതെ വീട്ടിലിരുന്ന കുറെ സ്ത്രീകളെ നിർബന്ധിച്ച് തൊഴിലിനിറക്കാനും അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാനും കഴിഞ്ഞതാണ്. ബാങ്ക് കാണുക പോലും ചെയ്യാത്തവർ സ്വന്തം അക്കൗണ്ടിൽ നിന്നും പണം കൈപ്പറ്റിയപ്പോൾ അവരോടൊപ്പം ഞാനും അഭിമാനം കൊണ്ടു. വരുമാനമില്ലാതിരുന്നതുകൊണ്ടു മാത്രം മാറ്റിവെച്ചിരുന്ന സ്വന്തം ആരോഗ്യ കാര്യങ്ങൾ അവർ ശ്രദ്ധിക്കാൻ തുടങ്ങി.

ആശാവർക്കറായപ്പോൾ ജനങ്ങളുടെ ഇടയിൽ കൂടുതൽ പ്രവർത്തിക്കാൻ എനിയ്ക്കവസരം ലഭിച്ചു. കേവലം പി.ഡി.സി. വരെ മാത്രം പഠിച്ച എനിക്ക് ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നുകൾ രോഗികൾക്ക് നൽകാനുള്ള ആധികാരികതയും മെഡിക്കൽ സയൻസിലെ കുറെ നല്ല ഉപദേശങ്ങൾ ജനങ്ങളിലേക്കെത്തിക്കാനുള്ള പ്രാപ്തിയുമുണ്ടായി. മാലിന്യമുക്ത കേരളത്തിനു വേണ്ടി ബോധവൽക്കരണം നടത്താൻ എനിക്ക് കഴിഞ്ഞു.

പെയിൻ ആന്റ് പാലിയേറ്റീവ് വളണ്ടിയർ ആയപ്പോൾ മനുഷ്യർ നേടിയതും വെട്ടി പിടിച്ചതുമെല്ലാം നിഷ്പ്രഭമായിപ്പോകുന്ന അവസ്ഥ കണ്ട് ഞാൻ പൊട്ടിക്കരഞ്ഞു. ജീവിതത്തിലെ എല്ലാ ആശകളും നശിച്ച് വേദനിക്കുന്ന ശരീരവും മനസ്സുമായി തളർന്നു കിടക്കുന്നവർക്കും മക്കളാൽ ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾക്കും സഹായവും സാന്ത്വനവും നൽകാൻ എനിക്ക് കഴിഞ്ഞു.

ഞാൻ പറഞ്ഞത് കേൾക്കാനും എന്നോട് മിണ്ടാനും ആരുമില്ലെന്നു പറഞ്ഞു കരയുന്നവരെ ഞാൻ ആശ്വസിപ്പിച്ചു. അവരുടെ സങ്കടങ്ങൾ കേൾക്കാനും വിഷമം പങ്കു വെയ്ക്കാനും

ഞാൻ സമയം കണ്ടെത്തി. വിവിധ സ്ഥാപനങ്ങളിൽ നിന്നും സേവനങ്ങൾ ലഭിക്കാൻ അവരെ ഞാൻ സഹായിച്ചു.

''എന്റെ മോൾക്ക് പുണ്യം കിട്ടും'' എന്നെ അവർ അനുഗ്രഹിച്ചു. എനിയ്ക്കു ലഭിച്ച നേട്ട ങ്ങളിൽ വെച്ച് ഏറ്റവും വലുത് അതായിരുന്നു.

ആശയ ഗുണഭോക്താക്കളെ കണ്ടെത്താനും അവർക്ക് സഹായം ലഭ്യമാക്കാനും എനിക്ക് കഴിഞ്ഞു. എന്റെ പ്രവർത്തന പരിചയം കൊണ്ട് വിവിധ രോഗികളുടെ വിഷമതകളെക്കുറിച്ചും ആശ്രയക്കാരുടെ ആവശ്യകതയെക്കുറിച്ചും ഞാൻ മനസ്സിലാക്കി. വിവിധ സ്ഥാപനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും ഇവർക്കു സേവനം ലഭ്യമാക്കണം. ഞാൻ മനസ്സിൽ കുറിച്ചിട്ടു. അതിനുവേണ്ടി കുടുംബശ്രീ അംഗങ്ങളെ മാത്രം അംഗങ്ങളാക്കികൊണ്ട് ''പ്രത്യാശ വിമൻസ് ക്ലബ്ബ്'' രൂപീകരിക്കാൻ തീരുമാനിച്ചു.

എന്റെ വാർഡിൽ ഞാൻ നാലു ബാലസഭകൾ രൂപീകരിച്ചു. അവരുടെ മനസ്സിലെ സംശയ ങ്ങളും വിഷമങ്ങളും ഭയാശങ്കകളും എല്ലാം എന്നോട് തുറന്നു പറയാം എന്നുള്ള ബോധം അവ രിൽ ഉണ്ടാക്കിയെടുത്തു. അവർക്ക് ഞാൻ നന്മ ഉപദേശിക്കുന്ന നല്ല ചേച്ചിയായി. എന്റെ വാക്കു കൾ അവർക്ക് പ്രതികരിക്കാനും പ്രതിരോധിക്കാനുമുള്ള കരുത്തായി മാറി.

സി.ഡി.എസി.ൽ നിന്ന് പഞ്ചായത്തിന്റെ ജെന്റർ ആർ. പി. ആയി എന്നെ തെരഞ്ഞെടുത്തു. പിന്നീട് ഞാൻ ജില്ലാ ആർ. പി. ആയി. നാലുപേരെ ഒന്നിച്ചു കണ്ടാൽ പകച്ചു നിന്നിരുന്ന ഞാൻ ജെന്റർ പരിശീലനം നൽകാൻ പ്രാപ്തി നേടി. ഏറെ സഹോദരിമാരുടെ വിവിധ ബുദ്ധിമുട്ടുക ളിൽ ഇടപെടാൻ എനിയ്ക്കു കഴിഞ്ഞു. വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നു മുള്ള സേവനങ്ങളിലൂടെ അവയെല്ലാം പരിഹരിക്കാൻ അവരെ ഞാൻ സഹായിച്ചു.

കമ്പ്യൂട്ടർ പഠിക്കാനും പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാനും എനിയ്ക്ക് കഴിഞ്ഞു. സ്ത്രീയ്ക്കൊരു പ്രശ്നമുണ്ടായാൽ അതെന്റെ പ്രശ്നമായി എനിക്ക് തോന്നി. അതിനെതിരെ ശബ്ദമുയർത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഞാൻ നിസ്സഹായ ആയിരുന്നു. എന്നാൽ ഇന്ന് ഏതുനിലക്കും അത് പ്രതിരോധിക്കാനുള്ള കഴിവെനിക്കുണ്ടായി.

എന്റെ കുടുംബശ്രീ എന്നെ ഏറെ ഉയരങ്ങളിലേക്കെത്തിച്ചു. ഒരു ജോലി കിട്ടിയിരുന്നെങ്കിൽ എന്നു പ്രാർത്ഥിച്ചിരുന്ന എനിക്ക് ഒരുപാടു ജോലിയുണ്ടാക്കി തന്നു. കുടുംബത്തിലും പൊതുരംഗങ്ങളിലും എനിക്ക് സ്ഥാനം ലഭിച്ചു. എന്റെ ഭർത്താവിനെ സഹായിക്കാനും എന്റെ മക്കളെ മൂല്യബോധത്തോടെ വളർത്താനും ബിരുദധാരികളാക്കാനും എനിക്കു കഴിഞ്ഞു. വിവിധ പരിശീലനങ്ങളുടെ വെളിച്ചത്തിൽ ഞാനെന്റെ മക്കളുടെ നല്ല കൂട്ടികാരിയായി ഭർത്താവും മക്കളും എന്റെ പേരിൽ അറിയപ്പെടാൻ തുടങ്ങി. അവർ എന്നിൽ അഭിമാനം കൊണ്ടു.

എന്തും നേരിടാനുള്ള തന്റേടവും സഹനശക്തിയും എനിക്കു ലഭിച്ചു. സംഘടനാശക്തിയും നേതൃത്വശേഷിയും സേവന മനസ്ഥിതിയും വികസിപ്പിച്ചെടുക്കാൻ എനിക്കു കഴിഞ്ഞു. ആശയ വിനിമയത്തിൽ മികവും ആരോടും മുഖത്തു നോക്കി സംസാരിക്കാനുള്ള കഴിവും എനിയ്ക്കുണ്ടായി. സമൂഹത്തിലെ പ്രമുഖരായ പല വ്യക്തികളെയും കാണാനും പരിചയപ്പെടാനും സാമൂഹ്യവികസനപ്രവർത്തനങ്ങളിൽ പങ്കാളിയാകാനും എന്റെ കുടുംബശ്രീ വഴിയൊരുക്കി.

എന്റെ വിഷമങ്ങളിൽ ആശ്വസിപ്പിക്കാനും സന്തോഷം പങ്കിടാനും നല്ല സുഹൃദ്ബന്ധങ്ങളുണ്ടായി. അഭിപ്രായങ്ങൾ തുറന്നു പറയാനും പ്രതികരിക്കാനും എനിക്ക് വേദികളുണ്ടായി. കലാപരിപാടികൾ അവതരിപ്പിക്കാനും വിനോദയാത്രകളിൽ പങ്കെടുക്കാനും ഭാഗ്യമുണ്ടായി. മീറ്റിംഗുകൾ, ട്രെയിനിംഗുകൾ, സെമിനാറുകൾ, ശിൽപ്പശാലകൾ എന്നിവ ജീവിതത്തിന്റെ ഭാഗമായി മാറി. റെസിഡൻഷ്യൽ ട്രെയിനിംഗുകൾ മറക്കാൻ കഴിയാത്ത അനുഭവങ്ങളായി.

വീടിനു ചുറ്റുമുള്ള 10 കുടുംബങ്ങളാൽ മാത്രം അറിയപ്പെട്ടിരുന്ന ഞാൻ എന്റെ ഗ്രാമത്തിലുള്ള മുഴുവൻ വീടുകളിലേയും കുടുംബസുഹൃത്തായി മാറി. ജില്ലയിലെ പല പഞ്ചായത്തുകളിലുമുള്ള കുടുംബശ്രീ പ്രവർത്തകർ എന്റെ കൂട്ടുകാരായി.

''അന്ന്'' അറിയാതെ കുടുംബശ്രീയിൽ വന്നുപെട്ട ഞാൻ 10 രൂപ കൊണ്ട് എന്തു നേട്ടം എന്നു ചിന്തിച്ചിരുന്ന ഞാൻ ''ഇന്ന്'' സ്ത്രീശാക്തീകരണം സാമ്പത്തിക ശാക്തീകരണം എന്നിവ നേടി സമൂഹശാക്തീകരണത്തിനുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.

പടർന്നു പന്തലിച്ചു നിൽക്കുന്ന കുടുംബശ്രീ വൻവൃക്ഷം തണലായും കുളിർ തെന്ന ലായും പൂവായും പഴമായും എനിയ്ക്കാശ്വാസമേകി. മനക്ലേശങ്ങളുടെ വരണ്ട മരുഭൂമിയിൽ നിന്ന് സന്തോഷം നിറഞ്ഞ ജീവിതത്തിന്റെ പച്ചപ്പിലേക്ക് എന്നെ കൈപിടിച്ചുയർത്തിയ എന്റെ കുടുംബശ്രീയിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഈ വലിയ ലോകത്തിന്റെ കോണിലുള്ള ചെറിയ ഗ്രാമത്തിലെ ആരാലും അറിയപ്പെടാതി രുന്ന എന്റെ വിജയാനുഭവങ്ങൾ കേരളത്തിലെ എത്രയോ ജനങ്ങൾ വായിച്ചേക്കാം. മാത്രമല്ല ഈ പുസ്തകത്തിന്റെ എഡിറ്റോറിയൽ ബോർഡിൽ മുഖ്യ അംഗമാകാനും എനിക്കു കഴിഞ്ഞു.

ഇതിനെനിക്ക് ഏറ്റവും കൂടുതൽ നന്ദി പറയാനുള്ളത് സാമൂഹ്യ പ്രവർത്തന രംഗത്തേക്കിറ ങ്ങാൻ പിന്തുണ നൽകിയ എന്റെ ഭർത്താവിനോടാണ്. പിന്നെ എല്ലാതരത്തിലും എന്നോട് സഹ കരിച്ചും അനുസരിച്ചും കൂടെ നിൽക്കുന്ന എന്റെ മക്കളോടും. ജ്യേഷ്ഠ സഹോദരന്മാരെന്ന പോലെ മുന്നോട്ടു പോകാനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും പിന്തുണയും തന്ന് സംരംഭം ചെയ്യാൻ പ്രേരിപ്പിച്ച ചാർജ്ജോഫീസർ സജി സാറിനോടും നന്ദി പറയാതിരിക്കാൻ കഴിയില്ല. പിന്നെ എന്റെ സ്വന്തം ചേച്ചിയായി വീഴ്ചകളെല്ലാം തിരുത്തി മുന്നേറാൻ ധൈര്യം തന്ന പാഞ്ഞാ ളിന്റെ സ്വന്തം തങ്കമ്മചേച്ചിയോടും ട്രെയിനിംഗുകൾക്കു പോകാൻ എന്നോടു ചോദിക്കുക പോലും ചെയ്യാതെ എന്റെ പേരു കൊടുത്തിരുന്ന മുൻ ചെയർപേഴ്സൺ വാസന്തി ചേച്ചിയോടും സിന്ധുവിനോടും.

പിന്നെ എന്റെ വിജയപാതയിൽ പൂവിരിച്ച പാഞ്ഞാളിലെ ഭരണാധികാരികളേയും ഉദ്യോഗ സ്ഥരേയും നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ അനുഭവക്കുറിപ്പ് ഇവിടെ സമർപ്പിക്കുന്നു.

അഭിമാനത്തോടെ

ബുഷറ ടി. എ.

പാഞ്ഞാൾ.

## 21.പിന്നിട്ട വഴികൾ

സമൂഹത്തിന്റെ മുഖധാവിലേക്ക് സ്ത്രീകൾ എത്തിപ്പെടാത്ത ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. പാരതന്ത്ര്യത്തിന്റെ ചങ്ങലകണ്ണികളിൽ ഉഴലുന്ന സഹോദരിമാർക്ക് അഭിപ്രായ സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടുരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ദൗർഭാഗ്യവശാൽ ഞാനും ജനിച്ചുവളർന്നത്. അച്ഛനും അമ്മയും അഞ്ചു പെൺമക്കളും ഇളയ സഹോദരനും അടങ്ങിയതായിരുന്നു എന്റെ കുടുംബം. പെൺകുട്ടികളുടെ ശബ്ദം വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ മാത്രമേ കേൾക്കാവൂ എന്നായിരുന്നു അച്ഛന്റെ ആജ്ഞ. അതിനുകാരണം ഞങ്ങൾ താമസിച്ചിരുന്ന വീട് റോഡിനോട് ചേർന്നായിരുന്നു.

താഴെയുള്ള സഹോദരിമാരെ സംരക്ഷിക്കേണ്ട ചുമതല ചേച്ചിമാരുടേതായിരുന്നു. അമ്മയും അച്ഛനും പണിയെടുത്താലെ അന്നൊക്കെ കുടുംബ പുലരുമായിരുന്നുള്ളു. ചേച്ചി

മാർക്ക് സ്ക്കൂളിൽ നിത്യവും പോയി പഠിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായില്ല. അതിനാൽ അവരുടെ വിദ്യഭ്യാസയോഗ്യത കുറഞ്ഞു പോയത് ഓർക്കുമ്പോൾ എനിക്ക് ദുഖം തോന്നാറുണ്ട്. ഇളയ മകളായ എനിക്ക് പഠിയ്ക്കാനുള്ള സാഹചര്യം ലഭിച്ചു. കലാകായിക രംഗങ്ങളിൽ കഴിവുണ്ടായിരുന്നിട്ടും അതിനുവേണ്ട സ്വതന്ത്ര്യമോ പ്രോത്സാഹനമോ ലഭിച്ചില്ല.

സ്പോർട്സിൽ പങ്കെടുക്കാനുള്ള അതിയായ ആഗ്രഹം മൂലം ഒരു തവണ 400 മീറ്റർ ഓട്ടത്തിൽ പങ്കെടുക്കുകയും രണ്ടാംസ്ഥാനം ലഭിയ്ക്കുകയും അത് വീട്ടിൽ ആരോടും പറയാതെ കുഞ്ഞുമനസ്സിൽ ഒളിപ്പിച്ച് വെയക്കാൻ ഒരുപാട് പ്രയാസം അനുഭവിച്ചു. കായികമത്സരത്തിനു പോയാൽ കൈകാലുകൾക്ക് എന്തെങ്കിലും ക്ഷതം സംഭവിക്കുമെന്ന ഭയമായിരുന്നു വീട്ടുകാർക്ക്. ഇപ്പോൾ ഞാൻ ഓർക്കുന്നു അച്ഛന്റെ സാമ്പത്തിക പരാധീനതയായിരിക്കാം അതിനു പിന്നിൽ.

വിവാഹശേഷവും കുറേകാലത്തേക്ക് വലിയ മാറ്റങ്ങളൊന്നും തന്നെ ഉണ്ടായില്ല. ഭർത്താവിന്റെ അമ്മയും അച്ഛനും പൊതുവെ സ്നേഹമുള്ളവരായിരുന്നു. എങ്കിലും സ്വന്തം കാര്യങ്ങളിൽ പോലും വ്യക്തമായ അഭിപ്രായ സ്വാതന്ത്ര്യം ലഭിച്ചിരുന്നില്ല. ഒറ്റയ്ക്ക് ഒരു കാര്യവും കൈകാര്യം ചെയ്യുന്നതിനുള്ള കഴിവോ പ്രാപ്തിയോ എനിയ്ക്ക് ഇല്ല എന്നാണ് ഞാനും എന്റെ വീട്ടുകാരും ധരിച്ചിരുന്നത്. ഏത് കാര്യത്തിനും ഭർതൃമാതാവിനെ ആശ്രയിക്കും. ആദ്യത്തെ കുഞ്ഞിനെ സ്കൂളിൽ ചേർത്താൻ അമ്മയാണ് പോയത്. കുട്ടികൾക്ക് വയ്യാതെയായാൽ വൈദ്യ പരിശോധനയ്ക്ക് കൊണ്ടു പോകാൻ അമ്മ കൂടെ വരണം.

ഞാനോർക്കുന്നു എന്റെ ഇളയമകന് 8 മാസം പ്രായം. ജനിച്ച് 3 മാസം മുതൽ അവന് സ്ഥിരം ശ്വാസം മുട്ടൽ ഉണ്ടാവുമായിരുന്നു. ഒരു ദിവസം അവന് അസുഖം കൂടുതലായി. മുലപ്പാൽ ഇറക്കാൻ പോലും കഴിയാത്ത അവസ്ഥ. എനിക്ക് പേടിതോന്നി തുടങ്ങി. ഒറ്റയ്ക്ക് എന്തും വരട്ടെ എന്ന് കരുതി കൊണ്ടുപോയാലോ? ആ സമയത്താണ് അടുത്ത വീട്ടിലെ ഒരു സ്ത്രീ അവിടെയെത്തിയത്. അവൾ പറഞ്ഞു. എന്താ കുട്ടിയ്ക്ക് ഇത്ര വയ്യാതെ കൊണ്ടുപോവാത്തത്. ഞാൻ

കൂടെ വരാം. പറയണ്ട താമസം ഞാൻ റെഡിയായി. ആ കുട്ടി മോനെ വാരിയെടുത്തു മിഷൻ ആശുപത്രിയിലെത്തിയത് ഞാൻ അറിഞ്ഞില്ല.

3 ദിവസം ഒബ്സർവേഷനിൽ ഡോക്ടർ പറഞ്ഞു പ്രാർത്ഥിക്കുക. മരുന്ന് ഞങ്ങൾ ചെയ്യും. നിങ്ങൾക്ക് വിധിച്ചെങ്കിൽ കിട്ടും. അസുഖം കൂടി ശ്വാസകോശത്തിൽ അണുബാധയായി. ദൈവം എന്റെ പ്രാർത്ഥന കേട്ടു. ഇന്ന് അവൻ ആരോഗ്യവാനായി 8–ാം ക്ലാസ്സിൽ പഠിക്കുന്നു.

ഞാൻ സ്വയം തിരിച്ചറിയാൻ തുടങ്ങി. ഇങ്ങനെയായാൽ പോരാ സ്വയം മാറണം. എന്തെങ്കിലും ജോലി അത്യാവശ്യമാണ്. വരുമാനമില്ലാത്തവർക്ക് പിൻതള്ളൽ അനുഭവിക്കേണ്ടിവരും. ഈ കാലത്താണ് ഞങ്ങളുടെ പഞ്ചായത്തിൽ കുടുംബശ്രീ രൂപീകരണങ്ങൾ നടക്കുന്നതായി അറിയാൻ കഴിഞ്ഞത്. 13–ാം വാർഡായ ഞങ്ങളുടെ വാർഡിലും മൂന്ന് സംഘങ്ങൾ രൂപീകരണം കഴിഞ്ഞിരുന്നു. ''ഉദയ'' എന്ന പേരിൽ ഒരു കുടുംബശ്രീ ഞങ്ങളും വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചു. ഓരോ ആഴ്ചയും ഓരോരുത്തരുടെ വീട്ടിൽ കൂടിചേർന്നപ്പോൾ ബോധ്യപ്പെട്ടുതുടങ്ങി നമ്മുടെ ദുഖങ്ങളും സന്തോഷങ്ങളും പങ്കു വയ്ക്കാനും, പരസ്പരം ആശയവിനിമയം നടത്താനും ഉള്ള ഒരു വേദി കൂടിയാണ് കുടുംബശ്രീയെന്ന്. സ്വന്തമായി ഒരു ബാങ്ക് അക്കൗണ്ട് കൂടി ആയപ്പോൾ ഞങ്ങളുടെ ശക്തി കൂടിവന്നു.

ആദ്യതവണ തന്നെ കുടുംബശ്രീ തിരഞ്ഞെടുപ്പിൽ വിജയിച്ചു. വാർഡിന്റെ എ.ഡി.എസ്. സെക്രട്ടറിയായി. ഒപ്പം സി.ഡി.എസി.ൽ ബാലസഭ ആശ്രയ കൺവീനറായി രണ്ടാം തവണയും ഈ സ്ഥാനങ്ങളിൽ തുടരാൻ എന്റെ വാർഡിലെ സഹോദരിമാരുടെ പിൻതുണ എനിയ്ക്ക് ലഭിച്ചു. ബ്ലോക്കിൽ നിന്നും കുടുംബശ്രീകളിൽ നിന്നും ലഭിക്കുന്ന ക്ലാസ്സുകളോരോന്നും ആത്മധൈര്യം വർദ്ധിപ്പിച്ചു. എന്നാൽ കഴിയും വിധം മറ്റുള്ളവരെ സഹായിക്കണം എന്ന വാശി എന്നിലുണർന്നു. സ്വന്തമായി ഒരു ചെറിയ വരുമാനവും, ഒപ്പം ആപത്ഘട്ടങ്ങളിൽ കുറേ പേർക്ക് സഹായവും ആകുന്ന ഒരു ജോലി ഞാൻ കണ്ടെത്തി. 10–10–2010–ൽ എൽ.ഐ.സി. ഏജൻസി ഞാൻ സ്വന്തമാക്കി. ഒപ്പം രോഗം വരുന്നവരെ സഹായിക്കാനായി ആരോഗ്യ അപകട ഇൻഷുറൻസും കൊടുക്കുന്നു. മനസ്സിന് ഒരുപാട് സന്തോഷം തരുന്നു. ആദ്യമൊക്കെ കുടുംബശ്രീയുടെ

പ്രവർത്തനത്തിനായി നടന്നു നീങ്ങുമ്പോൾ പലരും പുഛത്തോടെയും ഇഷ്ടക്കേടാലും വീക്ഷിച്ചിരുന്നു. ഇപ്പോൾ കാണുന്നവരൊക്കെ ബഹുമാനത്തോടെ ഓരോ പ്രവർത്തനങ്ങളും നോക്കി കാണുന്നു. അംഗീകരിക്കുന്നു. ഈ അംഗീകാരം വീടിനകത്തും ധാരാളം ലഭിക്കുന്നുണ്ട്. ഇപ്പോൾ വീട്ടിലെ പല കാര്യങ്ങളിലും തീരുമാനമെടുക്കുന്നതിന് എനിക്കായി എല്ലാവരും നീക്കി വയ്ക്കുന്നു. എവിടെ പോയാലും കാര്യം നടത്തി തിരിച്ചു വരും എന്ന ധൈര്യം വീട്ടുകാർക്ക് ഉണ്ട്. മകൾ പഠിക്കാൻ മിടുക്കിയാണ്. 10-ാം ക്ലാസ്സിൽ അവൾ അത് 100% തെളിയിച്ചു. മകൻ ആയി വരുന്നു. അവനും മിടുക്കനാണ്. മോൾ കലാരംഗത്ത് സംസ്ഥാനതലം വരെ പോയി. എനിയ്ക്ക് കഴിയാത്ത കാര്യം അവളിലൂടെ നേടിയെടുക്കാൻ ഞാനും അച്ഛനും നല്ല പ്രോത്സാഹനം കൊടുക്കും. നൃത്തത്തിലാണ് അഭിരുചി.

2012 കാലഘട്ടത്തിൽ മറക്കാനാവാത്ത ഒരനുഭവം എനിയ്ക്കുണ്ടായി. 6 വയസ്സുള്ള കുട്ടിയെ പോളിസി ചേർക്കാൻ പോയതായിരുന്നു. അവിടെ ചെന്നപ്പോൾ കുട്ടി സ്കൂളിൽ പോയിരിക്കുന്നു. ഭാര്യ ഫാനിൽ സാരി കുരുക്കിട്ട് വാതിലടച്ച് അകത്ത് ഭർത്താവ് എന്ത് ചെയ്യാൻ വരുന്നതു വരട്ടെ എന്ന മട്ടിൽ നിൽക്കുന്നു. കുടുംബശ്രീയിൽ നിന്നും ലഭിച്ച സ്ത്രീയും ആരോഗ്യവും ക്ലാസ്സും, ബാലസഭയിലെ നിർഭയ എന്ന ക്ലാസ്സും ഓർമ്മ വന്നു. തിരിച്ചുപോരാൻ ഞാൻ തയ്യാറായില്ല. ഞാൻ കടന്നു ചെന്നു. ഭർത്താവിനോട് അനുമതി ചോദിച്ച് അകത്ത് കടന്നു. അടച്ചിട്ടിരിക്കുന്ന വാതിലിൽ മുട്ടി ആദ്യം പ്രതികരണം ഉണ്ടായില്ല. പിന്നെ ദേഷ്യത്തോടെയും, സങ്കടത്തോടെയും നല്ല സുന്ദരിയായ 26 വയസ്സ് പ്രായം തോന്നിക്കുന്ന ഒരു യുവതി പുറത്ത് വന്നു. ഞാൻ നോക്കി. സാരി ഫാനിൽ തന്നെയുണ്ട്. സമയത്തിന് ഒരു വിലയും കൊടുക്കാതെ മണിക്കൂറുകളോളം ഞാൻ അവിടെ രണ്ടു പേരുടേയും പ്രശ്നങ്ങൾ അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത് മാസങ്ങളോളമായി അവരുടെ ഇടയിൽ ദാമ്പത്യം പേരിനുമാത്രമേ ഉള്ളു. ഉള്ളത് ഭാര്യയ്ക്ക് ഭർത്താവിനോട് സംശയം. അതിന് തക്കതായ കാരണവും തെളിവു സഹിതം ആ കുട്ടി സൂക്ഷിച്ചിരുന്നു. അയാളുടെ മൊബൈലിൽ നിന്നും ആ കുട്ടി കാണാനിടയായ ഒരു സ്ത്രീയുടെ ചിത്രം.

ആ കുട്ടി ഈ വിവരം അറിയിച്ചവരെല്ലാവരും ഇവരെ വിവാഹമോചനത്തിലേക്ക് നയിക്കുന്ന രീതിയിലുള്ള ഉപദേശം പകർന്നു കൊടുത്തു. അതാണ് സ്ഥിതി ഇത്രയും മോശമായത്.

ഒരു സ്ത്രീയും അംഗീകരിക്കാൻ തയ്യാറാവാത്ത ഒരു കാര്യം തന്നെയാണ് ആ കുട്ടിയുടെ ഭാഗത്ത് ഉള്ളത് എന്ന് ബോധ്യമായിട്ടും ഞാൻ അവളുടെ ഒപ്പം ചേർന്നില്ല. അയാളെ ന്യായീകരിച്ചുമില്ല. പകരം ഇതിനേക്കാൾ മോശപ്പെട്ട രീതിയിൽ ജീവിച്ച പല ഉദാഹരണങ്ങളും പറഞ്ഞ് മനസ്സിലാക്കി. അത് അവൾക്ക് വെളിച്ചം വീശി. ആ മകന് അച്ഛനും അമ്മയും നഷ്ടപെട്ടില്ല. ആ കുടുംബം ഇന്ന് നല്ല രീതിയിൽ കഴിയുന്നു. ഇന്ന് ഞാനാ വീട്ടിലെ ഒരംഗമാണ്. പോളിസി ഞാൻ പറയാതെ തന്നെ അവർ എനിയ്ക്ക് തന്നു. വരുമാനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ജോലി ചെയ്യാറില്ല. നമ്മൾ ഉത്തരവാദിത്വത്തോടെ നമ്മുടെ ചുമതല ചെയ്യുമ്പോൾ ഫലം നമ്മളെ തേടി എന്നെങ്കിലും വരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ ചിന്ത നിരാശയില്ലാതെ എന്നെ മുന്നിലേക്ക് നയിക്കാറുണ്ട്.

എന്റെ ഒരു ആത്മാർത്ഥ സുഹൃത്തിന് ഒരു ജീവിതം നേടി കൊടുക്കാൻ ഒരു പങ്കാളിയാവാൻ കഴിഞ്ഞത് ഓർക്കാതെ വയ്യ. ഒരു പാവപ്പെട്ട കുടുംബത്തിലെ ഇളയ മകളായ ആ കുട്ടിയ്ക്ക് വിവാഹപ്രായം കഴിഞ്ഞിട്ട് വർഷങ്ങളേറെയായി. രണ്ടു വയസ്സ് പ്രായമുള്ളപ്പോൾ അച്ഛൻ മരിച്ചു. അമ്മയും അഞ്ചു സഹോദരിമാരും ഒരു സഹോദരനും അടങ്ങുന്ന കുടുംബം. ബുദ്ധിമാന്ദ്യം ഉള്ള ഒരു ചേച്ചി ഒഴികെ ബാക്കിയുള്ളവരൊക്കെ നേരത്തെ വിവാഹം കഴിഞ്ഞു പോയി. ആർക്കും ഈ കുട്ടിയുടെ കാര്യത്തിൽ ഒരു ശ്രദ്ധയുമുണ്ടായില്ല.

മകനെ വിവാഹം കഴിഞ്ഞ് കാണുന്ന കാര്യത്തിലായിരുന്നു അമ്മയ്ക്കും ശ്രദ്ധ. ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ ജോലി ചെയ്ത് കിട്ടുന്ന തുക വീട്ടിൽ കൊടുക്കും. എല്ലാ ചേച്ചിമാർക്കും എന്താവശ്യത്തിനും ഒരത്താണി. അങ്ങിനെ കഴിയുമ്പോൾ വീടിന് സമീപമുള്ള കുടുംബസുഹൃത്തുമായ ഒരു വ്യക്തി ആ കുട്ടിയ്ക്ക് വിവാഹ വാഗ്ദാനം നൽകി. ആ ബന്ധം വളർന്ന് പന്തലിക്കാൻ തുടങ്ങി. ചെറുക്കന്റെ വീട്ടുകാർ അറിഞ്ഞു. അവർക്ക് ഒട്ടും താൽപര്യമായില്ല. കാരണം പ്രായം കൊണ്ട് ചെറുക്കൻ താഴെ. സ്വത്തിന്റെ കാര്യത്തിൽ അതിനേക്കാൾ കഷ്ടം.

ചെറുക്കനാണെങ്കിൽ ധർമ്മ സങ്കടത്തിലായി. അമ്മ മരിക്കുമെന്ന് ഒരു ഭാഗത്ത്. പേര് ദോഷം വന്ന് ജീവിച്ചിരിക്കില്ല എന്ന് കാമുകി.

അയാൾ എന്നെ കാണാൻ വന്നു. ആദ്യം ഞാൻ കരുതി വിവാഹത്തിന് എന്റെ ഏതെങ്കിലും സഹായം ചോദിക്കാനാവും. സംസാരിച്ചപ്പോഴാണ് മനസ്സിലായത്. അയാൾക്കും ഒരു നേരംപോക്കായിരുന്നു ആ കുട്ടിയുടെ ജീവിതം. അയാൾക്കത് തുറന്ന് ആ കുട്ടിയോട് പറയാൻ ധൈര്യമില്ല. അതിന് അയാൾ എന്നെ ചുമതലപ്പെടുത്തി. ഞാൻ തിരിച്ചറിഞ്ഞു ജീവിതം എന്നത് ആരുടെയും നിർബന്ധത്തിനു വഴങ്ങി നടക്കേണ്ടതല്ല. അത് രണ്ട് വ്യക്തികളും രണ്ടു കുടുംബങ്ങളും തമ്മിലുള്ള ഉടമ്പടി മാത്രം.

ഞാനാ കുട്ടിയെ പരമാവധി പറഞ്ഞു മനസ്സിലാക്കി. വെറുതെയിരിക്കാൻ എന്റെ മനസ്സിനായില്ല. സ്ഥിരമായി മാതൃഭൂമി പത്രത്തിലെ ഞായറാഴ്ചകളിലെ വിവാഹ പംക്തി വായിക്കാൻ തുടങ്ങി. പറ്റിയതാണെങ്കിൽ വിളിക്കും. ചിലരുടെ പ്രതികരണം മോശമായിരിക്കും. ദിവസം ചെല്ലും തോറും അവരുടെ വീട്ടിലെ സ്ഥിതിയും മോശമായി. അമ്മ മരിച്ചതോടെ സഹോദരന്റെ ഭാര്യയുടെ കുടുംബഭരണം അനുഭവിക്കാറായി. അവർ കുറ്റപ്പെടുത്താൻ തുടങ്ങി. ചീത്തപ്പേര് ഉണ്ടാക്കി ഞങ്ങളുടെ കുട്ടികളുടെ ഭാവി ഇല്ലാതാക്കിയെന്ന്. അപ്പോഴും വിവാഹം കഴിച്ചയയ്ക്കണമെന്ന് ആങ്ങളയ്ക്കും ചേച്ചിയ്ക്കും ചിന്തയില്ല. അവർക്ക് അവരുടെ കുട്ടികളുടെ കാര്യമാണ് വലുത്.

ഞാൻ വിളിക്കുന്നത് കണ്ട് അവളും സ്വയം ജോലിസ്ഥലത്തിരുന്ന് എന്റെ ശബ്ദത്തിൽ വിളിക്കും. അങ്ങനെ ഒരു പാർട്ടി കാണാൻ വന്നു. ഞാനറിഞ്ഞിരുന്നില്ല. കാണാൻ എത്തുന്ന വിവരം. എനിയ്ക്ക് അർജന്റ് കോൾ വന്നു ഞാൻ ചെല്ലുമ്പോൾ ചെറുക്കനും, സഹോദരിയും, ഭർത്താവും ഉണ്ട്. ആ കുട്ടി പറഞ്ഞു ഇതാണ് സുനിത. ഇവരാണ് നിങ്ങളെ വിളിച്ചത്. വീട്ടിൽ നിന്ന് ലഭിക്കുന്ന പീഢനത്തിന് ദുഃഖത്തിന്റെ ആഴം കൂടുമെന്ന് മനസ്സിലാക്കി. അല്പസമയത്തേക്ക് കൂടപ്പിറപ്പിനെപോലെ പെരുമാറി. അവരുടെ വണ്ടിയിൽ ഒരു പരിചയമില്ലാത്ത ആളുകളുടെ കൂടെ ഞാനാ കുട്ടിയുടെ വീട് കാണിക്കാൻ പോയി. എറണാകുളം ജില്ലക്കാരാണ്.

എന്റെ ഭർത്താവിന്റെ പൂർണ്ണ പിൻതുണയോടെയാണ് ഞാനിതൊക്കെ ചെയ്യുന്നത്. ആ ആത്മധൈര്യം എന്നെ നയിച്ചു. വിവാഹം തീരുമാനമായി 15 ദിവസത്തിനുള്ളിൽ വിവാഹം നടന്നു. അയാളുടെ മുൻഭാര്യയിലെ മോനും മോളും ആ കുട്ടിയ്ക്ക് മക്കളായി. ഇത് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരനുഭവമായി ഞാൻ ഓർക്കുന്നു.

മഹിളാ അസോസിയേഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമാവാൻ സാധിച്ചു. പാവപ്പെട്ട വിധവകളായ അമ്മമാർക്ക് വിധവ പെൻഷൻ വാങ്ങി കൊടുക്കാൻ സാധിച്ചു. പഞ്ചായത്തുമായി ബന്ധപ്പെട്ട് എന്നാലാവും വിധം പലരെയും സഹായിക്കാൻ കഴിയാറുണ്ട്. ഒറ്റയ്ക്ക് പോയി കാര്യങ്ങൾ ചെയ്യാൻ കഴിവില്ലാതിരുന്ന എനിക്ക് ഇന്ന് ഇതൊക്കെ നടത്താൻ കഴിയുന്നത് ഈ കൂട്ടായ്മയുടെ പിൻബലം തന്നെയാണ് എന്നതിൽ ഒരു സംശയവുമില്ല. ജോലി ഭാരം കൂടിവന്നപ്പോൾ ഭർത്താവിന്റെ സഹായം ചില സമയങ്ങളിലൊക്കെ ലഭിക്കുമായിരുന്നു.

അദ്ദേഹത്തിന് ജോലിഭാരത്തിനിടയിൽ എന്നെ സഹായിക്കാൻ ചില സമയത്തൊക്കെ പ്രയാസം പ്രകടിപ്പിച്ചും വണ്ടി ഓടിക്കാൻ പഠിക്കാൻ അദ്ദേഹം പ്രേരിപ്പിച്ചു. അങ്ങനെ റോഡിലൂടെ പേടിച്ച് നടന്നിരുന്ന ഞാൻ ടൂവീലർ ലൈസൻസ് സ്വന്തമാക്കുകയും സ്വന്തം സമ്പാദ്യം കൊണ്ട് ഒരു വണ്ടിയെടുത്ത് ഓടിക്കാൻ തുടങ്ങി. ഇപ്പോൾ എത്ര കിലോമീറ്റർ ദൂരം വേണമെങ്കിലും ഞാൻ അതിൽ പോകും. കാണുന്നവർ പലരും പറഞ്ഞു താങ്കൾക്ക് വലിയ അത്യാവശ്യമാണ്. ചില സഹോദരിമാർ എന്നോട് ചോദിക്കും എങ്ങിനെയാണ് വണ്ടിയിൽ ഇത്രയൊക്കെ ദൂരം പോകുന്നത്? ഞാൻ പറയും എന്റെ കുടുംബശ്രീയിലൂടെയുള്ള പ്രവർത്തനമാണ് എനിയ്ക്ക് ഈ ഊർജ്ജം തന്നത്. ഇത് ഒരമ്മ കുഞ്ഞിന് നൽകുന്ന കരുത്താണ്. നിങ്ങളൊക്കെ ഇതിൽ ആത്മാർത്ഥമായി പ്രവർത്തിക്കൂ. നിങ്ങൾക്കൊക്കെ ഇതുപോലെ ആവാൻ സാധിക്കും.

ബാലസഭയിലൂടെ കുറെ കൊച്ചുകൂട്ടുകാരെ സ്വന്തമാക്കാൻ എനിക്ക് കഴിഞ്ഞു. അവർക്ക് വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്. നിർഭയ ബാല പാർലമെന്റ് വളരെ നല്ല രീതിയിൽ നടത്താനായി. ക്ലാസ്സെടുക്കാൻ എത്തിയവർ അത് വെളിപ്പെടുത്തുകയും ചെയ്തു.

എ.ഡി.എസ്. വാർഷികത്തിന് വാർഡ് തലത്തിൽ എല്ലാ കുടുംബശ്രീ അംഗങ്ങളും അവരുടെ അനുഭവം എഴുതണമെന്ന് പറഞ്ഞപ്പോൾ ഒരുപാട് സന്തോഷം തോന്നി. പേടിച്ച് വിളച്ച് വീട്ടിൽ മാത്രം ഒരുങ്ങി കൂടിയിരുന്ന ഞാൻ ഇന്ന് എത്രമാത്രം വളർന്നിട്ടുണ്ടോ അതിന് പിന്നിൽ ഒരു തണ്ടിൽ മൂന്നു പൂക്കളുമായി എന്നെ മാടിവിളിച്ച് അടുത്തിരുത്തി തലോടി സാന്ത്വനിപ്പിച്ച് കൂടെ കൂട്ടിയ ''അമ്മയായ കുടുംബശ്രീ'' യെക്കുറിച്ച് എഴുതാനും അതിലൂടെ കൈവരിച്ച നേട്ടങ്ങൾ ഓർക്കാനും ആ സുഖം നുണഞ്ഞാസ്വദിക്കാനും കഴിഞ്ഞതിൽ ഒരുപാട് ആനന്ദം അനുഭവിക്കുന്നു.

കൂടാതെ ഒരു പുസ്തക രൂപത്തിലാക്കി വമ്പിച്ച പരിപാടികളോടും മുഴുവൻ സഹോദരിമാരുടേയും, സമൂഹത്തിലെ ധീര വനിതകളുടേയും അകമ്പടിയോടെ ഏറ്റുവാങ്ങിയ ഓരോ പുസ്തകവും വരും തലമുറകൾക്ക് വായിക്കാനും മനസ്സിലാക്കാനും ഒരു നാഴികകല്ലാവട്ടെ എന്നാശംസിച്ചുകൊണ്ട് നിർത്തുന്നു.

സുനിത ഉണ്ണികൃഷ്ണൻ

സി.ഡി.എസ്. കൺവീനർ

ചൂണ്ടൽ പഞ്ചായത്ത് – വാർഡ് –13

പെരുമണ്ണ്, ഉദയ കുടുംബശ്രീ.

## 22.''കുടുംബശ്രീ'' എന്റെ ഹൃദയത്തിന്റെ വികാരം

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ വടക്കാഞ്ചേരി ഡിവിഷനിൽ നിന്നുള്ള മെമ്പറാണ് ഞാൻ. ഇന്നു ഞാൻ വഹിക്കുന്ന പദവികളിലേക്ക് എന്നെ കൈപിടിച്ചു നടത്തിയത്, ഏറെ അഭിമാന ത്തോടെ പറയട്ടെ, കുടുംബശ്രീ എന്ന മഹാ പ്രസ്ഥാനമാണ്. കുടുംബശ്രീ എന്റെ ഹൃദയത്തിന്റെ വികാരമാണ്. സ്വകാര്യ ജീവിതത്തിന്റെ ആവർത്തന വിരസതയിൽ നിന്ന്, വിശ്രമ ജീവിതത്തി ലേക്ക് എന്നെ ബലമായി നടത്തികൊണ്ടുപോയിരുന്ന അസുഖത്തിന്റെ പിടിയിൽ നിന്ന് എന്നെ കുടുംബശ്രീ മോചിപ്പിച്ചു. പൊതുജീവിതത്തിന്റെ സേവനത്തിന്റെ തിരക്കിലേക്കും സംതൃപ്തിയി

ലേക്കും സന്തോഷത്തിലേക്കും എന്നെ നയിച്ച കുടുംബശ്രീയെക്കുറിച്ച് എത്രയേറെ പറഞ്ഞാലും അധികമാവില്ല.

മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സന്റെ കസേരയിലേക്ക് 2002 ഫെബ്രുവരിയിൽ അന്നത്തെ പഞ്ചായത്ത് ഭരണസമിതി എന്നെ കൈപിടിച്ചിരുത്തുമ്പോൾ അല്പം അങ്കലാപ്പായിരുന്നു മനസ്സിൽ. ഞാൻ ശരിയാകുമോ, ഒരു മണ്ഡലത്തിലെ മുഴുവൻ സ്ത്രീകളുടേയും പ്രതിനിധി എന്ന പദവിയുടെ ഉത്തരവാദിത്വം നിറവേറ്റാൻ എനിക്ക് കഴിയുമോ എന്നൊക്കെയുള്ള സംശയം മനസ്സിലുണ്ടായിരുന്നു. എന്നാൽ അതെല്ലാം അസ്ഥാനത്തായിരുന്നുവെന്ന് പിന്നീട് മനസ്സിലായി.

അതൊരു സുവർണ്ണകാലമായിരുന്നു. അന്നത്തെ, പന്ത്രണ്ടു വാർഡുകൾ ഉൾപ്പെടുന്ന പഞ്ചായത്തിലെ ഏകദേശം ഒരു നൂറ്റി എഴുപത്തഞ്ചോളം കുടുംബശ്രീ യൂണിറ്റുകൾ സി.ഡി.എസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു. വീട്ടുമുറ്റത്തെ കൊച്ചു സമ്പാദ്യങ്ങൾ ഒട്ടേറെ കുടുംബങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങളുടെ പരിഹാരമാകുന്നത് ഞാൻ അത്ഭുതത്തോടെ നോക്കിക്കണ്ടു. ഓരോ കുടുംബത്തിന്റേയും ഐശ്വര്യമായ സ്ത്രീകളുടെ ഒട്ടേറെ പ്രശ്നങ്ങൾ അറിയുവാനും അവരെ സമാശ്വസിപ്പിക്കാനും സഹായിക്കാനും കുടുംബശ്രീക്കു കഴിയുന്നുവെന്നത് എനിക്ക് ആഹ്ലാദം പകർന്നു തന്നു.

സ്ത്രീകളുടെ ഉന്നമനത്തിലൂടെ മാത്രമേ സമൂഹത്തിന്റെ ഉന്നമനം സാദ്ധ്യമാകൂ എന്ന മഹത്തായ ആശയം നമ്മുടെ സഹോദരിമാരുടെ മനസ്സിലേക്കെത്തിക്കുക, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക ഏറെ ശ്രമകരമായ ഒരു ദൗത്യമാണ് നിറവേറ്റാനുണ്ടായിരുന്നത്. വീടിന്റെ നാലു ചുമരുകൾക്കിടയിൽ തളച്ചിടപ്പെട്ടിരുന്നതും ഒരുങ്ങിക്കൂടിയിരുന്നതുമായ സ്ത്രീത്വം തങ്ങളുടെ കഴിവു മനസ്സിലാക്കുവാനും ആ ഇരുട്ടിൽ നിന്ന് പുറത്തു വരാനും കുടുംബശ്രീ വഹിച്ച പങ്ക് വാക്കുകളിൽ ഒതുക്കാവുന്ന ഒന്നല്ല.

വളരെ പെട്ടെന്നാണ് ഞാനവരുടെയെല്ലാം പ്രിയപ്പെട്ട ചേച്ചിയായി മാറിയത്. കുടുംബശ്രീ രജിസ്റ്ററുകളിലെ പോരായ്മകൾ നികത്തുവാനും കണക്കുകൾ എഴുതി സൂക്ഷിക്കുന്നതെങ്ങിനെ

യെന്നു പഠിപ്പിക്കാനും മിനിട്സ് എങ്ങനെ രസകരമായി എഴുതാമെന്നു പറഞ്ഞു കൊടുക്കാനും അവരോടൊപ്പം ചേരുമ്പോൾ ഞാനെന്റെ വിഷമങ്ങൾ മറന്നു എന്റെ അസുഖത്തെ, വേദനകളെ എല്ലാം മറന്നു എന്നും അവരിലൊരാളായി അവർക്കൊപ്പം നിൽക്കാനായിരുന്നു എനിക്ക് താൽപ ര്യം. എന്റെ പഞ്ചായത്തിലെ ഓരോ കോണുകളിലും എന്നെ അറിയുന്ന ഞാൻ അറിയുന്ന ആളു കളുണ്ടായി. കുഞ്ഞുങ്ങൾ മുതൽ പ്രായമേറെ ചെന്നവർ പോലും ചേച്ചി എന്നു വിളിച്ച് എന്നെ അവരുടെ കുടുംബാംഗമെന്ന രീതിയിൽ അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധിക ളുടെ സർവ്വ പിന്തുണയും എനിക്ക് ലഭിച്ചു.

അന്ന് ‘ആശ്രയ’ പദ്ധതി സമർപ്പിച്ച് അംഗീകാരം നേടിയ ചുരുക്കം പഞ്ചായത്തുകളിലൊ ന്നായിരുന്നു ഞങ്ങളുടെ മുണ്ടത്തിക്കോട്. അശരണരും നിരാലംബരുമായ ഒരുനൂറ്റി ഇരുപത്തേ ഴോളം കുടുംബങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങളിൽ ഈ പദ്ധതി സഹായവുമായി എത്തി. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സാ സഹായം എന്നിങ്ങനെ ഓരോരുത്തരുടേയും ആവശ്യം എന്താണെന്നു കണ്ടെത്തി പരിഹാരം ഉണ്ടാക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു.

ഇന്നും അഭിമാനത്തിന്റെ ഹർഷാതിരേകത്തോടെ മാത്രം ഓർമ്മിക്കാൻ കഴിയുന്ന ഒരു സംഭവം മനസ്സിൽ മിഴിവാർന്നു നിൽക്കുന്നുണ്ട്. 2004 ഡിസംബറിൽ ഇന്ത്യൻ മഹാ സമുദ്രത്തിൽ ആഞ്ഞടിച്ച സുനാമി തിരമാലകൾ അനേകം ജീവനുകൾ കവർന്നെടുത്തു. അനേകം കുടുംബ ങ്ങളെ അനാഥരും അശരണരുമാക്കി... അനേകം പേർക്ക് ജീവനോപാധികൾ നഷ്ടമാക്കി അവർക്ക് ഒരു കൈ സഹായം നൽകുവാനായി പഞ്ചായത്തിലെ എല്ലാ കുടുംബശ്രീ വനിതകളും ഒരേ മനസ്സോടെ അണി നിരന്നു. ചെറുതും വലുതുമായ ഒരുപാടു സംഭാവനകൾ സമാഹരിച്ചു നൽകി. സുനാമി എന്ന വിപത്ത് ജീവിതം നഷ്ടപ്പെടുത്തിയവരുടെ കണ്ണീരൊപ്പാൻ എ്ററെ സഹോദരിമാർ കാണിച്ച മനസ്സ് അതിനെ എത്ര പ്രകീർത്തിച്ചാലും അധികമാവില്ല.

കുടുംബശ്രീയുടെ അത് കയ്യാളുന്ന സ്ത്രീകളുടെ സത്യസന്ധതയും വിശ്വാസ്യതയും ആത്മാർത്ഥതയും തന്നെയാണ് ത്രിതല പഞ്ചായത്തുകളിൽ പല പദ്ധതികളിലും നിർവ്വഹണം അവരെ ഏൽപിക്കുവാനുള്ള കാരണം. ലോകരാഷ്ട്രങ്ങളുടെ ചരിത്രത്തിലാദ്യമായി കഷ്ടപ്പെ

ടുന്ന ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും വർഷത്തിൽ ഒരുനൂറു ദിവസം ജോലി നൽകുക എന്ന മഹത്തായ ഉദ്ദേശത്തോടെ, കേന്ദ്ര ഗവണ്മെന്റ് ആവിഷ്കരിച്ച തൊഴിലുറപ്പു പദ്ധതി നമ്മുടെ സഹോദരിമാർ വളരെ ഭംഗിയായി നടത്തികൊണ്ടിരിക്കുന്നു രക്തരഹിതവിപ്ലവത്തിലൂടെ അഹിംസയിലൂടെ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്ന മഹാത്മാഗാന്ധിയുടെ പേരിൽ ലോകമെങ്ങും അറിയപ്പെടുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നമ്മുടെ സഹോദരിമാർക്ക് സ്വന്തം കുടുംബത്തിന്റെ പട്ടിണി മാറ്റാൻ സഹായകരമായി. ഈ പദ്ധതിയിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു തൊഴിലാളിയാണ് ഞാൻ. ഈ ആരോഗ്യ സ്ഥിതിയിലും പൊതുജീവിതത്തിന്റെ തിരക്കിലും തൊഴിലെടുക്കാൻ ഞാൻ സമയം കണ്ടെത്താറുണ്ട്. ഒരുപക്ഷേ, ജനപ്രതിനിധി ആയതിനുശേഷമായിരിക്കും ഏറ്റവും കൂടുതൽ തൊഴിൽദിനങ്ങൾ ഉപയോഗിച്ചിട്ടുണ്ടാകുക. സന്തോഷത്തോടെ അഭിമാനത്തോടെ അതിന്റെ വേതനം കൈപറ്റുമ്പോൾ ശിരസ്സ് വീണ്ടും വീണ്ടും ഉയരുകയാണ്.

പിന്നീട് എന്റെ പ്രവർത്തനപഥം മാറി എങ്കിലും എന്നെ വളർത്തിയതും ഇന്നീ പദവിയിലെത്തിച്ചതും കുടുംബശ്രീയാണെന്ന കാര്യം ഏതു വേദിയിലും ഞാൻ പറയാറുണ്ട്. എവിടെ ചെന്നാലും ചേച്ചി എന്ന വിളികളോടെ സ്ത്രീകൾ അരികിലെത്തുമ്പോൾ മനസ്സ് ആർദ്രമാകും. കണ്ണുകൾ അറിയാതെ നിറയും. തൊണ്ടയിൽ വാക്കുകൾ വിറയാർന്നുപോകും. ഇന്ന് കുടുംബശ്രീ വളരേയേറം വളർന്നിരിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജനം മാത്രമല്ല നമ്മുടെ ലക്ഷ്യം. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും നമുക്ക് കഴിയുന്നു. സമ്പാദ്യ ശീലത്തിലൂടെ കുടുംബത്തിലെന്നപോലെ സമൂഹത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളെ തരണം ചെയ്യുവാനും വിവിധ ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്ന നമ്മുടെ സമ്പാദ്യങ്ങൾ ഉപകാരപ്പെടുന്നു. ജെ. എൽ. ജി. ഗ്രൂപ്പുകൾ രൂപീകരിച്ച് നമ്മുടെ നാടിന് അന്യമായിക്കൊണ്ടിരിക്കുന്ന കൃഷിയിലധിഷ്ഠിതമായ ജീവിതരീതി മടക്കിക്കൊണ്ടു വരാൻ കുടുംബശ്രീ നിരന്തരം പ്രയത്നിച്ചുവരുന്നു.

ഉത്സവക്കാലത്തുമാത്രം പ്രവർത്തിച്ചിരുന്ന കുടുംബശ്രീയുടെ ചന്തകൾ, നിത്യോപയോഗത്തിനുള്ള പച്ചക്കറികൾ, അച്ചാറുകൾ, പഴങ്ങൾ, പപ്പടം എന്നിവ എല്ലാ ദിവസവും നൽകുന്ന ദിവസചന്തകളായി വളരുകയാണ്. കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള എല്ലാസഹായവും നൽകി പഞ്ചായത്തും ജനപ്രതിനിധികളും സി.ഡി.എസും. അവർക്കൊപ്പമുണ്ട്. ഓണക്കാലത്ത് പഴം നേന്ത്രക്കായയും എത്തിക്കുവാനുള്ള പ്രവർത്തനങ്ങളുമായി ജെ.എൽ.ജി. ഗ്രൂപ്പുകൾ അവരുടെ തോട്ടങ്ങളിൽ സജീവമാണ്.

കേരളത്തിലെ വീടുകൾ മുഴുവൻ കയറിയിറങ്ങിയിരുന്ന തമിഴനും തെലുങ്കനും ഇന്നു കൊള്ളപ്പലിശ ലഭിച്ചുകൊണ്ടിരുന്ന വലിയ ഒരു ബിസിനസ് നഷ്ടപ്പെട്ട് തങ്ങളുടെ മാളങ്ങളിലേക്ക് പിൻവലിഞ്ഞിരിക്കുന്നു. കുടുംബത്തെ പരിപാലിക്കുവാൻ അവരുടെ സാമ്പത്തിക ചൂഷണത്തിനു വഴങ്ങിയിരുന്ന മലയാളി വീട്ടമ്മമാർ കൊച്ചു സമ്പാദ്യങ്ങളിലൂടെ, തൊഴിൽ സംരഭങ്ങളിലൂടെ സ്വന്തം കാലിൽ നിൽക്കുവാൻ തുടങ്ങിയിരിക്കുന്നു.

എന്റെ സഹോദരിമാരോട് എനിക്കൊന്നേ പറയാനുള്ളു. വ്യത്യസ്ഥമായ കഴിവുകൾ നമുക്കെല്ലാവർക്കും ഉണ്ട്. അവ തിരിച്ചറിയുക, പ്രയോജനപ്പെടുത്തുക. ഈ സമൂഹത്തിനുവേണ്ടി നമുക്ക് കുറേയേറെ ചെയ്യാനുണ്ട്. അവകാശങ്ങൾ നേടുക എന്നത് മാത്രമല്ല കടമകൾ നിർവ്വഹിക്കലും കൂടിയാണ് ജീവിതം. ഇത്രയും ഈ താളുകളിൽ കുറിക്കുവാൻ പ്രാപ്തയാക്കിയ ഗുരുതുല്യരായ ഒട്ടനവധി പേർ.

ശ്രീ. കെ. അജിത്കുമാർ, ശ്രീമതി കെ. ശാന്തകുമാരി, ശ്രീമതി പി. സരസ്വതി, ശ്രീ. വി.എൽ.ആന്റോ.

അതോടൊപ്പം എന്നും മാതൃകയായി മുന്നിൽ നിൽക്കുന്ന ബഹുമാന്യനും ആദരണീയനുമായ സഹകരണവകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ അവർകൾ.

ഞാൻ സ്നേഹിക്കുന്നവർ ....... എന്നെ സ്നേഹിക്കുന്നവർ ... എല്ലാവർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞതയോടെ നിങ്ങളുടെ

ഷീല പത്മനാഭൻ

മെമ്പർ

വടക്കാഞ്ചേരി ഡിവിഷൻ

തൃശൂർ ജില്ലാ പഞ്ചായത്ത്.

## 23.കുടുംബശ്രീ മൈക്രോ സംരംഭത്തിലൂടെ ജീവിത വിജയത്തിലേക്ക്

എന്റെ പേര് സഫിയ. എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ൧൪-ാം വാർഡ് കുണ്ടന്നൂർ പ്രദേശത്താണ് ഞാൻ താമസിക്കുന്നത്. വൃദ്ധയായ മാതാവും 3 മക്കളും അടങ്ങുന്നതായിരുന്നു എന്റെ കുടുംബം. 16–ാമത്തെ വയസ്സിലായിരുന്നു എന്റെ വിവാഹം. എനിക്ക് 10–ാം ക്ലാസ്സ് വിദ്യഭ്യാസം ഉണ്ട്. എന്റെ ചെറിയ മകന് 2 വയസ്സുള്ളപ്പോൾ എന്റെ ഭർത്താവ് ഞങ്ങളെ ഉപേക്ഷിച്ച് പോയി. കൂലിപണി എടുത്താണ് ഞാൻ എന്റെ കുടുംബം പോറ്റിയിരുന്നത്. അങ്ങിനെ ജീവിച്ചു വരുമ്പോഴാണ് ഒരു ദിവസം ഞങ്ങളുടെ വീടിനടുത്തുള്ള വിലാസിനിചേച്ചിയും ഷീജയും കീടി ഞാൻ പണി മാറ്റി വരുന്ന സമയത്ത് എന്റെ വീട്ടിലേക്ക് വന്നത്. നമ്മുക്ക് ഇവിടെ ഒരു കുടുംബശ്രീ തുടങ്ങണം എന്ന് പറഞ്ഞുകൊണ്ട് അന്നത്തെ വൈസ് ചെയർ പേഴ്സൺ ഗീത മോഹൻ ഞങ്ങളെ കണ്ടിരുന്നു. ഒരു 15 പേരെയെങ്കിലും സംഘടിപ്പിക്കാൻ പറഞ്ഞിട്ടുണ്ട്. ഞായറാഴ്ച 2 മണിയ്ക്ക് വിലാസിനിചേച്ചിയുടെ വീട്ടിൽ വെച്ച് മീറ്റിംഗ് കൂടാം എന്ന് പറഞ്ഞിട്ടുണ്ട്. ഞാനും അവരുടെ കൂടെ പോയി. ബാക്കിയുള്ള വീടുകളെല്ലാം കയറി ഇറങ്ങി. എല്ലാവരോടും മീറ്റിംഗിന് വരാൻ പറഞ്ഞു. അങ്ങിനെ ഞായറാഴ്ച 2 മണിയ്ക്ക് തന്നെ എല്ലാവരും വന്നു. 16 അംഗങ്ങൾ ചേർന്ന് ‘‘ശ്രീരജിനി’’ എന്ന കുടുംബശ്രീ ഞങ്ങൾ രൂപീകരിച്ചു. എന്നെ പ്രസിഡന്റ് ആക്കാനാണ് എല്ലാവരും നിർദ്ദേശിച്ചത്. എന്റെ അവസ്ഥ പറഞ്ഞപ്പോൾ ഗീതേച്ചി തന്നെ പറഞ്ഞു. അവരെ ആക്കണ്ട. കുറെയൊക്കെ നടക്കണം. അതുകൊണ്ട് ഷീജയെ പ്രസിഡന്റായും ലത ശശിയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. ഞങ്ങൾ സംഘം തുടങ്ങിയതറിഞ്ഞ് അടുത്തുള്ള കുറച്ച് പേർ വന്നു. സംഘത്തിൽ ചേർക്കുമോ എന്ന് ചോദിച്ചിട്ട് ഞങ്ങൾ ഗീതേച്ചിയോട് വിവരം പറഞ്ഞു. 15 പേർ ഉണ്ടെങ്കിൽ വേറെ സംഘം തുടങ്ങാം എന്ന് പറഞ്ഞ് അതനുസരിച്ച് ‘‘ശ്രീ അനുഗ്രഹ’’ എന്ന സംഘം തുടങ്ങി.

അന്നൊക്കെ ഞായറാഴ്ച ദിവസങ്ങളിൽ ഞങ്ങൾക്ക് ഉത്സാഹമായിരുന്നു. വേഗം പണിയെല്ലാം കഴിച്ച് ഊണ് കഴിഞ്ഞ് ഞങ്ങൾ മീറ്റിംഗിന് പോകും. മീറ്റിംഗ് കഴിഞ്ഞാൽ ഞങ്ങൾ പരസ്പരം സംസാരിക്കും. 16 കുടുംബത്തിലേയും വിശേഷങ്ങൾ പറയും. പരസ്പരം സന്തോഷവും സങ്കടങ്ങളും പങ്കുവെയ്ക്കും. മനസ്സിലെ പ്രശ്നങ്ങൾ മറ്റുള്ളവരുടെ മുന്നിൽ തുറന്നു പറയുമ്പോൾ മനസ്സിന് ആശ്വാസം ലഭിക്കും. പഴയ സ്കൂൾ കാലഘട്ടത്തിലേക്ക് തിരിച്ചു പോയ അനുഭവമായിരുന്നു അപ്പോഴൊക്കെ. സംഘത്തിൽ ഞങ്ങൾ ഓണക്കുറിയും പിന്നെ വിഷുക്കുറിയും തുടങ്ങി. കുടുംബശ്രീയിൽ നിന്നും പൈസ വായ്പ കൊടുക്കാൻ തുടങ്ങി. ആദ്യമെല്ലാം കുട്ടികൾക്ക് അസുഖം വന്നാലോ സ്കൂൾ തുറക്കുന്ന അവസരങ്ങളിലും മറ്റും പണത്തിനാവശ്യമായ സമയങ്ങളിൽ കാതിലെ കമ്മലൂരി പണയം വെയ്ക്കുകയോ അല്ലെങ്കിൽ തമിഴന്റെ കൈയ്യിൽ നിന്നും പലിശയ്ക്ക് കാശെടുത്താണ് കാര്യങ്ങൾ നടത്തിയിരുന്നത്. കുടുംബശ്രീ തുടങ്ങിയപ്പോൾ ആ അവസ്ഥ മാറികിട്ടി. എന്താവശ്യം വന്നാലും നിസ്സാര പലിശയ്ക്ക് സമ്പാദ്യത്തിൽ നിന്നോ കുറിയിൽ നിന്നോ വായ്പ ലഭിക്കാൻ തുടങ്ങി. സമ്പാദ്യം ബാങ്കിൽ അടയ്ക്കാൻ ഞങ്ങൾ മാറിമാറിയാണ് പോയിരുന്നത്. അതുകൊണ്ട് ബാങ്കിടപാടുകൾ മനസ്സിലാക്കാൻ ഞങ്ങൾ ഓരോരുത്തർക്കും സാധിച്ചു. ഇതിനിടെ ഷീജയെ എ.ഡി.എസ്. ആയി തിരഞ്ഞെടുത്തു. സംഘത്തിൽ വെച്ച് വീട് വയറിംഗിന്റെ ധനസഹായത്തിനുള്ള അപേക്ഷ കൊടുത്തതനുസരിച്ച് 7 അംഗങ്ങൾക്ക് 750 രൂപ വീതം ധനസഹായം ലഭിച്ചു. സംഘത്തിന് 25000/- രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു കിട്ടി. അതു കിട്ടിയപ്പോൾ തൊഴിൽ എന്തെങ്കിലും ചെയ്യണമെന്ന് പറഞ്ഞ് ഞങ്ങൾ പല തൊഴിലിനെ പറ്റിയും ചർച്ച ചെയ്തു. പക്ഷേ ആർക്കും ധൈര്യമുണ്ടായിരുന്നില്ല.

സംഘത്തിൽ ''സ്ത്രീ ശബ്ദം'' മാസിക വരുത്തിയിരുന്നു. അതിൽ പല സംഘങ്ങളും വിജയം കൊയ്ത പല സംരംഭങ്ങളെക്കുറിച്ചും വായിക്കുമ്പോൾ നമ്മൾക്കും എന്തെങ്കിലുമൊക്കെ ചെയ്താൽ നമ്മുടെ സംഘത്തിന്റെ പേരും ഇങ്ങിനെ വരുമെന്നൊക്കെ ഞാൻ സംഘത്തിൽ പറയുമായിരുന്നു. എന്നാൽ മുന്നിട്ടിറങ്ങി ചെയ്യാൻ ആർക്കും ധൈര്യമില്ല. എനിക്കാണങ്കിൽ വീട്ടുചിലവും കുട്ടികളുടെ പഠിപ്പും എല്ലാം കൂടി നടക്കാനുള്ളതുകൊണ്ട് പണിക്ക് പോകാതിരിക്കാനും

കഴിയില്ല. അങ്ങിനെ കുടുംബശ്രീ 4 കൊല്ലം പിന്നിട്ടു. അപ്പോഴും എന്റെ മനസ്സിലെ ആഗ്രഹം അങ്ങിനെ തന്നെ കിടക്കുകയാണ്. തൊഴിൽ ചെയ്യാനാഗ്രഹിക്കുന്നുവെങ്കിൽ ട്രെയിനിംഗ് ലഭിക്കു മെന്നും അതു കഴിഞ്ഞാൽ ധനസഹായം ലഭിക്കുമെന്നും ഷീജ പറയാറുണ്ട്. പക്ഷേ വീട്ടിലെ കാര്യങ്ങൾ നടക്കാൻ വേറെ മാർഗ്ഗമില്ലാത്തതിനാൽ അതിനൊന്നും പോകാൻ സാധിച്ചില്ല. ഇട യ്ക്കെപ്പൊഴോ എന്റെ മനസ്സിൽ ഒരാശയം തോന്നി. ഞങ്ങളെല്ലാം മാക്സികൾ വാങ്ങുന്നത് ചൊവ്വാഴ്ച വരുന്ന തമിഴന്റെ കൈയ്യിൽ നിന്നുമാണ്. നമുക്ക് കുറച്ച് മാക്സികൾ എടുത്താൽ നമ്മുടെ ആവശ്യത്തിനും ആയി വിൽക്കുകയും ചെയ്യാം. കുടുംബശ്രീകാരെല്ലാം കൂടി കച്ചവടം നടത്തിയാൽ ചിലവാകുകയും ചെയ്യും. ലാഭം പ്രതീക്ഷിച്ച് മാത്രമല്ല. തൊഴിൽ ചെയ്യുക എന്ന താണ് മുഖ്യം. ഞാൻ എന്റെ അഭിപ്രായം സംഘത്തിൽ പറഞ്ഞു. പക്ഷേ എല്ലാവരും ഓരോ ഒഴി വുകഴിവുകൾ പറഞ്ഞു. ഓണവും റംസാനും അടുത്തടുത്താണ് വരുന്നത്. അപ്പോൾ എന്താ യാലും ചിലവുണ്ടാകും. ലാഭം കിട്ടിയാൽ നമ്മുക്കെല്ലാവർക്കും വീതിച്ചെടുക്കാം. നഷ്ടമാണെ ങ്കിൽ ഞാൻ ഒറ്റയ്ക്ക് സഹിക്കാം. എന്ന് വരെ ഞാൻ പറ്ഞു നോക്കി. പക്ഷേ ആരും മുന്നോട്ട് വന്നില്ല. എന്നെ അത് വല്ലാതെ വേദനിപ്പിച്ചു. പക്ഷേ ഞാൻ നിരാശയായില്ല. 2 മാസം കഴിഞ്ഞ് ബക്രീദ് പെരുനാൾ വരികയാണ്. ഞാൻ സംഘത്തിൽ 5000 രൂപ വായ്പ ചോദിച്ചു. എന്നിട്ട് പറ ഞ്ഞു. എനിക്ക് മാക്സി കച്ചവടം നടത്താനാണ്. പ്രസിഡന്റും സെക്രട്ടറിയും എന്റെ കൂടെ കൂടണം എന്ന് വ്യാഴാഴ്ച എനിക്ക് പണിയില്ല. അന്ന് നമ്മുക്ക് മാക്സികൾ എടുക്കാൻ പോകാം എന്ന് ഞാൻ സംഘത്തിൽ വെച്ച് തന്നെ അവരോട് പറഞ്ഞു.

അങ്ങിനെ വ്യാഴാഴ്ച ഞങ്ങൾ 3 പേരും കൂടി വായ്പ എടുത്ത 5000 രൂപയുമായി തുണി എടുക്കാനായി വീട്ടിൽ നിന്നും പുറപ്പെട്ടു. എവിടേയ്ക്കാണ് പോകുന്നതെന്ന് ചോദിച്ചപ്പോൾ തൃശൂർക്ക് പോകാം. ആരോടെങ്കിലും ചോദിച്ച് കട കണ്ടു പിടിക്കാം എന്ന് ഞാൻ അവരോട് പറ ഞ്ഞു. ഒറ്റയ്ക്ക് ആൺതുണയില്ലാതെ ഞങ്ങൾ അന്ന് വരെ തൃശൂർക്ക് പോയിട്ടില്ലായിരുന്നു. എന്റെ ഗൗരവം കണ്ടിട്ടാകണം അവരൊന്നും പറഞ്ഞില്ല. കുണ്ടന്നൂരിൽ നിന്നും വടക്കാഞ്ചേരിയി ലേയ്ക്കുള്ള ബസ്സിൽ കയറിയപ്പോൾ എനിയ്ക്ക് പരിചയമുള്ള കദീജ എന്ന സ്ത്രീയെ കണ്ടു.

എങ്ങോട്ടാണ് 3 പേരും കൂടി എന്ന് ചോദിച്ചപ്പോൾ ഞാൻ വിവരമെല്ലാം അവരോട് പറഞ്ഞു. അവർ പറഞ്ഞു എനിക്ക് പരിചയമുള്ള രണ്ട് മാക്സികൾ അടിക്കുന്ന സ്ഥലവും ഒരു ഹോൾസെ യിൽ കടയും വടക്കാഞ്ചേരിയിൽ തന്നെയുണ്ട്. ഞാൻ കാണിച്ചു തരാം എന്നവർ പറഞ്ഞു. അങ്ങിനെ അവരുടെ കൂടെ മൂന്നു സ്ഥലത്തും ഞങ്ങൾ പോയി. മാക്സികൾ എടുത്തു. വടക്കാ ഞ്ചേരി റെയിൽവേ ഗേറ്റിനടുത്ത് നടത്തിയിരുന്ന ഹോൾ സെയിൽ കടയിൽ നിന്നാണ് മാക്സി കൾ കൂടുതൽ എടുത്തത്. തിരിച്ചു പോരുമ്പോൾ ഞങ്ങൾ 3 പേരും വലിയ സന്തോഷത്തിലായി രുന്നു. തമിഴൻ വിൽക്കുന്നതിനേക്കാൾ വില കുറച്ച് മാക്സികൾ നമുക്ക് കൊടുക്കാൻ കഴിയും എന്ന് ഞങ്ങൾക്ക് മനസ്സിലായി. മാക്സികളുമായി വീട്ടിലെത്തിയപ്പോൾ സംഘത്തിലുള്ളവരും അടുത്തുള്ളവരും മാക്സികൾ വാങ്ങാനെത്തി. ചിലർ ഇൻസ്റ്റാൾമെന്റായി കാശ് തരാമെന്ന് പറ ഞ്ഞു. അണ്ണാച്ചിയുടെ കൈയ്യിൽ നിന്നും അങ്ങിനെയാണ് വാങ്ങുന്നത്. കൊടുക്കാതെ നിവൃത്തി യില്ലായിരുന്നു. തരാമെന്ന് സമ്മതിച്ചു രണ്ട് മൂന്ന് ദിവസം കൊണ്ട് മാക്സികൾ തീർന്നുപോയി. വിവരം അറിഞ്ഞ് ആളുകൾ വീണ്ടും വന്ന് തുടങ്ങി. കുറച്ച് കാശൊക്കെ കിട്ടിയിരുന്നു. വായ്പ തിരിച്ചടയ്ക്കാനുള്ള 500 രൂപ മാറ്റിവെച്ച് ബാക്കി കാശിന് വീണ്ടും പോയി മാക്സികൾ എടുത്തു കൊണ്ടു വന്നു. ചിലർ അവരുടെ വീടുകളിലേക്ക് കൊണ്ടു ചെല്ലാൻ പറഞ്ഞു. ഞായറാഴ്ച ദിവ സങ്ങളിൽ ഞങ്ങൾ ആ പരിസരത്തൊക്കെ കൊണ്ട് നടന്നു വിൽക്കും. കൂടാതെ ഞാൻ പണിചെ യ്യുന്ന സ്ഥലങ്ങളിലും കൊണ്ടുപോയി വിൽക്കും. ചിലർ പാവാട, ലുങ്കി, തോർത്ത്, ബ്രാ, പാന്റീസ് എന്നിവ ആവശ്യപ്പെട്ടതനുസരിച്ച് അതെല്ലാം വാങ്ങിക്കൊണ്ട് വന്ന് കച്ചവടം ചെയ്യും. ലതയ്ക്കും ഷീജയ്ക്കും തയ്ക്കാൻ അറിയാമായിരുന്നു. ആ വിവരം ഞങ്ങൾ മാക്സി എടു ക്കുന്ന കടക്കാരനോട് പറഞ്ഞു. വെട്ടാൻ അറിയില്ല. അയാൾ പഠിപ്പിച്ച് തരാം എന്ന് പറഞ്ഞു. രണ്ട് മൂന്ന് ദിവസം മിനക്കെട്ടിരുന്ന് പഠിച്ച് അവർ മാക്സി വെട്ടി തയ്ക്കാൻ പഠിച്ചു. രണ്ട് തുണി കൾ കേട് വന്നു പോവുകയും ചെയ്തു. അതിന്റെ കാശ് പോലും അയാൾ വാങ്ങിയില്ല. പഠിച്ചുക ഴിഞ്ഞപ്പോൾ ദക്ഷിണ എന്ന് പറഞ്ഞ് കാശ് കൊടുത്തപ്പോഴും അയാൾ വാങ്ങിയില്ല. ഞാൻ തുണി കൊണ്ടുവന്നു തന്നാൽ നിങ്ങൾ തയ്ച്ച് തന്നാൽ മതി എന്ന് പറഞ്ഞു. അതിനുശേഷം

അയാൾ തുണികൊണ്ട് തരും. ഷീജയ്ക്ക് മെഷിൻ ഉണ്ടായിരുന്നു. ലതയ്ക്ക് ഞാൻ അടുത്ത വീട്ടിലെ ഒരു മെഷിൻ ചോദിച്ച് വാങ്ങി കൊടുത്തു. 2 പേരും തയ്ക്കാൻ തുടങ്ങി. 1 മാക്സി തയ്ച്ചാൽ 10 രൂപ വെച്ച് ലഭിച്ചു. അവർ ആദ്യം തയ്ച്ച മാക്സി എനിക്ക് വെറുതെ തന്നു. അതായി രുന്നു എനിക്ക് ഇതിൽ നിന്നും ആദ്യമായി കിട്ടിയ പ്രതിഫലം.

അങ്ങിനെ ഒരുദിവസം കച്ചവടത്തിനിറങ്ങിയപ്പോൾ ചെയർ പേഴ്സൺ ഗീതേച്ചിയെ കണ്ടു. ഞങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ടുകളൊക്കെ അവരോട് പറഞ്ഞു. ഗീതേച്ചി പറഞ്ഞു. നിങ്ങൾക്ക് ലോൺ വേണമെങ്കിൽ ശരിയാക്കി തരാം. നാളെ പഞ്ചായത്തിലേക്ക് വന്നോളൂ എന്ന്. അതനുസരിച്ച് ലതയും ഷീജയും പിറ്റേ ദിവസം തന്നെ ചെന്നു. 25000 രൂപ ലോൺ എടുത്താലേ സബ്സിഡി കിട്ടുകയുള്ളു എന്ന് പറഞ്ഞു. വിവരങ്ങളെല്ലാം അന്വേഷിച്ചറിഞ്ഞ് അവർ എന്നോട് വന്ന് പറഞ്ഞു. നാളെ പ്രൊജക്ട് എഴുതാം എന്ന് പറഞ്ഞിട്ടുണ്ട്. പിറ്റെ ദിവസം ഞങ്ങൾ 3 പേരും ചെന്നു. പ്രൊജക്ട് എഴുതാൻ സാർ വന്നപ്പോൾ പറഞ്ഞു 5 പേരെങ്കിലും വേണം എന്ന്. ടൈല റിംഗ് അറിയാവുന്നവർ വേണം അവരുമായി പിറ്റേദിവസം തന്നെ ചെല്ലാൻ പറഞ്ഞു. ഞങ്ങൾ ഗിരിജ സുകുമാരനോടും ജോസ്ഫിനയോടും ചോദിച്ചു. അവർ പറഞ്ഞു ഞങ്ങൾ വരാം എന്ന്. പിറ്റെ ദിവസം ഞങ്ങൾ 5 പേരും കൂടി പോയി പ്രൊജക്ട് എഴുതിച്ചു. 27000/– ലോൺ 25,000/– സബ്സിഡി, 3000 ഉപഭോക്തൃ വിഹിതം അങ്ങിനെ 55000 രൂപയായിരുന്നു ലോൺ. സംരംഭ ത്തിന്റെ പേര് ''ശ്രീ രജിനി'' എന്ന് തന്നെയാണ് ഞങ്ങൾ ഇട്ടത്. അത് സംഘത്തിന്റെ പേരാണ്. അത് പറ്റില്ലെന്ന് പിന്നീട് പറഞ്ഞു. അപ്പോൾ സാർ പറഞ്ഞു. കുഴപ്പമില്ല. ഞാൻ നിയമാവലിയിൽ ഇങ്ങിനെ എഴുതി ചേർത്തു. ''സംഘത്തിലെ ഷീജ, ലത, സഫിയ, ഗിരിജ, ജോസ്ഫീന'' എന്ന 5 പോർക്കാണ് ഈ സംരഭത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം. നിലവിലുള്ള മറ്റ് 11 പേർക്കും പുതു തായി ചേരുന്നവർക്കും ഇതിൽ യാതൊരു അവകാശവും ഇല്ലെന്നും എഴുതി ചേർത്തു. ലോണിന്റെ കാര്യം സംഘത്തിൽ പറയാൻ സാധിച്ചിരുന്നില്ല. കാരണം ഞായറാഴ്ച മീറ്റിംഗ് കഴി ഞ്ഞതിന് ശേഷമാണ് ഗീതേച്ചി പറഞ്ഞത് പിന്നീടുള്ള ദിവസങ്ങളിലൊക്കെ പഞ്ചായത്തിലേക്ക് നടക്കുകയായിരുന്നു. തമ്മിൽ കാണുന്നവരോട് വിവരം പറഞ്ഞിരുന്നു. ആ ആഴ്ചയിൽ തന്നെ

ലോണിന്റെ കടലാസുകളെല്ലാം ശരിയാക്കി കൊടുത്തു. ഞങ്ങളുടെ അക്കൗണ്ട് കനറ ബാങ്കിലായിരുന്നു. സംരംഭത്തിന്റെ ലോൺ സർവ്വീസ് സഹകരണ ബാങ്കിൽ ആയിരുന്നു. ആയതിനാൽ അക്കൗണ്ട് ഇങ്ങോട്ട് മാറ്റണം എന്ന് പറഞ്ഞു. ഞങ്ങൾ ഞങ്ങളുടെ കൈയ്യിൽ നിന്നും 2000 രൂപ എടുത്ത് കുടുംബശ്രീയുടെ പേരിൽ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് തുടങ്ങി. ആ ആഴ്ചയിലെ മിനിറ്റ്സിലെ തീരുമാനത്തിൽ ഈ വിവരം എഴുതി ചേർക്കുകയും ചെയ്തു. അതും സംഘത്തിൽ ഞായറാഴ്ച പറയാം എല്ലാവരും സമ്മതിക്കും എന്ന വിശ്വാസത്തിലാണ് ചെയ്തത്. ഒന്നരലക്ഷം വരെ ഈ സംരംഭത്തിന് ലോൺ കിട്ടും. ഞങ്ങൾക്ക് 25000 മതിയെന്ന് പറഞ്ഞ് എടുത്തതാണെന്ന് ഞങ്ങൾ ഞായറാഴ്ച സംഘത്തിൽ പറഞ്ഞു. ഉണ്ടായ എല്ലാ വിവരങ്ങളും സത്യസന്ധമായി മീറ്റിംഗിൽ പറഞ്ഞു. അവർ പറഞ്ഞു. ഒന്നര ലക്ഷം രൂപ ലോൺ എടുക്കാം. 25000 നിങ്ങൾ 5 പേരും എടുത്തോളൂ. ബാക്കി ഞങ്ങൾ ഞങ്ങൾക്ക് എല്ലാവർക്കും കൂടി തന്നാൽ മതി. ഞങ്ങൾ അടച്ച് വീട്ടികൊള്ളാം എന്ന്. ഒന്നരലക്ഷം ലോൺ എടുത്താൽ അതിനുള്ള ആസ്തി കാണിക്കണം. നിങ്ങൾക്ക് വേണമെങ്കിൽ വേറെ എന്തെങ്കിലും തൊഴിലിനായി ലോൺ എടുക്കാം. അല്ലെങ്കിൽ ടൈലറിംഗ് യൂണിറ്റ് തന്നെ തുടങ്ങാം. 2 പേർ തയ്ക്കാൻ അറിയുന്നവർ.ഉണ്ട്. അതിൽ ഒരാളെ നിങ്ങൾക്ക് നൽകാം എന്ന് പറഞ്ഞു. പക്ഷേ അവർ അതിനൊന്നും തയ്യാറായില്ല. മറ്റ് രണ്ടു പേര് ചേർത്തത് ഞങ്ങൾ അറിഞ്ഞില്ല. ഞങ്ങളുടെ സംഘത്തിന്റെ പേരിൽ നിങ്ങൾ മാത്രം സബ്സിഡി എടുക്കാൻ പറ്റില്ല. എന്നിങ്ങനെ അവർ 11 പേരും കൂടി ഞങ്ങളെ ചോദ്യം ചെയ്തു. എന്ത് തന്നെ പറഞ്ഞിട്ടും അവർ മനസ്സിലാക്കിയില്ല. സങ്കടം വന്ന ഷീജ ഇത്രയൊക്കെ സംഘത്തിനുവേണ്ടി കഷ്ടപ്പെട്ടിട്ട് ഒരു ഉപകാരം ചെയ്യാൻ നിങ്ങൾ തയ്യാറല്ലെങ്കിൽ ഞാൻ ഈ സംഘത്തിന്റെ പ്രസിഡന്റ് സ്ഥാനം ഒഴിയുകയാണെന്ന് മിനിറ്റ്സിൽ എഴുതി ഒപ്പിട്ടു. അപ്പോൾ തന്നെ ലതയും ഞാൻ സെക്രട്ടറി സ്ഥാനം ഒഴിയുകയാണെന്ന് പറഞ്ഞ് ഒപ്പിട്ടു. അതവരെ കൂടുതൽ ചൊടിപ്പിച്ചു. പിറ്റെ ആഴ്ചയിൽ സമ്പാദ്യം ബാങ്കിൽ അടയ്ക്കാൻ ഞാൻ കൊണ്ടു വന്നു. അന്ന് രാത്രി എല്ലാവരും കൂടി വന്ന് എന്റെ കൈയ്യിൽ നിന്നും പൈസ തിരിച്ചു വാങ്ങികൊണ്ടുപോയി. നിങ്ങളെ ഞങ്ങൾക്ക് വിശ്വാസമില്ല. ഏത് ബാങ്കിലാണ് കൊണ്ട് പോയി അടയ്ക്കുക എന്ന്

ഞങ്ങൾക്ക് അറിയില്ല. സംഘത്തിന് പ്രസിഡന്റും സെക്രട്ടറിയും ഉണ്ടായതിനുശേഷം മതി കാശട യ്ക്കലും കൊടുക്കലും എന്നൊക്കെ അവർ പറഞ്ഞു. പിറ്റെ ആഴ്ച മീറ്റിംഗ് കൂടിയപ്പോൾ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാം എന്ന് പറഞ്ഞു. ഞാൻ പ്രസിഡന്റാകാനും, ജോസ്ഫീന സെക്രട്ടറിയാകാനും തയ്യാറാണെന്ന് പറഞ്ഞു. പക്ഷേ അവർ സമ്മതിച്ചില്ല. അവർ പഞ്ചായത്തിൽ പോയി പരാതി പറഞ്ഞു. സർവ്വീസ് സഹകരണ ബാങ്കിൽ പോയി അന്വേഷിച്ചു. കുടുംബശ്രീയുടെ പേരിൽ ലോൺ കൊടുക്കരുതെന്ന് പറഞ്ഞു. ഞങ്ങളെ കാണുമ്പോൾ ശത്രു ക്കളെ പോലെ പെരുമാറി. അതൊക്കെ ഞങ്ങളെ വളരെയധികം വേദനിപ്പിച്ചു. അവരുടെ പരാതി യിൽ സത്യമില്ലെന്നറിഞ്ഞ് ബാങ്ക് ഞങ്ങൾക്ക് ലോൺ അനുവദിച്ചു തന്നു. പിന്നീടെല്ലാം വേഗത്തി ലായിരുന്നു. 3 മെഷിൻ, വാങ്ങി. 1 കട്ടിംഗ് ടേബിൾ, അലമാര, സ്റ്റൂൾ, കത്രിക, തുണികളെല്ലാം എടുത്തു. ഉൽഘാടന ദിവസം തീരുമാനിച്ചു. പഞ്ചായത്തംഗങ്ങളേയും, സി.ഡി.എസ്. അംഗങ്ങ ളേയും വാർഡിലെ എല്ലാ കുടുംബശ്രീയിലെ പ്രസിഡന്റിനേയും സെക്രട്ടറിയേയും ക്ഷണിച്ചു. ബാങ്കിൽ നിന്നും മാനേജരേയും ക്ഷണിച്ചിരുന്നു. ബോർഡ് എഴുതി തൂക്കി. 2008 ജനുവരി 14–ാം തിയ്യതി 2.30 നായിരുന്നു ഉത്ഘാടനം. സംഘത്തിലെ എല്ലാവരോടും പറഞ്ഞു. എന്റെ വീട്ടിലാ യിരുന്നു യൂണിറ്റ് തുടങ്ങിയത്. പക്ഷേ ഉത്ഘാടനത്തിന് ഞങ്ങളുടെ സംഘത്തിൽ നിന്നും ഞങ്ങൾ 5 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പഞ്ചായത്തിൽ നിന്നും ഒരു വണ്ടി നിറച്ച് ആളുകൾ വന്നിരുന്നു. വാർഡ് മെമ്പറും, സി.ഡി.എസ്. ചെയർ പേഴ്സണും ഉണ്ടായിരുന്നു. അന്നത്തെ പ്രസിഡന്റ് കണ്ണൻ യൂണിറ്റ് ഉത്ഘാടനം ചെയ്തു. എല്ലാവരും ഞങ്ങൾക്ക് വിജയാശംസകൾ നേർന്നു. സംഘത്തിന്റെ കാര്യം ഞങ്ങൾ പ്രസിഡന്റിനോട് പറഞ്ഞു. ഒരു ദിവസം 2 കൂട്ടരേയും പഞ്ചായത്തിലേക്ക് വിളിച്ച് കാര്യങ്ങൾ പറഞ്ഞ് തീർക്കാം എന്ന് ഉറപ്പ് നൽകിയിട്ടാണ് പ്രസിഡന്റ് പോയത്.

അതനുസരിച്ച് ഞങ്ങളെ പഞ്ചായത്തിലേക്ക് വിളിപ്പിച്ചു. ഞങ്ങളുടെ ഭാഗവും അവരുടെ ഭാഗവും കേട്ടു. രണ്ട് കൂട്ടരും ഒരു നിലയ്ക്കും ഒത്തു പോകാൻ പ്രയാസമാണെന്ന് മനസ്സിലാക്കി ഞങ്ങളെ രണ്ടായി തിരിച്ചു. ഞങ്ങളോട് 10 പേരെ ചേർത്ത് വേറെ സംഘം നടത്തികൊണ്ട്

പോകാനും പറഞ്ഞു. ആ ആഴ്ചയിൽ തന്നെ ഞങ്ങൾ 11 പേരെ ചേർത്ത് ‘‘കാരുണ്യ’’ കുടുംബശ്രീ രൂപീകരിച്ചു.

പിന്നീട് ഞങ്ങൾക്ക് വളർച്ചയുടെ കാലഘട്ടമായിരുന്നു. 7–ാം വാർഡിലെ റീത്ത പറഞ്ഞതനുസരിച്ച് എല്ലാ മാസവും 1–ാം തിയതി എടക്കാട് പോയി കച്ചവടം നടത്തും. 2–ാം തിയ്യതി ന്യൂട്രിമിൽഡിൽ പോയി കച്ചവടം നടത്തും. പിന്നെ ഞങ്ങളുടെ ബന്ധുക്കളും അയൽപക്കത്തുള്ളവരും എല്ലാവരും വാങ്ങും. അവരവരുടെ അളവിനും മോഡലിനും അനുസരിച്ച് തയ്ച്ച് കൊടുക്കാൻ സാധിക്കുന്നതും സ്റ്റിച്ചിംഗ് ഉറപ്പുള്ളതുമാണ്. ഞങ്ങളിലേക്ക് കസ്റ്റമറെ ആകർഷിച്ചുകൊണ്ടിരുന്നത്. കൂടുതൽ ഉഷാറായത് ജില്ലാ പഞ്ചായത്തിൽ നിന്നും ശ്രീദേവി മാഡം യൂണിറ്റ് സന്ദർശിക്കാൻ വന്നപ്പോഴാണ്. ഞങ്ങളുടെ ന്യൂനതകൾ പരിഹരിക്കാനും പരിഹാരം കാണാനും അവർ സഹായിച്ചു. ഒരുപാട് കാശ് ഞങ്ങൾക്ക് കിട്ടാതെ കിടന്നിരുന്നു. കാശ് തരുവാനുള്ളവരോടെല്ലാം ചോദിച്ച് വാങ്ങണം. അടുത്ത മാസം ഞാൻ വരുമ്പോഴേയ്ക്കും എന്ന് പറഞ്ഞിട്ടാണ് അവർ പോവുക. കിട്ടിയില്ലെങ്കിൽ നിങ്ങളുടെ കൂടെ ഞാനും വരാം കാശ് പിരിക്കാൻ എന്നും പറഞ്ഞു. അങ്ങിനെ കുറെ കാശൊക്കെ തിരിച്ചു പിടിക്കാൻ സാധിച്ചു. ഇന്നും ഒരുപാട് കാശ് ഞങ്ങൾക്ക് കിട്ടാകടമായി കിടക്കുന്നുണ്ട്. ഞങ്ങൾക്ക് ഇപ്പോൾ വാങ്ങുന്നതിനേക്കാൾ വില കുറച്ച് തുണികൾ ലഭിക്കുന്നതിനുവേണ്ടി ഞങ്ങളെ കൊടുവായൂരിലേക്ക് കൊണ്ടു പോയി. റിവോൾവിംഗ് ഫണ്ടിനുള്ള അപേക്ഷ ശരിയാക്കി കൊടുക്കാൻ സഹായിച്ചു. സൗജന്യ ടൈലറിംഗ് പരിശീലനത്തിന് ഷീജയും, ലതയും പോയി. ബ്ലൗസ്, ഷർട്ട്, ഷിമ്മി, ചുരിദാർ എന്നിവയൊക്കെ തയ്ക്കാൻ അവർ പഠിച്ചു. ഇപ്പോൾ ഞങ്ങളുടെയൊക്കെ ബ്ലൗസ് അവരാണ് തൈയ്ക്കുന്നത്. ദ്വാദിന അക്കൗണ്ട് പരിശീലനത്തിന് 3 പേരും പങ്കെടുത്തു.

ഇന്ന് ഞങ്ങളുടെ യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. തുടർച്ചയായി 4 വർഷവും പഞ്ചായത്തിന്റെ ഓണചന്തയിൽ യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നുണ്ട്. എല്ലാ വർഷവും ക്രൈസസ്സ് മാനേജ്മെന്റ് ഫണ്ട് ഞങ്ങൾക്ക് ലഭിക്കാറുണ്ട്. ഏറ്റവും സന്തോഷകരമായ കാര്യം 2011–ൽ നടന്ന കുടുംബശ്രീ സി.ഡി.എസ്. വാർഷികത്തിന് ഏറ്റവും നല്ല മൈക്രോ സംരംഭത്തി

നുള്ള ട്രോഫി ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. ഞങ്ങൾക്ക് ഇതിൽ നിന്നും വരുമാനം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. ഞങ്ങളുടെ ലോൺ, സബ്സിഡി കിട്ടിയപ്പോൾ ഞങ്ങൾ തീർത്തു. അതിനുശേഷം ഞങ്ങൾ പോസ്റ്റ് ഓഫീസിൽ ഒരു കുറി ചേർന്നു. ലാഭത്തിന്റെ ഒരു വിഹിതം അതിൽ അടയ്ക്കുന്നുണ്ട്. ഇപ്പോൾ ഞങ്ങളുടെ കുടുംബത്തിന്റെ മൊത്തം ഡ്രസ്സുകൾ എടുക്കുന്നത് ഞങ്ങളാണ്. എല്ലാവർക്കും ഒരുമിച്ചെടുക്കുമ്പോൾ ഹോൾസെയിൽ വിലയിൽ ലഭിക്കുന്നു. എന്റെ മകന്റെ കല്ല്യാണത്തിന് ഡ്രെസ്സെല്ലാം ഹോൾ സെയിൽ വിലയിലാണ് വാങ്ങിയത്. മകളുടെ വിവാഹം കഴിഞ്ഞു. അവൾ ഞങ്ങളിൽ നിന്നും മാക്സി തൈയ്ക്കാൻ പഠിച്ചിരുന്നു. ഇപ്പോൾ സ്വന്തമായി ഭർത്താവിന്റെ വീട്ടിൽ മാക്സികൾ തൈയ്ച്ച് കൊടുക്കുന്നുണ്ട്. അവൾക്കും അതൊരു വരുമാന മാർഗ്ഗമായി.

പുതിയ സംഘം തുടങ്ങിയിട്ട് 5 വർഷത്തിനോടടുക്കുകയാണ്. പുതിയ തിരഞ്ഞെടുപ്പിൽ ഞാൻ സംഘത്തിന്റെ പ്രസിഡന്റായി. വാർഡിലെ എ.ഡി.എസും ആയി. ഷീജ വാർഡിലെ സി.ഡി.എസും ആയി. അവൾ തൊഴിലുറപ്പ് മാറ്റായി ജോലിയെടുത്തിരുന്നു. ഈ വർഷത്തെ മാറ്റ് ട്രെയിനിംഗിൽ ഞാനും പങ്കെടുത്തിരുന്നു. ഇപ്പോൾ സമൂഹത്തിൽ തന്നെ എനിക്കൊരു വ്യക്തിത്വം വന്നതുപോലെയാണ്. എല്ലാവരും പഴയതിനേക്കാൾ ബഹുമാനത്തോടെ എന്നെ കാണുന്നു. ഇപ്പോൾ ഞങ്ങളുടെ പഴയ സംഘത്തിലെ എല്ലാവരും ഞങ്ങളിൽ നിന്നും മാക്സികൾ എടുക്കുന്നുണ്ട്. നല്ല രീതിയിൽ തന്നെ ഞങ്ങളോട് സഹകരിച്ചു വരുന്നു. വാർഡ് വിഭജനം നടന്നപ്പോൾ 11-ാം വാർഡിലാണ് ഞങ്ങൾ. അതും ഞങ്ങളുടെ കച്ചവടത്തിനെ വളരെയധികം സഹായിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പണിയിലൂടെ വളരെയധികം ആളുകളെ പരിചയപ്പെടാൻ സാധിച്ചു. അതെല്ലാം കച്ചവടത്തിന് ഞങ്ങളെ സഹായിക്കുന്നുണ്ട്.

സഫിയ

തക-ാം വാർഡ്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്

*****

## 24. റാംലത്ത്

ചെറുതുരുത്തി ‘‘വള്ളത്തോൾ നാരായണ മേനോന്റ’’ നാട്ടുകാരായ ഞങ്ങൾക്ക് ആ മഹാന്റെ ചരിത്രങ്ങൾക്ക് പാഠപുസ്തകങ്ങളും, മറ്റു പുസ്തകങ്ങളുമൊക്കെയായി കിട്ടിയ അറിവുകളെ ഉണ്ടായിരുന്നുള്ളു. ആധുനിക കവിത്രയത്തിലെ ശബ്ദ സുന്ദരനായ മഹാകവിയുടെ പ്രകൃതി സൗന്ദര്യം നിറഞ്ഞ കാവ്യങ്ങളും മഹത് വചനങ്ങളും നെഞ്ചിലേറ്റുന്നവർക്ക് വളരെ കൺകുളിരുന്ന കാഴ്ചകളും, അനുഭവങ്ങളുമായി കലാമണ്ഡലവും, മ്യൂസിയവും സമാധി സ്ഥലങ്ങളുമൊക്കെ ചുറ്റുമുണ്ടായിട്ടും ‘‘കുടുംബശ്രീ’’ ഒരുക്കിയ ടൂറിലൂടെയാണത് കാണാനൊത്തത്. അദ്ദേഹം സ്ഥാപിച്ച കലാമണ്ഡലവും, അദ്ദേഹത്തിന്റെ ജീവിത ചരിത്രങ്ങളും മാതൃകാപരങ്ങളാണ്. അതുപോലെ പാഠപുസ്തകങ്ങളിൽ പറഞ്ഞു പഠിച്ച പ്രാചീന കവിത്രയത്തിലെ ഫലിത പരിഹാസപ്രിയനായ കവിയും തുള്ളലിന്റെ ഉപജ്ഞാതാവുമായ ‘‘കലക്കത്ത് കുഞ്ചൻ നമ്പ്യാരുടെ ’’ ജന്മസമാധി സ്ഥലങ്ങളും, ജീവചരിത്രങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞതും കുടുംബശ്രീ ടൂർ നൽകിയ മഹത്തായ കാര്യമാണ്.

മുഗൾ ഭരണാധികാരിയായ, യൂറോപ്യൻ നാടുകളിലെ ജീവിത പരിവർത്തനങ്ങളെ ഘ്രാണ ശേഷിയോടെ ആവാഹിക്കാൻ കഴിഞ്ഞ ഏക ഇന്ത്യൻ ഭരണാധികാരിയായ ''ടിപ്പു സുൽത്താന്റെ'' കോട്ട കാണാൻ കഴിഞ്ഞതും, പഠന വിനോദ യാത്രകളിലൂടെ കാഴ്ച വെയ്ക്കുവാൻ നാട്ടുകാരുടെ സംരക്ഷണങ്ങൾ പങ്കെടുത്ത് ചെയ്യുന്ന യാത്രകൾക്കും, ഒരുപാട് നല്ല മനസ്സുകളുടെ കഠിന പ്രയത്നങ്ങളിലൂടെ തന്നെയാണ്. വർഗ്ഗീയവും തീവ്ര വാദപരവുമായ ചിന്തകൾ പ്രചരിപ്പിക്കുന്ന ഇക്കാലത്ത് ''ജാതി മത ഭേദമില്ലാതെ മനുഷ്യരെല്ലാം ഒരു മാതാവിന്റേയും പിതാവിന്റേയും മക്കളാണെന്ന ഇസ്ലാമിക അദ്ധ്യാപനം '' ജീവിതത്തിൽ പ്രവൃത്തിച്ചു കാണിക്കുന്നവരുടെ (പേരെടുത്തു പറയുന്നില്ല) ഭാരിച്ച ഉത്തരവാദിത്വം ഒരു നിമിഷം ചിന്തിക്കേണ്ടതുണ്ട്.

ആദ്യത്തെ അമ്പലമായ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം ''വിളിച്ചാൽ വിളിപ്പുറത്തു തന്നെയാണിവരുടെ ശക്തിയെന്ന്'' കേട്ടിട്ടുണ്ട്. അവിടെയും, ഭാരതത്തിലെ ആദ്യത്തെ മുസ്ലിം പള്ളിയായ ചേരമാൻ മസ്ജിദിലേക്കും പോയി. ഈ പള്ളിയിൽ മറ്റു മതസ്ഥർ ഗണ്യമായി കടന്നുവരുന്നത് അഭിനന്ദനാർഹമാണ്. ''വിജയദശമി'' നാളുകളിൽ വിദ്യാരംഭം കുറിക്കുന്നതിനായി മുസ്ലീമേതര സമുദായക്കാർ തയ്യാറാവുന്നത് അസാധാരണവും, അതുല്യവുമായ മത മൈത്രിയുടെ പ്രതീകമാവുന്നു. ''ജനസേവനം ദൈവാരാധനയാക്കിയ'' ഈ പുണ്യഗേഹം പ്രോത്സാഹനീയമാണ്. മാർത്തോമാലയം ക്രിസ്ത്യൻ പള്ളിയും കാണാൻ കഴിഞ്ഞു. ഈശോയുടെ 12 ശിഷ്യന്മാരിലൊരാളായ സുവിശേഷ വ്യക്തിത്വത്തിനുടമയായ ''തോമാശ്ലീഹായുടെ കബറിടം'' (തിരുശേഷിപ്പിന്റെ ഒരു ഭാഗം (വലതു കരത്തിന്റെ ഒരസ്ഥി)) ഇവിടെയാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. കായൽ തീരത്തുള്ള ഈ പള്ളി മനോഹരമായ കാഴ്ച തന്നെയാണ്. മനുഷ്യ ജീവിതത്തിന് കൃത്യമായ ലക്ഷ്യം നിർണ്ണയിക്കുന്നതിനും മനുഷ്യ മനസ്സുകളെ അലട്ടിക്കൊണ്ടിരിക്കുന്ന സങ്കീർണ്ണതകൾക്ക് പരിഹാരം കണ്ടെത്താനും പ്രാർത്ഥനയെത്ര പരിഹാരമെന്ന് ഈ ആരാധാനലയങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. പ്രാർത്ഥനകളിൽ മുഴുകിയ ഓരോ മുഖങ്ങളിലൂടെയും നമുക്കിത് അനായാസേന ദർശിക്കാനാവും. കായലിലൂടെയുള്ള ബോട്ടു സവാരിയും, ഒരുമിച്ചുള്ള ഭക്ഷണവും ചോറ് മാടിവെച്ച് പലയിന കറികൾ കൊണ്ട് വയറ് നിറയ്ക്കേണ്ട അവസ്ഥ

യിലൂടെ പങ്കു വെച്ചുള്ള തീറ്റ അതൊരു മഹാസംഭവം തന്നെയാണ്. എല്ലാവരും എല്ലാം പങ്കു വെച്ച് കഴിക്കുന്നു. ഒരു കല്ല്യാണ സദ്യയ്ക്കും കിട്ടാത്തത്ര വിഭവങ്ങളുണ്ടാവും എല്ലാം കൂടി. കടൽതീരങ്ങളും, മൃഗശാലകളുമൊക്കെ ഓരോ യാത്രകളിലൂടെ കാണാൻ കഴിഞ്ഞു. തട്ടു തകർപ്പൻ പാട്ടും വെച്ചുള്ള യാത്രകളിൽ ബസ്സുകൾ പൊളിച്ചടുക്കാൻ തയ്യാറായാണ് ഞങ്ങൾ കയറിക്കൂട്ടുക. പക്ഷേ എനിക്ക് വാഹനത്തിൽ കയറിയാൽ ഭയങ്കര പേടിയാണ്. ഞാൻ പ്രാർത്ഥ നയോടെ ഒരു മൂലയിലിരിക്കും. ഇവർക്കു വേണ്ടി ഞാൻ വേണ്ടേ പ്രാർത്ഥിക്കാൻ! ഇല്ലെങ്കിൽ കാണാം. ഹമ്പട ഞാനേ.. ''തന്റെ പ്രകാശമാണ് ലോകത്തിനാധാരം എന്ന് നടിക്കുന്ന മിന്നാമിനു ങ്ങുകളുടെ'' (അഹംഭാവവുമായി ഞാൻ നടക്കുകയാണെന്ന് വിചാരിക്കരുതേ). ലോകത്തിലെ ഒര ത്ഭുത വസ്തുവായി എന്നേ കണ്ടിരുന്നെങ്കിൽ ! ... അത്രയ്ക്ക് പാവല്ലേ ഞാൻ. എന്റെ പ്രാർത്ഥന യുടെ ഫലം കേൾക്കണോ....? ഞാനുമൊരോട്ടോ മറിച്ചിട്ടു. ഓടുന്ന തോണിക്കൊരുന്തെന്ന പോലെ ഇപ്പോൾ യാത്രകൾ പേടിയുമുണ്ട്. തുടർന്ന് ഓരോ പ്രശ്നങ്ങളും ഇപ്പോഴുള്ള യാത്ര കൾക്ക് .. യാത്രകളിലൂടെയുള്ള അനുഭവങ്ങൾക്ക് എനിക്കുള്ള അനുവാദം കിട്ടുന്നില്ല. ചതഞ്ഞു നുറുങ്ങിയ ദേഹവും, മനസ്സും പുനർജന്മം വിശ്വസിക്കാനാവാതെ എന്റെ വീട്ടിൽ വേദനകളുടെ മാത്രമായ ലോകത്ത് ഒരുപാട് നാളുകൾ കഴിയേണ്ടി വന്നുവെനിക്ക്.

അന്നാണ് ഞാനെന്റെ കുടുംബശ്രീയെ ശരിക്കറിഞ്ഞത്. വളരേയേറെ ജോലിത്തിരക്കിനിട യിലും എന്റെ നാടും വീടും തേടിപ്പിടിച്ച് എന്നെ കാണാനും ആശ്വസിപ്പിക്കുവാനുമായി ഇവരെ ത്തി. വേദനകൾ നിറഞ്ഞ മനസ്സിനും ശരീരത്തിനും പ്രതീക്ഷയേകിക്കൊണ്ട് കണ്ണുനീരിലൂടെ യാത്ര ചൊല്ലി ഇവരിറങ്ങുമ്പോൾ എന്റെ മനസ്സ് തേങ്ങി. ഇവരോടൊപ്പം ഒരു ജന്മം കൂടി ബാക്കി തന്നത് ഇവരെ തിരിച്ചറിയുവാനാണെന്ന്. നിറഞ്ഞു വരുന്ന കണ്ണുകൾക്കിടയിൽ ഞാനും ആരൊ ക്കെയാണല്ലോയിവർക്കെന്ന തിരിച്ചറിവ് ഓരോ മുഖങ്ങളിലും മാറി മാറി ദർശിച്ചു. എല്ലാം ആശ്വാ സമായി വീട്ടിലെത്തിയപ്പോഴും ഇവരെന്നെ കാണാനെത്തി. പരിഹാസത്തോടെ പലർക്കും ചോദിച്ചു കുടുംബശ്രീക്കാരാണോ അവരെന്ന്. ഞാൻ പറഞ്ഞു അവർ കുടുംബശ്രീയുടെ പേര്

മാത്രമല്ല നിലയും വിലയും നില നിറുത്തി ജീവിതത്തിൽ കാണിക്കുന്നവരാണെന്ന് അഭിമാനത്തോടെ പറഞ്ഞു. ഐശ്വര്യമുള്ള കുടുംബമാണ് ഞങ്ങൾ അതിന്റെ മഹത്വം ഇതു തന്നെ.

കുടുംബശ്രീയിൽ സമ്പാദ്യം പ്രതീക്ഷിച്ചു ചെല്ലുന്നതിനേക്കാളേറെ നല്ലൊരു മനസ്സുകളെ തേടിയാണ് എത്തുന്നത് മനുഷ്യത്വമില്ലാത്തവരാവരുത് മനുഷ്യർ. ''അവനവനാത്മസുഖത്തിന് ആചരിക്കുന്നവ അപരന് സുഖത്തിനായി വരേണം''. ഈ തത്വം പാലിക്കാൻ കഴിയണം.

''കുടുംബശ്രീ അനുഭവം എന്തൊക്കെയായോ ആവോ?'' പാവങ്ങളുടെ ഉന്നമനത്തിനായുള്ള ഈ സംരംഭത്തെ ആനന്ദത്തിൽ മാത്രം ഒതുക്കിയോയെന്നറിയില്ല. എങ്കിലും വീണ്ടും ഒരു ആഗ്രഹം കൂടി പറയാമെന്ന് തോന്നുകയാണ്. വായനകൾ മരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വായനക്ക് സമയം കണ്ടെത്തുവാനും ഇതിനുള്ള മനസ്ഥിതി ഉണ്ടാക്കിയെടുക്കലാണ് പ്രധാനം. ഉപഭോഗ വായന മാത്രമല്ലാതെ ഉത്പാദനപരമായ വായന വേണം. അത് ക്രിയാത്മകമാവണം. വായനയുടെ ലോകമാണ് മനുഷ്യബന്ധങ്ങളുടെ കാതൽ പ്രകൃതിയേയും മനുഷ്യരേയും അടുത്തറിയണമെങ്കിൽ വെറു വായനയ്ക്കപ്പുറത്തുള്ള പ്രകൃതിവായന കൂടി വേണം. വായിച്ചു വളരാനുതകുന്ന രീതിയിൽ ലൈബ്രറി തുടങ്ങിയിരുന്നെങ്കിലെന്ന ആഗ്രഹം കൂടിയുണ്ടെനിക്ക്.

പാതിരാവിലും വർത്തമാനം പറയുന്ന കൂട്ടാളിയാണ് പുസ്തകം. വിശ്രമവേളയിൽ ശല്യം ചെയ്യാത്ത ഉപദേഷ്ടാവാണ് പുസ്തകം. ഒട്ടും വഴി പിഴപ്പിക്കുകയോ, വഞ്ചിക്കുകയോ, വെറുപ്പിക്കുകയോ ചെയ്യാത്ത ഈ ഉപദേഷ്ടാവിനോട് സംവദിക്കാൻ ചമഞ്ഞൊരുങ്ങേണ്ടതില്ല. അധികം പുകഴ്ത്തുകയോ, ഇകഴ്ത്തുകയോ ചെയ്യാത്ത ഉത്തമ സുഹൃത്തുക്കളായ പരിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കുവാനും അടുത്തറിയാനും സഹായകമാവുമല്ലോയെന്ന ഒരു തോന്നലിൽ ഉന്നയിച്ചതാണ്. കുടുംബശ്രീ കൊണ്ട് ലഭിച്ച നേട്ടങ്ങൾ നീട്ടി വലിച്ചെഴുതി ഇത്രത്തോളമായി.

എന്റെ അനുഭവക്കുറിപ്പ് വായിക്കുന്ന എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ നേർന്നുകൊണ്ട്.വിദ്യഭ്യാസം കൊണ്ട് വല്ലതും നേടാനാഗ്രഹിച്ച് എല്ലാം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നവർക്ക് ആ അനുഭവം തിരിച്ചു പിടിക്കാനുതകും വിധമുള്ള നല്ലൊരനുഭവം ഞങ്ങളുടെ കുടുംബശ്രീ കാഴ്ച വെയ്ക്കുന്നുണ്ട്. ക്വിസ് മത്സരങ്ങളും, ചിത്ര രചനകൾക്കും, പല

യിന കഴിവുകളേയും പരിപോഷിപ്പിക്കാൻ രംഗത്തെത്തുന്ന ഞങ്ങളുടെ അദ്ധ്യാപകർക്കും പ്രത്യേകം നന്ദി പറഞ്ഞുകൊള്ളട്ടെ.

റംലത്ത്

ഐശ്വര്യ കുടുംബശ്രീ.

******

## 25.ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്

വിമല

തൃശൂർ ജില്ലയിലെ മതിലകം സി.ഡി.എസി തഢകക-ാം വാർഡിലുള്ള ഗൃഹലക്ഷ്മി കുടും ബശ്രീയിലെ ഒരംഗമാണ്.  കുടുംബശ്രീയിൽ അംഗമാകാൻ മടികാണിച്ചുനിന്ന എല്ലാവരും ആഴ്ച തോറും പോയിരുന്നതുകണ്ട് ഞാനും അംഗമായി. വളരെ പാവപ്പെട്ട കുടുംബത്തിലെ അംഗമാണ്. ഭർത്താവ് മരണപ്പെട്ടു. രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളുമടങ്ങുന്നതുമാണെന്റെ വീട്. ആൺമക്കളാണെങ്കിൽ ഒരു മകൻ ഒരു ഉപകാരവുമില്ലാത്തവനായിരുന്നു. ഇളയ മകൻ വീടു നോക്കിയിരുന്നതാണ്. എന്നാൽ ഒമ്പതുവർഷം മുമ്പ് ഒരു വിഷുവിന്റെ അന്ന് എന്റെ മകൻ ആത്മ ഹത്യ ചെയ്തു. ഇതുവരെയും എന്താണ് കാരണമെന്നറിഞ്ഞുകൂടാ. പിന്നീട് ഉണ്ടായ സ്ഥലവും പുരയിടവും വിറ്റ് മൂത്തമക്കളെ വിവാഹം കഴിച്ചയക്കുകയും കടപ്പുറത്തിനടുത്ത് 3 സെന്റ് സ്ഥലവും വാങ്ങി പഞ്ചായത്തിന്റെ പുരയും കിട്ടി. എന്നാൽ ിളയമകളെ കല്യാണം കഴിച്ചയക്കു

ന്നതിനുവേണ്ടി ആ പുരയിടവും അമിതപലിശക്കാർക്ക് കൊടുത്ത് കല്യാണം നടത്തി. അങ്ങനെയിരിക്കുമ്പോഴാണ് മൂത്തമകൻ പണ്ട് കാലത്ത് ബാങ്കിൽ നിന്നും എടുത്ത ലോൺ തിരിച്ചടയ്ക്കാത്തതിനാൽ ബാങ്ക് ജപ്തിനോട്ടീസ് അയച്ചത്. എന്തുചെയ്യണമെന്നറിയാതെ ഒരുവഴിയും ഇല്ലാതെ നിന്നപ്പോഴാണ് എന്റെ കുടുംബശ്രീ അംഗങ്ങൾ എനിക്ക് തുണയായി എത്തിയത്. ബാങ്കിലടയ്ക്കാനുള്ള തുക കുടുംബശ്രീ യൂണിറ്റിൽ നിന്നുംതന്നെ തന്ന് ബാങ്കിലെ ജപ്തി ഒഴിവാക്കി. പിന്നീട് ബാങ്കിൽ തന്നെ ലോൺ ശരിയാക്കി ആ തുക കൊണ്ട് കുടുംബശ്രീയിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തു. ഇപ്പോൾ തൊഴിലുറപ്പിനു പോകുന്നതുകൊണ്ട് കുറേശ്ശെയായി ബാങ്കിലടയ്ക്കുകയാണ്. ഇനിയും ഇതുപോലെയുള്ള അംഗങ്ങൾക്ക് കുടുംബശ്രീ തുണയാകട്ടെ എന്നുപറഞ്ഞുകൊണ്ട് അവസാനിപ്പിക്കട്ടെ.

തഢകക-ാം വാർഡിലുള്ള ഗൃഹലക്ഷ്മി കുടുംബശ്രീ അംഗം

നേരം വെളുക്കാതിരിക്കില്ല

**ഐശ്വര്യ**

## 26. കുഞ്ഞിപ്പെണ്ണ്

ഞാൻ ഐശ്വര്യ കുടുംബശ്രീയിലെ കുഞ്ഞിപ്പെണ്ണ് എന്ന അംഗമാണ്. എനിയ്ക്ക് എഴുത്തും വായനയും അറിഞ്ഞുകൂടാ. എന്റെ അയൽക്കൂട്ടത്തിലെ ഒരംഗത്തിന് പറഞ്ഞുകൊടുത്ത് എഴുതിയതാണ്. എനിയ്ക്ക് അക്ഷരമറിയില്ല, എന്നുപറഞ്ഞുകഴിഞ്ഞല്ലോ. കുടുംബശ്രീയിൽ ആളുകളുടെ കൂടെയിരിക്കാൻ നാണമാണ്. ആദ്യമൊക്കെ വന്നാൽ അകലെ മാറി നിൽക്കുമായിരുന്നു. ആരെങ്കിലും ഒന്നുറക്കെ എന്തെങ്കിലും പറഞ്ഞാൽ ഉടനെ കരയും. എല്ലാവരും എന്നെ കളിയാക്കുമായി

രുന്നു. അങ്ങനെ ഒരുദിവസം എന്നോട് ബാങ്കിൽ പോകണമെന്നു പറഞ്ഞു. ബാങ്ക് എന്താണെന്നോ എവിടെയാണെന്നോ ഒന്നും എനിക്കറിയില്ലായിരുന്നു. ഞാൻ മാറിനിന്ന് കരയാൻ തുടങ്ങി. എല്ലാവരും കൂടി എന്താണെന്നു ചോദിച്ചു. ഞാൻ മിണ്ടിയില്ല. പിന്നെ ആ ദിവസം നേരം വെളുക്കാതിരിക്കട്ടെ എന്നു പ്രാർത്ഥിച്ചു. എന്തു ചെയ്യും നേരം വെളുത്തു. എനിക്ക് കിടന്ന പായയിൽ നിന്ന് എണീക്കാൻ കഴിഞ്ഞില്ല. കാരണം പേടിച്ച് വിറച്ച് എനിക്ക് പനി പിടിച്ചു. ഡോക്ടറുടെ അടുത്തുപോയിട്ടും പനി മാറിയില്ല. പണ്ടത്തെ ആചാരപ്രകാരം നൂൽകെട്ടിയിട്ടും പനിമാറിയില്ല. ഒടുവിൽ എന്റെ കുടുംബശ്രീയിലെ സെക്രട്ടറി വന്ന് കുഞ്ഞിപ്പെണ്ണ് ഇനി ബാങ്കിൽ പോവേണ്ട എന്നുപറഞ്ഞതും എന്റെ പനി മാറിത്തുടങ്ങി. എന്നാൽ ഇന്നു ഞാൻ എല്ലാരെയും കൂടുതൽ തവണ ബാങ്കിൽപ്പോകുന്ന ആളാണ്. എഴുതാനും വായിക്കാനുമൊന്നും ഇപ്പോഴും അറിയില്ല. നോട്ട് എണ്ണാനും അറിയില്ല. സെക്രട്ടറി തരുന്നത് അതുപോലെ ബാങ്കിൽ കൊണ്ടുകൊടുക്കണം. അവിടെ നിന്നുകിട്ടുന്നത് അതുപോലെത്തന്നെ ഇവിടെയും കൊണ്ടുകൊടുക്കുക അത്രതന്നെ. നിറുത്തട്ടെ.

ഐശ്വര്യ കുടുംബശ്രീ അംഗം

## 27. ഗംഗ

ഞാൻ ഒരു വീട്ടമ്മ മാത്രമായിരുന്നു. മറ്റു പ്രവർത്തന പാരമ്പര്യമൊന്നും തന്നെ എനിക്കില്ലായിരുന്നു. എന്നാൽ ഇന്ന് പൊതുപ്രവർത്തനരംഗത്തെ സജീവപ്രവർത്തകയായി മാറാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി നല്ല ആത്മവിശ്വാസവും ധൈര്യവും എനിക്ക് കൈവന്നിരിക്കുന്നു.

എന്റെ കുടുംബശ്രീയിലെ ഒരംഗമായ ഗീതകാർത്തികേയന് സംസ്ഥാന അവാർഡ് 2010 ൽ ലഭിക്കുകയുണ്ടായി. ''കർഷകതിലകം അവാർഡ്'' ഞങ്ങൾക്ക് അഭിമാനിക്കാവുന്ന ഒന്നായിരുന്നു.

എനിക്ക് ജീവിതത്തിൽ മറക്കാനാവാത്ത ഒരു സംഭവം കൂടി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുകയാണ്.

എന്റെ വീടിന്റെ കുറച്ച് അടുത്ത വീട്ടിലെ ഒരു ചെറുപ്പക്കാരി ശരീരത്തിൽ മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തി ആത്മഹത്യക്ക് ശ്രമിച്ചു. സമയം രാവിലെ പത്തുമണി. എന്തൊരലർച്ചയാണ് ഞാൻ കേട്ടത്. കേട്ട ഉടനെ ഞാൻ അങ്ങോട്ട് ഓടി എത്തി. അപ്പോഴേക്കും കുറച്ചുപേർ അവിടെ എത്തിയിട്ടുണ്ട്. തീ കത്തിയമർന്നുകഴിഞ്ഞു. കുട്ടി നിന്നു കരയുന്നു. എന്നാൽ ആരും ആ 19 കാരിയെ ആശുപത്രിയിലെത്തിക്കാൻ ശ്രമിക്കുന്നില്ല. ഞാനുടനെ വണ്ടി വിളിപ്പിച്ചു. കുട്ടിയെ തുണികൊണ്ട് പുതപ്പിച്ച് വണ്ടിയിലേക്ക് കുറച്ചുദൂരം നടക്കണമായിരുന്നു. ഞാൻ ഈ കുട്ടിയെ പിടിച്ചുനടത്തി കാറിൽ കയറ്റി. അവിടെ നിന്നവരിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരുന്നു. ആരുംതന്നെ കാറിൽ കയറാൻ കൂട്ടാക്കിയില്ല. ഞാൻ എന്റെ മടിയിൽ കിടത്തിയാണ് കൊടുങ്ങല്ലൂർ ആശുപത്രിയിൽ എത്തിച്ചത്. ഒരു മണിക്കൂറിനുശേഷം കുട്ടിയുടെ ബന്ധുക്കളും മറ്റും വന്നു. അന്നുരാത്രി 1 മണിക്ക് തൃശൂർ ആശുപത്രിയിൽവച്ച് കുട്ടി മരിച്ചു. കൊടുങ്ങല്ലൂരിലെത്തുന്നതുവരെ എന്നോട് സംസാരിച്ചിരുന്ന കാര്യങ്ങൾ ഇന്നും ഓർക്കുന്നു. തിരിച്ചുവന്നപ്പോൾ എല്ലാവരും എന്റെ ധൈര്യ

ത്തെപറ്റി പറയുന്നുണ്ടായി. എന്തോ എനിക്കങ്ങനെയൊക്കെ ചെയ്യാൻ കഴിഞ്ഞതിൽ എനിക്കു തന്നെ അതിശയം തോന്നി.

തകാം വാർഡിലെ കുടുംബശ്രീയിലെ സി.ഡി.എസിലെ ഗംഗ.

## 28.വട്ടിപലിശയിൽ നിന്ന് മോചനം

**പങ്കജഗോപി** ഇ.ഉ.ട

ഞാൻ കുടുംബശ്രീയിൽ 99 ൽ ആണ് ചേർന്നത് അതിനുശേഷം ലോകപരിചയം കിട്ടി. ആരോടും തുറന്ന് സംസാരിക്കാൻ കഴിയാത്ത എനിക്ക് നന്നായി സംസാരിക്കാൻ അറിയാം ബാങ്കിൽപ്പോകാനും കണക്കുകൾ എഴുതാനും ചെക്ക് എഴുതുവാനും പഠിച്ചു. കൊള്ളപലിശയ്ക്ക് പണം വാങ്ങുന്നതിനേക്കാൾ നല്ലത് കുടുംബശ്രീയിൽ നിന്നും തന്നെ എന്ന് മനസ്സിലാക്കി. പലിശ പുറത്ത് പോയില്ല. ചെറിയ ചെറിയ കാര്യങ്ങൾ വീട്ടിൽ സഹായിക്കാൻ പറ്റുന്നുണ്ട്. വീട്ടിൽ എത്ര തിരക്ക് പിടിച്ച കാര്യങ്ങൾ ഉണ്ടായാലും ആഴ്ചയിൽ ഒരു ദിവസം കുടുംബശ്രീയിൽ ഒത്തു ചേർന്ന് എല്ലാവരുടെ കാര്യങ്ങൾ അന്വേഷിക്കാൻ പറ്റുന്നത് പുതിയ സൂഹൃത്ബന്ധങ്ങൾ ട്ടി. ബന്ധുവീടുകളിൽ പോയാലും ഏതൊരു സദസിലും ചർച്ച ആദ്യം കുടുംബശ്രീയിലെ ആയിരിക്കും. കുടുംബശ്രീയിലെ അംഗമായതനനുശേഷം കൃഷി, ആട്, പശു എന്നിവയെ വളർത്താൻ പഠിച്ചു. 10,000 രൂപ യോളം വായ്പ എടുത്ത് കടം ബാദ്ധ്യത തീർക്കാൻ പറ്റുന്നുണ്ട്. എന്റെ മകന്റെ കുട്ടിക്ക് ഒരു ഓപ്പറേഷൻ വേണ്ടിവന്നപ്പോൾ കുടുംബശ്രീയിലെ എല്ലാ അംഗങ്ങളിൽ നിന്നും സഹായധനം കിട്ടി. അത് എന്റെ കുടുംബത്തിന് ഒരു ആശ്വാസമായി. ഞാൻ കുടുംബശ്രീയിൽ വന്നശേഷം ഇപ്പോൾ ഞങ്ങളുടെ വാർഡിലെ സി.ഡി.എസ് അംഗമായി പ്രവർത്തിക്കുന്നു.

വാർഡിലെ ഒരു വിധം കാര്യങ്ങൾ കുടുംബശ്രീയിൽ എത്തിക്കാൻ കഴിയുന്നു. ഞാൻ പുറത്ത് ഒന്നും പോകാതെ വീട്ടിൽത്തന്നെ കഴിയുക ആയിരുന്നെങ്കിൽ ഇന്നും ഞാൻ ആരും അറിയപ്പെടാത്ത വ്യക്തി ആയേനെ.'' എതാണ് എന്റെ അനുഭവം.

## 29.അറിവിന്റെ  വെളിച്ചം

അനുഭവക്കുറിപ്പ്

തൃശ്ശൂർ ജില്ലയിൽ അരിമ്പൂർ പഞ്ചായത്തിൽ തേമാലിപ്പുറം കപ്പൽപള്ളിക്ക് പരിസരം ഒരു സാധാരണ കർഷക കുടുംബത്തിലെ അംഗമാണ് ഞാൻ. പേര് ശോഭാ സുരേഷ്.

കുടുംബശ്രീ അംഗമായതിനെ തുടർന്ന് ഒട്ടനവധി നേട്ടങ്ങൾ ഉണ്ടാകുന്നതിനോടൊപ്പം തന്നെ ഒരുപാട് പരിശീലനങ്ങളിൽ പങ്കാളികളാകുവാനും അത്യാവശ്യം രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുവാനും ഒരു സി.പി.എം. അംഗവും മഹിളാ അസോസിയേഷൻ പഞ്ചായത്ത് സെക്രട്ടറിയും കൂടിയാണ്. എന്റെ സ്വന്തമായ മാറ്റത്തെക്കുറിച്ച് പൂർണ്ണമായും ബോധവതിയാണ്. അടുക്കളചുവരുകൾക്കുള്ളിൽ ഒതുങ്ങിയതാണ് എന്റെ ജീവിതം എന്ന് കരുതിയതാണ്.

ഒരിക്കലും ഇത്തരത്തിൽ സമൂഹ മദ്ധ്യത്തിലേക്ക് ഇറങ്ങി വരാൻ എനിക്ക് കഴിയുമെന്ന് കരുതിയിട്ടില്ല. കുടുംബശ്രീയിലേക്ക് വരാനിടയായതിനാൽ ഈശ്വരന് നന്ദിപറയുന്നു. ആത്മാഭിമാനമുള്ള ഒരു ജീവിതം തന്റെ അയൽക്കാർക്കും കൂട്ടുകാർക്കും ഉണ്ടാകണമെന്നും അതിനുവേണ്ടുന്ന പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തുന്നതിനും കഴിയുന്നുണ്ട്.

എന്റെമാത്രം ഒറ്റപ്പെട്ടതല്ല ഈ അനുഭവം. ഇന്ന് കുടുംബശ്രീയിൽ അംഗങ്ങളായ ലക്ഷക്കണക്കിന് സ്ത്രീകൾ ആത്മവിശ്വാസത്തിന്റെ വഴിയിലാണ് ഇനിയും സ്വന്തം ദുഃഖത്തെ കൂട്ടുപിടിച്ച് കണ്ണുനീരിൽ ആശ്വാസം കണ്ട് ജീവിതം ജീവിച്ചുതീർക്കുന്ന നിര വധി സഹോദരിമാർ കേരളത്തിലുണ്ട്. അവർക്കും സന്തോഷത്തിന്റെ നാളുകൾ സ്വന്തമാക്കാം. ആവശ്യക്കാരായ എല്ലാ സ്ത്രീകളും കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഭാഗമായാൽ കുടുംബശ്രീയിലൂടെ സാക്ഷാത്ക്കരിക്കപ്പെടാനാകട്ടെ.

ഒട്ടേറെ അനുഭവങ്ങളിൽ ഒന്നുമാത്രം ഇവിടെ ചുരുക്കി കുറിക്കട്ടെ. എന്റെ വീടിനുപരിസരത്ത് വളരെയധികം കഷ്ടപ്പെട്ട് ബുദ്ധിമുട്ട് അനുഭവിച്ച് ജീവിക്കുന്ന വിധവയായ ഒരമ്മയ്ക്ക് ഒരേ ഒരു മകൾമാത്രം. അവർക്ക് കുടുംബശ്രീയിൽനിന്നും ലോൺ അനുവദിച്ചുകൊടുത്ത് മകളെ വിവാഹം ചെയ്തുകൊടുത്തു.

നിർഭാഗ്യമെന്നുപറയട്ടെ, 6 മാസത്തിനുശേഷം മകളുടെ ഭർത്താവ് കള്ളുകുടിയനും, മര്യാദയില്ലാത്തവനും സ്ത്രീധനത്തിനുമാത്രം ആവശ്യക്കാരനുമായിന്നു എന്നറിയാൻ കഴിഞ്ഞത്. സ്വർണ്ണങ്ങളെല്ലാം വിറ്റു നശിപ്പിച്ചശേഷം അയാൾ സ്വന്തംഭാര്യയെ എന്നും കള്ളുകുടിച്ചു വന്ന് തല്ലും വഴക്കുമായി അവസാനം തീരെ സഹിക്കുവാൻകഴിയാതെ വന്നപ്പോൾ അവൾ അമ്മയോട് പറഞ്ഞു.

അമ്മ മനസ്സിൽവെച്ച് സഹിക്കാതെ വന്നപ്പോൾ ഞങ്ങളുടെ കുടുംബശ്രീ അംഗത്തിനോട് പറയുകയും അവർ എന്നെ അറിയിക്കുകയും ചെയ്തു. ഞാൻ എന്റെ അടുത്തുള്ള ഒരു വക്കീ

ലിനെ ചെന്നുകണ്ട് വിവരങ്ങൾ പറഞ്ഞപ്പോൾ രണ്ടുപേരേയും ഒരു ദിവസം വിളിപ്പിച്ചു സംസാരിച്ചു. വക്കീലിന് ഒരു കാര്യം മനസ്സിലായി. രണ്ടുപേർക്കും പരസ്പരം സംശയമാണ്.

സംശയം തീർത്തുകൊടുക്കുന്നതിനായി ഞങ്ങളുടെ യൂണിറ്റിന്റെ നേതൃത്വത്തിൽ ഭാര്യമാരെയും ഭർത്താക്കന്മാരെയും വിളിച്ചുചേർത്ത് രണ്ട് ആഴ്ച രണ്ടുദിവസങ്ങളിലായി ബോധവത്ക്കരണ ക്ലാസ്സ് കൊടുത്തു. അതിന്റെ ഭാഗമായി രണ്ടുപേരുടേയും സംശയങ്ങൾ തീരുകയും ഭർത്താവിന്റെ കള്ളുകുടി നിർത്തുകയും അവർക്ക് നല്ലൊരു കുടുംബജീവിതത്തിന് വഴി കാണിച്ചുകൊടുക്കുകയും ചെയ്യുവാൻ സാധിച്ചു എന്നതിനേക്കാൾ അപ്പുറം അവരുടെ അമ്മ എവിടെ വെച്ചുകണ്ടാലും എന്റെ പൊന്നുമോളെ നീ നന്നയായി വരും. നിനക്ക് നല്ലതുവരും. നിന്നെ ദൈവം കാത്തുരക്ഷിക്കും എന്നൊക്കെ മനസ്സിൽതട്ടി പറയുന്നതുകേട്ടാൽ മതി എന്റെ മനസ്സിന് ഒരുകോടി കാര്യങ്ങൾ ചെയ്തതിന്റെ സംതൃപ്തിയാണ് അനുഭവപ്പെടുന്നത്. എന്തൊക്കെ തന്നെയായാലും ഇന്ന് എന്റെ കുടുംബജീവിതം വളരെ അധികം സന്തോഷത്തിലും സംതൃപ്തിയിലും ആണ്. ഇതിനെല്ലാം കാരണമായ കുടുംബശ്രീ പ്രസ്ഥാനം വരുംകാലങ്ങളിൽ ഇനിയും പടർന്നുപന്തലിച്ച് ഒരു വൻവൃക്ഷമായി വളരുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

**ശോഭാ സുരേഷ്**

## 30.നിത്യഹരിതം

സ്നേഹിതരെ,

കുടുംബശ്രീ എന്നൊരു മഹത്തായ ആശയം ഈ രാജ്യത്ത് കൊണ്ടുവന്നവരെയും അതിനു പിന്നിൽ പ്രവർത്തിക്കുന്നവരേയും അതിലുപരി കുടുംബശ്രീ പ്രസ്ഥാനം വഴി പ്രവർത്തിക്കുന്ന സ്ത്രീകളുടെ ജീവിത അനുഭവങ്ങൾ അവരുടേതായ ശൈലിയിൽ എഴുതുന്നതിനും അത് സമൂഹത്തിലെ മറ്റുള്ളവർക്ക് അനുഭവമാക്കുന്നതിനും അവസരം ഒരുക്കി തന്നെ കുടുംബശ്രീ എന്ന മഹത്തായ പ്രസ്ഥാനത്തെ ശിരസാ നമിച്ചുകൊണ്ട് തുടങ്ങട്ടെ ഈ പ്രസ്ഥാനം വഴി എനിക്കുണ്ടായ ജീവിതാനുഭവങ്ങൾ.

എന്റെ പേര് സിന്ധു സഹദേവൻ. അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ മനക്കൊടി നടുമുറി ദേശത്ത് 11/7/1972 ൽ ജനനം. ഭർത്താവ് – സഹദേവൻ, രണ്ട് ആൺമക്കൾ – സംഗീത്, സനൽ. പ്രീ ഡിഗ്രി വിദ്യാഭ്യാസം. 19–ാം വയസ്സിൽ വിവാഹം കഴിഞ്ഞു. രണ്ടു വീട്ടുകാർക്കും ഇഷ്ടമില്ലാത്ത വിവാഹമായിരുന്നു. അതുകൊണ്ടുതന്നെ ഒരുപാട് ദുഃഖങ്ങളും ദുരിതങ്ങളും അനുഭവിച്ചു. ഇപ്പോൾ ജീവിതം സ്വസ്ഥം.

1998/1999 കാലഘട്ടത്തിൽ വീട് പണി ചെയ്തും മക്കളെ നോക്കിയും ജീവിച്ചിരുന്ന വ്യക്തിയായിരുന്നു ഞാൻ. അങ്ങനെയിരിക്കുമ്പോഴാണ് പൊതു പ്രവർത്തകരായ രഘുനാഥൻ മാസ്റ്ററും, പ്രഭാശങ്കറും സ്ത്രീശക്തി സ്വയം സഹായ സംഘം രൂപീകരിക്കുന്നതിനുവേണ്ടി ഞങ്ങളുടെ വീട്ടി

ലേക്ക് വന്നത്. അവരുടെ നിർദ്ദേശപ്രകാരം 20 സ്തീകളെ വിളിച്ചു ചേർത്തുകൊണ്ട് ഒരു സ്വയം സഹായസംഘം ഉണ്ടാക്കി. അങ്ങനെ ഞാൻ ശ്രീരുദ്ര സ്വയംസംഘത്തിലെ ഒരു അംഗമായി പ്രവർത്തിക്കുവാൻ തുടങ്ങി. അരിമ്പൂർ ഗ്രാമപഞ്ചായത്ത് രൂപീകരിച്ച മൂന്നാമത്തെ സംഘ മായിരുന്നു ഞങ്ങളുടേത്. വീടിന്റെ പരിസരത്തുള്ള സ്ത്രീകളെ സംഘടിപ്പിച്ച് നാല് സംഘങ്ങൾ ഉണ്ടാക്കാൻ എനിക്ക് സാധിച്ചു. ഒരു ഓലകുടിലിലായിരുന്നു ഞാനും എന്റെ ഭർത്താവും മക്കളും ജീവിച്ചിരുന്നത്. കുടുംബശ്രീയിൽ പ്രവർത്തിക്കാൻ കഴിഞ്ഞതുമൂലം സംഘത്തിൽ നിന്ന് പല തവണകളായി വായ്പ എടുത്തും പഞ്ചായത്തിൽനിന്നും ഗ്രാമസഭവഴി ഭവനനിർമ്മാണത്തിനുള്ള വായ്പ ലഭിച്ചതു കാരണം ഒരു വീടുണ്ടാക്കാൻ എനിക്ക് സാധിച്ചു. സ്വന്തമായി ഒരു വീട് ഉണ്ടായ തുതന്നെ കുടുംബശ്രീയിൽ പ്രവർത്തിക്കാൻ കഴിഞ്ഞതുമൂലമാണ്. ഗ്രാമസഭകളിൽ പോകുന്ന തിനും അർഹതയുള്ളവർക്ക് ആനുകൂല്യങ്ങൾ വാങ്ങിച്ച് മറ്റുള്ളവർക്ക് കൊടുക്കുന്നതിന് എനിക്ക് ധൈര്യവും ആവേശവും നൽകിയത് കുടുംബശ്രീയിൽ പ്രവർത്തിച്ചപ്പോഴാണ്. അങ്ങനെ കുടും ബശ്രീ പ്രവർത്തനങ്ങളുമായി നടക്കുമ്പോഴാണ് 2000 ൽ നടന്ന ഗ്രാമപഞ്ചായത്ത് തെരഞ്ഞെടു പ്പിൽ സി.പി.ഐ.(എം) നേതൃത്വത്തിൽ മത്സരിക്കുവാൻ തീരുമാനിച്ചത്. തെരഞ്ഞെടുപ്പിൽ ജയി ക്കുകയും പഞ്ചായത്തിന്റെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണായി വരികയും ചെയ്തു. കുടുംബശ്രീ രംഗത്ത് പ്രവർത്തിക്കുന്നതിന് നല്ലൊരു അവസരം ഇതോടുകൂടി എനിക്ക് ലഭിക്കുകയുണ്ടണ്ടായി. അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ എൺപതിലധികം സംഘങ്ങൾ രൂപീകരി ക്കുവാൻ എനിക്ക് സാധിച്ചു. സിന്ധു എന്നൊരു സാധാരണ വ്യക്തി നാട്ടിലും പഞ്ചായത്തിലും അറിയപ്പെട്ടതു തന്നെ ഈ കുടുംബശ്രീ എന്ന ഈ മഹത്തായ പ്രസ്ഥാനം വന്നതോടുകൂടിയാണ്. 2005ൽ നടന്ന തെരഞ്ഞെടുപ്പിൽ വീണ്ടും മത്സരിക്കുകയും അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ ആദ്യത്തെ വനിത പ്രസിഡന്റാവാൻ സാധിക്കുകയും ചെയ്തു. ഇത് എന്റെ ജീവിതത്തിൽ കുടും ബശ്രീ മുഖേന വന്ന നേട്ടങ്ങളിൽ ഒന്നാണ്. കുടുംബശ്രീ എന്നൊരു മഹത്തായ പ്രസ്ഥാനം ഇല്ലാ യിരുന്നുവെങ്കിൽ എന്നെപ്പോലെയുള്ള സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരില്ലായി

രുന്നു. കുടുംബശ്രീയിൽ വന്നതോടുകൂടി സങ്കോചമില്ലാതെ സംസാരിക്കുന്നതിനും പോലീസ് സ്റ്റേഷൻ കാര്യങ്ങൾ വരെ ചെയ്യുന്നതിനും സാധിക്കുകയുണ്ടായി.

പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം കഴിഞ്ഞതിനുശേഷം പഞ്ചായത്തിന്റെ വനിതാ കാന്റീനിൽ ജോലിക്ക് പോകുകയുണ്ടായി. ജീവിക്കുന്നതിന് ഒരു വരുമാന മാർഗ്ഗത്തിനുവേണ്ടിയും മറ്റ് 4 വനിതകൾക്ക് ഒരു തൊഴിൽ കൂടി ലഭിക്കുന്നതിനുവേണ്ടി കാന്റീൻ നടത്തുകയുണ്ടായി. വനിതാ കാന്റീനിൽ ജോലിക്ക് വന്നതിൽ പലരും എന്നെ പരിഹസിച്ചു. അഞ്ചു വർഷം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ആൾ കാന്റീനിൽ എച്ചിൽ പാത്രം എടുക്കുന്നു കഴുകുന്നു – ഇതൊന്നും വകവെക്കാതെ, പരിഹസിച്ചവർക്ക് നല്ല രീതിയിൽ കുടുംബശ്രീ കാന്റീൻ പ്രവർത്തിച്ച് കാട്ടികൊടുക്കുവാൻ സാധിച്ചു. അതിനുശേഷം സിന്ധു എന്ന വ്യക്തിയെ ജീവിത വിജയത്തിൽ എത്തിച്ച കുടുംബശ്രീ എന്ന പ്രസ്ഥാനത്തോടുള്ള അമിതമായ സ്നേഹം കൊണ്ട് സി.ഡി.എസ്. വൈസ് ചെയർപേഴ്സണായി പ്രവർത്തിക്കുന്നതിന് തീരുമാനിച്ചു. കുടുംബശ്രീ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നതോടൊപ്പം തന്നെ മഹിളാ പ്രധാൻ ഏജന്റായി ജോലി ചെയ്തു വരുന്നു. ഈ ജോലിയിൽ നല്ല രീതിയിൽ കളക്ഷൻ ഉണ്ടാക്കാൻ സാധിച്ചതും കുടുംബശ്രീ രംഗത്ത് പ്രവർത്തിച്ചതുകൊണ്ടു മാത്രമാണ്. എന്റെ ജീവിതത്തിൽ ഒരുപാട് നേട്ടങ്ങൾ ഉണ്ടാക്കാൻ ഈ പ്രസ്ഥാനം വഴി എനിക്ക് കഴിഞ്ഞിട്ടുണ്ട്.

എന്ന്,

സിന്ധു സഹദേവൻ

## 31. സന്ധ്യ ടി.എം

**എ**ന്റെ പേര് സന്ധ്യ ടി.എം ഞാൻ വെള്ളാങ്കല്ലൂർ പഞ്ചായത്തിലെ 21–ാം വാർഡിൽ ‘കരുണ സ്വയം സഹായ സംഘ‘ത്തിലെ അംഗമാണ്. ’കരുണ’ എന്ന സംഘത്തിന്റെ രൂപീകരണ സമയത്ത് ഞാൻ എന്റെ ഭർത്താവിന്റെ നാട്ടിൽ (നെയ്വേലി)ആയിരുന്നു. ഭർത്താവിന്റെ ആക സ്മിക മരണത്തിനുശേഷം സ്വന്തം വീട്ടിൽ എത്തിയ ഞാൻ കൈക്കുഞ്ഞായ എന്റെ മകനെയും ചേർത്തുപിടിച്ച് ജീവിതമെന്ന ചോദ്യചിഹ്നത്തിനു മുന്നിൽ പകച്ചിരുന്നു. പിന്നീട് യാഥാർത്ഥ്യ ങ്ങൾ, എന്റെ കുടുംബത്തിന്റെ അവസ്ഥ, അച്ഛന്റെ അസുഖം, മകന്റെ ഭാവി, എല്ലാം തിരിച്ചറിഞ്ഞ പ്പോൾ വീട്ടിൽ ചടഞ്ഞുകൂടിയിരിക്കാൻ തോന്നിയില്ല. അങ്ങനെ,‘‘കരുണ’’ എന്ന ഞങ്ങളുടെ കുടുംബശ്രീയിൽ അംഗമായി. പിന്നീട് അതിന്റെ സെക്രട്ടറിയായി. ഇങ്ങനെ കുടുംബശ്രീ ഓഫീ സുമായി ബന്ധപ്പെടാനും കഴിഞ്ഞു.

കുടുംബശ്രീ ഓഫീസുമായുള്ള അടുപ്പം ‘സ്വാന്ത്വനം‘ എന്ന സംരംഭത്തെക്കുറിച്ച് അറിയാ നിടയാക്കി ഞാൻ ആ സംരംഭം തുടങ്ങാൻ തീരുമാനിച്ചു അതിന്റെ ട്രെയിനിങിനായി തിരുവനന്ത പുരത്തേക്ക് പോയി ആദ്യമായി തലസ്ഥാനനഗരിയിലേക്കുള്ള ആ യാത്ര എനിക്കൊരിക്കലും മറ ക്കാൻ കഴിയില്ല. ആ ട്രെയിനിങ് എന്റെ ജീവിതം തന്നെ മാറ്റി മിറച്ചു. സ്വാന്തനം എന്ന സംരംഭം വേതനാധിഷ്ഠിതം എന്നതിലുപരി ഒരു സേവനം കൂടിയാണ്. ഷുഗറും പ്രഷറും ടെസ്റ്റ് ചെയ്ത് റിസൽട്ട് അപ്പോൾ കൊടുക്കുന്നതായിരുന്നു എന്റെ ജോലി.

5 കൊല്ലം മുമ്പ്, ഡ്രൈവിംഗ് പഠിച്ച്, സ്വന്തമായി ഒരു വണ്ടിയോടിച്ച് നടക്കുക എന്നത് എന്റെ സങ്കല്പത്തിലേ ഇല്ലാത്ത കാര്വമായിരുന്നു. ആ ഞാൻ ഡ്രൈവിംഗ് പഠിച്ചു. ലൈസൻസെ ടുത്തു. സംരംഭം വഴി 50,000 രൂപ ലോൺ അനുവദിച്ചിരുന്നു. സ്വാന്തനത്തിന്റെ കിറ്റും മൊബൈലും വണ്ടിയും ലോൺ ആയി എനിക്കു ലഭിച്ചു.

അങ്ങനെ വീടിനുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ഞാൻ, എന്റെ പഞ്ചായത്തിലെ എല്ലാ നാടുവഴികളിലൂടെയും സഞ്ചരിച്ചു തുടങ്ങി. വീടുവീടാന്തരം കയറിയിറങ്ങി ‘സ്വാന്ത്വനം‘ എനിക്കു

തന്ന ട്രെയിനിങ്ങിൽ എങ്ങനെ ആളുകളെ അഭിമുഖീകരിക്കണമെന്നും എങ്ങനെയെല്ലാം പെരുമാറണമെന്നും ഞാൻ പഠിച്ചിരുന്നു. എന്നിട്ടും ആദ്യ ദിവസങ്ങളിൽ ഉണ്ടായ കയ്പേറിയ അനുഭവങ്ങളിൽ ഞാൻ പതറിപ്പോയി. എങ്കിലും എന്റെ ജീവിതമാർഗ്ഗം ഇതാണെന്ന തിരിച്ചറിവിൽ ഞാൻ മുന്നോട്ടുതന്നെ പോയി. അങ്ങനെ പലതലത്തിലുള്ള ആളുകളെ കണ്ടു. ചിലരുടെയൊക്കെ അവസ്ഥ കണ്ട് പൈസ വേണ്ടെന്നു പറഞ്ഞ് പോന്നിട്ടുണ്ട്. ഇങ്ങനെയും ആളുകൾ ജീവിക്കുന്നുണ്ടെന്ന് എന്ന തിരിച്ചറിവിൽ ഞാൻ എന്റെ ദു:ഖത്തിന്റെ നിസാരത മനസ്സിലാക്കി.

തൊഴിലിടങ്ങളിൽ എന്നെ വളരെ വേദനിപ്പിക്കുന്ന അനുഭവങ്ങളുണ്ടായിട്ടുണ്ട്. എപ്പോൾ വിളിച്ചാലും നീ വരുമോ?എന്ന വഷളൻ ചോദ്യങ്ങൾക്കുമുന്നിൽ ചൂളിനിന്നിട്ടുണ്ട്.അതേ സമയം ഭക്ഷണം കഴിക്കാതെ ഷുഗർ ടെസ്റ്റ് ചെയ്യാൻ എന്നെ കാത്തിരിക്കുന്നവരുണ്ട്. കൃത്യസമയത്ത് ഞാൻ എത്തി, ഷുഗർ താണ് ഗുരുതരാവസ്ഥയിലേക്കെത്തി നിന്നിരുന്ന രോഗികളെ രക്ഷപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. അങ്ങനെ ഒരുപാട് നല്ല അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോൾ എനിക്കു കിട്ടുന്ന ആത്മസംതൃപ്തിക്ക് കയ്പേറിയ അനുഭവങ്ങളെ തുടച്ചു മാറ്റാനുള്ള കഴിവുണ്ട്.

ഞാൻ ഈ സംരംഭം ആരംഭിച്ചതിനു ശേഷം ഒരുപാട് ആൾക്കാരുമായി പരിചയപ്പടാൻ സാധിച്ചു. ഓഫീസർമാർ, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, മെമ്പർമാർ, ഡോക്ടർമാർ മുതൽ സമൂഹത്തിന്റെ താഴെത്തട്ടിൽ ജീവിക്കുന്നവരുമായി വരെ എനിക്ക് പരിചയപ്പെടാനും അവരുമായി ആരോഗ്യകരമായ ഒരു ബന്ധം നിലനിർത്തികൊണ്ടുപോകാനും ഇതുവരെ സാധിച്ചു. ഇന്ന് എന്റെ കുടുംബത്തിന്റെ ഏക വരുമാനം എന്റെ ഈ തൊഴിലിൽ നിന്നാണ് ലഭിക്കുന്നത്.

സ്വാന്തനത്തിലൂടെ പൊതുജനങ്ങളിലേക്കിറങ്ങിയ ഞാൻ ഇന്ന് 'ആശ വർക്കർ'കൂടിയാണ്. ആളുകളുടെ രോഗാവസ്ഥയിൽ എത്തിയിരുന്ന എനിക്ക് അവരുടെ ആരോഗ്യകാര്യങ്ങളിലും ശുചിത്വത്തിലും പങ്കാളിയാകാൻ കഴിയുന്നു.

ഇപ്പോൾ ഞാൻ എന്റെ കഴിവ് തിരിച്ചറിഞ്ഞു.സാമ്പത്തികമായി മെച്ചപ്പെടാനും സാമൂഹികമായി സേവനമനോഭാവത്തോടെ ആളുകളോട് പെരുമാറാനും കഴിഞ്ഞിട്ടുണ്ട്. എനിക്കറിയാം

ഇതിന്റെയെല്ലാം അടിത്തറ എന്റെ അയൽക്കൂട്ടമാണ്. അതിലൂടെയാണ് ഞാൻ പ്രവർത്തിച്ചുതുടങ്ങിയത്. ഇപ്പോൾ പിന്തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് ആത്മസംതൃപ്തിയും അത്ഭുതവും തോന്നുന്നു. വീട്ടിലെ ഒരു മുറിയിൽ ആരോടും മിണ്ടാതെ എന്റെ അവസ്ഥയിൽ വിധിയെ പഴിച്ചിരുന്ന എനിക്ക്, കാലം എന്നിൽ വരുത്തിയ മാറ്റം കണ്ട് അമ്പരപ്പു തോന്നുന്നു.


സന്ധ്യ.ടി.എം

തെക്കേടത്ത് വീട്

വെള്ളാങ്കല്ലൂർ പി.ഒ

കൽപറമ്പ്–680662

**തകത**ാം വാർഡ്


## 32.പുതുജീവൻ നൽകിയ കുടുംബശ്രീ

**ചാലക്കുടി പുഴയുടെ അറ്റമായ കരിക്കാട്ടുചാലിന്റെ തീരത്തുള്ള ഒരു ചെറിയ ഗ്രാമമാണ് എരവത്തൂർ. ഒരു അംഗൻവാടിയുടേയും വായനശാലയുടേയും നടുവിലുള്ള ഒരു ചെറിയ വീട്ടിലാണ് ഞാൻ ജനിയ്യു വളർന്നത്. ഞങ്ങൾ നാല് മക്കളായിരുന്നു. അതിൽ മൂത്തവലായിരുന്നു ഞാൻ. സന്തോഷത്തിന്റേയും സമാധാനത്തിന്റേയും നാളുകളായിരു ന്നു എന്റെ കുട്ടിക്കാലം. അമ്മയുടെ വീട്ടിലായിരുന്നു ഞാൻ പഠിച്ചിരുന്നത്.**

വളരെ ചെറുപ്പത്തിൽതന്നെ എന്നെ വീട്ടുകാർ വിവാഹം കഴിപ്പിച്ചയച്ചു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ മുതൽ പ്രശ്നങ്ങൾ തുടങ്ങി. എനിക്ക് ഭർത്താവായി കിട്ടിയ ആൾ സുന്ദരനും, സുമുഖനും, മൊസൈക്ക് ജോലിക്കാരനുമായിരുന്നെങ്കിലും ഒരു സംശയരോഗി കുടി ആയിരുന്നു. എന്റെ സഹോദരങ്ങളെ ഓർത്ത് ആദ്യമൊന്നും ഭർത്തവിന്റെ വീട്ടിലെ പ്രശ്നങ്ങൾ ഞാൻ വീട്ടിൽ അറിയിച്ചിരുന്നില്ല. ദേഹോപദ്രവം തുടങ്ങിയതോടെ കാര്യഹ്ങൽ വീട്ടിലറിഞ്ഞു. ിതിനിടയിൽ ഞാൻ ഗർഭിണിയുമായി. എന്നാൽ, എനിക്ക് എന്റെ ജീവിതം മടുത്തുകഴിഞ്ഞിരുന്നു. ഈ ലോകത്തോട് വിട പറയാൻ തീരുമാനിച്ച് ഞാൻ വിഷം കഴിച്ചു. പക്ഷെ, ദൈവം എന്നെ മരണത്തിന് വിട്ടുകൊടുത്തില്ല. 16 ദിവസം അബോദാവസ്ഥയിലായിരുന്നു. അയുഖം മാറിയെന്ന് പറഞ്ഞ് വീണ്ടും ഭർത്താവിന്റെ വീട്ടിലേക്ക് തന്നെ തിരിച്ചുകൊണ്ടുപോയി. അപ്പോൾ എന്റെ മകൾക്ക് 6 മാസം പ്രായമായിരുന്നു. കുറച്ചു നാൾ സന്തോഷത്തിന്റെ നാളുകളായിരുന്നു. വീണ്ടും പ്രശ്നങ്ങൾ തുടങ്ങി. അതിനിടയിൽ വീണ്ടും ഞാൻ ഗർഭിണിയായി. ദേഹോപദ്രവം തുടങ്ങുന്നതിന് മുമ്പ് എന്നെ വീട്ടുകാർ എന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോന്നു. എന്റെ മകന് 3 മാസം പ്രായമുള്ളപ്പോൾ എന്നെ അവർ വിളിക്കാൻ വന്നു. പക്ഷേ ഞാൻ പോയില്ല. കാരണം അത്രയ്ക്ക് ആ ജീവിതം ഞാൻ വെറുത്തിരുന്നു.

പക്ഷേ, എന്റെ നേർക്കുള്ള ദൈവത്തിന്റെ പരീക്ഷണങ്ങൾ അവിടെയും അവസാനിച്ചില്ല. എനിക്ക് താങ്ങും, തണലുമായിരുന്ന എന്റെ മൂത്ത സഹോദരന് പെട്ടെന്ന് ഒരു തലവേദന വന്നു. ചാലക്കുടി ഹോസ്പിറ്റലിൽ വച്ച് ഞെട്ടിക്കുന്ന ആ സത്യം ഞങ്ങൾ അിറഞ്ഞു. അവന്റെ കിഡ്നിക്ക് അസുഖമാണെന്നും കിഡ്നി മാറ്റി വയ്ക്കണമെന്നും ഡോക്ടർമാർ പറഞ്ഞു. ചികിത്സ ചിലവിലേക്ക് കുറച്ചു പണം നാട്ടുകാർ സ്വരൂപിച്ച് തന്നു. ബാക്കി പണത്തിനായി ആകെയുള്ള 10 സെന്റ് സ്ഥലം വിൽക്കാൻ താരുമാനിച്ചു. അമ്മയുെ കിഡ്നി അവന് മാറ്റി വയ്ക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. പക്ഷേ ദൈവം ഞങ്ങളോട് കരുണ കാട്ടിയില്ല. 6 മാസം കഴിഞ്ഞപ്പോൾ 26 വയസ്സായ എന്റെ മൂത്ത സഹോദരൻ ഈ

ലോകത്തോട് വിട പറഞ്ഞു. പിന്നീട് മരണതുല്യമായ ഒരു ജീവിതമായിരുന്നു ഞങ്ങളുടേത്. എന്നാലും എന്റെ കുഞ്ഞുമക്കൾ എന്റെ വീട്ടിൽ സന്തോഷം പരത്തി.

ഭർത്താവും സഹോദരനും ഇല്ലാത്ത അവസ്ഥ, എങ്ങനെ ജീവിക്കും എന്ന് കരിതിയിരിക്കുമ്പോഴാണ് ഞങ്ങളുടെ ഗ്രാമത്തിൽ ഐശ്വര്യ എന്ന ഒരു സംഘം രൂപീകരിക്കുന്നതും ഞാൻ അതിൽ അംഗമായി ചേരുന്നതും. കുറച്ചു നാളുകൾക്കുള്ളിൽ ഞാൻ ആ സംഘത്തിന്റെ സെക്രട്ടറി ആയി തീർന്നു. വൈകാതെ തന്നെ ഞങ്ങളുടെ വാർഡിലെ സി.ഡി.എസ്.മെമ്പറായി എന്നെ തെരഞ്ഞെടുത്തു. അങ്ങനെ എന്റെ സംഘത്തിന്റേയും വാർഡിന്റേയും പ്രവർത്തനങ്ങളിലേക്കിറങ്ങിയതോടെ ജീവിക്കാനുള്ള ഒരു മനോധൈര്യം എനിക്കുണ്ടായി .

2 വർഷം സി.ഡി.എസ് മെമ്പറായി ഞാൻ പ്രവർത്തിച്ചു. അങ്ങനെയിരിക്കുമ്പോഴാണ് കുഴൂർ പഞ്ചായത്തിൽ ഒരു പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കാൻ തീരുമാനിച്ചതും, അവിടേക്ക് ഒരു ജോലിക്കാരിയെ വേണമെന്നും ഞാൻ അിറഞ്ഞത്. അങ്ങനെ ഞാൻ അവിടെ ഒരു ഡോലിക്കാരിയായിത്തീർന്നു. ആദ്യമെല്ലാം തുച്ഛമായ ശമ്പളമാണ് കിട്ടിയിരുന്നത്. പക്ഷേ എനിക്ക് തയ്യൽ അറിയാമായിരുന്നു. അതുകൊണ്ട് ജോലി കഴിഞ്ഞിട്ടുള്ള സമയത്ത് തയ്ച്ച് അതിൽ നിന്നും കൂടി ഉള്ള വരുമാനം കൊണ്ട് എന്റെ മക്കളുടെ വിദ്യഭ്യാസവും, വീട്ടുകാര്യങ്ങളും ഭംഗിയായി നിർവ്വഹിക്കാൻ എനിക്ക് സാധിച്ചു.

ഇതിനിടയിൽ അച്ഛനും ഞങ്ങളെ വിട്ടകന്നു. ഇപ്പോൾ വീട്ടിൽ ഞാനും അമ്മയും എന്റെ മക്കളുമാണുള്ളത്. കുടുംബശ്രീയിൽ വന്നതുകൊണ്ടാണ് എനിക്ക് ഒരു ജോലിയും ജീവിക്കാനുള്ള പ്രേരണയും ലഭിച്ചത്. ഇപ്പോൾ എന്റെ മകൾ ടി.ടി.സി.ക്ക് പഠിക്കുന്നു. മകൻ +1 ആയി. എന്നോ അവസാനിച്ചുപോകേണ്ട എന്റെ ജീവിതം ഇന്ന് ഇവിടെ എത്തി നിൽക്കുന്നതിനുള്ള പ്രധാന കാരണം കുടുംബശ്രീയാണ്. അത് ഒരു കാലത്തും എനിക്ക് മറക്കാൻ കഴിയില്ല.

ഉഷ

ഐശ്വര്യ കുടുംബശ്രീ

## 33. പ്രീജ ദേവദാസ്

കുളങ്ങളും പാടങ്ങളും കാവുകളും നിറഞ്ഞ പച്ചപിടിച്ച മനോഹരമായ ഒരു കൊച്ചു ഗ്രാമ പ്രദേശത്തിലാണെന്റെ ജനനം. എല്ലാവരും ഉണ്ടായിരുന്നിട്ടും തികച്ചും ഒരു അനാഥയെ പോലെ ജീവിക്കേണ്ടിവന്നവൾ. നഷ്ടപ്പെട്ട ബാല്യവും കൗമാരവും. വിവാഹമെന്തെന്ന് അറിയുന്നതിന് മുൻപ് അതും കഴിഞ്ഞു.

ജീവിത യാത്രകൾ കല്ലും മുള്ളും നിറഞ്ഞതായിരുന്നു. ഇനി എങ്ങനെ മേൽപോട്ട്. രണ്ടു കുട്ടികളുമായി. രണ്ടറ്റവും കൂട്ടി മുട്ടിക്കുവാൻ വേണ്ടി പാടുപെടുന്ന സമയത്താണ് ഒരു പ്രധാന പ്പെട്ട അഡ്വാക്കേറ്റിന്റെ കീഴിൽ ക്ലർക്കായത്. അവിടെയും കുറെ കഷ്ടപ്പെട്ടു. താഴെയുള്ള കുട്ടിക്ക് ആറുമാസം. ഉത്തരവാദിത്ത്വമുള്ള ഓഫീസ്. തിരക്കുള്ള ആ ഓഫീസിൽ ഞാനൊരു ക്ലർക്കു മാത്രം. അവിടെ ഞാൻ പല കാഴ്ചകളും കണ്ടു. ഭർത്താവിന്റെ പീഢനം സഹിക്കവ യ്യാതെ കോടതിയെ സമീപിച്ച പല പെൺകുട്ടികളെയും പ്രതി ഭാഗം വക്കീൽ സാക്ഷി കൂട്ടിലിട്ട് ചോദ്യങ്ങൾ ചോദിച്ച് വീർപ്പുമുട്ടിക്കുന്നത്. ഒന്നും പറയാനാവാതെ നിറകണ്ണീരോടെ പകച്ചു നിൽക്കുന്നവരെ. പലപ്പോഴും ഞാനും സങ്കടപ്പെട്ടിട്ടുണ്ട്.

സ്ത്രീകൾക്ക് ഈ ലോകത്ത് എന്നാണൊരു മോചനം. സ്ത്രീകളെ ഒന്ന് നോക്കിയാൽ വരെ നിയമങ്ങൾ ഉള്ള ഈ ലോകത്ത് ഗോവിന്ദ ചാമിമാരെ പോലുള്ളവർ നടമാടുന്നു. സ്ത്രീക

ളുടെ കണ്ണീരൊപ്പാൻ അണ്ണാറകണ്ണന് തന്നാലാവതും എന്ന് പറഞ്ഞ പോലെ എനിക്കെന്ത് ചെയ്യാൻ കഴിയും?

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം അന്നത്തെ ഞങ്ങളുടെ വാർഡു കൗൺസിലറായിരുന്ന വിജയേട്ടന്റെ അദ്ധ്യക്ഷതയിൽ സ്ത്രീകളെ മാത്രം വിളിച്ചു കൂട്ടി ഒരു യോഗം നടത്തി. ആ യോഗത്തിൽ സാക്ഷരതാ പ്രേരക്മാരായിരുന്ന എന്റെ അടുത്തവീട്ടിലെ ഷീനചേച്ചിയും ശാലിനിയും പങ്കെടുത്തിരുന്നു. അന്നത്തെ മുനിസിപ്പൽ സെക്രട്ടറിയായിരുന്നു കുടുംബശ്രീയെ കുറിച്ച് ഞങ്ങളോട് വിശദീകരിച്ചത്. ഞങ്ങൾ 26 പേരാണ് അന്ന് കുടുംബശ്രീയിൽ അംഗമായത്. ഭാരവാഹിത്തത്തിലേക്ക് വരുവാൻ ആരും തയ്യാറായില്ല. അവസാനം ഞങ്ങളുടെ കൗൺസിലർ തന്നെ തീരുമാനിച്ചു. പ്രീജ സെക്രട്ടറി. ശോഭ പ്രസിഡന്റ്. അങ്ങനെ ഞാൻ ആദ്യമായി മുനിസിപ്പാലിറ്റി കണ്ടു. ആ കാലഘട്ടത്തിലാണ് ഇഉട തിരഞ്ഞടുപ്പ്. ഇഉട ചെയർ പേഴ്സനായി എന്നെ തിരഞ്ഞെടുത്തു. രണ്ട് സംസ്ഥാന അവാർഡ് നേടുവാൻ കഴിഞ്ഞു.

എനിക്ക് സംസ്ഥാന സർക്കാറിന്റെ മഹിളാശ്രീ പുരസ്ക്കാരവും കിട്ടി. ഇന്ന് ഞാൻ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന ഫോർച്ച്യൂണ എന്നു പേരുള്ള പരീശീലന ഗ്രൂപ്പിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത പല പഞ്ചായത്തുകളിലും പോയി പരിശീലനം കൊടുക്കുന്നു. ഓരോ ദിവസവും അറിയപ്പെടാത്ത സ്ഥലങ്ങളിൽ എത്തി ചേരുന്നു.

ഒരു ദിവസം എന്നെ കാട്ടകാമ്പാൽ പഞ്ചായത്തിലെ ഇഉട ചെയർപേഴ്സൺ വിളിച്ചു. ഞങ്ങളുടെ കുടംബശ്രീ വാർഷികമാണ് പ്രീജയെ ഞങ്ങൾ ക്ഷണിക്കുന്നു. ഞാൻ സന്തോഷത്തോടെ പറഞ്ഞു വരാം. അന്ന് ഞങ്ങളുടെ വൈസ് ചെയർമാന്റെ മകളുടെ വിവാഹമായിരുന്നു. അതുകൊണ്ട് നേരം വൈകി. ഇനി പോകണ്ട എന്നു കരുതി. എന്നെയിതാ വിളിക്കുന്നു. പ്രീജ എവിടെയെത്തി. ഞാൻ വരണോ എന്ന് ചോദിച്ചു. വേഗം വണ്ടി വിളിച്ചു വരുവാൻ പറഞ്ഞു. ഞാനവിടെ എത്തി. അപ്പോഴാണ് അറിയുന്നത് അവരുടെ പഞ്ചായത്ത് ഭരണസമിതി കൂടി തീരുമാനിച്ച് എന്നെ ആദരിക്കുന്നുണ്ടെന്ന് നോട്ടീസടിച്ചിരിക്കുന്നു. ബഹു:കുന്ദംകുളം ങഘഅ ബാബു പാലിശ്ശേരിയാണ് പുരസ്ക്കാരം സമ്മാനിച്ചത്. എന്നെ അറിയുന്ന ങഘഅ അതിശയിച്ചു.

ഇതാണോ ഈ അവാർഡ് ജേതാവ്. ഇങ്ങനെയൊക്കെയുണ്ടോ എന്ന് എന്നോട് ചോദിച്ചു. എനിക്ക് സന്തോഷമായി.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശാരദ മുരളീധരൻ കണ്ട ഡൽഹിയിൽ പോയതിനുശേഷം എന്നെ വിളിച്ചു. ഞാൻ മാഡത്തിനോട് ചോദിച്ചു എന്റെ നമ്പറ് മാഡത്തിന്റെ കയ്യിലെങ്ങനെ! മാഡം ചിരിച്ചു കൊണ്ടു പറഞ്ഞു. പ്രീജാ നിങ്ങൾക്കിതെങ്ങനെ സാധിച്ചു.................... അതൊക്കെ എന്റെ ജീവിതത്തിൽ മുതൽ കൂട്ടാണ്. എന്തിനാ ഞങ്ങളെ പ്രസവിച്ചത് അമ്മ എന്നുപറഞ്ഞ എന്റെ മകൻ പലപ്പോഴും പറഞ്ഞിട്ടുണ്ട് അമ്മയുടെ മകനായതിൽ എനിക്കഭിമാനമുണ്ടെന്ന്.

പ്രതിസന്ധിയിൽ തളരാതെ പതറാതെ ജീവിക്കാനെന്നെ പഠിപ്പിച്ച എന്റെ കുടുംബശ്രീ ................. ഈ മനോഹര തീരത്ത് ഇനിയൊരു ജന്മം തരുമോ .........

**പ്രീജ ദേവദാസ്**

## 34.ഒളിമങ്ങാത്ത കുടുംബശ്രീ സ്മരണകൾ

ഓർമ്മകളുടെ (സ്മരണകളുടെ) മാസ്മരിക വലയത്തിൽ ഊളയിടുമ്പോൾ എനിക്ക് ഒരുപാട് അനുഭവങ്ങളും ഓർമ്മകളും കുടുംബശ്രീ പ്രസ്ഥാനം കൊണ്ട് നേടാൻ കഴിഞ്ഞു. ഈ സ്മരണകൾ പ്രതിപാദിക്കുന്നതിന് മുമ്പ് കുടുംബശ്രീ പ്രസ്ഥാനത്തിലെത്തുന്നതിനു മുമ്പുണ്ടായിരുന്ന ഞാനെന്ന വ്യക്തിയെ പരിചയപ്പെടാം.

ൃഞാൻ സരസ്വതി അജയൻ എളവള്ളി ഗ്രാമപഞ്ചായത്തിലെ തഢക –ാം വാർഡിൽ താമസിക്കുന്നു. എന്റെ ബാല്യവും യൗവ്വനവും കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നെങ്കിലും ജീവിതം സ്വാതന്ത്ര്യപൂരിതമായിരുന്നു. പ്രേമവിവാഹമായതിനാൽ ഭർത്തൃവീട്ടുകാർക്ക് താത്പര്യമുണ്ടായിരുന്നില്ല. എന്റെ വീടിനേക്കാൾ എത്രയോ ഉയർന്നവരും, സാമ്പത്തികഭദ്രതയുള്ളവരുമായിരുന്നു ഭർത്താവിന്റെ വീട്ടുകാർ. ഈ സാമ്പത്തിക അന്തരം കുത്തുവാക്കുകളും, പരിഹാസചുവയോടുകൂടിയുള്ള സംസാരവാക്കുകളും ഭർത്തൃവീട്ടുകാർ എനിക്ക് സമ്മാനിച്ചു. ഈ സമ്മാനം ഒറ്റപ്പെടലിന്റെയും വീർപ്പുമുട്ടലുകളുടെയും ഘോഷയാത്രയായി മാറി എനിക്ക് ജീവിതം. എതിർവാക്ക് പറയാനുള്ള ധൈര്യമോ

സ്വാതന്ത്ര്യമോ ഇല്ലാതെ എല്ലാം നിശബ്ദം സഹിച്ചും കരഞ്ഞും കഴിച്ചുകൂട്ടിയ നാളുകൾ ഓർമ്മകളുടെ പേജിൽ നിറഞ്ഞുനിൽക്കുന്നു. ഞാൻ ജോലിക്കുപോകുന്നതിനോ മറ്റുള്ളവരുമായി സംസാരിക്കുന്നതിനോ ഭർത്തൃവീട്ടുകാർക്ക് താത്പര്യമുണ്ടിയിരുന്നില്ല. കരിയും പുകയും നിറഞ്ഞ അടുക്കളജീവിതവുമായി ലക്ഷ്യബോധമില്ലാതെ കഴിഞ്ഞുകൂടുന്ന സമയത്താണ് അയൽവാസിയായ 2 ചേച്ചിമാർ എന്നിലെ കഴിവ് മനസ്സിലാക്കിയിട്ടായിരുന്നു എന്നുതോന്നുന്നു അതെ പിന്നീടവർ പറഞ്ഞത് അങ്ങനെ തന്നെയാണ്. നമ്മൾക്ക് ഒരു സ്ത്രീശക്തി സ്വയം സഹായസംഘം രൂപീകരിക്കണമെന്നും 20 പേരാണ് അതിൽ ഉണ്ടായിരിക്കേണ്ടത് എന്നും, അതിന്റെ തലപ്പത്ത് നീ നിർബന്ധമായും ഉണ്ടായിരിക്കണമെന്ന് പറഞ്ഞ് അവർ എന്നെ നിർബന്ധിച്ചു കൊണ്ടേയിരുന്നു.

ഇത് എന്റെ മനസ്സിനുള്ളിൽ നിരവധി തവണ ചോദ്യം ചെയ്യപ്പെട്ടു കാരണം ഭർത്താവിന്റെ വീട്ടുകാർക്ക് ഇതിലൊന്നും താത്പര്യമില്ല എന്നെ വീണ്ടും കുറ്റപ്പെടുത്തുമോ എന്തോ...... അവസാനം എന്റെ മനസ്സ് പറഞ്ഞു. നിനക്ക് ഒറ്റപ്പെടലിന്റെ വീർപ്പുമുട്ടലിൽ നിന്നും രക്ഷപ്പെടാൻ പറ്റിയ മാർഗ്ഗം ഇതാണ്. വീട്ടിൽ നിന്ന് പുറം ലോകത്തേക്കുള്ള സ്വാതന്ത്ര്യത്തിന്റെ കാൽവെപ്പായി ഭർത്തൃവീട്ടുകാരുടെ പിന്തുണയില്ലെങ്കിലും എന്റെ ദു:ഖത്തിലും സന്തോഷത്തിലും എന്റെ ഭർത്താവ് അന്നും ഇന്നും എനിക്ക് താങ്ങും തണലുമായി ഒപ്പം നിന്ന് ആശ്വസിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സമ്മതത്തോടെ ഞാൻ ഒരു സംഘത്തിന് രൂപം കൊടുക്കുവാൻ സാധിച്ചു. അങ്ങനെ എളവള്ളി ഗ്രാമപഞ്ചായത്തിലെ അന്ന് തക-ാം വാർഡിൽ കാക്കശ്ശേരി പ്രദേശത്ത് ഉഷസ്സ് അംഗൻവാടി ടീച്ചറുടെ കീഴിൽ 2002 ഓക്ടോബർ 1-ാം തിയ്യതി എന്റെ നേതൃത്വത്തിൽ 20 പേരെ സംഘടിപ്പിച്ചുകൊണ്ട് “ഹരിത” സ്വയം സഹായസംഘമെന്ന പേരിൽ സ്ത്രീശക്തി രൂപീകരിച്ചു. പിന്നീട് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് കുടുംബശ്രീയായിമാറി. ആ സംഘത്തിന്റെ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈയൊരു സംഭവം എന്റെ ജീവിതത്തെതന്നെ മാറ്റിമറിച്ച ഒരു വഴിത്തിരിവായി മാറി. വീട്ടിൽ നിന്നും പുറലോകത്തേയ്ക്കുള്ള എന്റെ സ്വാതന്ത്ര്യത്തിന്റെ കാൽവെപ്പായി മാറുകയും ചെയ്തു.

ആദ്യമായി എളവള്ളി ഗ്രാമപഞ്ചായത്തിൽ 2003 കാലഘട്ടത്തിൽ കുടുംബശ്രീ പ്രസ്ഥാനം രൂപീകരിക്കുന്ന തെരഞ്ഞെടുപ്പിൽ ഞാൻ ആ വാർഡിന്റെ സി.ഡി.എസ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു. എന്തായിരിക്കും സി.ഡി.എസ്. മെമ്പറായ എന്റെ കർത്തവ്യം അറിയാതെ വളരെ ഭയത്തോടുകൂടിതന്നെയാണ് ഈ സ്ഥാനം ഏറ്റെടുത്തത്. 2004 ൽ സി.ഡി.എസ്. മെമ്പർമാർക്കുള്ള 5 ദിവസത്തെ താമസിച്ചുകൊണ്ടുള്ള പരിശീലനത്തിൽ തൃശ്ശൂർ ബിഷപ്പ് ഹൗസിൽ പരിശീലനത്തിന് പങ്കെടുത്തപ്പോഴാണ് 10 വർഷക്കാലം കൊണ്ട് ദാരിദ്ര്യനിർമ്മാർജ്ജനത്തെ ലക്ഷ്യമാക്കികൊണ്ട് സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയും, അവരുടെ കഷ്ടപ്പാടുകളും ദുരിതങ്ങളെയും നിർമ്മാർജ്ജനം ചെയ്ത് സ്ത്രീ സമൂഹത്തിന്സമ്പന്നതയും, ഐശ്വര്യവും അറിവും പ്രദാനം ചെയ്യാൻ കുടുംബശ്രീക്ക് കഴിയും എന്ന് മനസിലായത്. കുടുംബശ്രീ മിഷനും കോട്ടയത്തുള്ള ഹിന്ദുസ്ഥാൻ മിഷനും നടത്തിയ പേപ്പർ കളക്ഷൻ പദ്ധതിയിൽ എളവള്ളി കുടുംബശ്രീ സി.ഡി.എസ് മുഖാന്തിരം പേപ്പർ ശേഖരിച്ചതിൽ ഏറ്റവും കൂടുതൽ പേപ്പർ ശേഖരിച്ച് സി.ഡി.എസ് മെമ്പറായി ഞാൻ ഒന്നാം സ്ഥാനത്തെത്തുകയും സമ്മാനം നേടുകയും ചെയ്തു. അഭിമാന മുഹൂർത്തങ്ങൾ സമ്മാനിച്ച നിമിഷമായിരുന്നു അതെല്ലാം. അത് മാത്രമല്ല എന്റെ ജീവിതത്തിൽ ഒരിക്കലും സന്ദർശിക്കാൻ കഴിയാത്ത ഹിന്ദുസ്ഥാൻ പേപ്പർ മിൽ രണ്ട് പ്രാവശ്യം സന്ദർശിക്കാൻ സാധിച്ചത് ജീവിതത്തിൽ വിസ്മരിക്കാൻ കഴിയാത്ത അപൂർവ്വഭാഗ്യമായി കരുതുന്നു. പരിശീലനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവയിലൂടെ എനിക്ക് പലകാര്യങ്ങളെ കുറിച്ച് അറിവ് സമ്പാദിക്കുന്നതിന് ഈ പ്രസ്ഥാനം സഹായിച്ചു.

കുടുംബശ്രീ മുഖാന്തിരം ലഭിച്ച മറ്റൊരു ഭാഗ്യം ഞാൻ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ഒരു കാറ്ററിംഗ് യൂണിറ്റ് സ്ഥാപിക്കാൻ കഴിഞ്ഞു എന്നതാണ് ഇതിലൂടെ ലഭിക്കുന്ന വരുമാനമാർഗ്ഗം കുട്ടികളുടെ വിദ്യാഭ്യാസം, ഭവനവായ്പ എന്നിവയ്ക്ക് ഉപകരിക്കുന്നു.

എന്റെയും ഭർത്താവിന്റെയും അധ്വാനം കൊണ്ട് സ്വന്തമായി ഒരു വീട് നിർമിച്ച് സന്തോഷത്തോടുകൂടി താമസിച്ചുകൊണ്ടിരിക്കുന്ന സമയത്ത് നിനച്ചിരിക്കാതെ എന്നെത്തന്നെ

ഞെട്ടിച്ചുകൊണ്ട് ഭർത്താവിന് മാരകമായ അസുഖം ഹാർട്ട് അറ്റാക്ക് പെട്ടെന്നുണ്ടായി. എനിക്കപ്പോഴത്തെ സന്ദർഭം ഓർക്കാൻ കൂടി വയ്യ. എന്നാൽ എന്റെ ദു:ഖത്തിൽ എന്നെ സമാശ്വസിപ്പിച്ചുകൊണ്ട് എന്റെ കുടുംബശ്രീ പ്രവർത്തകർ, സുഹൃത്തുകൾ, ഉദ്യോഗസ്ഥർ എന്നുവേണ്ട നിരവധി പേർ ബൈപാസ് സർജറി കഴിഞ്ഞ് വീട്ടിൽ വന്ന നാല് മാസക്കാലവും ആസ്പത്രിയിലും എന്നോടൊപ്പം ഉണ്ടായിരുന്നത് ഒരിക്കലും മറക്കാൻവയ്യ. സാമ്പത്തികമായും അവർ എന്നെ ഒരുപാട് സഹായിച്ചു. നിരവധി പേർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഇവരെല്ലാം എന്നോടൊപ്പമുണ്ടായത് ഞാൻ കുടുംബശ്രീ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ട് മാത്രമാണ്.

□ ഒരു പ്രസ്ഥനത്തിന്റെ ഒരു കണികയാണ് ഞാനെന്ന് മനസ്സിലാക്കി, ഞാനുൾപ്പെടുന്ന സ്ത്രീസമൂഹത്തിന്റെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കാൻ ലഭിച്ച ഈ അവസരം ഒരാവേശമായി എന്നിൽ മാറി ഇതിന്റെ പ്രചോദനത്തിൽ അയൽകൂട്ടത്തെ ബാങ്കുമായി ബന്ധിപ്പിച്ച് ഗ്രേഡിംഗ് നടത്തി ആ വർഷത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങികൊടുക്കുവാനും എനിക്ക് സാധിച്ചു. ബാങ്ക് ലിങ്കേജ്, റിവോൾവിംഗ് ഫണ്ട് എന്നിവയും ഞങ്ങൾക്ക് ലഭിച്ചു. ഈയൊരു സംഭവം എന്റെ അയൽകൂട്ടാംഗങ്ങൾക്കും എനിക്കും ഉണ്ടാക്കിയ സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ. എളവള്ളി ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ തക, തഢ വാർഡുകളുടെ സി.ഡി.എസ് മെമ്പറായി തുടക്കത്തിലേ വന്ന് ഇപ്പോൾ പഞ്ചായത്തിന്റെ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ അമരക്കാരിയാവാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

തെരഞ്ഞെടുക്കപ്പെട്ട കാലം മുതൽ വാർഡുകളുടെ വിവിധ പ്രദേശങ്ങളിൽ അയ്യൽകൂട്ടങ്ങൾ രൂപീകരിച്ചുകൊടുക്കുകയും, അവരെ എല്ലാ മേഖലകളിലും പ്രാപ്തരാക്കി മാറ്റുന്നതിനും എനിക്ക് സാധിച്ചു. അയ്യൽകൂട്ടാംഗങ്ങൾക്ക് ഞാനെന്ന വ്യക്തി ഒരു പ്രചോദനമായി മാറി. മനസ്സിന് സന്തോഷം നൽകിയ അനുഭവങ്ങൾ നിരവധിയാണ്.

ബാങ്ക്, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്ക് കയ്യറിചെല്ലാൻ വിമുഖത പ്രകടിപ്പിച്ചിരുന്ന എനിക്ക് എവിടേക്കും കയറി ചെല്ലാനുള്ള ആത്മധൈര്യം ലഭിച്ചത് കുടുംബശ്രീയിൽ വന്നതുകൊണ്ട് മാത്രമാണ്. നിരവധി ഉദ്യോഗസ്ഥൻമാരുമായി

പരിചയപ്പെടുന്നതിനും, സുഹൃദ് വലയം സ്ഥാപിക്കുന്നതിനും, മറ്റ് പഞ്ചായത്തുകളിലെയും ജില്ലകളിലെയും പ്രമുഖവ്യക്തികളുമായി സൗഹൃദം പുലർത്തുന്നതിനും എനിക്ക് സാധിച്ചത് ഈ പ്രസ്ഥാനം ഒന്നുകൊണ്ട് മാത്രമാണ്. കഴിഞ്ഞ ത്രിതല തെരഞ്ഞെടുപ്പിൽ ബ്ലോക്ക് മെമ്പറായി മത്സരിക്കാൻ സി.പി.ഐ(എം)ന്റെ പ്രതിനിധിയായി എന്നെ ക്ഷണിച്ചത്, കുടുംബശ്രീ പ്രസ്ഥാനത്തിൽ ഞാൻ പ്രവർത്തിച്ച് എന്നെ എല്ലാവരും അറിയപ്പെട്ടതുകൊണ്ടാണ്. സാമൂഹ്യപരമായി ഒരുപാട് മേഖലകളിൽ പ്രവർത്തിക്കാൻ എനിക്ക് സാധിച്ചതും കുടുംബശ്രീ മുഖാന്തിരമാണ്.

എനിക്കൊരു ബൈക്ക് അപകടമുണ്ടായി മരണത്തോട് മല്ലടിച്ച് ബോധമില്ലാതെആശുപത്രിയിൽ കിടന്ന് 6 മണിക്കൂർ കഴിഞ്ഞ് ബോധം തെളിഞ്ഞ് കണ്ണ് തുറന്നപ്പോൾ ആശുപത്രിയും പരിസരവും ബന്ധുക്കളും, കുടുംബശ്രീ സുഹൃത്തുക്കളും, തൊഴിലുറപ്പ് സഹപ്രവർത്തകരും, വിവിധ മേഖലകളിലെ രാഷ്ട്രീയ പ്രവർത്തകരും എന്നുവേണ്ട നിരവധിപേർ. ഞാൻ മരിച്ചാൽ ഇതായിരിക്കും എന്ന് ഭാവനയിൽ കാണാനും സാധിച്ചു. ഈയൊരു പ്രസ്ഥാനം കൊണ്ട് മാത്രമാണ് ഇത്രയധികം സുഹൃത്തുക്കളെ എനിക്ക് ലഭിച്ചത്. പരാശ്രയമില്ലാതെയും നിരാലംബരുമായി ജീവിച്ചുപോകുന്ന അഗതി ആശ്രയ പദ്ധതിയിലെ അമ്മമാരോടൊത്ത് ചിലവിടുന്ന നിമിഷങ്ങൾ, ഒരു മകളോടെന്നപോലെയുള്ള അവരുടെ പെരുമാറ്റങ്ങൾ എനിക്കേറ്റവും സംതൃപ്തി നൽകുന്ന ജീവിതാനുഭവമാണ്.

തൊഴിലുറപ്പ് പദ്ധതി 2008 മെയ് 18-ാം തിയ്യതി മുല്ലശ്ശേരി ബ്ലോക്കിൽതന്നെ ആദ്യമായി എളവള്ളി പഞ്ചായത്തിലാണ് തുടങ്ങിയത്. ഈ പഞ്ചായത്തിന്റെ ആദ്യമേററായി പ്രവർത്തിയ്ക്കാൻ കഴിഞ്ഞത്, തൊഴിലാളികളെ സംഘടിപ്പിച്ച് കൂട്ടായ്മയോടുകൂടി ഒത്തൊരുമയോടുകൂടി ഒരു കൂട്ടുകുടുംബമായി ഒരു കൊല്ലക്കാലം പ്രവർത്തിക്കാൻ സാധിച്ചത് ഇതെല്ലാം എന്റെ ജീവിത്തിൽ തങ്കലിപികളാൽ എഴുതിവെക്കേണ്ടതുതന്നെ. അവർക്ക് ബാങ്ക് എക്കൗണ്ട് ഉണ്ടാക്കി കൊടുത്തത്, സമ്പാദ്യശീലം വളർത്താൻ പ്രേരിപ്പിച്ചത് എല്ലാം അവർ ഇന്നും നന്ദിയോടെ സ്മരിക്കുന്നു. എന്റെ കൂടെ അന്ന് പണിക്ക് വന്നത് 17 പേരടങ്ങുന്ന

മധ്യവയസ്കരായ അമ്മമാർ തന്നെയായിരുന്നു. അവർ അന്നും ഇന്നും ഒരു മകളെപോലെ എന്നെ സ്നേഹിക്കുന്നു. എനിക്ക് എത്ര തിരക്കുണ്ടായാലും അവരെ എവിടെകണ്ടാലും, അവർ എന്നെകണ്ടാലും കുശലാന്വേഷണങ്ങളും ക്ഷേമാന്വേഷണങ്ങളും പുഞ്ചിരിനിറഞ്ഞ നോട്ടങ്ങളും അന്നെനിക്ക് ഒരു മുതൽ കൂട്ടാണ്. ഇത്രയും മതി..... അനേകമിനിയുമുണ്ട്. ഈ ഓർമ്മകളെല്ലാം തന്നെ ഒളിമങ്ങാത്ത കുടുംബശ്രീ സ്മരണകളായി ഞാൻ സ്മരിക്കുന്നു. എന്റെ സഹപ്രവർത്തകർക്കും, കുടുംബശ്രീ അംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് എന്റെ അനുഭവകഥ ഇവിടെ നിറുത്തട്ടെ.

എന്ന്,

സരസ്വതി അജയൻ

കുടുംബശ്രീ ചെയർപേഴ്സൺ എളവള്ളി ഗ്രാമപഞ്ചായത്ത്

## 35.ഭാഗ്യലക്ഷ്മി

എന്നെ എല്ലാമാക്കിയത് എന്റെ കുടുംബശ്രീ പ്രസ്താനമാണ്. വീടിന് പുറത്തിറങ്ങാതിരുന്ന ഞാൻ ഇന്ന് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടുവാനും,ഏതൊരു വേദിയിലും പേടി കൂടാതെ സംസാരിക്കാനുമുള്ള കഴിവുണ്ടായി. മറ്റുള്ളവരുടെ പ്രശ്നങ്ങൾ കേൾക്കുവാനും അതിന് പരിഹാരം കാണുവാനും എനിക്ക് സാധിച്ചു. സമൂഹത്തിൽ ഇന്നൊരു വിലയും നിലയുമുണ്ടായി. കുടുംബശ്രീ തുടങ്ങിയ സമയത്ത് അയൽക്കൂട്ടങ്ങൾ കൂടുവാനും, ആളുകളെ വിളിച്ചു ചേർക്കാനും പോയിരുന്നപ്പോൾ മറ്റുള്ളവർ പരിഹാസത്തോടെയാണ് എന്നെ കണ്ടിരുന്നത്. എന്നാൽ എ.ഡി.എസ് ചെയർപേഴ്സണായും, സി.ഡി.എസ് ചെയർപേഴ്സണായും തെരഞ്ഞെടുത്തപ്പോൾ ഓരോ ഓഫീസിലും കയറിച്ചെന്ന് നമ്മുടെ അവകാശങ്ങൾ ചോദിച്ച് മനസ്സിലാക്കാനും, മറ്റുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും എനിയ്ക്ക് സാധിച്ചു. അന്ന് എന്നെ പരിഹസിച്ചിരുന്നവർ ഇന്ന് അവരുടെ കാര്യങ്ങൾ പറയുവാനും, അതിന് പരിഹാരം കാണുവാനും,ഞാൻ വരുന്ന വരെ എത്ര മണിക്കൂർ വേണമെങ്കിലും നിൽക്കുന്ന സ്ഥിതി വന്നു. പല ട്രെയിനിംഗുകൾക്കും 4 ദിവസവും 5 ദിവസവും വീടുവിട്ടുനിൽക്കാനും, മടികൂടാതെ ഒറ്റക്ക് പോയി വരാനുമുള്ള ധൈര്യം വന്നു. ട്രെയിനിംഗിൽ നിന്നും മറ്റും കിട്ടുന്ന അറിവുകൾ താഴെ തട്ടിലേക്ക് എത്തിച്ചുകൊടുക്കുവാനും, അതിനനുസരിച്ച് പ്രവർത്തിക്കാനുമുള്ള ധൈര്യം കൈവന്നു. ഏതൊരു മേഖലയിലും ഒഴിച്ചുകൂടാനാവാത്ത പ്രസ്താനമായി കുടുംബശ്രീ മാറി. ആശ്രയ പദ്ധതി നടപ്പിലാക്കിയപ്പോൾ ആശ്രയ ഗുണഭോക്താക്കൾക്കുണ്ടായ സന്തോഷം ഞാൻ ഇന്നും ഓർക്കുന്നു. കരഞ്ഞുകൊണ്ടാണ് ഓരോ അംഗവും ആനുകൂല്യം കൈപ്പറ്റിയത്. ആശ്രയ പദ്ധതിയിൽ വീട് നിർമ്മിച്ച് നൽകിയതും, താക്കോൽദാന ചടങ്ങ് നിർവ്വഹിച്ചതും, മറ്റും എനിക്ക് മറ്റുള്ളവർ നൽകിയ അംഗീകാരം ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ്. എന്റെ എല്ലാ പ്രവർത്തനത്തിലും എന്റെ കൂടെ നിൽക്കുന്ന ഒരു ടീമാണ് സി.ഡി.എസ് അംഗങ്ങൾ. അതുപോലെതന്നെ കോട്ടപ്പടി മെയിൻ റോഡിൽ ഒരു ഓണചന്ത നടത്തിയപ്പോൾ ഞങ്ങൾക്കുണ്ടായ അനുഭവം, കടയിൽ നിന്നുമാത്രം സാധനങ്ങൾ വാങ്ങിയിരുന്ന ഞങ്ങൾ

കച്ചവടക്കാരായപ്പോൾ രാത്രി 11 മണിക്കാണ് ചന്ത പൂട്ടിയിരുന്നത്. ഓരോ ഓണചന്തയും ഞങ്ങൾക്ക് ഉത്സവമായിരുന്നു.

ഇന്ന് എനിക്കുണ്ടായ എല്ലാ നേട്ടങ്ങൾക്കും കാരണം കുടുംബശ്രീയാണ്. തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കിയതും ബ്ലോക്ക് തലത്തിൽ ഒന്നാം സ്ഥാനം നേടുവാൻ കഴിഞ്ഞതും, മുനിസിപ്പാലിറ്റിയായപ്പോൾ തൊഴിലുറപ്പു പദ്ധതി നിലച്ചതും, അതിനെതിരെ ആയിര കണക്കിന് സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ട് സമരം നടത്തിയതും, ഓരോ വർഷവും കുടുംബശ്രീ സി.ഡി.എസ് വാർഷികം കോട്ടപ്പടി മിലൻ ഓഡിറ്റോറിയത്തിൽ 2000 ൽ പരം കുടുംബശ്രീ പ്രവർത്തകരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള റാലി നടത്തിയതുമെല്ലാം ഒരിക്കലും മറക്കാനാവാത്ത ഒരുപാടു ഓർമ്മകളായി ഒരു മയിൽപ്പീലി തുണ്ടുപോലെ മനസ്സിൽ എന്നും സൂക്ഷിച്ചുകൊണ്ട് നിറുത്തട്ടെ.

എന്ന്

ഗിരിജ ഷാലി

ഗുരുവായൂർ സി.ഡി.എസ് കക

പൂക്കോട്

## 36. കുടുംബത്തിൽ നിന്ന് സമൂഹത്തിലേക്ക്

ശാന്തസുന്ദരമായ തെങ്ങിൻ തോപ്പിലൂടെ നടന്ന് വയൽ വരമ്പിലൂടെ വേണം എന്റെ കൊച്ചുകുടിലിലെത്താൻ. താന്ന്യം പഞ്ചായത്തിലെ കിഴുപ്പിള്ളിക്കരയാണ് എന്റെ ജന്മദേശം. വാർഡ് ഏതാണ് എന്നറിയില്ല. കൂലിപ്പണിക്കാരനായ അച്ഛന്റെയും അമ്മയുടെയും മൂന്ന് മക്കളിൽ മൂത്തമകളായി ജനിച്ചു. പെണ്ണായി ജനിച്ചതിനാൽ ഒരു പാട് വിലക്കുകൾ മാത്രമാണ് അച്ഛന്റെയും അമ്മയുടെയും ഭാഗത്ത് നിന്ന് ഉണ്ടായത്. പെൺകുട്ടികൾ സംസാരിക്കുന്നത് വീടിന്റെ മോന്താഴം കേൾക്കാൻ പാടില്ല. അയൽപക്കത്ത് പോകാൻ പാടില്ല, 10–ാം ക്ലാസ്സ് കഴിഞ്ഞാൽ ബസ്സിൽ കയറിപോയി പഠിക്കാൻ പാടില്ല, ഓടാൻ പാടില്ല, ചാടാൻ പാടില്ല, ക്ലാസ്സിലെ ആൺകുട്ടികളുമായി സംസാരിക്കാൻ പാടില്ല, സദ്യകൾക്ക് പോകാൻ പാടില്ല, അച്ചടക്കത്തിൽ അടങ്ങി ഒതുങ്ങി വേണം പെൺകുട്ടികൾ ജീവിക്കാൻ, മൂത്ത കുട്ടികളെ കണ്ടാണ് താഴെയുള്ളവർ പഠിക്കുക ഇങ്ങനെയാകുന്നു ശകാര വാക്കുകൾ. ഇതത്രം വാക്കുകൾ കേട്ട് പേടിച്ചാണ് എന്റെ കുട്ടിക്കാലം നീക്കിയത്. വിവാഹശേഷം സദ്യയിൽ പങ്കെടുക്കാനോ നാലാൾ കൂടുന്നിടത്ത് പോകാനോ സംസാരിക്കാനോ ഞാൻ വളരെയധികം പാടുപ്പെട്ടു. ഈ അവസ്ഥയിൽ ജീവിച്ച ഞാനാണ് മന്ത്രിമാരും, എം.എൽ.എമാർ, പ്രസിഡണ്ട് ഇവരുമൊത്ത് പലവേദിയിലും പരിപാടിയിൽ പങ്കെടുക്കാനും മൈക്കിലൂടെ സംസാരിക്കാനും കുടുംബശ്രീയിൽ വന്നതിനുശേഷം മാത്രമാണ് സാധിച്ചത്. ഒരു പക്ഷെ ഞാൻ കുടുംബശ്രീയിൽ വന്നില്ലെങ്കിൽ വീടിന്റെ നാല് ചുവരുകൾക്ക് ഉള്ളിൽ കഴിച്ചുകൂട്ടുമായിരുന്നു എന്റെ ജീവിതം.

2009 ഡിസംബർ 29–ാം തിയ്യതിയാണ് ഒരുമനയൂർ പഞ്ചായത്ത് പ്രസിഡണ്ട് ഞങ്ങളുടെ വാർഡിൽ 20 പേർ അടങ്ങുന്ന ഉഷസ്സ് കുടുംബശ്രീ രൂപീകരിക്കുന്നത്. അതിലെ സെക്രട്ടറിയായി എന്നെ ചുമതലപ്പെടുത്തി. ഞാൻ ജനിച്ച പഞ്ചായത്തോഫീസിൽ ഞാൻ പോയിട്ടില്ല. ഒരുമനയൂർ പഞ്ചായത്ത് ഓഫീസിൽ പോയി രജിസ്ട്രേഷൻ നടത്തി. അതിനുശേഷം മുത്തന്മാവ് സൗത്ത്

ഇന്ത്യൻ ബാങ്കിൽ അക്കൗണ്ട് ചേർന്നു. കുടുംബശ്രീയുടെ പല യോഗങ്ങളും ഞങ്ങളെ അറിയിച്ചിരുന്നില്ല. ഒരു ദിവസം കുടുംബശ്രീ മീറ്റിംങ് മാങ്ങോട്ട് സ്കൂളിൽ വെച്ച് നടക്കുമ്പോൾ ഞാനും എന്റെ ഗ്രൂപ്പിലുള്ള താത്തയും ചേർന്ന് മെമ്പറുടെ അടുത്ത് പോയി വഴക്കുപറഞ്ഞു. മെമ്പർ ക്ഷമ ചോദിച്ചു. ഇനി യോഗം നടക്കുമ്പോൾ ഞങ്ങളെ അറിയിക്കാം എന്ന് അതിനുശേഷം യോഗങ്ങൾ ഞങ്ങളെ അറിയിച്ചിരുന്നു. ഈ സമയത്താണ് ഇപ്പോൾ സി.ഡി.എസ് മെമ്പറായ മങ്കചേച്ചി കുറിപിരിക്കാൻ അടുത്തവീട്ടിൽ വന്നപ്പോൾ എന്നോട് സംസാരിക്കുകയും പഞ്ചായത്തിൽ ഇടക്ക് പോകണം ജോലിക്ക് പോയികൂടെ അത്യവശ്യം വിദ്യാസം ഉള്ള നിങ്ങൾ വീടിനുള്ളിൽ ചടഞ്ഞു കൂടി ഇരിക്കരുത് ഇങ്ങനെ പോകുന്നു ഉപദേശം.

ഈ സന്ദർഭത്തിലാണ് എന്റെ ഭർത്താവിനോട് സ്നേഹിതൻ പറഞ്ഞു. തന്റെ ഭാര്യ യ്ക്ക് പഞ്ചായത്തിൽ ഒരു ജോലി തരാം എന്ന്. എന്നോട് അഭിപ്രാ.യം ചോദിച്ചു. എന്ത് ജോലിയാ അയാൾ വീട്ടിലേക്ക് വരാമെന്ന് പറഞ്ഞിട്ടുണ്ട്. തന്നോട് സംസാരിക്കാൻ എന്താണ് എന്ന് വെച്ചാൽ ചെയ്തോ എന്ന്. മുൻപ് മങ്കചേച്ചി പറഞ്ഞ വാക്കുകൾ എനിക്ക് ധൈര്യം തന്നു. അങ്ങനെ പഞ്ചായത്തിൽ സി.ഡി.എസ് ചെയർപേഴസണായി മത്സരിച്ചു. വാശിയേറിയ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷത്തോടെ വിജയിച്ചു. 2005 മാർച്ച് 15-ാം തിയ്യതി ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ ചെയർപേഴ്സണായി ചുമതലയേറ്റു. പഞ്ചായത്തിന്റെ മുറ്റത്ത് ചെല്ലുമ്പോഴേക്കും കാൽമുട്ട് കൂട്ടി ഇടിക്കാൻ തുടങ്ങി. മുൻ സി.ഡി.എസുകാരും ഭരണസമിതിയും ധൈര്യം പകർന്നു തന്നു.

പഞ്ചായത്തിൽ ഢള്ളഛന്റെ ഓഫീസിലായിരുന്നു ചെയർപേഴ്സന്റേയും സീറ്റ്. മെമ്പർ സെക്രട്ടറി ഢള്ളഛ ആയിരുന്നു പുതുതായി ചാർജ്ജെടുത്ത വ്യക്തിയായിരുന്നു. എന്നിരുന്നാലും കുടുംബശ്രീയുടെ പ്രവർത്തമങ്ങളെക്കുറിച്ച് പറഞ്ഞുതന്നു. രജിസ്റ്ററുകൾ എല്ലാ രേഖകളും എന്നെ പരിചയപ്പെടുത്തി തന്നു. എല്ലാം കേട്ടപ്പോൾ എനിക്ക് മനസ്സിന് സന്തോഷം തോന്നി. കാരണം പണം കിട്ടുന്ന ജോലിയല്ല. പാവപ്പെട്ട ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കാര്യങ്ങൾ ചെയ്ത് കൊടുക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം എന്ന് മനസ്സിലായി. ഞാൻ ചെറുപ്പ

ത്തിൽ പഠിക്കുമ്പോൾ പട്ടിണികിടന്നിട്ടും അമ്മയുടെ കൂടെ കൊയ്ത്തിനും ഞാററ് നടാനും, ചളി കോരാനും പോയിട്ട് വയറിന്റെ വിശപ്പ് മനുഷ്യന്റെ വേദന നന്നായി അനുഭവിച്ചിട്ടുണ്ട്. ജില്ലാമിഷനിൽ ആ മാസം വിലയിരുത്തൽ യോഗത്തിൽ (ജഞങ) കളക്ട്രേറ്റ് ഹാളിൽ ചെയർപേഴ്സുമായി പോയി. ആദ്യമൊക്കെ ഭയം തോന്നിരുന്നു. ലത്തീഫ്സാർ പറഞ്ഞവാക്ക് ഇപ്പോഴും ഓർക്കുന്നു. നമ്മൾ പാവപ്പെട്ടവർക്കുവേണ്ടി എന്തെങ്കിലും ചെയ്ത് കൊടുത്താൽ പ്രതിഫലം പൈസയായിട്ടല്ല അതിന്റെ കൂലി ദൈവം മുകളിലിരിക്കുന്ന ആൾ തരും എന്ന്. ആത്മാർത്ഥമായി കുടുംബശ്രീ പ്രവർത്തനം നടത്തുന്നവർക്ക് ദൈവം കൂലി തരുമെന്നത് എന്റെ അനുഭവത്തിൽ സത്യമാണ്.

പുതിയ അയൽകൂട്ടങ്ങൾ എല്ലാ വാർഡിലും രൂപീകരിച്ചു. മുൻപ് രൂപീകരിച്ച 35–ഓളം ഗ്രൂപ്പ്ക്കാർക്ക് ബാങ്ക് ഗ്രൈഡിങ് നടത്തി. പഞ്ചായത്ത് റിവാർവിംങ്ങ് ഫണ്ട് വാങ്ങി കൊടുത്തു. എന്റെ കുട്ടിക്കാലത്ത് കുടിലിലെ താമസം വളരെയധികം ക്ലേശം നിറഞ്ഞതായിരുന്നു. ഒത്ത നടുവിൽ ഭൂമിയോട് പററിക്കിടക്കുന്ന കുടിലിൽ മഴപെയ്താൽ പാമ്പ് തവളയെ ഓടിച്ച് വീടിനുള്ളിൽ കയറും, ഒരു ദിവസം അനുജത്തി കിടക്കുന്ന പായയുടെ അടിയിൽ ഒരു പാമ്പ് പേടിച്ച് ഉറങ്ങാതെ കിടന്നു. കർക്കിടക മാസത്തിൽ ഒരു ദിവസം കിടക്കാൻ നേരത്ത് മഴയില്ല. പക്ഷെ ശക്തിയായ മഴയും കാറ്റും ഉണ്ടായി രാത്രി 12 മണിനേരത്ത് ഞങ്ങൾ കിടക്കുന്ന പായയും തൽക്കണിയും മഴവെള്ളത്തിൽ പൊന്തി. ഞങ്ങൾ വാവിട്ട് കരഞ്ഞു. അച്ഛനും അമ്മയും മക്കൾ മൂന്ന് പേരെയും മടിയിൽ ഇരുത്തി നേരം വെളുപ്പിച്ചു. ഇത്തരം സാഹചര്യത്തിൽ ജീവിച്ച എനിക്ക് ഢള്ളചരന്റെ അടുത്ത് വന്ന് പല സ്ത്രീകളും കരഞ്ഞ് പറയുന്നത് കേൾക്കുകയും കാണുകയും ചെയ്യാം. പഞ്ചായത്തിൽ നിന്ന് കിട്ടിയ 3 സെന്റ് സ്ഥലത്ത് 35000 രൂപ കൊണ്ട് വീട് വെക്കാൻ കഴിയാത്തഅവസ്ഥ ആധാരം വെച്ച് ലോൺ എടുക്കാൻ സാധിക്കില്ല. ഞാൻ ആലോചിച്ചു. ഇവരെ എങ്ങനെ സഹായിക്കാൻ പറ്റും ഭഗവാനേ.............ഈ അവസരത്തിലാണ് ജില്ലാഅവലോകനയോഗത്തിൽ മൂന്ന് സെന്റിൽ താഴെ ഭൂമിയുള്ള കുടുംബശ്രീ വനിതകൾക്ക് ഭവനശ്രീ പദ്ധതി പ്രകാരം ലോൺ കൊടുക്കുന്ന സ്കിം . ഞാൻ മെമ്പർ സെക്രട്ടറിയോട് കാര്യങ്ങൾ സംസാരിക്കുകയും സർ പറഞ്ഞു ഇത് വളരെ കുഴപ്പം പിടിച്ച പണിയാണ്. ഗുണഭോക്താക്കൾ അടച്ചില്ലെ

ങ്കിൽ പ്രശ്നമാവും എന്നൊക്കെ. ഞാൻ ആ വാക്ക് ചെവി കൊണ്ടില്ല. അലമാരയിൽ പരിശോദിച്ച പ്പോൾ രണ്ട് കെട്ട് അപേക്ഷാഫോറം, തിരിച്ചറിയൽ രേഖകൾ എന്നിവ കിട്ടി. ഇത് നടപ്പിലാവാൻ പറ്റആതെ വെച്ചിരുന്നതാണ് എന്ന് മുൻ സി.ഡി.എസ് പറഞ്ഞു. സി.ഡി.എസ് കമ്മറ്റി കൂടി എല്ലാ അയൽക്കൂട്ടങ്ങളിലും ഭവനശ്രീ പദ്ധതിയുടെ അറിയിപ്പ് കൊടുത്തു. 16 അപേക്ഷ കിട്ടി. അർഹത പ്പെട്ട 12 പേരെ തെരഞ്ഞഅഞ്ഞെടുത്തു. അടുത്ത പ്രശ്നം ലോൺ എങ്ങനെ കിട്ടും. ലോൺതരാൻ തൊട്ടടുത്ത ബാങ്ക് സമ്മതിച്ചില്ല. ഇനി എന്തുചെയ്യും എന്നായി. അങ്ങനെ അന്വാഷണം തുടർന്നു. ധനലക്ഷ്മി ബാങ്ക് ഗുരുവായൂർ മാനേജർ ലോൺ തരാമെന്ന് സമ്മതിച്ചു. അപേക്ഷകരിൽ 1 1/2 സെന്റ് സ്ഥലം ഉള്ളവർ പോലും ഉണ്ടായിരുന്നു. എടുത്ത് പറയാവുന്ന ഒരു ഗുണഭോക്താവാണ് അനിതമുരളി. കാരണം നാല് തൂണുകൾ വെച്ച ഓലകൊണ്ട് മറച്ച് മേൽക്കൂര ദ്രവിച്ച കുടിലിൽ പുതുതായി മേയാൻ കഴിയാത്ത അവസ്ഥയിൽ ആകാശത്തിലെ നക്ഷത്രങ്ങളെയും സൂര്യചന്ദ്ര ന്മാരെ നോക്കി മരണത്തെ മുഖാമുഖം കണ്ട് കിടക്കുന്ന ഒരു വൃക്കരോഗി വ്യക്തിയായിരുന്നു. മൂന്ന് മക്കൾ, ഭർത്താവ് അടങ്ങുന്ന കുടുംബം. ആ ചേച്ചി എന്നെ കെട്ടിപിടിച്ച് കരഞ്ഞ് പറഞ്ഞു മോളേ എനിക്ക് പാമ്പും തേളും അരിക്കാത്ത ആകാശം മറച്ച് ഒരു വീട്ടിൽ കിടന്ന് മരിക്കാൻ ആഗ്രഹമുണ്ട് സാധിക്കുമോ.........ചേച്ചി വിഷമിക്കണ്ട ഞാനും കൂടെ വന്ന സി.ഡി.എസും അവരെ ആശ്വസിപ്പിച്ചു. 2009 ഡിസംബറിൽ 12 പേർക്ക് 40000 രൂപ പ്രകാരം 480000 രൂപ ബാങ്കിൽ നിന്ന് മൂന്ന് ഘട്ടമായി പാസ്സാക്കികൊടുത്തു. എല്ലാവരും പണി പൂർത്തീകരിച്ചു. മാസം 600 രൂപ അടവിനും, ആദ്യമാസങ്ങളിൽ എല്ലാവരും അടച്ചു. പിന്നീട് 3 പേർ മൊത്തം പൈസ ഘടുക്ക ളായി അടച്ച ആധാരം തിരിച്ചെടുത്തു. അനിതക്ക് ലോൺ അടക്കാൻ സാധിച്ചില്ല. ജപ്തിയായി ബാങ്കിൽ നിന്ന് ചെയർപേഴ്സൺ ശകാരം കേൾക്കാൻ തുടങ്ങി. ഈ അവസരത്തിലാണ് അന്നത്തെ ഗവൺമെന്റ് കുടുംബശ്രീയുടെ 12-ാം വാർഷികത്തിന് ധനമന്ത്രി തോമസ് ഐസക്ക് പ്രഖ്യാപിച്ചു. കുടുംബശ്രീ വഴി എടുത്ത ഭവനശ്രീ ലോൺ എഴുതി തള്ളിയിരുന്നു. ഇത് കേട്ട പ്പോൾ ജപ്തിയായി നിൽക്കുന്നവർക്കും എനിക്കും ആശ്വാസമായി. എല്ലാവരുടെയും ആധാരം തിരിച്ചു കൊടുത്തു.

കുട്ടികളുടെ കൂട്ടായ്മയിലൂടെ എല്ലാവാർഡിലും ബാലസഭകൾ രൂപീകരിച്ചു. അവർക്കുവേണ്ടി ക്യാമ്പുകളും പഠനയാത്രകൾ സംഘടിപ്പിച്ചു. കുട്ടികളുമായുള്ള ഇടപെ ഴുകൽ മനസ്സിനെ വളരെയധികം സന്തോഷം തന്നു. അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാ നുള്ള ഒരു വേദിയായി ബാലസഭ.

ആശ്രയ സമൂഹത്തിൽ ആരും തുണയില്ലാതെ സംരക്ഷിക്കാനില്ലാതെ ഒരു നേരത്തെ ആഹാരം കഴിക്കാനില്ലാത്ത ആളുകളെ സി.ഡി.എസ് മുഖേന അയൽക്കൂട്ടം വഴി സർവ്വേ നടത്തി. വീട് പരിശോദനയ്ക്ക് ചെന്നപ്പോൾ കണ്ട കാഴ്ച വളരെ ദയനീയമായിരുന്നു. പൂഴിമണലിൽ ഓല ചീന്ത് വിരിച്ചും ഇഷ്ടികയിൽ പലകവച്ചും കിടക്കുന്നു. ഓരോരുത്തരുടെയും അവസ്ഥ. ഇവർക്ക് കട്ടിൽ, മരുന്ന്, ഭക്ഷണം എന്നിവ എത്തിച്ച് കൊടുത്തപ്പോൾ ആ അമ്മമാർ പറഞ്ഞവാക്കുകൾ ദൈവം നേരിട്ട് നമ്മളെ ആശിർവദിക്കുന്നതുപോലെ തോന്നി.

വീട്ടിലുള്ള 5 പേർക്ക് ഭക്ഷണം പാകം ചെയ്യും അല്ലാതെ പാചകത്തെകുറിച്ച് എനിക്ക് ഒന്നും അറിയില്ലായിരുന്നു. ഒരു ദിവസം മൃഗാശുപത്രിയിലെ ഡോക്ടർ എന്നെ വിളിച്ച് ഞങ്ങൾക്ക് 40 പേർക്ക് ട്രെനിങ്ങ് ഉണ്ട്. അവർക്ക് ചായ, വട, ഉച്ചഭക്ഷണം എന്നിവ വേണം ഏ തെങ്കിലും കുടുംബശ്രീക്കാർ ഉണ്ടാക്കിതരുമെങ്കിൽ വിശ്വസിച്ച് കഴിക്കാമായിരുന്നു. ഞാൻ ആലോചിച്ചു ഈ ഉത്തരവാദിത്വം ആരെ ഏൽപ്പിക്കും. എനിക്ക് ഒരു പിടിയും കിട്ടിയില്ല. അവ സാനം ഞാൻ ഡോക്ടറോട് ചോദിച്ചു. ഞങ്ങളുടെ കുടുംബശ്രീ ഉണ്ടാക്കി തന്നാൽ മതിയോ. എന്നാൽ എനിക്ക് സന്തോഷമായി എന്ന് രാജേഷ് ഡോക്ടർ പറഞ്ഞു. ഞാൻ എന്റെ അയൽക്കൂ ട്ടത്തിലുള്ള മൂന്ന് പേരെക്കൂട്ടി ഒരുമിച്ച് ഭക്ഷണം ഉണ്ടാക്കി. അന്ന് എനിക്ക് ജില്ലാതല ജങ്ങ ആയിരുന്നു. ഞാൻ 9 മണിക്ക് ചായയും, പഴംപൊരിയും പഞ്ചായത്തിൽ എത്തിച്ചു. ഞാൻ ജില്ല അവലോകനയോഗത്തിന് പോയി. ഉച്ചഭക്ഷണം എത്തിക്കാനുള്ള ഏർപ്പാട് ചെയ്തു. 3 മണിയായ പ്പോൾ ഡോക്ടർ എന്നെ വിളിച്ചു. ചെയർപേഴ്സാ നല്ല ഭക്ഷണം വളരെയധികം സന്തോഷമുണ്ട്. പൈസ വാങ്ങാൻ എപ്പോഴാണ് വരുന്നത്. ഇത് കേട്ടപ്പോൾ മനസ്സിൽ വളരെയധികം സന്തോഷം തോന്നി. എന്റെ കൂട്ടുകാരെ വിളിച്ച് ഈ സന്തോഷം അറിയിച്ചു. തുടർന്ന് പഞ്ചായത്തിലെ ട്രെനി

ങ്ങിന് ഞങ്ങൾ ആണ് ഭക്ഷണം എത്തിക്കുന്നത്. അവിടെയും ഞങ്ങൾക്ക് മറ്റുള്ള കുടുംബശ്രീക്കാരുടെ എതിർപ്പുകൾ അതായത് അസൂയ അവർക്ക് പറ്റുകയും ഇല്ല, പറ്റുന്നവരെ കൊണ്ട് ചെയ്യിക്കുകയും ഇല്ല. ഇതാണ് നമ്മുടെ സമൂഹത്തിന്റെ അവസ്ഥ.

ഇസ്ലാമിക് സ്കൂളിൽ ഞാൻ 3 വർഷം മദർ ജഠഅ ആയി തെരഞ്ഞെടുത്തു. സ്കൂളിൽ 8-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണ ഉദ്ഘാടനം 500 പേർക്കുള്ള സദ്യ പായസം അടക്കം 5 തരം കറി എന്നെയാണ് ഭക്ഷണം പാകം ചെയ്യാൻ ഹെഡ്മാസ്റ്റർ ഏൽപ്പിച്ചത്. കല്ല്യാണസദ്യക്ക് ഭക്ഷണം ചരക്കിൽ പാചകം ചെയ്യുന്നത് കണ്ടിട്ടുണ്ട് അത് പ്രവർത്തിക്കാൻ ആത്മധൈര്യം തന്നത് കുടുംബശ്രീയാണ്. ഞങ്ങൾ മൂന്നു പേർ ഉണ്ടായിരുന്നു. എന്റെ അന്നത്തെ കൂലി ഞാൻ ആ സ്ക്കൂളിലെ ജഠഅ ഫണ്ടിലേക്ക് സംഭാവന ചെയ്തു. അന്ന് അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് ഒരുപാട് അഭിനന്ദനങ്ങൾ കിട്ടിയിരു ന്നു.

ഞാൻ വളർന്നുവന്ന ജീവിതസാഹചര്യം നോക്കിയാൽ നാലാൾ കൂടുന്നിടത്ത് നിൽക്കാനോ സംസാരിക്കാനോ എനിക്ക് അറിയില്ലായിരുന്നു. കുടുംബശ്രീയിലെ 6 1/2 വർഷത്തെ പരിചയം എന്നെ ജില്ലാമിഷന്റെ മേറ്റ് ട്രെനിംങ്ങിന്റ റിസോഴ്സ് പേഴ്സണാവാൻധൈര്യം തന്നു. കടപ്പുറം, തൈക്കാട്, പുന്നയൂർകുളം, പൂക്കോട് എന്നീ പഞ്ചായത്തുകളിൽ ഈരണ്ട് ദിവസം ക്ലാസ്സ് എടുക്കാൻ സാധിച്ചു. ഇത് ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമാണ്. ഒരുപക്ഷെ കുടുംബശ്രീയിൽ വന്നില്ലായിരുന്നെങ്കിൽ എനിക്ക് ആലോചിക്കാൻ കൂടിവയ്യ.

ബാങ്കുകളിൽ ഏത് ഓഫീസുകളിലും കയറിചെല്ലാനും ഉദ്യോഗസ്ഥരുമായി ഇടപെഴകാനും എനിക്ക് എളുപ്പം സാധിച്ചു. എവിടെപോയാലും എന്നെ അറിയുന്ന ആളുകൾ. കുടുംബശ്രീയിലെ കൂട്ടായ്മ ഇങ്ങനെ പോകുന്നു.

സ്വന്തം വീട്ടിൽ നിന്ന് അകന്ന് നിൽക്കാത്ത് ഞാൻ കുടുംബശ്രീയുടെ ട്രെനിംഗിന് എറണാകുളം പാലക്കാട്,തിരുവനന്തപുരം രണ്ട് ദിവസം താമസിച്ചു. ഇത് മറ്റു ജില്ലകളിൽ നിന്നുള്ളവരുമായി സംസാരിക്കാനും അനുഭവം പങ്കുവെയ്ക്കുവാനും വളരെയധികം ഗുണം ചെയ്തു. ഞാൻ ഈ ചെയ്തിട്ടുള്ള എല്ലാ പ്രവർത്തനത്തിനും എനിക്ക് വീട്ടിൽ നിന്ന് അമ്മായിഅമ്മ,

ഭർത്താവ്, കുട്ടികൾ ഇവരുടെ പൂർണ്ണസഹകരണം ഉള്ളതുകൊണ്ട് മാത്രമായിരുന്നു. മറ്റുള്ളവർ തെറ്റു ചെയ്താൽ (ഉദ്യോഗസ്ഥൻമാരായാലും) മുഖം നോക്കാതെ സത്യത്തിന് വേണ്ടി പ്രതികരിക്കാനുള്ള കഴിവ് കുടുംബശ്രീ നേടിതന്നു. കുടുംബശ്രീ പ്രവർത്തനത്തിലൂടെയാണ് സത്യത്തിൽ കുടുംബശ്രീ എന്റെ ജീവിശൈലി തന്നെ മാറ്റിമറിച്ചു. ഇങ്ങനെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ഇറങ്ങിയ ഒരു വ്യക്തിയാണ് ഞാൻ.

**സുവർണ്ണ ഭരതൻ**

**മുൻ ചെയർപേഴ്സൺ**

37.പാറുക്കുട്ടി.

എന്റെ പേര് പാറുക്കുട്ടി. ഞാൻ കുടുംബശ്രീയിൽ വന്നിട്ട് 13 കൊല്ലമായി. അഞ്ചാം വാർഡ് ശങ്കരംകണ്ടം മുണ്ടൂർ എന്ന സ്ഥലത്താണ് എന്റെ വീട്.

പട്ടികജാതി കുടുംബത്തിലെ ഒരംഗമാണ്. കുടുംബശ്രീയിൽ അംഗമായതിനുശേഷം എനിക്ക് സ്വന്തമായി സമ്പാദ്യമുണ്ടായി. പിന്നീട് ഞാൻ തൊഴിലുറപ്പുപദ്ധതിയിൽ ചേർന്നു. കാർഡ് എടുത്തു. പണിക്ക് പോയിതുടങ്ങി. തൊഴിലുറപ്പിൽ എല്ലാ

കൊല്ലവും 100 ദിവസം പണികിട്ടിയിരുന്നു. തൃശൂർ ജില്ലയിൽ നിന്ന് ഡൽഹിയിലേക്ക് പട്ടികജാതിവിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടത് കൈപ്പറമ്പ് പഞ്ചായത്തിലെ പാറുക്കുട്ടി എന്ന ഞാനാണ്. എനിക്ക് ഭയങ്കര പേടിയായിരുന്നു പോകാൻ. പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തുവാർഡിൽ നിന്നും പ്രോത്സാഹനം കിട്ടി. എനിക്ക് 66 വയസ്സായി. ആദ്യമായി ഞാൻ ഒറ്റയ്ക്ക് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് വിമാനം കയറി. ഡൽഹി ഇന്ദിരാഗാന്ധി വിമാനത്താവളത്തിൽ ഇറങ്ങി. അവിടെ നിന്ന് മെട്രോ ട്രെയിനിൽ കയറി കേരളാഹൗസിൽ എത്തി. ചൂടുകഞ്ഞിയും പയറുതോരനും പപ്പടവും കഴിച്ചു.

പിന്നീട് ഞങ്ങൾ ബിർളമന്ദിരത്തിലെ പഞ്ചമുഖപ്രതിമകളും ഇന്ദിരാഗാന്ധിയുടെ വീടും മരിച്ച സ്ഥലവും രാഷ്ട്രപതിഭവനും പാർലിമെന്റും കൂടാതെ ഒട്ടനവധി സ്ഥലങ്ങളിലും പോയി. അഞ്ചാം ദിവസം നാട്ടിൽ മടങ്ങിയെത്തി. എന്റെ ജീവിതത്തിൽ ഒരിക്കലും സാധിക്കാത്ത കാര്യമാണ് . കുടുംബശ്രീയിൽകൂടി തൊഴിലുറപ്പിൽ വന്നതുകൊണ്ടാണ് എനിക്ക് ഇത് സാധിച്ചത്. ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു യാത്രയായിരുന്നു അത്.

എന്ന്

**പി.ടി.പാറുക്കുട്ടി**

ശ്രീലക്ഷ്മി കുടുംബശ്രീ

വാർഡ് 5– ശങ്കരംകണ്ടം

38. അനുഭവങ്ങളുടെ പുതുവെളിച്ചം

കുടുംബശ്രീ സംവിധാനം നിലവിൽ വന്ന് 14–ാം വാർഷികം ആഘോഷിക്കാൻ പോകുന്ന ഈ വേളയിൽ കഴിഞ്ഞ കാല അനുഭവങ്ങളിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഇന്നത്തെ ഈ വ്യക്തിത്വത്തിലേക്കുള്ള വളർച്ചയുടെ പടവുകൾ കുടുംബശ്രീയിൽ നിന്നും മാത്രം ലഭിച്ചതാണെന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. പരിയാരം ഗ്രാമപഞ്ചായത്ത് 5–ാം വാർഡിൽ ഹരിത അയർക്കൂട്ടത്തിൽ അംഗവും സെക്രട്ടറി സ്ഥാനവും ഏറ്റെടുത്തുക്കൊണ്ട് പ്രവർത്തനത്തിൽ തുടക്കം കുറിച്ചു. ഒരു സംഘടനാസംവിധാനം എന്തെന്നും അതിന്റെ പ്രവർത്തനവും മനസ്സിലാക്കാൻ സാധിച്ചു. കൂടാതെ കുടുംബശ്രീയിൽ കൂടി നൽകുന്ന പലതരത്തിലുള്ള പരിശീലനങ്ങൾ സംഘത്തിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനും കൂട്ടായ്മ വളർത്താനും സാധിച്ചു.

എ.ഡി.എസ്., സി.ഡി.എസ്. ചെയർപേഴ്സൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിക്കുവാനും സാധിച്ചു. സി.ഡി.എസ്. ചെയർപേഴ്സൻ ആയതുമുതലാണ് ഞാനെന്ന വ്യക്തിയുടെ ശരിയായ വ്യക്തിത്വ വികസനം ആരംഭിച്ചതെന്നു പറയാം. പലതരത്തിലുള്ള പ്രതിസന്ധികളേയും ആരംഭത്തിൽ തരണം ചെയ്യാൻ സാധിച്ചില്ല. പക്ഷേ പതുക്കെ പതുക്കെ അതിനെ അതിജീവിക്കാൻ പഠിച്ചു. 1 വർഷത്തിനു ശേഷം തന്റേടത്തോടെ പ്രവർത്തിക്കുന്ന ഒരു സി.ഡി.എസിനു നേതൃത്വം വഹിക്കാനും കൃത്യമായ തീരുമാനങ്ങളെടുക്കുന്നതിനും വ്യക്തമായ ധാരണയുണ്ടായി. വാർഡ് തലങ്ങളിൽ ബാലസഭാ പ്രവർത്തനങ്ങളിൽ പാവപ്പെട്ട കുട്ടികൾക്ക് അവസരം നൽകുന്നതിനുള്ള വേദിയൊരുക്കാൻ സർഗ്ഗാത്മക കഴിവുകൾ വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങൾ എന്നിവ നടത്താനും പഞ്ചായത്തിന്റെ വർക്കിംഗ് ഗ്രൂപ്പുകളിൽ ശക്തമായി ഇടപെടൽ നടത്തി ആശ്രയ, ബാലസഭ എന്നിവയ്ക്ക് ഫണ്ട് മാറ്റി വയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും തീരുമാനങ്ങളും എടുത്തു. ബ്ലോക്ക് പഞ്ചായത്ത് മുഖേന ആശ്രയ ഫണ്ട് ലഭിക്കുന്നതിന്റെ

കാര്യങ്ങൾ ബ്ലോക്ക് മെമ്പർമാരുമായി സംസാരിച്ചു എന്നിങ്ങനെയുള്ള കാര്യങ്ങളിൽ വ്യക്തമായ ധാരണയോടെ പ്രവർത്തിക്കാൻ സാധിച്ചു.

" എനിക്കെന്ത് നേടാൻ കഴിഞ്ഞു എന്നതിനപ്പുറം എന്നിലൂടെ എന്ത് ചെയ്യാൻ സാധിച്ചു എന്നതാണ് പ്രധാനം" ആശ്രയ കുടുംബങ്ങളുടെ ഭവനങ്ങൾ സന്ദർശനം നടത്തി അവരുടെ അനുഭവങ്ങൾ പറയുമ്പോൾ സ്വന്തം വേദനകൾ എല്ലാം മറക്കും. പരമാവധി അംഗങ്ങൾക്ക് വകയിരുത്തിയ ഫണ്ടുകൾ എല്ലാം ചെലവാക്കാനും സാധിച്ചു. ആശ്രയ അംഗങ്ങൾ നേരിട്ടു വന്ന് ഒരോ തരത്തിലുള്ള പ്രശ്നങ്ങൾ വന്നു പറയുമ്പോൾ സ്വന്തം കയ്യിൽ നിന്നു വരെ പൈസ പലവട്ടം കൊടുത്തിട്ടുണ്ട്. അത്ര ദാരുണമാണ് മിക്കവരുടേയും അവസ്ഥ. സംരഭ സാധ്യത രജിസ്റ്റർ തയ്യാറാക്കുന്ന സമയത്ത് പഞ്ചായത്ത് തല സെമിനാർ നടത്തിയപ്പോൾ അതുവരെ ഇല്ലാതിരുന്ന ഒരാവേശത്തോടെ അതിനെപ്പറ്റി സംസാരിക്കാൻ കഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ ആദ്യത്തെ സംരഭരജിസ്റ്റർ ആയിരുന്നു പരിയാരത്തിന്റേത്. അതിൽ ഏറ്റവും സന്തോഷവും അഭിമാനവുമുണ്ട്. സുസ്ഥിരവും വ്യവസ്ഥാപിതവുമായ ഒരു ബൈലോ രൂപം നൽകുന്നതിന് കരടു തയ്യാറാക്കുന്നതിനു പോകാനും എനിക്കവസരം ലഭിച്ചു. അതിനാൽ പലതരത്തിലുള്ള സി.ഡി.എസുകളെ പരിചയപ്പെടാനും അവരുടെ പ്രവർത്തനങ്ങൾ അറിയാനും സ്വന്തം കർമ്മപഥത്തിൽ കുറച്ചെങ്കിലും പകർത്താനും സാധിച്ചിട്ടുണ്ട്. ബാങ്കുകൾ ലോൺ കൊടുക്കാത്തതു കൊണ്ട് പഞ്ചായത്തിന് ആർ.എഫ്. ലഭിക്കാൻ ബുദ്ധിമുട്ടായതിനാൽ ശക്തമായ ഇടപെടൽ നടത്തി എസ്.ബി.ടി. യിൽ നിന്നും ലോൺ വാങ്ങികൊടുത്ത് മാതൃക കാട്ടി. വളരെയധികം കൂട്ടായ പ്രവർത്തനമായതിനാൽ എല്ലാ കാര്യങ്ങളും തന്നെ ഒരു പരിധി വരെ കൃത്യമായി ചെയ്യാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് വളരെയധികം സപ്പോർട്ട് നൽകിയിട്ടുണ്ട്. അതുകൊണ്ട് 2008–ൽ ഏറ്റവും നല്ല സി.ഡി.എസിൽ ഒന്നാകാനും സാധിച്ചിട്ടുണ്ട്. എനിക്കാദ്യം കിട്ടിയത്

ഒരു സ്ത്രീ എന്ന നിലയിൽ സ്വന്തം കുടുംബത്തിലെ അംഗീകാരമാണ്. പിന്നെ സമൂഹത്തിന്റെ അംഗീകാരവും. ഇന്നും ആശ്രയ അംഗങ്ങൾ കാണുമ്പോൾ ഓടിവന്ന് കൈകൾ കൂട്ടിപിടിച്ച് സ്നേഹത്തോടെയുള്ള കുശലാന്വേഷണം കാണുമ്പോൾ കണ്ണുകൾ നിറയും.

എം.ഇ.സി., ആർ.പി. എന്ന നിലയിലും വളരെയധികം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും മാതൃകയാവാനും സാധിച്ചിട്ടുണ്ട്. സ്കൂളിലോ കോളേജിലോ പഠിച്ചതുകൊണ്ട് മാത്രം ഇത്തരത്തിൽ അറിവ് ലഭിക്കണമെന്നില്ല. അതിന് കുടുംബശ്രീ പോലുള്ള സംവിധാനം തന്നെ വേണം. ആശ്രയ പോലുള്ള പദ്ധതികൾ ഇത്ര സുതാര്യമായി കുടുംബശ്രീക്ക് മാത്രമേ നടപ്പിലാക്കാൻ കഴിയൂ എന്ന് എന്റെ അനുഭവം പറയുന്നു. പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും നീതിക്കുവേണ്ടി പൊരുതാനും ഒരോ കുടുംബശ്രീ അംഗവും തീരുമാനമെടുക്കണം.

അജിത ഗോപാലൻ

ഹരിത അയൽക്കൂട്ടം

പരിയാരം